# മലയാളവ്യാകരണം

Course Code: B21ML07DC
Discipline Core Course
Undergraduate Programme
Malayalam Language and Literature




SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# SREENARAYANAGURU OPEN UNIVERSITY

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# മലയാളവ്യാകരണം

Course Code: B21ML07DC

Semester - VI

## Discipline Core Course
## Undergraduate Programme
## Malayalam Language and Literature
## Self Learning Material

**(With Model Question Paper Sets)**

SGOU

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# മലയാളവ്യാകരണം

Course Code: B21ML07DC
Semester- VI
Discipline Core Course
BA Malayalam Language and Literature

SREENARAYANAGURU OPEN UNIVERSITY


**Academic Committee**

Prof. Thomas Thamarasseri
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas



**Development of the Content**

Dr. Mithun K.S., Dr. Deepam S.,
Dr. Lathika A.C., Dr. Letha Devi Amma

**Review and Edit**

Prof. Reghunathan Pillai G.

**Linguistics**

Prof. Reghunathan Pillai G.

**Scrutiny**

Dr. Deepam S.
Aswani A.P.
Dr. Thara S.S.
Dr. Deepthi V.S,
Dr. Lathika A.C.

**Design Control**

Azeem Babu T.A.

**Cover Design**

Jobin J.

**Co-ordination**

Director, MDDC :
Dr. I.G. Shibi
**Asst. Director, MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.
**Coordinator, Distribution:**
Dr. Sanitha K.K.


Scan this QR Code for reading the SLM on a digital device.


**Edition**
May 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-988933-1-4



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The courses offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counselling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The undergraduate programme in Malayalam Language and Literature is designed to meet standards comparable to similar programmes at other state universities in Kerala. The curriculum provides ample opportunity to explore evolving literary formats and their impact on the language's richness. Malayalam language and literature lessons are integrated in appropriate proportions, and frontier topics are suitably incorporated. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.



Warm regards.
Dr. Jagathy Raj V.P. 01-05-2025

# Contents


| | | |
|---|---|---|
| **Block 01** | **വ്യാകരണം** | **1** |
| യൂണിറ്റ് 1 | വ്യാകരണപഠനം | 2 |
| യൂണിറ്റ് 2 | ഭാഷയുടെ അടിസ്ഥാനവർണങ്ങൾ | 17 |
| **Block 02** | **അക്ഷരക്കൂട്ടവും അർഥവും** | **28** |
| യൂണിറ്റ് 1 | ശബ്ദവിഭാഗം | 29 |
| യൂണിറ്റ് 2 | നാമാധികാരം | 35 |
| യൂണിറ്റ് 3 | കാലപ്രകരണം | 51 |
| **Block 03** | **സന്ധി, സമാസം, ക്രിയ** | **63** |
| യൂണിറ്റ് 1 | സന്ധികാര്യങ്ങൾ | 64 |
| യൂണിറ്റ് 2 | സമാസം | 78 |
| യൂണിറ്റ് 3 | വാക്യഘടന | 85 |
| **Block 04** | **വൃത്താലങ്കാരപരിചയം** | **94** |
| യൂണിറ്റ് 1 | വൃത്തപരിചയം | 95 |
| യൂണിറ്റ് 2 | സംസ്കൃത വൃത്തപരിചയം | 103 |
| യൂണിറ്റ് 3 | ഭാഷാവൃത്തപരിചയം | 114 |
| യൂണിറ്റ് 4 | അലങ്കാരപരിചയം | 124 |
| **Modeol Question Paper Sets** | | **139** |

# BLOCK 01

# വ്യാകരണം

SGOU

BLOCK 1

# യൂണിറ്റ് 1 വ്യാകരണപഠനം

## Learning Outcomes

- വ്യാകരണപഠനത്തിന്റെ പ്രാധാന്യം മനസിലാക്കുന്നു
- വാക്യത്തിന്റെ അടിസ്ഥാന ഘടനയെക്കുറിച്ച് അറിവു നേടുന്നു
- മിഷണറിമാരുടെ ഭാഷാപ്രവർത്തനങ്ങളെക്കുറിച്ച് ധാരണയുണ്ടാകുന്നു
- മലയാളഭാഷാ വ്യാകരണ രചനയുടെ ചരിത്രം മനസിലാക്കുന്നു

## Prerequisite

മനുഷ്യനു ലഭിച്ച മികവേറിയ സിദ്ധിയാണ് ഭാഷ പ്രയോഗിക്കാനുള്ള കഴിവ്. നാം ജീവിക്കുന്ന ചുറ്റുപാട്, സമൂഹം എന്നിവയുമായുള്ള നിരന്തരബന്ധത്തിന്റെ ഫലമായാണ് ഭാഷാസിദ്ധിയെ മികച്ച രീതിയിൽ പ്രായോഗികമാക്കാൻ കഴിഞ്ഞത്. അതുകൊണ്ടു തന്നെ പ്രത്യേക അർഥതലങ്ങളിൽനിന്നുകൊണ്ട് സാംസ്കാരികവ്യവസ്ഥയിൽ അർഥയുക്തങ്ങളായ ശബ്ദങ്ങളുപയോഗിച്ച് ആശയവിനിമയം നടത്തുന്ന മാധ്യമമാണ് മനുഷ്യഭാഷ. മനുഷ്യപുരോഗതിയുടെ ചരിത്രഘട്ടത്തിൽ മനുഷ്യർ വികസിപ്പിച്ചെടുത്തതാണ് ഭാഷ. അതിനാൽത്തന്നെ പല പരിണാമങ്ങളിലൂടെ ഭാഷകൾ അതിന്റെ വികാസം തുടർന്നുകൊണ്ടേയിരിക്കുന്നു. മനുഷ്യർ വികസിപ്പിച്ചെടുത്തതുകൊണ്ടുതന്നെ അതിൽ മനുഷ്യബുദ്ധിയുടെയും യുക്തിയുടെയും ചിന്തയുടെയും വളർച്ചയുടെയും ഘടനാത്മകമായ സ്വഭാവങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്. 'ഒന്നിൽനിന്ന് ഒന്ന് വേർപെടുത്താനാവാത്തവിധം അവ കൂടിക്കലർന്നിരിക്കുന്നു', 'മനുഷ്യബുദ്ധിയുടെ ഘടനയാണ് ഭാഷയ്ക്കുള്ളത്' തുടങ്ങിയ പ്രസ്താവനകൾ ഈ അർഥത്തിൽ മനസിലാക്കാവുന്നതാണ്. ഈ ഭാഷാഘടനയിൽ ഘടകങ്ങൾ എങ്ങനെയാണ് ഉൾച്ചേർന്നിരിക്കുന്നതെന്നു കണ്ടെത്തുകയും അവയുടെ പ്രയോഗസാധ്യതകളെയും ശരിതെറ്റുകളെയും അന്വേഷിക്കുകയുമാണ് വ്യാകരണപഠനത്തിൽ ചെയ്യുന്നത്.

ഒരു ഭാഷ പിറവിയെടുക്കുന്നത് ഒരു സമൂഹത്തിന്റെ സംസ്കാരത്തിന്റെ സജീവമായ സാഹചര്യത്തിൽനിന്നാണ്. അതുകൊണ്ടാണ് സംസ്കാരവാഹകരാണ് ഭാഷയെന്നും, ഭാഷയിലെ പദങ്ങളിൽനിന്നും പ്രയോഗങ്ങളിൽനിന്നും ഒരു നാടിന്റെ സാംസ്കാരികചരിത്രത്തെ കണ്ടെത്താൻ സാധിക്കുമെന്നും മറ്റും പറയുന്നത്. ഒരു വ്യക്തി വളർന്നുവരുന്ന ഭാഷാസാംസ്കാരികപരിസരത്തിൽ പ്രയോഗത്തിലുള്ള ഭാഷയിൽ കാര്യങ്ങൾ കേട്ടു മനസിലാക്കാനും പറഞ്ഞു മനസിലാക്കിക്കാനും സാധാരണഗതിയിൽ ഒരാൾക്ക് പ്രയാസങ്ങൾ ഉണ്ടാവാറില്ല. അങ്ങനെ ചുറ്റുപാടുകളിൽനിന്ന് സ്വയമേവ ആർജിച്ചെടുക്കുന്ന സ്വാഭാവികഭാഷയെയാണ് മാതൃഭാഷ എന്നോ ഒന്നാം ഭാഷ എന്നോ പറയുന്നത്. എന്നാൽ അതേ ഭാഷയെക്കുറിച്ചുതന്നെ അറിയാനും പഠിക്കാനും ഭാഷയുടെ ഘടനയെ മനസിലാക്കേണ്ടത് അത്യാവശ്യമാണ്.

ഭാഷയ്ക്ക് പൊതുവെ വാമൊഴി (സംസാരഭാഷ) എന്നും വരമൊഴി (എഴുത്തുഭാഷ) എന്നും രണ്ടു ഭേദങ്ങളുണ്ട്. വരമൊഴിയോട് വളരെ അടുത്തുനില്ക്കുന്നതായിരിക്കും മാനകഭാഷ. അത്

ഔപചാരികസന്ദർഭങ്ങളിൽ സാമാന്യമായി ഉപയോഗിക്കുന്നതും പ്രാദേശികഭേദങ്ങൾക്കപ്പുറം സ്വീകാര്യവുമായ ഭാഷാരീതിയാണെന്നു പറയാം. പരമ്പരാഗതവ്യാകരണരീതികളിൽ ഭാഷയുടെ മാനകരൂപത്തെയാണ് വിശകലനം ചെയ്യുന്നത്. വാമൊഴിയിൽ വർണപദവാക്യതലങ്ങളിൽ നിലനില്ക്കുന്ന അനവധിയായ ഭേദങ്ങളെ വ്യാകരണചർച്ചകളിൽ കാര്യമായി പരിഗണിക്കാൻ ഉത്സാഹിക്കാത്തത് അതിന്റെ ലക്ഷണമായെടുക്കാം.

മലയാളവ്യാകരണഗ്രന്ഥങ്ങൾ എന്ന പ്രയോഗത്തിന് മലയാളഭാഷയിൽ എഴുതിയ വ്യാകരണഗ്രന്ഥങ്ങൾ, മലയാളഭാഷയെ സംബന്ധിച്ച വ്യാകരണ ഗ്രന്ഥങ്ങൾ, മലയാളഭാഷയ്ക്കുവേണ്ടിയെഴുതിയ വ്യാകരണഗ്രന്ഥങ്ങൾ, മലയാളികൾ എഴുതിയ വ്യാകരണഗ്രന്ഥങ്ങൾ എന്നിങ്ങനെ ചുരുങ്ങിയത് നാല് അർഥതലമെങ്കിലും കല്പിക്കാം. മലയാളികൾ മാത്രമല്ല വിദേശീയരും മലയാള ഭാഷാ സംബന്ധിയായ വ്യാകരണഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ക്രിസ്തുമത പ്രചാരണാർഥം കേരളത്തിലെത്തിയ ക്രൈസ്തവ മിഷണറിമാർക്ക് നാട്ടുകാരുമായി ആശയവിനിമയം സാധ്യമാക്കുന്നതിന് ആവശ്യമായ ഭാഷാപരിജ്ഞാനമുണ്ടാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മലയാളവ്യാകരണഗ്രന്ഥങ്ങൾ നിർമിച്ചിട്ടുള്ളത്. ഇവയിൽ പലതും ലത്തീൻ, പോർട്ടുഗീസ്, ഇംഗ്ലീഷ് തുടങ്ങിയ വിദേശഭാഷകളിൽ എഴുതപ്പെട്ടിട്ടുള്ളവയാണ്. കേരളീയ വ്യവഹാരഭാഷയെ ശാസ്ത്രീയമായി വിവരിക്കുവാൻ തുടങ്ങിയത് ലീലാതിലകത്തോടുകൂടിയാണ്. 14-ാം ശതകത്തിൽ വിരചിതമായ ഈ ഗ്രന്ഥം ഒരു വ്യാകരണരചന എന്നതിലുപരി മണിപ്രവാള സാഹിത്യ ലക്ഷണഗ്രന്ഥമാണ്. എങ്കിലും മലയാള വ്യാകരണപഠനത്തിന് തുടക്കം കുറിച്ചത് ലീലാതിലകകാരൻ തന്നെയെന്നു പറയാം. ലീലാതിലകത്തിനു ശേഷം 1896-ൽ കേരളപാണിനീയം ഒന്നാം പതിപ്പ് പ്രസിദ്ധീകൃതമാകുന്നതിന് മുൻപ് തന്നെ മലയാള ഭാഷാ സംബന്ധിയായി നിരവധി വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടായി. അവയിൽ റവ.ഫാ: ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം, കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദി, ശേഷഗിരി പ്രഭുവിന്റെ വ്യാകരണമിത്രം, ഡോ. ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണം, പാച്ചുമൂത്തതിന്റെ കേരളഭാഷാവ്യാകരണം, ഡോ. കാൾഡ്വലിന്റെ താരതമ്യാത്മക വ്യാകരണം, എന്നിവ പ്രതിപാദനരീതികൊണ്ടും സിദ്ധാന്താവിഷ്കരണം കൊണ്ടും ശ്രദ്ധേയങ്ങളായിത്തീർന്ന വ്യാകരണ രചനകളാണ്.

## Keywords

വ്യാകരണം - ബോധനരീതി - വാക്യം - ആഖ്യ - ആഖ്യാതം - പദക്രമം - പൊരുത്തം - ലീലാതിലകം - മിഷണറിമാർ - ഹെർമൻ ഗുണ്ടർട്ട് - റവ : ജോർജ് മാത്തൻ - ശേഷഗിരിപ്രഭു

## Discussion

### 1.1.1 എന്താണ് വ്യാകരണം

മനുഷ്യഭാഷയുടെ സവിശേഷതകളിൽ പ്രധാനപ്പെട്ടതാണ് അതിന്റെ ഘടന. മനുഷ്യബുദ്ധിയുമായി ബന്ധപ്പെട്ടു നില്ക്കുന്ന ഈ ഘടന, ഭാഷയുടെ പ്രയോഗത്തിൽ കൃത്യമായ നിയമങ്ങളെ കൊണ്ടുവന്നു. മനുഷ്യൻ ആശയവിനിമയത്തിനുപയോഗിക്കുന്ന ഓരോ വാക്കുകൾക്കും പ്രത്യേകം അർഥങ്ങളുണ്ട്. അവയുടെ സവിശേഷമായ കൂടിച്ചേരലുകളിലൂടെ അതിനെ പരിഷ്കരിച്ചെടുക്കാനും കഴിയുന്നു. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം ചില ചിട്ടകളും നിയമങ്ങളും സൂക്ഷിക്കുന്നുണ്ട് ഭാഷകൾ. ഉദാഹരണമായി വിഭക്തിപ്രത്യയങ്ങൾ നാമങ്ങളോടു

മാത്രമേ ചേരു, അത് ക്രിയയോടുകൂടി ചേരില്ല. ഇപ്രകാരം നമ്മുടെ വ്യവഹാരത്തിൽ, ഭൗതിക നിലവാരത്തിനനുസൃതമായി ഭാഷ ഒരു ഘടന നിർമിച്ചെടുത്തിട്ടുണ്ട്. ഈ ഘടനയെ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണ് വ്യാകരണപഠനത്തിൽ ചെയ്യുന്നത്. വ്യാകരണം എന്നാൽ അഴിച്ചെടുത്ത് പരിശോധിക്കുക എന്നാണർഥം. ഒന്നിൽകൂടുതൽ പദങ്ങളെ വ്യവസ്ഥാപിതമായി കൂട്ടിച്ചേർത്ത ഒരാശയത്തെ ദ്യോതിപ്പിക്കുന്ന വാക്യത്തെ അഴിച്ചെടുത്ത് ചെറിയ ചെറിയ ഘടകങ്ങളാക്കി പരിശോധിച്ച് അവ തമ്മിലുള്ള പരസ്പരബന്ധവും പൊരുത്തവും വ്യാകരണപഠനത്തിന്റെ ഭാഗമായി അന്വേഷിക്കുന്നു.

സംസ്കൃതവ്യാകരണപാരമ്പര്യമനുസരിച്ച് വേദപഠനത്തിനാവശ്യമായ അനുബന്ധപഠനശാഖകളായ വേദാംഗങ്ങളിൽ ഒന്നാണ് വ്യാകരണ പഠനം. ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, കല്പം, ജ്യോതിഷം എന്നിങ്ങനെ ആറ് വേദാംഗങ്ങളാണുള്ളത്; ശിക്ഷ ഉച്ചാരണനിയമങ്ങളെ വിധിക്കുന്നു, ഛന്ദസ്സ് - വൃത്തശാസ്ത്രനിയമങ്ങളെ പ്രതിപാദിക്കുന്നു. വ്യാകരണം - ഭാഷാപ്രയോഗനിയമങ്ങളെ വിശദമാക്കുന്നു. നിരുക്തം - പദങ്ങളുടെ നിഷ്പത്തി, അർഥം എന്നിവ വ്യക്തമാക്കുന്നു. കല്പം - വൈദികകർമങ്ങളെ വിവരിക്കുന്നു. ജ്യോതിശാസ്ത്രം - കർമനുഷ്ഠാനങ്ങൾക്കുള്ള മുഹൂർത്തങ്ങളും മറ്റും ചർച്ച ചെയ്യുന്നു. ഇവയിൽ ശിക്ഷ, വ്യാകരണം, നിരുക്തം എന്നീ മൂന്നെണ്ണമാണ് ഭാഷയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നത്. സംസ്കൃതത്തിൽ വ്യാകരണം അഥവാ വ്യാകരിക്കുക എന്നതിന് അപഗ്രഥനം, അല്ലെങ്കിൽ അഴിച്ചെടുത്തു പരിശോധിക്കുക എന്നാണ് അർഥം. വാക്യത്തെ അഴിച്ചെടുത്തു ചെറിയ ചെറിയ ഘടകങ്ങളാക്കി പരിശോധിക്കുകയാണ് വ്യാകരണം ചെയ്യുന്നത്. വാക്യം എന്ന വലിയ തലം മുതൽ ഏറ്റവും ചെറിയ വർണത്തിൽ അവസാനിക്കുന്ന തലംവരെയുള്ള ഘടകങ്ങളെ വിശകലനം ചെയ്യുന്നതാണ് അപഗ്രഥനം എന്നു പറയാം. അതായത് ഘടനയിൽ ഉൾച്ചേർന്ന ഘടകങ്ങളെയും അവയുടെ ഉപഘടകങ്ങളെയും വേർതിരിച്ച് പഠിക്കുകയാണ് അപഗ്രഥനത്തിൽ ചെയ്യുന്നത്. എന്നാൽ ഇപ്പോഴത്തെ വ്യാകരണപഠനം വർണങ്ങളിൽനിന്നു തുടങ്ങി വാക്യങ്ങളിൽ അവസാനിക്കുന്ന ഉദ്ഗ്രഥനരീതിയാണ് പ്രതിപാദനത്തിന് ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ അപഗ്രഥനം, ഉദ്ഗ്രഥനം എന്നീ രണ്ടു രീതികളിലായാലും ഘടകങ്ങളായി വേർതിരിച്ചെടുത്തു വിശകലനം നടത്തുന്നു എന്ന രീതിയിലാണ് അതിനെ വ്യാകരണം എന്നു വിളിക്കുന്നത്.

വ്യവഹാരഭാഷയുടെ വിവരണമാണ് വ്യാകരണ പഠനത്തിൽ നടക്കുന്നത്. ഭാഷയിലെ ശരിതെറ്റുകൾ പറഞ്ഞുതരുന്നതാണ് വ്യാകരണമെന്നൊരു ധാരണ ചിലർക്കെങ്കിലും ഉണ്ട്. എന്നാൽ ഇത് പൂർണമായും ശരിയല്ല. മനുഷ്യൻ എങ്ങനെ ഭാഷയെ ഉപയോഗിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് വൈയ്യാകരണന്മാർ വ്യാകരണപരമായ ശരിതെറ്റുകളിൽ എത്തിച്ചേരുന്നത്. അതിനാൽ തെറ്റും ശരിയും നിർണയിക്കലല്ല, ഭാഷയിലെ പ്രയോഗങ്ങളെ ശാസ്ത്രീയമായി വിവരിക്കുകയാണ് വ്യാകരണ ധർമ്മം. സംസ്കൃതത്തിൽ വ്യാകരണമെന്നതിന് അപഗ്രഥനമെന്നാണ് അർത്ഥം. പിന്നീടത് ഭാഷാപഗ്രഥനം എന്ന വിശേഷ അർത്ഥത്തിൽ പ്രയോഗിച്ചുതുടങ്ങി. പ്രാചീനഗ്രീസിൽ ഗ്രാമർ എന്ന പദത്തിന് 'എഴുത്തു പ്രയോഗിക്കാനുള്ള അറിവ്' എന്നും വായനയുടെയും എഴുത്തിന്റെയും കല എന്നുമായിരുന്നു അർത്ഥം. അരിസ്റ്റോട്ടിലിന്റെ കാലത്തിന് ശേഷമാണ് പ്രത്യേക പഠനശാഖ എന്ന നിലയിൽ വ്യാകരണത്തിന് ഗ്രീസിൽ പ്രചാരമുണ്ടായത്.

വ്യാകരണനിയമങ്ങൾ അറിയാത്തവർക്കും ഭാഷ കൈകാര്യം ചെയ്യാൻ പറ്റും. അപ്പോൾ വ്യാകരണപഠനം എന്തിനാണ് എന്ന ചോദ്യം ഉണ്ടാകാം. ഭാഷയുടെ ശാസ്ത്രീയമായ അപഗ്രഥനം നടത്തണമെങ്കിൽ വ്യാകരണ പഠനം കൂടിയേ തീരു. വാമൊഴിയുടെ പ്രയോഗത്തിൽ വ്യാകരണം നിർബന്ധമല്ലെങ്കിലും ഔപചാരിക സംഭാഷണങ്ങളിലും വരമൊഴിയിലും വ്യാകരണനിയമങ്ങളെ അവഗണിക്കുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കും. വ്യതിചലനങ്ങളെ നിയന്ത്രിക്കേണ്ടിവരുമ്പോഴാണ് നിയമങ്ങൾ ആവശ്യമായി വരുന്നത്. നിയമങ്ങളില്ലാതെ ഒരു വ്യവസ്ഥയ്ക്കും സുസ്ഥിരമായ നിലനിൽപ്പില്ല. ഭാഷയുടെ പ്രയോഗത്തിൽ സ്വീകാര്യം, അസ്വീകാര്യം എന്ന വ്യത്യാസത്തിന് പ്രസക്തിയുണ്ടെങ്കിൽ

വ്യാകരണ നിയമം ആവശ്യമായിവരും. ഭാഷയുടെ പരിണാമരീതി മനസിലാക്കുവാൻ ഭാഷാനിയമങ്ങൾ ആവശ്യമാണ്.

മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ഭാഷ ഉപയോഗിച്ചുപോരുന്നു. അവിടെയെല്ലാം വ്യാകരണമില്ലാതെ ഫലപ്രദമായ ഭാഷാവിനിമയം സാദ്ധ്യമല്ല. സമൂഹം, വ്യക്തി ഇവയിൽ അധിഷ്ഠിതമായ മനുഷ്യനിർമിതികൾക്കെല്ലാം ഭാഷ ആവശ്യമാണ്. അതിനാൽ ഭാഷയും ഭാഷയെ നിർണയിക്കുന്ന വ്യാകരണവും പ്രാധാന്യമർഹിക്കുന്നു. ഭാഷ പഠിക്കുക എന്നാൽ വ്യാകരണത്തെ തിരിച്ചറിയുകയെന്നു കൂടിയാണർഥം. അതുകൊണ്ട് എല്ലാ മേഖലകളിലെയും വിനിമയസാധ്യതകളും സാമൂഹ്യകേന്ദ്രിതമായ വ്യാകരണത്തിൽ അടങ്ങിയിട്ടുണ്ട്. പദങ്ങൾ, വാക്യങ്ങൾ, വാക്യഘടനകൾ ഇതെല്ലാം തിരിച്ചറിയുന്നത് വ്യാകരണപഠനത്തിലൂടെയാണ്. ഭാഷ കൈകാര്യം ചെയ്യുന്ന വ്യക്തി അറിഞ്ഞോ അറിയാതെയോ വ്യാകരണം പ്രയോഗിക്കുന്നുണ്ട്. എങ്കിലും പ്രയോഗിക്കാനറിയുന്നതും പ്രയോഗതത്വങ്ങൾ ബോധ്യപ്പെടുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഭാഷാപ്രയോഗങ്ങളെ സാങ്കേതികമായി മനസിലാക്കുകയാണ് മനുഷ്യവ്യവഹാരങ്ങളെ സംബന്ധിച്ച് വ്യാകരണപഠനത്തിന്റെ പ്രധാനമായൊരു ലക്ഷ്യം, വ്യാകരണപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കെ.എം. പ്രഭാകരവാര്യർ പറയുന്നത് ഇപ്രകാരമാണ്; 'വ്യാകരണത്തിന്റെ ധർമം നിയമപാലനമല്ല, നിയമബോധനമാണ്. ഭാഷയുടെ സ്വച്ഛന്ദതയെയോ പരിണാമസ്വഭാവത്തെയോ കെട്ടിമുറുക്കി തളച്ചിടാൻ വ്യാകരണത്തിനു കഴിയില്ല. സഹവർത്തിത്തത്തിനു സാമൂഹികവ്യവസ്ഥകൾ എത്രത്തോളം ആവശ്യമാണോ അത്രത്തോളംതന്നെ ആശയവിനിമയത്തിന് വ്യാകരണവ്യവസ്ഥകളും ആവശ്യമാണ്' (ഭാഷാവലോകനം, കെ.എം. പ്രഭാകരവാര്യർ, പുറം 90.)

## 1.1.2 ബോധനരീതികൾ

### 1.1.2.1 നിഗമനരീതി

വ്യാകരണപഠനത്തിന് മുമ്പ് സ്വീകരിച്ചിരുന്ന ഒരു ബോധനരീതിയാണിത്. പ്രയോഗങ്ങൾ അവതരിപ്പിക്കുകയോ ചൂണ്ടികാണിക്കുകയോ ചെയ്യാതെ ആദ്യം പ്രമാണങ്ങൾ അവതരിപ്പിക്കുകയാണ് നിഗമനരീതിയുടെ സ്വഭാവം. വ്യാകരണ സംബന്ധമായ നിർവചനങ്ങൾ ആദ്യം നൽകുന്നു. തുടർന്ന് പ്രമാണങ്ങൾ ശരിയാണെന്ന് തെളിയിക്കാനുതകുന്ന ഉദാഹരണങ്ങൾ നൽകുന്നു. നിർവചനങ്ങൾ പറഞ്ഞു കൊടുത്താൽ അത് മന:പാഠമാക്കാനുള്ള നിർദേശവും നൽകും. ഉദാഹരണമായി നാമം എന്താണെന്ന് പഠിപ്പിക്കാൻ എന്തിന്റെയെങ്കിലും പേരായ ശബ്ദത്തിന് നാമം എന്നു പറയുന്നു. അതിനു ശേഷം ഉദാഹരണങ്ങൾ നൽകുന്നു. ഉദാഹരണങ്ങൾ വിശദീകരിച്ച് നിർവചനങ്ങളിൽ അടങ്ങിയ തത്വം സമർഥിക്കേണ്ട ചുമതല അധ്യാപകന്റേതാണ്. തത്വങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി അത് സമർഥിക്കുന്നതിനാൽ ഈ രീതിക്ക് നിഗമനരീതി അഥവാ തത്വസമർഥന രീതി എന്നു പറയുന്നു. നിർവചനം, ഉദാഹരണം വിശദീകരണം, പരീക്ഷണം എന്നീ നാല് ഘട്ടങ്ങളാണ് ഈ രീതിക്കുള്ളത്. നിഗമനരീതി അഥവാ തത്വസമർഥനരീതി എന്നും ഈ രീതി അറിയപ്പെടുന്നു. ഈ രീതി ഇപ്പോൾ പിന്തുടരാറില്ല.

### 1.1.2.2 ആഗമനരീതി

ഇന്ന് വ്യാകരണപഠനത്തിന് പൊതുവെ സ്വീകരിക്കുന്നത് ആഗമനരീതിയാണ്. ആഗമനരീതി സ്വാഭാവികമായ രീതിയാണ്. വിശേഷ്യത്തിൽ നിന്ന് സാമാന്യത്തിലേക്ക് എന്ന വിദ്യാഭ്യാസതത്വം ഇവിടെ പിന്തുടരുന്നു. ധാരാളം ഉദാഹരണങ്ങൾ നൽകി അവയ്ക്ക് പൊതുവായ പ്രമാണം കണ്ടെത്തുകയാണ് ഈ രീതിയുടെ സ്വഭാവം. ഉദാഹരണമായി നാമം എന്തെന്ന് പഠിപ്പിക്കാനായി ആദ്യം ചില നാമപദങ്ങൾ അധ്യാപകൻ അവതരിപ്പിക്കുകയോ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുകയോ ചെയ്യുന്നു. ഇങ്ങനെ ഉദാഹരണങ്ങളുമായി പരിചയപ്പെട്ട ശേഷം അവ ഉൾക്കൊള്ളുന്ന പൊതുതത്വങ്ങൾ കുട്ടികൾ അനുമാനിച്ചെടുക്കുന്നു. അതിന് അധ്യാപകന്റെ സഹായം അത്യാവശ്യമാണ്. പ്രമാണങ്ങൾ സ്വയം കണ്ടു പിടിക്കുന്നതിന് കുട്ടികളെ സഹായിക്കേണ്ടത് അധ്യാപകനാണ്. ഇങ്ങനെ നിരീക്ഷണം, താരതമ്യപ്പെടുത്തൽ, പ്രമാണരൂപവത്കരണം, അഭ്യാസങ്ങൾ എന്നീ നാലുഘട്ടങ്ങൾ തത്വാനുമാന രീതിക്കുണ്ട്. അനുഗുണമായ കുറെ ഉദാഹരണങ്ങൾ നൽകി അവ

നിരീക്ഷിക്കാനുള്ള അവസരം ആദ്യം കുട്ടികൾക്ക് നൽകുന്നു. അവ പരിശോധിച്ച് അവർ താരതമ്യപഠനം നടത്തുന്നു. താരതമ്യപഠനങ്ങളിലൂടെ പ്രമാണത്തിൽ എത്തിച്ചേരാം. അവസാനം പ്രമാണങ്ങളും പ്രയോഗങ്ങളും ഉറപ്പിക്കാൻ ധാരാളം അഭ്യാസങ്ങൾ നൽകണം. മലയാള വ്യാകരണത്തിന് ഇംഗ്ലീഷ് വ്യാകരണവുമായി അടുപ്പമുള്ളതിനാൽ മലയാള അധ്യാപകന് ഇംഗ്ലീഷ് വ്യാകരണത്തിൽ സാമാന്യജ്ഞാനം ഉണ്ടായിരിക്കണം. ആവശ്യം വരുമ്പോഴൊക്കെ ഇതര ഭാഷകളിലെ വ്യാകരണനിയമങ്ങളുമായി താരതമ്യപ്പെടുത്തുന്നതിന് ഇത് ഉപകരിക്കും. സരളമായ പ്രതിപാദനത്തോടുകൂടിയതായിരിക്കണം വ്യാകരണഗ്രന്ഥം. ധാരാളം ഉദാഹരണങ്ങളും അഭ്യാസങ്ങളും അതിൽ ഉണ്ടായിരിക്കണം.

## 1.1.3 കേരളപാണിനീയം

തമിഴ് - സംസ്കൃതവ്യാകരണ പാരമ്പര്യങ്ങളുടെ ഒരു സമന്വയമാണ് കേരളപാണിനീയം. കേരളപാണിനീയം ആദ്യമായി പ്രസിദ്ധീകരിച്ചത് 1896-ൽ ആണ്. അതിന്റെ രണ്ടാംപതിപ്പ് പ്രസിദ്ധീകരിച്ചത് 1916-ൽ ആണ്. സംസ്കൃതത്തിലെ അഷ്ടാധ്യായി പോലെയും തമിഴിലെ തൊൽക്കാപ്പിയം പോലെയുമാണ് കേരളീയർക്ക് കേരളപാണിനീയം. മലയാളത്തിന്റെ പ്രധാനവ്യാകരണഗ്രന്ഥമെന്നു തന്നെ കേരളപാണിനീയത്തെക്കുറിച്ച് പറയാം. മൂന്ന് വ്യാകരണധാരകൾ ചേർന്നതാണ് മലയാളഭാഷയുടെ വ്യാകരണ പാരമ്പര്യം. അഷ്ടാധ്യായി കേന്ദ്രീകരിച്ചുള്ള സംസ്കൃതവ്യാകരണ പാരമ്പര്യം, തൊൽക്കാപ്പിയം കേന്ദ്രീകരിച്ചുള്ള തമിഴ് വ്യാകരണ പാരമ്പര്യം, മിഷണറിമാരുടെ സംഭാവനകളിലൂടെ കിട്ടിയ ആധുനികവ്യാകരണ പാരമ്പര്യം എന്നിവയാണവ. മലയാളഭാഷയുടെ വ്യാകരണത്തെ വിവരിക്കുന്നതോടൊപ്പം മലയാളം തമിഴിൽ നിന്നും സംസ്കൃതത്തിൽ നിന്നും വ്യതിരിക്തമാണെന്നും എ.ആർ. വിശദീകരിച്ചിട്ടുണ്ട്. മലയാളം തമിഴിൽ നിന്നും വേർതിരിഞ്ഞതിന് എ.ആർ. പറയുന്ന ആറു നയങ്ങളാണ് അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവ.

### 1.1.3.1 അനുനാസികാതിപ്രസരം

തമിഴും മലയാളവും തമ്മിൽ വേർപിരിയുന്നതിന് ആറുനയങ്ങൾ കേരളപാണിനി കണ്ടെത്തുന്നു. അത് അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവയാണ്

ഒരു അനുനാസിക വർണം അതിനു പിന്നാലെ വരുന്ന വർണം പ്രത്യയാദി ഖരം ആണെങ്കിൽ അതിനെ കടന്നു കയറി ആക്രമിച്ച് അനുനാസികമാക്കും. അനുനാസികം മുമ്പും ഖരം പിമ്പുമായി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലം ചെയ്യും

ഉദാ : നിങ് + കൾ = നിങ്ങൾ

നെഞ്ച് - നെഞ്ഞ്

### 1.1.3.2 താലവ്യാദേശം (തവർഗ്ഗോപമർദ്ദം)

തമിഴ് അക്ഷരമാല പ്രകാരം തവർഗത്തിന് ത,ന എന്ന രണ്ട് അക്ഷരങ്ങളെ ഉള്ളൂ. അവ കൂട്ടി ചേർത്താൽ ത്ത, ന്ന, ന്ത എന്ന് മൂന്നക്ഷരം കൂടി ഉണ്ടാകും. ഇവയ്ക്കു മുന്നിൽ താലവ്യസ്വരങ്ങളായ അ, ഇ, ഐ ഇവയിലൊന്നു വന്നാൽ അതിന്റെ താലവ്യത്വം ദന്ത്യമായ തവർഗത്തിൽ വ്യാപിച്ച് അവയെ താലവ്യമാക്കും. ദന്ത്യത്തിന് താലവ്യം ആദേശം ചെയ്കയാൽ ഈ നയത്തെ താലവ്യാദേശം അഥവാ തവർഗ്ഗോപമർദ്ദം എന്നു പറയുന്നു.

ഉദാ : അല + അലൈന്താൻ -

അലൈഞ്ചാൻ - അലഞ്ഞാൻ

### 1.1.3.3 സ്വരസംവരണം

പദാവസാനത്തിലെ സ്വരങ്ങളെ വേണ്ടുവോളം തുറന്ന് വെളിവായിട്ട് ഉച്ചരിക്കാതെ ഒതുക്കിപ്പിടിച്ച് ഉച്ചരിക്കുന്നത് സ്വരസംവരണം.

ഉദാ : കണ്ടു - കണ്ട്

തമിഴിലെ 'ഐ' കാരാന്ത ശബ്ദങ്ങൾ 'അ' കാരാന്തങ്ങളായി ഉച്ചരിക്കുന്നതും സ്വരസംവരണ നയത്താലാണ്.

ഉദാ : മഴൈ = മഴ, തലൈ = തല, വാഴൈ = വാഴ.

### 1.1.3.4 പുരുഷഭേദനിരാസം

തമിഴിലെ ആഖ്യാതങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനു വേണ്ടി ലിംഗം, പുരുഷൻ, വചനം ഇവയെക്കുറിക്കുന്ന പ്രത്യയങ്ങൾ ചേർത്ത് രൂപഭേദം വരുത്തുന്നു. മലയാളം ഇതെല്ലാം പാടെ ഉപേക്ഷിച്ചു.

ഉദാ : വന്താൻ – വന്താൾ – വന്നാർ = വന്നു

അവൻ വന്താൻ = അവൻ വന്നു

അവൾ വന്താൻ = അവൾ വന്നു

അവർ വന്താർ = അവർ വന്നു

### 1.1.3.5 ഖിലോപസംഗ്രഹം

ഖിലം എന്നാൽ അപ്രയുക്തം. ഒരു കാലത്ത് നടപ്പുണ്ടായിരുന്നതും കാലക്രമത്തിൽ പ്രയോഗമില്ലാതിരുന്ന പ്രകൃതികളെയും പ്രത്യയങ്ങളെയും ഉപേക്ഷിക്കാതെ ഉപയോഗിക്കുന്നതാണ് ഖിലോപസംഗ്രഹം.

പ്രാചീനതമിഴിൽ നിലനിന്നിരുന്നതും പുതിയ തമിഴ് ഉപേക്ഷിച്ചതും മലയാളഭാഷ നിലനിർത്തി വരുന്നതുമായ 'ആൻ' എന്ന പിൻവിനയെച്ച പ്രത്യയത്തെയും 'ഇൻ' എന്ന മധ്യമ ബഹുവചന പ്രത്യയത്തെയുമാണ് ഖിലോപസംഗ്രഹത്തിൽ എ.ആർ. രാജരാജവർമ്മ ഉൾപ്പെടുത്തിയിരിക്കുന്നത്.

തമിഴ് – കുളിക്കവന്തേൻ

വായിക്കപോകിറേൻ

മലയാളം – കുളിക്കാൻ വന്നു

വായിക്കാൻ പോകുന്നു

### 1.1.3.6 അംഗഭംഗം

ചില പഴയ ദ്രാവിഡ പ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളഭാഷ സൗകര്യം നോക്കി അക്ഷരലോപം ചെയ്ത് ചുരുക്കുന്നു

ഉദ്ദേശികാവിഭക്തി പ്രത്യയത്തിനും സംബന്ധികാവിഭക്തി പ്രത്യയത്തിനും മലയാളത്തിൽ സംഭവിച്ചിട്ടുള്ള പരിണാമത്തെയാണ് കേരളപാണിനി അംഗഭംഗം എന്നുവിശേഷിപ്പിച്ചത്. തമിഴിൽ ഉദ്ദേശികാവിഭക്തിയുടെ പ്രത്യയം 'ക്ക്' മലയാളത്തിൽ ചിലപ്പോൾ 'ഇക്ക്' എന്ന് തന്നെയും മറ്റുചിലപ്പോൾ 'ഉ്' എന്നും മാറിയിട്ടുണ്ട്. അതുപോലെ 'ഉടെയ' എന്ന സംബന്ധികാവിഭക്തി പ്രത്യയം 'ഉടെ' 'ടെ' എന്നും രൂപം മാറുന്നു.

ഉദാ : രാമൻ + ഉടയ = രാമന്റെ

സീത + ഉടയ = സീതയുടെ

അവൻ + ക്ക് = അവന്

കേശവൻ + ക്ക് = കേശവന്

ഈ ആറു നയങ്ങൾ കൊണ്ട് ഭാഷ തമിഴിൽ നിന്ന് വേർതിരിഞ്ഞ് നിൽക്കുന്നു എന്നാണ് എ.ആർ. വിശദമാക്കുന്നത്.

## 1.1.4 വാക്യം

ഒരാശയം പൂർണമായി ആവിഷ്കരിക്കുന്ന ഏറ്റവും ചെറിയ ഭാഷാഘടകമാണ് വാക്യം. വാക്യത്തിൽ ഒന്നിൽ കൂടുതൽ പദങ്ങളെ വ്യവസ്ഥാപിതമായി കൂട്ടിച്ചേർത്ത് ഒരാശയത്തെ ദ്യോതിപ്പിക്കുന്നു. ആകാംക്ഷയ്ക്കെല്ലാം പൂർത്തിവരുന്ന വിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണമായി വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം എന്ന് എ.ആർ വാക്യത്തെ നിർവചിക്കുന്നു.

ഉദാ : കുട്ടി പുസ്തകം വായിക്കുന്നു.

ശബ്ദങ്ങളുടെ വേർപെടുത്താനാവാത്ത ബന്ധത്തിന് ആകാംക്ഷ എന്നു പറയുന്നു. ആകാംക്ഷയ്ക്കു പൂർത്തിവരുന്ന വിധത്തിൽ ഒരു കാര്യം വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം.

ആഖ്യ, ആഖ്യാതം.

വാക്യത്തിന് ആഖ്യ, ആഖ്യാതം എന്ന് രണ്ട് ഭാഗങ്ങളുണ്ട്. നാം ഏതിനെപ്പറ്റി പറയുന്നുവോ അത് ആഖ്യ. ആഖ്യയെപ്പറ്റി എന്തു പറയുന്നുവോ അത് ആഖ്യാതം. ആഖ്യയുടെയും ആഖ്യാതത്തിന്റെയും യോഗമാണ് വാക്യം.

'മാങ്ങ വീണു' എന്ന വാക്യത്തിൽ എന്തു വീണു എന്ന ചോദ്യത്തിന് ഉത്തരം ലഭിക്കുന്നത് 'മാങ്ങ' എന്നാണ്. മാങ്ങ എന്നത് ഒരു നാമം ആണ്. ആഖ്യ ഒരു നാമമോ, സർവനാമമോ, നാമവാക്യമോ ആയി വരാം. ഇവിടെ മാങ്ങ എന്ന പദമാണ് ആഖ്യ. ആഖ്യയെപ്പറ്റി എന്തു പറയുന്നുവോ അത് ആഖ്യാതം. ഇവിടെ ആഖ്യാതം 'വീണു' എന്നാണ്.

## 1.1.5 നാമപദസംഹിത, ക്രിയാപദസംഹിത എന്നീ സങ്കല്പനങ്ങൾ

ഒരു ഭാഷയുടെ വ്യാകരണം എന്നത് പദവാക്യങ്ങളെ സംബന്ധിച്ച നിയമങ്ങളുടെ ആകെതുകയാണ്. വാക്യഘടനയുടെ കാര്യത്തിനുള്ളതിനേക്കാൾ ദൃഢമായ നിയമങ്ങളാണ് ഏതുഭാഷയിലും പദ പക്ഷത്തിലുള്ളത്. ചില ഭാഷകളിലെങ്കിലും ഈ രണ്ടു തലങ്ങളെയും വേർതിരിക്കുന്ന അതിർത്തിരേഖ അതീവദുർബലവും അവ്യക്തവുമാണ്. അതുകൊണ്ട് വാക്യം എന്നതിന് സർവഭാഷാസാമാന്യമായ ഒരു നിർവചനം നൽകുക പ്രയാസമാണ്. മലയാളത്തിനും മറ്റ് ഒട്ടേറെ ഭാഷകൾക്കും യോജിക്കുന്ന രീതിയിലുള്ള ഒരു വിവരണം മാത്രമാണ് ഇവിടെ നൽകുന്നത്. വാക്യഘടനയിൽ നിബന്ധിതങ്ങളായ രണ്ട് ഘടകങ്ങളാണുള്ളത് - ആഖ്യയും ആഖ്യാതവും. ഉദ്ദേശ്യമെന്നും വിധേയമെന്നും ഇവയെ വിളിക്കാറുണ്ട്. ഇവയിൽ ആദ്യത്തേത് നാമമോ പരിച്ഛദങ്ങളോടുകൂടിയ ഒരു നാമപദസംഹിതയോ ആയിരിക്കും. അതുപോലെ രണ്ടാമത്തേത് ക്രിയയോ പരിച്ഛദങ്ങളോടുകൂടിയ ഒരു ക്രിയാപദസംഹിതയോ ആയിരിക്കും. നാമമോ സർവനാമമോ നാമവാക്യമോ ആഖ്യയായിട്ട് വരാം. ആഖ്യാതപക്ഷത്തിൽ മുറ്റുവിന നിർബന്ധമാണ്. കേരളപാണിനീയത്തിൽ കൊടുത്തിരിക്കുന്ന ഉദാഹരണം ഇപ്രകാരമാണ്. 'വിവാഹം കഴിഞ്ഞ് നഗരത്തിലേക്ക് മടങ്ങി വന്ന രാമൻ അച്ഛന്റെ നിയോഗത്താൽ വനവാസത്തിനു പോയി. എന്ന വാക്യത്തിൽ പരിച്ഛദങ്ങളെ ഒഴിവാക്കിയാൽ 'രാമൻ പോയി, എന്ന മൂല വാക്യത്തിൽ എത്തും. ആഖ്യയായി നിൽക്കുന്ന രാമൻ എന്ന നാമപദത്തിന് വിവാഹം കഴിഞ്ഞ് നഗരത്തിലേയ്ക്ക് മടങ്ങി വന്ന എന്ന പരിച്ഛദവും 'പോയി, എന്ന ആഖ്യാതപദത്തിന് അച്ഛന്റെ നിയോഗത്താൽ വനവാസത്തിന് എന്ന പരിച്ഛദവും ഉണ്ട്.

## 1.1.6 പദക്രമം

*കർത്താ, കർമ്മം ക്രിയ - ഇതേ*
*വാക്യത്തുങ്കൽ പദക്രമം*
*ഇതു മാറ്റി പ്രധാനത്തെ*
*മുന്നിലാക്കാം വിവക്ഷ പോൽ*

*(കേരളപാണിനീയം 172-ാം കാരിക)*

കർത്താവ്, കർമം, ക്രിയ എന്നിങ്ങനെയാണ് വാക്യത്തിൽ പദങ്ങളുടെ ക്രമം വരേണ്ടത്. എന്നാൽ വൈചിത്ര്യത്തിനുവേണ്ടി അത് ഭേദപ്പെടുത്തുന്നതുകൊണ്ട് വാക്യാർഥങ്ങൾക്ക് മാറ്റം വരണമെന്നില്ല.

*വിശേഷണ വിശേഷ്യങ്ങൾ*
*മുൻപിൻപായിട്ടു നില്ക്കണം*

*(കേരളപാണിനീയം 173-ാം കാരിക)*

വിശേഷണം വിശേഷ്യത്തിനു മുൻപിൽ നിൽക്കണമെന്നാണ് പദക്രമം.

ഉദാ : ഏറ്റവും സമർഥൻ, പുലിയുടെ തുകൽ

## 1.1.7 പൊരുത്തം

*കർത്തൃക്രിയാപദങ്ങൾക്കു*
*പൊരുത്തം ലുപ്തമായി പോൽ"*

*(കേരളപാണിനീയം 175-ാം കാരിക)*

കർത്തൃക്രിയാപദങ്ങൾക്ക് ലിംഗവചനപുരുഷപ്രത്യയങ്ങൾ ചേർത്തു പൊരുത്തപ്പെടുത്തുന്ന പതിവ് ദ്രാവിഡഭാഷകളിലുണ്ട്. എങ്കിലും മലയാളത്തിൽ പ്രചാരലുപ്തമായിപ്പോയി. (പുരുഷഭേദനിരാസം എന്ന നയം ഓർക്കുക). വിഭാവകഭേദകം സമാനാധികരണമായി ഒരു നാമത്തെ വിശേഷിപ്പിക്കുമ്പോൾ ലിംഗവചനപ്പൊരുത്തം നോക്കണം.

*വിശേഷണ വിശേഷ്യങ്ങൾ*
*ലിംഗത്തിൽ വചനത്തിലും*
*പൊരുന്തണം സമാനാധി*
*കരണാന്വയമാവുകിൽ*

*(കേരളപാണിനീയം 176-ാം കാരിക)*

ഉദാ : വയസ്സൻ ബ്രാഹ്മണൻ, കിഴവി സ്ത്രീ,
മിടുക്കരായ മക്കൾ.

സംസ്കൃതത്തിലെപ്പോലെ വിശേഷണവിശേഷ്യങ്ങൾക്ക് വിഭക്തിപ്പൊരുത്തം ഭാഷയിൽ ആവശ്യമില്ല. ലിംഗവചനങ്ങളിൽപ്പോലും അത്യാവശ്യമുള്ളപ്പോൾ മാത്രമേ പൊരുത്തം നോക്കേണ്ടതുള്ളൂ.

*നപുംസകത്തിൽ വചന*
*പൊരുത്തം ചെയ്‌വതിച്ഛപോൽ*

*(കേരളപാണിനീയം 177-ാം കാരിക)*

നപുംസകവിശേഷണങ്ങളിൽ വചനപ്പൊരുത്തം ചെയ്യേണ്ടതില്ല.

ഉദാ : തക്കതായ കാരണങ്ങൾ

(തക്കവയായ എന്നു വേണ്ട)

അന്യായമായ പ്രവൃത്തികൾ

(അന്യായങ്ങളായ എന്നു വേണ്ട)

*അർഥം താൻ പ്രത്യയത്തേക്കാൾ*
*വചനത്തിൽ നിയാമകം*

*(കേരളപാണിനീയം 178-ാം കാരിക)*

വചനം നിർണയിക്കുന്നത് പ്രത്യയം നോക്കിയല്ല. നാമത്തിന്റെ അർഥം നോക്കിയാണ്. നാമം ഒരു സമൂഹത്തെ കുറിക്കുന്നതായാൽ ബഹുവചനപ്രത്യയം ഇല്ലെങ്കിലും ബഹുത്വം കാണിക്കും. അതുപോലെ ബഹുവചനപ്രത്യയം ഉണ്ടെങ്കിലും വ്യക്തിവിവക്ഷ ഇല്ലെങ്കിൽ നാമം ഏകവചനത്തിന്റെ ഫലമേ ചെയ്യൂ.

ഉദാ : നാരീജനം മിക്കതും പരവശമാർ

ദുഷ്ടരാം ശത്രുക്കൂട്ടം

*ലിംഗംസംസ്കൃത നാമങ്ങൾ*
*ക്കി ഹഭാഷാനുരൂപമാം*
*എന്നാൽ സ്ത്രീലിംഗമാത്രത്തിൽ*
*സംസ്കൃതത്തിൻ വ്യവസ്ഥയെ*
*മണിപ്രവാളകവികൾ*
*ഭക്ത്യാ മാനിച്ചിരുന്നുതേ*

*(കേരളപാണിനീയം 179-ാം കാരിക)*

സംസ്കൃതശബ്ദങ്ങൾ ഭാഷയിൽ പ്രയോഗിക്കുമ്പോൾ അത് സംസ്കൃതമായല്ല, ഭാഷയായിട്ടാണ് കരുതേണ്ടത്. ഭാഷാനുരൂപമായ ലിംഗനിയമം അനുസരിക്കുകയും വേണം. എന്നാൽ സ്ത്രീലിംഗ ശബ്ദങ്ങളിൽ മാത്രം മണിപ്രവാളകവികൾ സംസ്കൃതത്തിന്റെ വ്യവസ്ഥ അനുസരിച്ചിരുന്നു.

ഉദാ : മധുരമായ വാക്ക് = മധുരാ:വാക്

ഉന്നതമായ വൃക്ഷം (ഉന്നതോ വൃക്ഷഃ)

കാവ്യചമത്കാരത്തിനുവേണ്ടി ചില കവികൾ ജഡങ്ങളിൽ ചേതനധർമം ആരോപിക്കാറുണ്ട്. അപ്പോൾ സൗകര്യംപോലെ നപുംസകത്തെ സ്ത്രീയോ പുരുഷനോ ആക്കുന്നു. അം എന്ന പ്രത്യയത്തിൽ അവസാനിക്കുന്ന നപുംസകങ്ങളെ ആൻ എന്ന പുല്ലിംഗപ്രത്യയം ചേർത്ത് പറയാറുണ്ട്.

ഉദാ : വാനരം = വാനരത്താൻ

നാഗം = നാഗത്താൻ

ആഖ്യാതത്തിനും ചില കവികൾ ലിംഗവചനപ്രത്യയങ്ങൾ ചേർക്കാറുണ്ട്.

ഉദാ : 'മിനുക്കിനാൾ മാന്തളിരാകുമോഷ്ഠം'

*നാമത്തെ വേറേ നാമത്താൽ*
*വിവരിക്കുമിടങ്ങളിൽ*
*വിഭക്തി രണ്ടാം നാമത്തിൽ*
*വേണം ചേർക്കാമിരണ്ടിലും*

*(കേരളപാണിനീയം 180-ാം കാരിക)*

ഒരു നാമത്തെ വേറൊരു നാമംകൊണ്ടു വിവരിക്കുമ്പോൾ രണ്ടാമത്തെ നാമത്തിനാണ് വിഭക്തിപ്രത്യയം വേണ്ടത്.

ഉദാ : അയൽവാസികൾ നാലുപേരെ വിളിച്ചു.

ഉദാ : ജനങ്ങളുടെ എല്ലാവരുടെയും സമ്മതം കിട്ടി.

എല്ലാം, ഒരുവൻ, പേർ, ആൾ എന്നിവയായിരിക്കും സാധാരണയായി വിവരിക്കുന്ന നാമം.

## 1.1.8 മലയാളഭാഷയുടെ വ്യാകരണചരിത്രം

സംസ്കൃതത്തിൽ ആദ്യകാലത്ത് രൂപപ്പെട്ട് വികസിച്ച വ്യാകരണപദ്ധതിയാണ് ഭാരതീയ ഭാഷകളിൽ മിക്കതും പിന്തുടരുന്നത്. തമിഴിന്റെ സ്വന്തമായ വ്യാകരണപദ്ധതിയെപ്പോലും സംസ്കൃതം സ്വാധീനിച്ചിട്ടുണ്ട്. ആധുനിക ഭാഷാശാസ്ത്രത്തിന്റെ വികസനത്തിന് വഴി തെളിയിച്ച ഗ്രന്ഥമാണ് പാണിനിമഹർഷിയുടെ അഷ്ടാധ്യായി അഥവാ പാണിനീയം എന്ന സംസ്കൃതവ്യാകരണഗ്രന്ഥം. പാണിനീയസൂത്രങ്ങളുടെ വ്യാഖ്യാനമാണ് വൃത്തി. തൊൽകാപ്പിയമാണ് കണ്ടുകിട്ടിയിട്ടുള്ളതിൽ വെച്ച് ഏറ്റവും പ്രധാനമായ തമിഴ്‌വ്യാകരണഗ്രന്ഥം. ലീലാതിലകം പോലെ വ്യാകരണവും അലങ്കാരശാസ്ത്രവും കൈകാര്യം ചെയ്യുന്ന ഒരു ഗ്രന്ഥമാണ് തൊൽകാപ്പിയം. തൊൽകാപ്പിയ പാരമ്പര്യം ദ്രാവിഡ വ്യാകരണ

പാരമ്പര്യത്തിന്റെ ഒരു ശാഖമാത്രമാണ്. പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്നു കരുതുന്ന ലീലാതിലകത്തിലാണ് കേരളഭാഷയുടെ വ്യാകരണപരമായ കാര്യങ്ങളെക്കുറിച്ചുള്ള ആദ്യ പരാമർശം കാണുന്നത്. മണിപ്രവാള ലക്ഷണഗ്രന്ഥമാണെങ്കിലും ആദ്യത്തെ മലയാള വ്യാകരണഗ്രന്ഥമായി ലീലാതിലകത്തെ കരുതാവുന്നതാണ്.

## 1.1.9 ലീലാതിലകം

മലയാളവ്യാകരണ ചർച്ചയിൽ പ്രഥമഗണനീയമായ കൃതിയാണ് ലീലാതിലകം. മണിപ്രവാളഭാഷയെയും മണിപ്രവാളസാഹിത്യത്തെയും ലക്ഷണം ചെയ്ത് അപഗ്രഥിക്കുന്ന കൃതിയാണിത്. ലീലാതിലകത്തിന്റെ കർത്താവ് ആരെന്ന് അറിയില്ല. 14-ാം നൂറ്റാണ്ടിന്റെ ഉത്തരാർധമാണ് ഇതിന്റെ രചനാകാലമെന്ന് പൊതുവെ വിശ്വസിക്കുന്നു. 1385-നു ശേഷമാണ് ലീലാതിലകകാലമെന്ന ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തോടാണ് കൂടുതൽ പണ്ഡിതന്മാരും യോജിക്കുന്നത്. ലീലാതിലകത്തിൽ ആകെ എട്ടു ശില്പങ്ങളാണ് ഉള്ളത്. മണിപ്രവാള ലക്ഷണം എന്നാണ് ഒന്നാം ശില്പത്തിന് പേര് നൽകിയിരിക്കുന്നത്. മണിപ്രവാളത്തിന്റെ സാമാന്യരൂപവും ഭേദങ്ങളുമാണ് പ്രഥമ ശില്പത്തിലെ ഉള്ളടക്കം. മണിപ്രവാളത്തിന് ഭാഷാസംസ്കൃത യോഗം എന്ന ലക്ഷണം നിർവഹിച്ചിട്ടുണ്ട്. ഭാഷ, സംസ്കൃതം, യോഗം എന്നി പദങ്ങളുടെ അർഥം വിശദമായി വിവരിച്ചിട്ടുണ്ട്. രണ്ടാം ശില്പത്തിന് പ്രത്യേകം പേര് നൽകിയിയിട്ടില്ല. മണിപ്രവാളശരീരത്തിന്റെ ഒരംശമായ ഭാഷാശബ്ദങ്ങളെപ്പറ്റിയും അവയോട് ചേരുന്ന വിഭക്തി, ലിംഗം, വചനം, പ്രകാരം എന്നിവയെപ്പറ്റിയുമാണ് ഇതിൽ പ്രതിപാദിക്കുന്നത്. തൊൽകാപ്പിയത്തെയും നന്നൂലിനെയും ആസ്പദമാക്കിയാണ് രണ്ടും മൂന്നും ശില്പങ്ങൾ രചിച്ചിട്ടുള്ളതെന്ന് ഇളംകുളം വ്യക്തമാക്കുന്നു. നാലാംശില്പത്തിന് ദോഷാലോചനം എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. 20 കാവ്യദോഷങ്ങളെപ്പറ്റി ഇതിൽ വിവരിക്കുന്നുണ്ട്. ഗുണനിരൂപണം എന്നാണ് അഞ്ചാം ശില്പത്തിന് പേര് നൽകിയിട്ടുള്ളത്. ശ്ലേഷം, മാധുര്യം, പ്രസാദം, സമത എന്നീ നാലു ഗുണങ്ങൾ മണിപ്രവാളത്തിൽ വരുമെന്ന് ഇതിൽ പറഞ്ഞിരിക്കുന്നു. ആറാംശില്പം ശബ്ദാലങ്കാര വിവേചനമാണ്. അലങ്കാരത്തെ നിർവചിച്ചു കൊണ്ടാണ് ശില്പം ആരംഭിക്കുന്നത്. അതോടൊപ്പം അലങ്കാരവും ഗുണവും തമ്മിലുള്ള ഭേദവും വ്യക്തമാക്കുന്നുണ്ട്. ഏഴാംശില്പം അർഥാലങ്കാരമാണ്. എട്ടാംശില്പം രസവിചാരമാണ്. രസത്തെപ്പറ്റി സംഗ്രഹിച്ച് പ്രതിപാദിച്ചിട്ടേയുള്ളൂ. മണിപ്രവാളലക്ഷണഗ്രന്ഥമെന്നതിന് പുറമെ, മലയാളവ്യാകരണം, ഭാഷാചരിത്രം, ഭാഷാവലോകനം, അലങ്കാരശാസ്ത്രപഠനം, ഭാഷാഗവേഷണം തുടങ്ങിയ മേഖലകളിൽ ആദ്യചുവടു വയ്പ് എന്ന നിലയിലും ലീലാതിലകം ശ്രദ്ധേയമാകുന്നു. സംസ്കൃത ഭാഷയിലാണ് ലീലാതിലകം എഴുതിയിട്ടുള്ളത്.

## 1.1.10 മിഷണറിമാരുടെ പ്രവർത്തനങ്ങൾ

പോർട്ടുഗീസുകാരുടെ വരവോടെ കേരള ചരിത്രത്തിൽ പുതിയൊരു അധ്യായം തുറന്നു. അവരെ തുടർന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും കേരളത്തിൽ വന്നു. വ്യാപാരബന്ധമായിരുന്നു അവരുടെ മുഖ്യ ലക്ഷ്യം എങ്കിലും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും ഈ വിദേശീയർ ദൃഷ്ടി ഊന്നി. ക്രിസ്തുമത പ്രചാരണം അവരുടെ പ്രവർത്തനങ്ങളിൽ മുഖ്യ ഇനമായി തീർന്നു. നാട്ടുകാരിൽ ഇത് പുതിയ ഉണർവ് ഉണ്ടാക്കി. മതപ്രചാരണ പരിപാടികൾ മലയാളസാഹിത്യത്തിന് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കി. ക്രിസ്ത്യൻ മിഷണറിമാരാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. മിഷണറിമാർ സ്ഥാപിച്ച വിദ്യാലയങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ ആയി വളർന്നു. ഭരണകർത്താക്കൾ മിഷണറിമാരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. 1599-ൽ ഉദയംപേരൂർ വച്ച് ക്രിസ്തുമതാധികാരികളുടെയും ക്രിസ്തുമത വിശ്വാസികളായ ജനപ്രതിനിധികളുടെയും ഒരു സമ്മേളനം നടന്നു. ഇതിന് ഉദയംപേരൂർ സൂനഹദോസ് എന്ന് പറയുന്നു. നാട്ടുക്രിസ്ത്യാനികളുടെ ആചാരങ്ങളും മറ്റും ക്രമീകരിക്കാൻ യോഗം തീരുമാനിച്ചു. ആ യോഗത്തിലെ തീരുമാനങ്ങൾ യാക്കോബ് കത്തനാർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. ഇതായിരിക്കണം ആദ്യം ലഭിച്ച ഗദ്യകൃതി. ഹെൻട്രിക് ആഡ്രിയൻ

വാൻ റീഡ് ഹോർത്തൂസ് മലബാറിക്കസ് എന്ന ഒരു ഗ്രന്ഥം രചിച്ചു. 12 വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ കേരളത്തിലെ ഔഷധസസ്യങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. മലയാളഭാഷയുടെ വളർച്ചയിൽ മൗലിക സംഭാവനകൾ നൽകിയ വൈദികരിൽ സ്മരണീയനാണ് ജർമൻകാരനായ അർണോസ് പാതിരി. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് അദ്ദേഹം ഒരു നിഘണ്ടുവും വ്യാകരണഗ്രന്ഥവും രചിച്ചു. 1700-ൽ കേരളത്തിലെ കത്തോലിക്കരുടെ മെത്രാനായി തീർന്ന ഇറ്റലിക്കാരൻ ആയ റവ. ഫാദർ ഫ്രാൻസിസ് എഴുതിയ സംഭാഷണ ഭാഷയെ ആശ്രയിച്ചുള്ള ഗ്രന്ഥവും പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഇറ്റലിക്കാരൻ ആയ ക്ലമന്റ് പാതിരി രചിച്ച മലയാളനിഘണ്ടുവും മലയാള രചനാ പുരോഗതിയെ ഗണ്യമായി സഹായിച്ചു. മലയാളം ലിപിയിൽ ആദ്യ അച്ചടിച്ച കൃതി സംക്ഷേപവേദാർഥമാണ്. 1772-ൽ ക്ലമന്റ് പാതിരിയാണ് ഇത് എഴുതിയത്. ക്രിസ്തുമത തത്വങ്ങൾ ഇതിൽ വിവരിക്കുന്നു. റോമിലാണ് ഇത് അച്ചടിച്ചത്. ഇംഗ്ലീഷ് ഭാഷയുടെ പ്രചാരവും വ്യാകരണം, നിഘണ്ടു തുടങ്ങിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും ഗദ്യസാഹിത്യത്തെ പുരോഗതിയിലേക്ക് നയിച്ചു. ക്രൈസ്തവപുരോഹിതന്മാരുടെ ആഗമനം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലും മൗലിക പരിവർത്തനങ്ങൾ സൃഷ്ടിച്ചു. ക്രിസ്തീയ ദേവാലയങ്ങളോട് അനുബന്ധിച്ച് മിഷണറിമാർ വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിച്ചു. ആദ്യം വൈദികവിദ്യാഭ്യാസത്തിനു വേണ്ടിയാണ് തുടങ്ങിയത്. എന്നാൽ പൊതുവിദ്യാഭ്യാസ സംരംഭങ്ങളിലേക്ക് ഇത് ക്രമേണ വികസിച്ചുകൊണ്ടിരുന്നു. 1768-ൽ കരിയാറ്റിൽ ഔസേപ്പ് കത്തനാർ രചിച്ച കൃതിയാണ് വേദതർക്കം. സാമൂഹിക കാര്യങ്ങൾ മലയാളത്തിൽ പ്രതിപാദിച്ചിട്ടുള്ളതിന്റെ തെളിവാണ് ഈ കൃതി. ക്രിസ്ത്യാനികളുടെ ഇടയിൽ പൊതുവേ കണ്ടുവരുന്ന അനൈക്യവും ഛിദ്രവാസനകളും ദൂരീകരിക്കുകയായിരുന്നു വേദതർക്കത്തിന്റെ ലക്ഷ്യം. പാറേമാക്കൽ തോമാകത്തനാരുടെ കൃതിയാണ് വർത്തമാന പുസ്തകം. 1786 ലാണ് ഇത് പ്രസിദ്ധീകരിച്ചത്. ഇതൊരു യാത്രാവിവരണ ഗ്രന്ഥമാണ്. 1778-നും 1786-നും ഇടയ്ക്ക് കരിയാറ്റിൽ ഔസേപ്പ് മൽപ്പാനും തോമാകത്തനാരും കൂടി റോമായാത്ര നടത്തി യതിന്റെ വിവരണമാണ് വർത്തമാനപുസ്തകത്തിൽ ഉള്ളത്. പതിനെട്ടാംശതകത്തിന്റെ അവസാനത്തോട് അടുത്ത് മലയാളഗദ്യം എത്രമാത്രം പുരോഗതി പ്രാപിച്ചിരുന്നു എന്നറിയാൻ ഈ കൃതി വായിച്ചാൽ മതി.

പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ മതപ്രചാരണത്തിനായി കേരളത്തിൽ വന്ന പാശ്ചാത്യമിഷണറിമാർ കേരളഭാഷ പഠിക്കുകയും മലയാളഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകുകയും ചെയ്തു. ഇവരിൽ പ്രധാനിയായിരുന്നു അർണോസ് പാതിരി. അദ്ദേഹം ഒരു ഭാഷാവ്യാകരണവും മലയാളനിഘണ്ടുവും കൂടാതെ ഒരു മലയാളം പോർത്തുഗീസ് നിഘണ്ടുവും നിർമിച്ചു. മുദ്രണം ചെയ്യപ്പെട്ട ആദ്യത്തെ മലയാളം ഇംഗ്ലീഷ് നിലണ്ടുവിന്റെ കർത്താവ് ബെഞ്ചമിൻ ബെയ്‌ലി ആയിരുന്നു. ആദ്യത്തെ മലയാളം മലയാളം നിഘണ്ടു രചിച്ചത് റിച്ചാർഡ് കോളിൻസ് ആണ്. ബഹുമുഖ പ്രതിഭയായിരുന്ന ഡോ. ഗുണ്ടർട്ടിന്റെ സംഭാവനകൾ ഏറ്റവും വിലപ്പെട്ടതാണ്. പതിനെട്ടു ഭാഷ പഠിച്ച മഹാപ്രതിഭ എന്നാണ് ഗുണ്ടർട്ടിനെപ്പറ്റി പറയുന്നത്. മലയാളത്തിൽ ആദ്യമായി പുസ്തകങ്ങൾ അച്ചടിച്ചതും മിഷണറിമാർ തന്നെയാണ്. ക്ലമന്റ് പാതിരി റോമിൽ പോയി മലയാളം അച്ചുകൾ നിർമിച്ചാണ് സംക്ഷേപവേദാർഥം അച്ചടിച്ചത്. ആധുനിക മലയാളഗദ്യത്തിന് അടിത്തറ പാകിയത് മിഷണറിമാരായിരുന്നു.

### ഹെർമൻ ഗുണ്ടർട്ട്

1836-ൽ ഡോ. ഹെർമൻ ഗുണ്ടർട്ട് ഇന്ത്യയിലെത്തി. 1939 മുതൽ ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ നിർദേശ പ്രകാരം തലശ്ശേരി ഇല്ലിക്കുന്ന് കേന്ദ്രമാക്കി മതപ്രചരണം നടത്തിയിരുന്നു. മലയാളം പ്രൈമറി സ്കൂൾ സ്ഥാപിച്ചു. കുട്ടികളെ പഠിപ്പിക്കാൻ പാഠപുസ്തകങ്ങൾ സ്വയം എഴുതിയുണ്ടാക്കി. മലയാളത്തിലെ ആദ്യത്തെ പാഠപുസ്തകം ഗുണ്ടർട്ട് എഴുതിയുണ്ടാക്കിയ പദ്യമാലയാണ്. അദ്ദേഹം മലയാളത്തിൽ നാല്പതോളം കൃതികൾ രചിച്ചു. അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനം മലയാളഭാഷാവ്യാകരണവും, മലയാളം - ഇംഗ്ലീഷ് നിഘണ്ടുവുമാണ്. 1851-ലാണ് മലയാള വ്യാകരണം ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചത്.

എന്നാൽ പൂർണ നിലയിൽ പ്രസിദ്ധീകരിച്ചത് 1868-ൽ ആയിരുന്നു. സ്കൂൾ വിദ്യാർഥികളുടെ പഠനത്തിനാണ് മലയാള വ്യാകരണം തയ്യാറാക്കിയത്. 1868-ൽ പൂർണരൂപത്തിൽ മംഗലാപുരത്ത് ബാസൽ മിഷൻ പ്രസിൽ നിന്ന് ഈ പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. മദിരാശി സംസ്ഥാനത്തിലെ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്ന എൻ. ഗാർത്ത് വെയ്റ്റാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 19-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രചാരത്തിൽ ഇരുന്ന വ്യാകരണപദ്ധതിയാണ് ഗുണ്ടർട്ട് സ്വീകരിച്ചതെങ്കിലും സംസ്കൃതത്തിലും തമിഴിലും അതി പ്രാചീനകാലത്ത് തന്നെ വികസിച്ചിട്ടുള്ള വ്യാകരണപദ്ധതികളിൽ നിന്ന് യഥാവസരം ആവശ്യമുള്ളത് സ്വീകരിക്കാൻ അദ്ദേഹം ഒട്ടും വൈമുഖ്യം പ്രകടിപ്പിച്ചിട്ടില്ലെന്ന് സി.എൽ. ആന്റണി അഭിപ്രായപ്പെടുന്നു (ഭാഷാപഠനങ്ങൾ സി. എൽ. ആന്റണി, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം). കയ്യെഴുത്ത് പ്രതിയിൽ 260 ഖണ്ഡങ്ങൾ മാത്രമേ ഉള്ളൂ. എന്നാൽ ഗാർത്ത് പ്രസിദ്ധീകരിച്ച പതിപ്പിൽ 311 ഖണ്ഡങ്ങളുണ്ട്. മതബോധന സമ്പ്രദായമാണ് ഈ കൃതിയുടെ രചനയിൽ മാതൃകയാക്കിയിട്ടുള്ളത്. ചോദ്യോത്തരമാതൃകയിലാണ് രചന. അക്ഷരങ്ങളെ സ്വരങ്ങൾ (ഉയിർ), വ്യഞ്ജനങ്ങൾ (മെയ്യ്) എന്നിങ്ങനെ വിഭജിച്ച് ഖരങ്ങൾ, അതിഖരങ്ങൾ, മൃദുക്കൾ, ഘോഷങ്ങൾ, കണ്ഠ്യങ്ങൾ, താലവ്യങ്ങൾ, മൂർദ്ധന്യങ്ങൾ, ദന്ത്യങ്ങൾ, ഓഷ്ഠ്യങ്ങൾ എന്നിങ്ങനെ ഉച്ചാരണസ്ഥാനത്തെയും പ്രയത്നത്തെയും അടിസ്ഥാനമാക്കി വിഭജിച്ചിരിക്കുന്നു. സ്വരസന്ധിയെന്നും, വ്യഞ്ജനസന്ധിയെന്നും സന്ധിയെ രണ്ടായി വിഭജിച്ചിരിക്കുന്നു. ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്നീ വിഭജനവും നൽകിയിട്ടുണ്ട്. അക്ഷരകാണ്ഡമെന്ന ഒന്നാം അധ്യായത്തിൽ അക്ഷരങ്ങൾ സ്വരവിശേഷങ്ങൾ, വ്യഞ്ജനവിശേഷങ്ങൾ, പദാംഗങ്ങൾ, സന്ധി എന്നി അഞ്ച് ഉപവിഭാഗങ്ങളുണ്ട്. ഏഴുവരെയുള്ള വിഭാഗങ്ങൾ നാമരൂപങ്ങളെ സംബന്ധിച്ചും എട്ടു മുതൽ പത്തു വരെയുള്ള വിഭാഗങ്ങൾ ക്രിയാരൂപങ്ങളെ സംബന്ധിച്ചും ശേഷിക്കുന്നവ അവ്യയങ്ങളെ സംബന്ധിച്ചും ഉള്ളവയാണ്.

### ജോർജ് മാത്തൻ

മലയാളികൾക്ക് വേണ്ടി ഒരു സ്വദേശി മലയാള ഭാഷയിൽ രചിച്ച ഒന്നാമത്തെ വ്യാകരണ ഗ്രന്ഥമാണ് റവ: ഫാ: ജോർജ് മാത്തൻ എഴുതിയ മലയാഴ്മയുടെ വ്യാകരണം. 1863-ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അക്ഷര ലക്ഷണം, പദ ലക്ഷണം എന്നിങ്ങനെ രണ്ടു ഖണ്ഡങ്ങളിലായി അഞ്ച് അധ്യായങ്ങളുണ്ട്. അധ്യായങ്ങളെ വീണ്ടും സർഗങ്ങളായി വിഭജിച്ചിട്ടുണ്ട്. വ്യാകരണമെന്നത് ഭാഷയുടെ ലക്ഷണങ്ങളെ വർണിക്കയും അതിനെ മുറപോലെ പ്രയോഗിക്കുന്നതിനുള്ള പ്രമാണങ്ങളെ ചൊല്ലിത്തരികയും ചെയ്യുന്നതാകുന്നു എന്നാണ് ജോർജ് മാത്തന്റെ വ്യാകരണ നിർവചനം. അക്ഷരങ്ങളെ അച്ച് എന്നും ഹല് എന്നും വിഭജിക്കുന്നു. അക്ഷരങ്ങളുടെ വിവിധ ഭേദങ്ങൾ, അക്ഷരങ്ങളുടെ ഉദ്ഭവം എന്നിവ ഒന്നാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നു. സന്ധിയെക്കുറിച്ച് രണ്ടാം അധ്യായത്തിൽ ചർച്ച ചെയ്യുന്നു. നാമത്തെക്കുറിച്ചുള്ള ഭാഗത്ത് നാമങ്ങളുടെ തരഭേദങ്ങൾ, ലിംഗം, സംഖ്യ, വിഭക്തി, നാമങ്ങളുടെ ഉദ്ഭവം സർവനാമം എന്നിവയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. രണ്ടാം അധ്യായത്തിൽ വചനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. മൂന്നാമധ്യായത്തിൽ അവ്യയത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

### ശേഷഗിരി പ്രഭു

മലയാളവ്യാകരണശാസ്ത്രഗ്രന്ഥങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒരു രചനയാണ് ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം. സാഹിത്യ വിഷയങ്ങളും സംസ്കൃതവ്യാകരണവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വ്യാകരണ നിർവചനം, വ്യാകരണഭേദങ്ങൾ, വിഭജനരീതി, ഭാഷാ സ്വരൂപം, ശാസ്ത്രം എന്നിവയും ഇതിൽ വിവരിച്ചിട്ടുണ്ട്. അക്ഷരം, വർണം, ലിപി എന്നിവയെ വേർതിരിച്ച് വിവരിച്ചിട്ടുണ്ട്. സന്ധിയെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽ, സന്ധിയെ ആഭ്യന്തര സന്ധി, ബാഹ്യസന്ധി, ഉഭയസന്ധി എന്നിങ്ങനെ മൂന്നായി തിരിച്ചുകാണാം. പേരെച്ചം, വിനയെച്ചം എന്ന പേരുകൾക്ക് പകരം വ്യാകരണമിത്രത്തിൽ ശബ്ദന്യൂനം, ക്രിയാന്യൂനം എന്നീ പേരുകളാണ് നൽകിയിരിക്കുന്ന

ത്. വാക്യാധികാരത്തിൽ വാക്യങ്ങളുടെ സ്വരൂപം, വിഭാഗം, രചന, ഉത്തമവാക്യത്തിന്റെ ലക്ഷണം എന്നിവയാണ് വിവരിച്ചിരിക്കുന്നത്. വ്യാകരണമിത്രത്തിൽ കേരളപാണിനീയത്തേക്കാൾ എന്തെങ്കിലും സവിശേഷതകൾ എടുത്തു കാണിക്കുവാൻ കഴിയുന്നത് ശിക്ഷാകാണ്ഡത്തിൽ മാത്രമാണ്. പ്രത്യേകിച്ചും ശിക്ഷാകാണ്ഡത്തിലെ വാഗിന്ദ്രിയം എന്ന ശീർഷകത്തിൽ ഉച്ചാരണാവയവങ്ങളെക്കുറിച്ചുള്ള പരാമർശം ഉണ്ട്. വ്യാകരണമിത്രത്തെ നാലു കാണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. ശിക്ഷാകാണ്ഡം, പദകാണ്ഡം, വാക്യകാണ്ഡം, നിരുക്തകാണ്ഡം എന്നിവയാണവ.

### എ.ആർ. രാജരാജവർമ

മലയാളത്തിലെ അടിസ്ഥാന വ്യാകരണഗ്രന്ഥമാണ് എ.ആർ. രാജരാജവർമ രചിച്ച കേരളപാണിനീയം. ആഗമികപ്രസ്ഥാനത്തിലുള്ള മലയാളവ്യാകരണഗ്രന്ഥമാണിത്. കേരള പാണിനീയം രചിച്ചതു കൊണ്ട് അദ്ദേഹം കേരള പാണിനി എന്ന പേരിൽ അറിയപ്പെട്ടു. കോളേജിൽ വിദ്യാർഥികളെ പഠിപ്പിക്കാൻ തയ്യാറാക്കിയ നോട്ടുകളാണ് പിന്നീട് പുസ്തകരൂപത്തിൽ കേരള പാണിനീയമായി പുറത്തു വന്നത്. കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം, മണിദീപിക, ശബ്ദശോധിനി, മധ്യമവ്യാകരണം, പ്രഥമവ്യാകരണം എന്നിവ എ.ആറിന്റെ പ്രധാന കൃതികളാണ്. പീഠിക എന്ന അധ്യായത്തിൽ മലയാളദേശത്തെക്കുറിച്ചും ഭാഷയെക്കുറിച്ചും ആറുനയങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു. തുടർന്ന് അക്ഷരമാല, വർണവികാരം എന്നിവയെക്കുറിച്ചും വിശദമായി വിവരിക്കുന്നുണ്ട്. സന്ധി പ്രകരണത്തിൽ സന്ധികളെക്കുറിച്ചും ശബ്ദ വിഭാഗത്തിൽ ഭേദകങ്ങളുടെ ഉൾപിരിവുകളെ ക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

നാമാധികാരത്തിൽ ലിംഗം, വചനം, വിഭക്തി, വിഭക്ത്യാഭാസം, കാരകം, തദ്ധിതം എന്നിവയെക്കുറിച്ച് വിവരിക്കുന്നു. വിഭക്തിപ്രകരണത്തിൽ വിഭക്തികൾക്ക് നിർദേശികാദി സംജ്ഞകൾ നൽകിയിരിക്കുന്നു. ധാത്വധികാരത്തിൽ കാലം, പ്രയോഗം, പ്രയോജകം, നാമധാതു, ഖിലധാതു, അനുപ്രയോഗം, നിഷേധം, സമുച്ചയം, അംഗക്രിയ, കൃതികൃത്ത്, കാരകകൃത്ത് എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഭേദകാധികാരത്തിൽ ഭേദകങ്ങളെക്കുറിച്ച് വിവരിക്കുന്നു. നിപാതാവ്യയാധികാരത്തിൽ അവ്യയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു. ആകാംക്ഷാധികാരത്തിൽ വാക്യപ്രകരണം, സമാസപ്രകരണം, ധാതുപാഠം എന്നിവയെ വിവരിക്കുന്നു. തുടർന്ന് ശബ്ദോൽപത്തിയെക്കുറിച്ച് വിവരിക്കുന്നു.

വ്യാകരണ പഠനത്തിൽ സ്വീകരിച്ചിരുന്ന രീതികളാണ് നിഗമനരീതിയും ആഗമനരീതിയും തമിഴ് സംസ്കൃതവ്യാകരണ പാരമ്പര്യങ്ങളുടെ ഒരു സമന്വയമാണ് കേരളപാണിനീയം. ശബ്ദങ്ങളും അർഥയുക്തങ്ങളായ വ്യാകരണപ്രത്യയങ്ങളും ചേർന്നാണ് വാക്യം ഉണ്ടാകുന്നത് എന്ന് ഇതിൽ വിശദീകരിച്ചിട്ടുണ്ട്. ഒന്നിൽ കൂടുതൽ പദങ്ങളെ വ്യവസ്ഥാപിതമായി കൂട്ടിച്ചേർത്ത് ഒരാശയത്തെ ദ്യോതിപ്പിക്കുന്നതാണ് വാക്യം. വാക്യത്തിന് ആഖ്യ , ആഖ്യാതം എന്ന് രണ്ടു വിഭാഗങ്ങളുണ്ട്. വാക്യഘടനയിൽ നിബന്ധിതങ്ങളായ രണ്ടു ഘടകങ്ങളാണിവ. ആഖ്യ, നാമമോ പരിച്ഛദങ്ങളോടുകൂടിയ ഒരു നാമപദസംഹിതയോ ആയിരിക്കും. ആഖ്യാതം ക്രിയയോ പരിച്ഛദങ്ങളോടു കൂടിയ ഒരു ക്രിയാപദസംഹിതയോ ആയിരിക്കും. മലയാളവാക്യത്തിൽ പദങ്ങളുടെ ക്രമം വരേണ്ടത് കർത്താവ്, കർമം ക്രിയ എന്നിങ്ങനെയാണ്. മലയാളവ്യാകരണചർച്ചയിൽ പ്രഥമഗണനീയമായ കൃതിയാണ് ലീലാതിലകം. ഭാഷയുടെ വളർച്ചയ്ക്ക് മിഷണറിമാർ നൽകിയ സംഭാവനകളും എടുത്തു പറയേണ്ടതാണ്.

## Recap

- മനുഷ്യബുദ്ധിയുടെ ഘടനയാണ് ഭാഷയ്ക്കുള്ളത്
- സംസ്കൃതത്തിൽ വ്യാകരണം അഥവാ വ്യാകരിക്കുക എന്നതിന് അപഗ്രഥനം, അല്ലെങ്കിൽ അഴിച്ചെടുത്തു പരിശോധിക്കുക എന്നാണ് അർഥം

- തമിഴ് - സംസ്കൃതവ്യാകരണ പാരമ്പര്യങ്ങളുടെ ഒരു സമന്വയമാണ് കേരളപാണിനീയം
- ഒരർഥത്തെ കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന് ശബ്ദം എന്നു പറയുന്നു
- സംസ്കാരത്തോടുകൂടിയോ കൂടാതെയോ പ്രയോഗത്തിൽ ഉള്ള ശബ്ദത്തിന് പദം എന്നു പറയുന്നു
- ശബ്ദങ്ങളും അർഥയുക്തങ്ങളായ വ്യാകരണപ്രത്യയങ്ങളും ചേർന്നാണ് വാക്യം ഉണ്ടാകുന്നത്
- ആശയവിനിമയത്തിനായി മനുഷ്യൻ കണ്ടെത്തിയ പ്രധാന ഉപാധിയാണ് ഭാഷ
- വാക്യത്തിൽ ആരെപ്പറ്റി പറയുന്നുവോ അല്ലെങ്കിൽ എന്തിനെപ്പറ്റി പറയുന്നുവോ അതാണ് ആഖ്യ
- ആഖ്യയെപ്പറ്റി എന്തുപറയുന്നുവോ അത് ആഖ്യാതം
- ലീലാതിലകത്തിൽ ആകെ എട്ടു ശില്പങ്ങളാണ് ഉള്ളത്
- മുദ്രണം ചെയ്യപ്പെട്ട ആദ്യത്തെ മലയാളം - ഇംഗ്ലീഷ് - നിഘണ്ടുവിന്റെ കർത്താവ് ബെഞ്ചമിൻ ബെയ്‌ലി ആയിരുന്നു
- ആദ്യത്തെ മലയാളം - മലയാളം - നിഘണ്ടു രചിച്ചത് റിച്ചാർഡ് കോളിൻസ്
- മലയാളത്തിലെ ആദ്യത്തെ പാഠ പുസ്തകം ഗുണ്ടർട്ട് എഴുതിയുണ്ടാക്കിയ പദ്യമാലയാണ്
- മലയാളികൾക്ക് വേണ്ടി ഒരു സ്വദേശി മലയാളഭാഷയിൽ രചിച്ച ഒന്നാമത്തെ വ്യാകരണ ഗ്രന്ഥമാണ് മലയാഴ്മയുടെ വ്യാകരണം
- മലയാളത്തിലെ അടിസ്ഥാന വ്യാകരണഗ്രന്ഥമാണ് എ.ആർ. രാജരാജവർമ രചിച്ച കേരള പാണിനീയം
- കേരളപാണിനീയത്തിനു ശേഷമുള്ള മലയാളവ്യാകരണ ഗ്രന്ഥങ്ങളിൽ എടുത്തു പറയേണ്ടതാണ് ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം

## Objective Questions

1. നിഗമനരീതിയുടെ സ്വഭാവമെന്ത്?
2. വിശേഷ്യത്തിൽ നിന്ന് സാമാന്യത്തിലേക്ക് എന്ന വിദ്യാഭ്യാസതത്വം പിന്തുടരുന്ന രീതി ഏത്?
3. കേരളപാണിനീയം ആദ്യമായി പ്രസിദ്ധീകരിച്ച വർഷം ഏത്?
4. ഒന്നിൽ കൂടുതൽ പദങ്ങളെ വ്യവസ്ഥാപിതമായി കൂട്ടിച്ചേർത്ത് ഒരാശയത്തെ ദ്യോതിപ്പിക്കുന്നത് എന്താണ്?
5. ഏതിനെപ്പറ്റി സംസാരിക്കുന്നു എന്നു വിശദമാക്കുന്ന വാക്യഭാഗം ഏത്?
6. ആഖ്യയെപ്പറ്റി എന്തു പറയുന്നുവോ എന്നു പറയുന്ന വാക്യഭാഗം ഏത്?
7. വാക്യത്തിൽ പദങ്ങളുടെ ക്രമം വരേണ്ടത് എങ്ങനെയാണ്?
8. അൻ എന്നത് ഏത് പ്രത്യയമാണ്?
9. വചനം നിർണയിക്കുന്നത് എങ്ങനെയാണ്?
10. പാണിനീയസൂത്രങ്ങളുടെ വ്യാഖ്യാനം അറിയപ്പെടുന്നത് ഏതു പേരിലാണ്?
11. തൊൽകാപ്പിയത്തിൽ അടങ്ങിയിരിക്കുന്ന വിഷയം ഏവ?
12. മണിപ്രവാളത്തിന്റെ ലക്ഷണം. എന്താണ്?
13. കേരളത്തിലെ ഔഷധസസ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 12 വാല്യങ്ങൾ ഉള്ള ഗ്രന്ഥമേത്?

14. മലയാള ലിപിയിൽ ആദ്യം അച്ചടിച്ച ഗ്രന്ഥമേത്?
15. മുദ്രണം ചെയ്യപ്പെട്ട ആദ്യത്തെ മലയാളം - ഇംഗ്ലീഷ് നിഘണ്ടുവിന്റെ കർത്താവ് ആരാണ്?
16. മലയാഴ്മയുടെ വ്യാകരണം എന്ന ഗ്രന്ഥത്തിന്റ കർത്താവാരാണ്?
17. മലയാളത്തിലെ അടിസ്ഥാന വ്യാകരണ ഗ്രന്ഥമേത്?
18. ശേഷഗിരി പ്രഭു രചിച്ച വ്യാകരണ ഗ്രന്ഥമേത്?
19. മലയാളത്തിലെ ആദ്യത്തെ പാഠ പുസ്തകം ഏതാണ്?

## Answers

1. പ്രയോഗങ്ങൾ അവതരിപ്പിക്കുകയോ ചൂണ്ടിക്കാണിക്കുകയോ ചെയ്യാതെ പ്രമാണങ്ങൾ അവതരിപ്പിക്കുക
2. ആഗമനരീതി
3. 1896
4. വാക്യം
5. ആഖ്യ
6. ആഖ്യാതം
7. കർത്താവ്, കർമം, ക്രിയ
8. പുല്ലിംഗം
9. നാമത്തിന്റെ അർഥം നോക്കിയാണ്.
10. വൃത്തി
11. വ്യാകരണം, അലങ്കാരശാസ്ത്രം
12. ഭാഷാ സംസ്കൃത യോഗോ മണിപ്രവാളം
13. ഹോർത്തൂസ് മലബാറിക്കസ്
14. സംക്ഷേപവേദാർഥം
15. ബഞ്ചമിൻ ബെയ്‌ലി
16. ജോർജ് മാത്തൻ
17. കേരള പാണിനീയം
18. വ്യാകരണമിത്രം
19. പദ്യമാല

## Assignments

1. മലയാള വ്യാകരണ ചരിത്രം വിവരിക്കുക.
2. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണകൃതികളെ പരിചയപ്പെടുത്തുക
3. വ്യാകരണ പഠനത്തിന്റെ പ്രസക്തി എന്തെന്ന് വിലയിരുത്തുക
4. മിഷണറിമാരുടെ സംഭാവനകൾ വിവരിക്കുക
5. വ്യാകരണ പഠനത്തിൽ സ്വീകരിച്ചിരിക്കുന്ന ബോധനരീതികൾ വിശദീകരിക്കുക
6. ലീലാതിലകത്തിന് വ്യാകരണപഠനത്തിലുള്ള പ്രാധാന്യമെന്ത്? വിശദീകരിക്കുക.
7. മലയാളം തമിഴിൽ നിന്ന് വേർപിരിഞ്ഞതിന് കേരളപാണിനി പറയുന്ന നയങ്ങൾ വിശദീകരിക്കുക.

## Suggested Reading


1. സി.എൽ. ആന്റണി, കേരളപാണിനീയ ഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
2. പാച്ചു മൂത്തത്, കേരള ഭാഷാവ്യാകരണം, മദ്രാസ് സർവകലാശാല, മദ്രാസ്.
3. കെ. സുകുമാരപിള്ള, കൈരളീ ശബ്ദാനുശാസനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പി.കെ. നാരായണ പിള്ള, വ്യാകരണ പ്രവേശിക, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Reference


1. എ.ആർ. രാജരാജവർമ, കേരളപാണിനീയം, ഡി.സി.ബുക്സ്. കോട്ടയം.
2. സി.ആർ. പ്രസാദ്, വ്യാകരണം. ഡി.സി ബുക്സ്, കോട്ടയം.
3. എം. ശേഷഗിരി പ്രഭു, വ്യാകരണമിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. ഹെർമൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം, മലയാള വ്യാകരണ ചോദ്യോത്തരങ്ങൾ, എസ്.പി.സി.എസ്സ്, കോട്ടയം.
5. പി. നാരായണമേനോൻ, വ്യാകരണ പാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
6. ഡോ.എൻ. രാജേന്ദ്രൻ, മലയാള വ്യാകരണ ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

BLOCK 1

# യൂണിറ്റ് 2 ഭാഷയുടെ അടിസ്ഥാനവർണങ്ങൾ

## Learning Outcomes

- ഭാഷയുടെ അടിസ്ഥാന വർണങ്ങളെക്കുറിച്ച് മനസിലാക്കുന്നു
- വ്യഞ്ജനങ്ങളുടെ വർഗീകരണത്തെക്കുറിച്ചറിയുന്നു
- വർണങ്ങൾക്ക് പലമാതിരി ശ്രുതിഭേദങ്ങൾ വരുന്ന കാരണങ്ങൾ ഗ്രഹിക്കുന്നു
- ചില്ലുകളുടെ സവിശേഷതകൾ അറിയുന്നു
- ലിപിയെക്കുറിച്ച് സാമാന്യ ധാരണയുണ്ടാകുന്നു

## Prerequisite

എല്ലാ ഭാഷകളുടെയും അടിസ്ഥാനം വർണങ്ങളാണ്. വർണങ്ങൾ ഒറ്റയ്ക്കോ കൂടിച്ചേർന്നോ അക്ഷരങ്ങളുണ്ടാകുന്നു. അർഥപ്രതീതിയുണ്ടാക്കുന്ന വർണങ്ങൾ കൂടിച്ചേർന്ന് അക്ഷരമുണ്ടാകുന്നു. വർണത്തിന്റെയോ അക്ഷരത്തിന്റെയോ രേഖാരൂപത്തിന് ലിപി എന്നു പറയുന്നു. കേരളപാണിനീയത്തിൽ മലയാള അക്ഷരമാലാസംഖ്യ അമ്പത്തിമൂന്ന് ആണ്. പതിനാറ് സ്വരങ്ങളും ഇരുപത്തിയേഴ് വ്യഞ്ജനങ്ങളും. വർണം, അക്ഷരം, ലിപി എന്നിവയും ഭാഷയുടെ അടിസ്ഥാന ഘടകങ്ങളാണ്. വർണത്തിന് പല പ്രകാരത്തിൽ മാറ്റങ്ങൾ സംഭവിക്കാം.

## Keywords

വർണം - അക്ഷരം - സ്വരം - വ്യഞ്ജനം - അനുപ്രദാനം - കരണ വിഭ്രമം - സംസർഗ്ഗം - മാർഗ്ഗഭേദം - സ്ഥാനഭേദം - പരിമാണം - ദ്വിതീയ ചിഹ്നങ്ങൾ

## Discussion

### 1.2.1 ഭാഷയുടെ അടിസ്ഥാന വർണങ്ങൾ

#### 1.2.1.1 അക്ഷരവിഭാഗം

**അക്ഷരം**

വർണത്തിന്റെ ഉച്ചാരണക്ഷമമായ അവസ്ഥയാണു അക്ഷരം. സ്വരങ്ങൾ സ്വയം അക്ഷരങ്ങളാണ്. കാരണം അവ സ്വയം ഉച്ചാരണക്ഷമമാണ്. വ്യഞ്ജനവർണങ്ങളാകട്ടെ സ്വയം ഉച്ചരാണക്ഷമമല്ല. ഒരു സ്വരം ചേരുമ്പോൾ മാത്രമേ അവ ഉച്ചാരണമായി പുറത്തുവരുന്നുള്ളൂ. അപ്പോഴാണ് അവ അക്ഷരമാകുന്നത്. മലയാളത്തിലെ വ്യഞ്ജന ലിപികളിലെല്ലാം 'അ' എന്ന സ്വരം ചേർത്ത് അക്ഷരമാക്കിയാണ് അടിസ്ഥാനലിപിമാല വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനാൽ സ്വയം അക്ഷരങ്ങളായ സ്വരങ്ങളും സ്വരം ചേർന്നുമാത്രം അക്ഷരമായ അടിസ്ഥാനവ്യഞ്

ജനങ്ങളെയും ചേർത്ത് അക്ഷരമാല എന്നു വിളിച്ചുപോരുന്നു.

### 1.2.1.2 വർണം

ആശയവിനിമയത്തിനായി മനുഷ്യൻ കണ്ടെത്തിയ പ്രധാന ഉപാധിയാണ് ഭാഷ. മറ്റു ജീവികളിൽനിന്നു മനുഷ്യനെ വ്യത്യസ്തനാക്കിത്തീർക്കുന്ന ഘടകവും ഇതുതന്നെയാണ്. ഭാഷയുടെ സ്വരൂപഘടനയെക്കുറിച്ചു ചിന്തിച്ച വൈയാകരണരെല്ലാംതന്നെ ഭാഷയുടെ അടിസ്ഥാനഘടകമായി കല്പിക്കുന്നതു വർണത്തെയാണ്. ഒരു ഉച്ചാരണത്തിന്റെ അടിസ്ഥാനഘടകമാണ് ധ്വനി അഥവാ വർണം. വായിൽനിന്നു പുറപ്പെടുന്ന ഒറ്റ ധ്വനിയാണു വർണം. നിശ്വാസവായുവിന്റെ ഒരു തരംഗത്തിൽ നടക്കുന്ന ഉച്ചാരണമാണത്. വർണങ്ങൾ സ്വരവും വ്യഞ്ജനവും എന്നിങ്ങനെ രണ്ടു വിധമുണ്ട്.

### 1.2.1.3 സ്വരം

വർണങ്ങൾ രണ്ടുവിധമുണ്ട്. സ്വരവും വ്യഞ്ജനവും. തനിയെ ഉച്ചരിക്കാൻ കഴിയുന്ന വർണമാണു സ്വരം. സ്വരങ്ങളെ പ്രധാനമായും ഹ്രസ്വമെന്നും ദീർഘമെന്നും രണ്ടായി തിരിക്കാം.

#### ഹ്രസ്വസ്വരം

ഹ്രസ്വസ്വരമെന്നാൽ കുറുക്കി ഉച്ചരിക്കുന്ന സ്വരം എന്നാണുദ്ദേശിക്കുന്നത്.

ഉദാ : 'അ'

#### ദീർഘസ്വരം

നീട്ടി ഉച്ചരിക്കുന്നതാണ് ദീർഘസ്വരം

ഉദാ : 'ആ'

#### സമാനാക്ഷരങ്ങൾ

'സംസർഗം' എന്ന ശ്രുതിഭേദോപാധിയുടെ അടിസ്ഥാനത്തിൽ കേരളപാണിനി സ്വരങ്ങളെ സമാനാക്ഷരം, സന്ധ്യക്ഷരം എന്നു വർഗീകരിച്ചിരിക്കുന്നു. മറ്റു സ്വരങ്ങളുമായി ഇടകലരാത്ത സ്വരങ്ങൾക്കു സമാനാക്ഷരങ്ങൾ എന്നു പറയുന്നു.

ഹ്രസ്വം – അ, ഇ, ഉ

ദീർഘം – ആ, ഈ, ഊ

തുടങ്ങിയവയാണു കേരളപാണിനി സമാനാക്ഷരങ്ങൾ എന്നു വിവക്ഷിക്കുന്നത്.

#### സന്ധ്യക്ഷരങ്ങൾ

രണ്ടു സ്വരങ്ങളുടെ സംസർഗം കൊണ്ടുണ്ടാകുന്നതാണു സന്ധ്യക്ഷരങ്ങൾ.

'സംസർഗം' എന്ന ശ്രുതിഭേദത്തെക്കുറിച്ചു പറയുമ്പോഴാണു കേരളപാണിനി സന്ധ്യക്ഷരങ്ങളെക്കുറിച്ചു പരാമർശിക്കുന്നത്.

ഉദാ : എ, ഒ – ഹ്രസ്വം

ഏ, ഓ, ഐ, ഔ – ദീർഘം

### 1.2.1.4 വ്യഞ്ജനം

സ്വയം ഉച്ചാരണക്ഷമമല്ലാത്തതും എന്നാൽ സ്വരത്തിന്റെ സഹായത്തോടുകൂടി ഉച്ചരിക്കാൻ കഴിയുന്നതുമായ വർണമാണു വ്യഞ്ജനം.

ഉദാ : 'ക'

തമിഴിൽ സ്വരത്തിനു 'ഉയിർ' എന്നും വ്യഞ്ജനത്തിന് 'മെയ്യ്' എന്നും പറയുന്നു.

ലീലാതിലകത്തിൽ സ്വരത്തിനു 'അച്ച്' എന്നും വ്യഞ്ജനത്തിനു 'ഹല്' എന്നുമാണു പറയുന്നത്.

#### വ്യഞ്ജനങ്ങളുടെ വർഗീകരണം

വ്യഞ്ജനങ്ങളുടെ വർഗീകരണത്തിലും കേരളപാണിനി അനുപ്രദാനം, കരണവിഭ്രമം, സംസർഗം, മാർഗഭേദം, സ്ഥാനഭേദം, പരിണാമം എന്നീ ഉപാധികൾ തന്നെയാണു സ്വീകരിച്ചിരിക്കുന്നത്. അനുപ്രദാനത്തിൽ സ്പർശത്തിന്റെ ഏറ്റക്കുറവനുസരിച്ചു വ്യഞ്ജനങ്ങളെ വർഗാക്ഷരങ്ങളായും ഊഷ്മാക്കളായും മധ്യമങ്ങളായും വിഭജിച്ചിരിക്കുന്നു. കരണവിഭ്രമത്തിന്റെ അടിസ്ഥാനത്തിൽ ശ്വാസി-നാദിഭേദവും സംസർഗത്തിന്റെ അടിസ്ഥാനത്തിൽ അല്പപ്രാണ – മഹാപ്രാണഭേദവും കല്പിച്ചിരിക്കുന്നു. മാർഗഭേദത്തെ അവലംബമാക്കി അനുനാസികം, അനനുനാസികം എന്ന വിഭജനം നൽകിയിരിക്കുന്നു. കേരളപാണിനീയരീതിയിൽനിന്നു വ്യത്യസ്തമായി ആധുനിക ഭാഷാശാസ്ത്രത്തിൽ ഉച്ചാരണരീതി, ഉച്ചാരണസ്ഥാനം എന്നിവയെ അവലംബമാക്കിയാണു പിൽക്കാല ഗവേഷകർ വ്യഞ്ജനങ്ങളെ വർഗീകരിച്ചിരിക്കുന്നത്.

### വർത്സ്യം

വർത്സ്യത്തിന്റെ ഉച്ചാരണസ്ഥാനം ഊനിനിടയിലാണ്. 'റ്റ', 'ന', 'ല', 'ര' തുടങ്ങിയവ വർത്സ്യത്തിൽപ്പെടുന്നു.

### ശ്വാസികൾ

നാവുകൊണ്ടു കണ്ഠരന്ധ്രം തുറന്ന് ഉച്ചരിക്കുമ്പോഴുണ്ടാകുന്ന ധ്വനി പരുക്കനായിരിക്കും. ഇതിനു ശ്വാസികൾ എന്നു പറയുന്നു. മലയാളത്തിലെ ഖരങ്ങൾ, അതിഖരങ്ങൾ, ഊഷ്മാക്കൾ ഇവ ശ്വാസികളാണ്.

### മധ്യമങ്ങൾ

ഉച്ചരിക്കുന്ന വേളയിൽ നിശ്വാസവായുവിനെ വളരെ കുറച്ചു തടഞ്ഞു വെളിയിലേക്കു വിടുമ്പോൾ ഉണ്ടാകുന്ന വർണങ്ങളാണ് മധ്യമങ്ങൾ. സ്പർശം ഇല്ലാത്ത സ്വരങ്ങൾക്കും പൂർണമായ സ്പർശമുള്ള വ്യഞ്ജനങ്ങൾക്കും മധ്യേയുള്ളത് എന്നർഥത്തിൽ മധ്യമങ്ങൾ എന്നു പേർ. സംസ്കൃതമധ്യമങ്ങളായ യ, ര, ല, വ മലയാളത്തിലുമുണ്ട്. ഇവയ്ക്കു പുറമെ ദ്രാവിഡഭാഷയ്ക്ക് സ്വന്തമായ ള, ഴ, റ എന്നീ വർണങ്ങളും മലയാളത്തിലുണ്ട്. വർഗാക്ഷരങ്ങളേക്കാൾ സ്വരവുമായി അടുത്തു നില്ക്കുന്നതുകൊണ്ട് ഉച്ചാരണത്തിന്റെ കാര്യത്തിൽ ഇവയ്ക്ക് സ്വരത്തിന്റെ സഹായം അത്യാവശ്യമില്ല. സ്വരത്തിന്റെയും വ്യഞ്ജനത്തിന്റെയും സ്വഭാവം ചേർന്നിട്ടുള്ളതുകൊണ്ടാണ് ഇവയെ മധ്യമങ്ങൾ എന്നു വിളിക്കുന്നത്.

ഉദാ : യ, ര, ല, വ

ള, ഴ, റ (ദ്രാവിഡമധ്യമം)

### ഊഷ്മാക്കൾ

ഉച്ചരിക്കുമ്പോൾ വർഗാക്ഷരങ്ങൾക്കുണ്ടാകുന്ന സ്പർശം മധ്യമങ്ങളേക്കാൾ കൂടുതലുള്ളതും സ്പർശം ഇല്ലാത്തതുമായ വ്യഞ്ജനങ്ങളാണ് ഊഷ്മാക്കൾ. സംസ്കൃതത്തിൽനിന്നും മലയാളത്തിലേക്കു കടമെടുത്തിട്ടുള്ളവയാണു ഊഷ്മാക്കൾ.

ഉദാ : ശ, സ, ഷ

### ഘോഷി

പകുതി സ്വരധർമവും പകുതി വ്യഞ്ജനധർമവും കാണിക്കുന്ന 'ഹ' കാരം ഘോഷി എന്നറിയപ്പെടുന്നു.

### നാദികൾ

കണ്ഠരന്ധ്രം ചുരുക്കി വിട്ടാൽ ധ്വനി മുഴക്കമുള്ളതും ഇമ്പമുള്ളതും ആയിരിക്കും. ഇവയ്ക്കു നാദികൾ എന്നു പേർ. ശ്വാസികൾ ഒഴിച്ചുള്ളവയെല്ലാം നാദികൾ. ഘോഷി ശ്വാസിയും നാദിയും കലർന്നതാണ് എന്നൊരു അഭിപ്രായമുണ്ട്. മലയാളത്തിൽ മൃദു (ഗജഡദബ) ഘോഷം (ഘ, ഝ, ഢ, ധ, ഭ) അനുനാസികം, മധ്യമം എന്നീ വ്യഞ്ജനങ്ങൾ നാദികളാകുന്നു.

ശ്വാസകോശങ്ങളിൽ നിന്നും പുറപ്പെടുന്ന നിശ്വാസവായു Glottis എന്നു പറയുന്ന കണ്ഠരന്ധ്രത്തിൽ പ്രവേശിച്ച് അവിടെ നിന്നും കണ്ഠം, താലു, മുതലായ മുഖോദരസ്ഥാനങ്ങളിൽ തട്ടി വെളിയിലേക്ക് പുറപ്പെടുന്നതാണ് വർണാത്മകമായ ധ്വനി. അതാതു സ്ഥാനങ്ങളിൽ തട്ടുമ്പോൾ നാവിന്റെ ചേഷ്ടകൾ കൊണ്ടും ഈ ധ്വനി ഭേദപ്പെടും.

വർണങ്ങൾക്ക് പല മാതിരി ശ്രുതി വരുന്നത് ആറ് വക കാരണങ്ങളാൽ ആകുന്നു.

### 1. അനുപ്രദാനം

ഇതിന് ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരിഭേദം എന്നർഥം. ശ്വാസത്തെ നാവിന്റെ അഗ്രം, ഉപാഗ്രം, മധ്യം, മൂലം വശങ്ങൾ ഇതുകളിൽ ഒന്നു കൊണ്ട് കണ്ഠാദിസ്ഥാനങ്ങളിൽ തടഞ്ഞിട്ടോ തടയാതെയോ വിടാം. തടയുന്നത് അല്പമായിട്ടോ പകുതിയോളമോ തടയാം. തടയാതെ വിടുന്നത് അസ്പൃഷ്ടം. തടയുന്നത് സ്പൃഷ്ടം അല്പം തടയുന്നത് ഈഷൽ സ്പൃഷ്ടം. പകുതി തടയുന്നത് നേമസ്പൃഷ്ടം, ഇങ്ങനെ നാലു വിധം അനുപ്രദാനം. സ്വരങ്ങളുടെ അനുപ്രദാനം അസ്പൃഷ്ടമാണ്. അതുകളെ ഉച്ചരിക്കുമ്പോൾ വായുവിനെ ഒട്ടും തടയുന്നില്ല. നേരെ മറിച്ച് വർഗാക്ഷരങ്ങളെ ഉച്ചരിക്കുമ്പോൾ കണ്ഠാദി സ്ഥാനങ്ങളിൽ ജിഹ്വാഗ്രാദികരണങ്ങളുടെ ബലമായ സ്പർശം കൊണ്ട് വായു നിശ്ശേഷം തടയുന്നു. തടസം നീക്കുമ്പോൾ ഉണ്ടാകുന്ന ധ്വനിയാണ് ക മുതൽ മ വരെയുള്ള വർണങ്ങൾ. ഈ വർണങ്ങൾക്ക് സ്പർശം ഉള്ളതുകൊണ്ടാണ് സ്പർശം (സ്പൃഷ്ടം) എന്നു പേര് വന്നത്.

നേമ സ്പൃഷ്ടം എന്നത് ശ, ഷ, സ, ഹ എന്നിവയാണ്. ഈഷദ് സ്പൃഷ്ടങ്ങൾ മധ്യമങ്ങളാണ്.

## 2. കരണ വിഭ്രമം

കരണം എന്നാൽ ഉപകരണം: ധ്വനി പുറപ്പെടുവിക്കുന്നതിന് ഉപയോഗിക്കുന്ന അവയവം അതായത് നാവ് അതിന്റെ വിഭ്രമം. കണ്ഠരന്ധ്രം തുറന്നുച്ചരിച്ചാൽ ധ്വനി ഒന്നോടെ തടിതിയായിട്ടു വെളിയിലേക്ക് പോരും. അപ്പോൾ ഉണ്ടാകുന്ന ഒച്ച ഒരു മയമില്ലാതെ പരുപരുത്തിരിക്കും. കണ്ഠരന്ധ്രം ചുരുക്കി ദ്വാരം ചെറുതാക്കി വിട്ടാൽ ധ്വനി അടഞ്ഞ് ഉള്ളിൽ മുഴങ്ങി അല്പമായിട്ട് മുറയ്ക്ക് പുറപ്പെടും. ആദ്യം പറഞ്ഞ വിധത്തിലായാൽ ധ്വനി ശ്വാസരൂപം. രണ്ടാമത്തേതിൽ നാദരൂപം. വർഗങ്ങളിൽ ആദ്യത്തെ രണ്ടെണ്ണങ്ങളും ഊഷ്മാക്കളും ശ്വാസികൾ, ശേഷമെല്ലാം അതായത് വർഗാക്ഷരങ്ങളിൽ 3, 4, 5 വർണങ്ങളും സ്വരങ്ങളും മധ്യമങ്ങളും നാദികൾ.

## 3. സംസർഗ്ഗം

സംസർഗ്ഗം എന്നാൽ ഒരു ധ്വനിയിൽ മറ്റൊരു ധ്വനി കൂടി അരച്ചു ചേർക്കുക. ചെമ്പും ഈയവും ചേർത്തുരക്കി വെങ്കലം ഉണ്ടാക്കുന്നതുപോലെ രണ്ടു വർണങ്ങളെ വേർതിരിച്ചറിയാൻ വയ്യാത്ത മട്ടിൽ കൂട്ടിയോജിപ്പിക്കുന്നത് സംസർഗ്ഗം. സംസർഗ്ഗത്തിന് ഉപയോഗിക്കുന്ന വർണം പ്രായേണ ഘോഷി എന്നു പറഞ്ഞ ഹകാരമാണ്.

ക് + ഹ = ഖ, പ് + ഹ = ഫ സംസർഗ്ഗം കൊണ്ട് രൂപപ്പെടുത്തിയ വർണത്തിന് ഉച്ചാരണത്തിന് അധികം ബലം വേണ്ടുന്നതുകൊണ്ട് അവയെ മഹാപ്രാണം എന്നു പറയും. ഖരം - അല്പപ്രാണം, അതിഖരം - അതിന്റെ മഹാപ്രാണം മൃദു- അല്പപ്രാണം ഘോഷം അതിന്റെ മഹാപ്രാണം.

## 4. മാർഗ്ഗഭേദം

ശ്വാസവായുവാണ് വർണമായിച്ചമയുന്നത്. അതിന് കണ്ഠത്തോളം വന്നു കഴിഞ്ഞാൽ പുറപ്പെടുന്നതിന് രണ്ട് മാർഗം ഉണ്ട്. വായിൽ കൂടിയോ മൂക്കിൽ കൂടിയോ നമുക്ക് ശ്വാസം വിടാം. നാദികളെ ഉച്ചരിക്കുന്നത് കണ്ഠരന്ധ്രം ചുരുക്കി അല്പാല്പമായിട്ടാണ്. കണ്ഠരന്ധ്രം സങ്കോചിപ്പിച്ചതിനുമേൽ ശ്വാസവായുവിനെ മൂക്കിൽ കൂടി നിർഗമിപ്പിച്ചാൽ വർണം അനുനാസികം. വായിൽ കൂടി ആയാൽ അനനുനാസികം അല്ലെങ്കിൽ ശുദ്ധം. നാദികൾക്കാണ് ഈ ഭേദം സംഭവിക്കുന്നത്. മൃദുക്കളെ മുഖദ്വാരം അടച്ചു മൂക്കിൽ കൂടി വിടുന്നതാണ് വർഗപഞ്ചമങ്ങളായ അനുനാസികങ്ങൾ. ങ, ഞ, ണ, ന, മ എന്നിവ അനുനാസികം.

## 5. സ്ഥാനഭേദം

വർണോച്ചാരണത്തിൽ നിശ്വാസവായുവിനെ ജിഹ്വാഗ്രമധ്യമൂലപാർശ്വങ്ങളെക്കൊണ്ട് വായുടെ ഉള്ളിലുള്ള ചില സ്ഥാനങ്ങളിൽ തടഞ്ഞിട്ടാണ് വെളിയിലേക്ക് വിടുന്നത്. ആ സ്ഥാനങ്ങൾ തന്നെയാണ് വർണങ്ങളുടെ സ്ഥാനങ്ങൾ. അവ ഉള്ളിൽ നിന്നും വെളിയിലേക്കുള്ള മുറയ്ക്ക് കണ്ഠം, താലു, മൂർദ്ധാവ്, ദന്തം, ഓഷ്ഠം എന്ന് അഞ്ചാകുന്നു. കണ്ഠത്തിൽതടയുന്നത് കണ്ഠ്യം (കവർഗം), താലുവിൽ തടയുന്നത് താലവ്യം (ചവർഗം), മൂർധാവിൽ തടയുന്നത് മൂർദ്ധന്യം (ടവർഗം), ദന്തത്തിൽ തടയുന്നത് ദന്ത്യം (തവർഗം) ചുണ്ടിൽ തടയുന്നത് ഓഷ്ഠ്യം (പ വർഗം)

## 6. പരിമാണം

പരിമാണം എന്നാൽ അളവ് അല്ലെങ്കിൽ മാത്ര. ഒരു ധ്വനി പുറപ്പെടുവിക്കാൻ വേണ്ട മാത്രയുടെ അളവാണ് ഇത് കാണിക്കുന്നത്. വർണങ്ങൾ ഹ്രസ്വം എന്നും ദീർഘം എന്നും ഭേദമുണ്ടാക്കുന്നതു ഇതിന്റെ അടിസ്ഥാനത്തിലാണ്. ഹ്രസ്വാക്ഷരത്തിന് ഒരു മാത്രയെന്നും ദീർഘാക്ഷരത്തിന് രണ്ടു മാത്രയെന്നും എന്നാണ് പറയുന്നത്. അ, ഇ, ഉ ഹ്രസ്വങ്ങൾ. ആ, ഈ, ഊ ദീർഘങ്ങൾ

## ദ്വിതീയചിഹ്നങ്ങൾ (ഉപലേഖം - ഉപലിപി)

അക്ഷരങ്ങൾ അതേരൂപത്തിൽതന്നെ എല്ലായിടത്തും പ്രത്യക്ഷപ്പെടണമെന്നില്ല. അക്ഷരങ്ങൾക്കുപകരം അവയുടെ ഉച്ചാരണമുള്ള അതിന്റെ തന്നെ മറ്റൊരു ചിഹ്നമായിരിക്കും പ്രത്യക്ഷപ്പെടുക. ഇവയെയാണ് ദ്വിതീയചിഹ്നങ്ങൾ അല്ലെങ്കിൽ ഉപലേഖം (Secondary Symbols/ Allograph) എന്നുപറയുന്നത്. സന്ധിചർച്ചയിൽ ഈ ചിഹ്നങ്ങൾക്ക് സവിശേഷസ്ഥാനമുണ്ട്.

| | | |
|---|---|---|
| *ആ - ാ | *ഏ - േ | *മ - ം |
| *ഇ - ി | *ഐ - ൈ | *ല - (കല്ല്) |
| *ഈ - ീ | *ഒ -ൊ | *ള - (പ്ലാവ്) |
| *ഉ - ു | *ഓ -ോ | |
| *ഊ - ൂ | *ഔ-ൌ | |
| *ഋ - ൃ | *യ - ്യ | |
| *എ - െ | *വ - ്വ | |

**സ്വരങ്ങളെക്കുറിക്കുന്ന ഉപലേഖങ്ങൾ**

ാ - ദീർഘമായ 'അ' കാരത്തെ കുറിക്കുന്ന ഉപലേഖം (കാട്)

ി - ഹ്രസ്വമായ 'ഇ' യുടെ ഉപലേഖം (കിളി)

ീ- ദീർഘമായ 'ഇ' യുടെ ഉപലേഖം (കീരി)

ു- ഹ്രസ്വമായ 'ഉ' വിന്റെ ഉപലേഖം (കുളം)

ൂ - ദീർഘമായ 'ഉ' വിന്റെ ഉപലേഖം (കൂട്)

ൃ- ഋ വിന്റെ ഉപലേഖം. (മലയാളത്തിൽ വ്യഞ്ജനമായ റകാരത്തോടു സംവൃതോകാരം ചേർന്ന രൂപംതന്നെയാണിത്.) (കൃതി)

െ - 'എ'യുടെ ഉപലേഖം (കെട്ട്)

േ - ദീർഘമായ 'എ' യുടെ ഉപലേഖം. (കേട്ടു)

ൌ -ഔ എന്ന ദ്വിസ്വരത്തെ കാണിക്കാൻ ഒ എന്ന ലേഖിമത്തോടൊപ്പം ഈ ഉപലേഖം ചേർക്കുന്നു. ഇ, ഉ എന്നീ ലേഖിമങ്ങളോടു ചേർന്നു നിൽക്കുമ്പോൾ ഈ ഉപലേഖം ആ സ്വരങ്ങളുടെ ദൈർഘ്യത്തെ കാണിക്കുന്നു. (ഔഷധം)

ˇ - സംവൃതോകാരത്തെ കുറിക്കുന്ന ഉപലേഖം. (പൂവ് )

**വ്യഞ്ജനങ്ങളെക്കുറിക്കുന്നവ**

വ്യഞ്ജനാൽപരമായ 'യ' കാരത്തിന്റെ ഉപലേഖം. (വ്യായാമം)

ം - അനുസ്വാരം 'മ'കാരത്തിന്റെ സ്വരമുക്ത രൂപത്തെക്കുറിക്കുന്ന ഉപലേഖം. (കളം)

ര കാരത്തിന്റെയും റ കാരത്തിന്റെയും ഉപലേഖം. 'യ' കാരത്തിനു പരമാകുമ്പോൾ മാത്രമേ രേഫധ്വനിയുള്ളൂ. (ത്രാസ്)

- വ്യഞ്ജനാൽപരമായ 'വ'കാരത്തിന്റെ ഉപലേഖം. (തത്വം)

സംയുക്തവ്യഞ്ജനങ്ങളെക്കുറിക്കുന്ന ലേഖിമങ്ങൾ

ക്ക, ങ്ങ, ച്ച, ഞ്ഞ, ട്ട, ണ്ണ, ത്ത, ന്ന, പ്പ, മ്മ, ങ്ക, ഞ്ച, ണ്ട, ന്ത, മ്പ എന്നിങ്ങനെ ഇരട്ടിച്ചവയും സ്വവർഗാനുനാസികങ്ങളോടു കൂടിയവയുമായ ഖരങ്ങളെക്കുറിക്കുന്ന സംയുക്ത ലേഖിമങ്ങളോടൊപ്പം 'ക്ഷ'യും പരിഷ്കരിച്ച ലിപിയിലും അംഗീകരിച്ചിരിക്കുന്നു.

### ഇരട്ടിപ്പ്

വ്യഞ്ജനങ്ങളിൽ ഇരട്ടിപ്പില്ലാത്ത വിഭാഗമാണു അതിഖരവും ഘോഷിയും, അവയുടെ ഉച്ചാരണംതന്നെ ഇരട്ടിച്ച രൂപത്തിലാണ്.

| | |
|---|---|
| *ക ക്ക | *പ പ്പ |
| *ഗ ഗ്ഗ | *ബ ബ്ബ |
| *ങ ങ്ങ | *മ മ്മ |
| *ട ട്ട | *വ വ്വ |
| *ഡ ഡ്ഡ | *സ സ്സ |
| *ണ ണ്ണ | *ള ള്ള |
| *ന ന്ന | *ശ ശ്ശ |
| *ത ത്ത | *യ -യ്യ |
| *ദ ദ്ദ | *ഞ - ഞ്ഞ |

### 1.2.1.5 ചില്ലുകൾ

വർണങ്ങളെ തനിയെ ഉച്ചരിക്കാൻ കഴിയുന്ന സ്വരങ്ങൾ എന്നും സ്വരസഹായത്തോടു കൂടി മാത്രം ഉച്ചരിക്കാൻ കഴിയുന്ന വ്യഞ്ജനങ്ങൾ എന്നു വേർതിരിക്കുന്നു എന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. എന്നാൽ ചില വ്യഞ്ജനങ്ങൾ സ്വരസഹായമില്ലാതെ തനിയെ ഉച്ചരിക്കാൻ കഴിയുന്നു. ഇങ്ങനെ സ്വരത്തിന്റെ സഹായമില്ലാതെ ഉച്ചരിക്കാൻ കഴിയുന്ന വർണങ്ങളെയാണു ചില്ല

ക്ഷരങ്ങൾ എന്നു പറയുന്നത്. വ്യഞ്ജനങ്ങൾ സ്ഫുടമായി ഉച്ചരിക്കുവാൻ സ്വരസഹായം ആവശ്യമാണ്. എന്നാൽ എല്ലാ വ്യഞ്ജനങ്ങൾക്കും ഇതു ആവശ്യമില്ല. അനുനാസികങ്ങളും മധ്യമങ്ങളും ഈ ഗണത്തിൽപ്പെടുന്നതാണ്. കേരളപാണിനി ചില്ലുകളെ നിർവചിക്കുന്നതു ഇപ്രകാരമാണ്; 'പദാന്തത്തിൽ സംവൃതം കൂടാതെ നിൽക്കാവുന്ന വ്യഞ്ജനങ്ങൾക്കു ചില്ലുകൾ എന്നു പറയുന്നു.'

ര് / റ് – ർ, ള് / ഴ് – ൾ, ണ് – ൺ, ന് – ൻ, മ് –ം, ല് – ൽ

യ, ര, ല, റ, ള, ഴ, ഞ, ണ, മ എന്നിങ്ങനെ ഒമ്പതു വ്യഞ്ജനങ്ങളെ ചില്ലുകളായി വരൂ എന്നാണ് കേരളപാണിനിയുടെ അഭിപ്രായം. ചില്ലുകളിൽ ഒരു സ്വരചൈതന്യം ലീനമായിരിക്കുന്നു എന്നതു കൊണ്ടാണു ഇവയെ ചില്ലുകൾ എന്നു പറയുന്നത് എന്ന് കേരളപാണിനി അഭിപ്രായപ്പെടുന്നു.

പൂർവവൈയാകരണന്മാർ ചില്ലുകളെ അക്ഷരമാലയിൽ ഉൾപ്പെടുത്തിയിരുന്നു. അതു ശരിയല്ല. കാരണം ചില്ലുകൾ അനുനാസികങ്ങളിൽനിന്നും മധ്യമങ്ങളിൽനിന്നും നിഷ്പാദിപ്പിച്ചവയാണ്. ചില്ലിനെ 'സ്വരീകൃതവ്യഞ്ജനം' എന്നും പറയുന്നുണ്ട്.

### ചില്ലുകളുടെ സവിശേഷതകൾ

ർ, ൽ, ൾ, ൻ, ൺ എന്നിങ്ങനെ അഞ്ചു ചില്ലുകളാണ് മലയാളത്തിൽ പ്രധാനപ്പെട്ടത്. അവയുടെ നിഷ്പാദനം താഴെപ്പറയുന്ന വിധത്തിൽ ക്രമീകരിക്കാം.

ര് / റ് – ർ, ള് / ഴ് – ൾ, ണ് – ൺ, ന് – ൻ, ല് – ൽ

ഇവയിൽ 'ർ', 'ൽ', 'ൾ' എന്നിവ മധ്യചില്ലുകളും 'ൻ', 'ൺ' എന്നിവ അനുനാസിക ചില്ലുകളും ആണ്. ചില്ലുകളെ ലീനധ്വനി, പ്രകടധ്വനി എന്നിങ്ങനെ രണ്ടായി വിഭജിക്കാം.

### ലീനധ്വനി

ചില പദങ്ങളിൽ ചില്ലുകളുടെ ധ്വനി അതിന്റെ പൂർവാക്ഷരത്തിൽ ലയിച്ചുപോകുന്നു. അതിനെ ലീനധ്വനി എന്നു പറയുന്നു.

ഉദാ : മലർമാല

### പ്രകടധ്വനി

ചില്ലുകളുടെ ധ്വനി പൂർവാക്ഷരങ്ങളിൽ ലയിക്കാതെ പ്രകടമായ ധ്വനിയോടുകൂടി നിൽക്കുന്നതാണു പ്രകടധ്വനി.

ഉദാ : മലർപ്പൊടി

മലയാളത്തിൽ പ്രചാരത്തിലുള്ള ചില്ലുകളുടെ വ്യാകരണപരമായ സവിശേഷതകൾ താഴെ കൊടുക്കുന്നു.

ചില്ലുകളോടു സംവൃതം ചേർത്തും ചേർക്കാതെയും ഉപയോഗിക്കാം.

ഉദാ : പെൺ – പെണ്ണ്

പൊൻ – പൊന്ന്

കൽ – കല്ല്

എൾ – എള്ള്

മേൽപറഞ്ഞ ഉദാഹരണങ്ങളിൽ സംവൃതം ചേർത്ത രൂപങ്ങളിൽ ചില്ലുകൾ ഇരട്ടിക്കുന്നു എന്നു മനസിലാക്കാം.

സംവൃതം ചേർത്താൽ ചില്ലുകൾ ഇരട്ടിക്കാത്ത രൂപങ്ങൾ

ഉദാ : നീർ – നീര്

ആൺ – ആണ്

കാൽ – കാല്

തേൾ – തേള്

മേൽപ്പറഞ്ഞ ഉദാഹരണങ്ങളിൽനിന്നു മുൻപിൽ നിൽക്കുന്ന സ്വരം ഹ്രസ്വമാണെങ്കിലേ, പുറകിലെ ചില്ലു ഇരട്ടിക്കുന്നുള്ളൂ എന്നും മുൻപിൽ ദീർഘസ്വരം വന്നാൽ ചില്ലു ഇരട്ടിക്കില്ല എന്നും മനസിലാക്കാം.

ഒന്നിലധികം അക്ഷരങ്ങളുണ്ടായാൽ ചില്ലു ഇരട്ടിക്കുകയില്ല.

ഉദാ : കരൾ – കരള്

അവൻ – അവന്

അവൾ – അവള്

തകിൽ – തകില്

### 1.2.1.6 ലിപി

ധ്വനിയായി മാത്രം നില്ക്കുന്ന വർണത്തിനോ അക്ഷരത്തിനോ പദത്തിനോ ഏർപ്പെടുത്തിയിരിക്കുന്ന എഴുത്തു ചിഹ്നമാണു ലിപി. ഉച്ചാരണത്തിൽ സ്വരത്തിനാണു പ്രാധാന്യമെങ്കിലും വ്യഞ്ജനലിപികളിൽ വ്യഞ്ജനവർണത്തിനാണു പ്രാധാന്യം. 'ക' എന്നെഴുത്തിൽ 'അ' എന്ന സ്വരം ലീനമായി കിടക്കുന്നുണ്ടെങ്കിലും കകാരം എന്നു പറയുമ്പോൾ അതിലെ വ്യഞ്ജനത്തിനാണ് പ്രാധാന്യം എന്നു വ്യക്തമാണ്.

#### വർണലിപി

വർണലിപിയിൽ, ഭാഷയിലെ വർണങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത് ചില ഭാഷകൾ വർണത്തിലാണ് ലിപി ഉണ്ടാക്കിയിരിക്കുന്നത്. ഉദാ: ഇംഗ്ലീഷ് മലയാളത്തിലുള്ള പേരുകൾ ഇംഗ്ലീഷ് ലിപിയിൽ എഴുതുമ്പോൾ ലിപിചിഹ്നങ്ങൾ കൂടുതലാവുന്നത് അവയെ വർണങ്ങളായി പിരിക്കുന്നതുകൊണ്ടാണെന്നു കാണാം.

#### അക്ഷരലിപി

അക്ഷരലിപിയിൽ ഭാഷയിലെ അക്ഷരങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത്. മലയാളം, തമിഴ് തുടങ്ങിയ ദ്രാവിഡഭാഷകൾ മാത്രമല്ല ഇന്ത്യൻ ഭാഷകൾ പൊതുവെ അക്ഷരത്തിനാണു ലിപി ഏർപ്പെടുത്തിയിരിക്കുന്നത്. ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ വർണത്തിനാണു ലിപി ഏർപ്പെടുത്തിയിരിക്കുന്നത്. മലയാളത്തിന്റേതു അക്ഷരമാലയാണ്, വർണമാലയല്ല.

#### പദലിപി

വർണവും അക്ഷരവുംപോലെ ഒരു പദം അപ്പാടെയും എഴുതിക്കാണിക്കാൻ കഴിയും. അത്തരം എഴുത്തുരീതിയുള്ള ഭാഷകളും ഉണ്ട്. ചൈനീസ് അക്കങ്ങൾ ഉദാഹരണം. എഴുതുമ്പോൾ നാമുപയോഗിക്കുന്നത് പദലിപിയാണ്. 8 എന്ന ചിഹ്നത്തെ എട്ട് എന്ന പദമായിട്ടാണല്ലോ നാം വായിക്കുന്നത്. അക്ഷരമാലപോലെ മലയാളത്തിന് തനതായ അക്കലിപികളും ഉണ്ട്. അവ ഇന്ന് അധികം പ്രചാരത്തിൽ കാണുന്നില്ലെന്നു മാത്രം.

മലയാളഅക്ഷരമാലയെ സംബന്ധിച്ച വിവിധ അഭിപ്രായങ്ങൾ

ഗ്രന്ഥാക്ഷരങ്ങളുടെയും (സംസ്കൃതം) ദ്രാവിഡാക്ഷരങ്ങളുടെയും സമ്മിശ്രണമാണ് മലയാള അക്ഷരമാല.

ദ്രമിഡസംഘാതാക്ഷരം (ദ്രാവിഡ അക്ഷരമാല)

#### സ്വരം

അ ആ ഇ ഈ ഉ ഊ എ ഏ ഐ ഒ ഓ ഔ (12)

#### വ്യഞ്ജനം

ക ങ

ച ഞ

ട ണ

ത ന

പ മ

യ ര ല വ ഴ ള റ ന (18)

ഇപ്രകാരം പന്ത്രണ്ടു സ്വരങ്ങളും പതിനെട്ടു വ്യഞ്ജനങ്ങളും അടങ്ങിയതാണ് ദ്രമിഡസംഘാതാക്ഷരം. ഭാഷയിലെ പ്രാചീനസാഹിത്യമാതൃകകളിൽ ഈ ദ്രമിഡസംഘാതാക്ഷരമാണ് പ്രചാരത്തിലുള്ളത്. കാലക്രമേണ സംസ്കൃതഭാഷയുടെ സ്വാധീനംമൂലം സംസ്കൃതാക്ഷരങ്ങൾ മലയാളത്തിലേക്ക് കടന്നുവന്നു. കേരളത്തിലെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പല കാരണങ്ങൾ ഇതിനെ നിർണയിച്ചവയാണ്.

ഹെർമൻ ഗുണ്ടർട്ടിന്റെ (മലയാളഭാഷാവ്യാകരണം 1851) അഭിപ്രായത്തിൽ മലയാള അക്ഷരമാലാസംഖ്യ അമ്പതാണ്.

ഏ.ആർ. രാജരാജവർമ്മയുടെ അഭിപ്രായത്തിൽ മലയാള അക്ഷരമാലാസംഖ്യ അമ്പത്തിമൂന്നാണ്.

അക്ഷരമാലാസംഖ്യയെ സംബന്ധിച്ചുള്ള മറ്റ് വൈയ്യാകരണന്മാരുടെ അഭിപ്രായങ്ങൾ :

പാച്ചു മൂത്തത് - കേരള ഭാഷാവ്യാകരണം - 52

ജോൺ കുന്നപ്പിള്ളി - ശബ്ദസൗഭഗം - 54

കോവുണ്ണി നെടുങ്ങാടി - കേരളകൗമുദി - 55

ശേഷഗിരിപ്രഭു - വ്യാകരണമിത്രം - 54

ജോർജ് മാത്തൻ-മലയാഴ്മയുടെ വ്യാകരണം - 51

മേൽപ്പറഞ്ഞ അക്ഷരസംഖ്യയെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ വ്യത്യാസമുണ്ട്. ഒരേ സംഖ്യ നിർദ്ദേശിക്കുന്നവർതന്നെ വർണങ്ങൾ ഏതൊക്കെയാണെന്ന കാര്യത്തിൽ യോജിക്കുന്നില്ല. അഭിപ്രായവ്യത്യാസത്തിനു കാരണമായ പ്രധാന കാരണങ്ങൾ പലതാണ്.

### മലയാളം അക്കങ്ങൾ

മലയാളത്തിനു തനതായ അക്കങ്ങളുണ്ട്. എന്നാൽ യൂറോപ്യ അധിനിവേശാനന്തരം ഈ അക്കങ്ങൾക്കുപകരം ഇൻഡോ അറബിക് അക്കങ്ങളാണ് വ്യാപകമായി ഉപയോഗിക്കുന്നത്.

൦ - പൂജ്യം

൧- ഒന്ന്
൨ - രണ്ട്
൩ - മൂന്ന്
൪ - നാല്
൫ - അഞ്ച്
൬ - ആറ്
൭ - ഏഴ്
൮ - എട്ട്
൯ - ഒൻപത്

൰ – പത്ത് എന്ന സംഖ്യയെ സൂചിപ്പിക്കാൻ
൱ – നൂറ് എന്ന സംഖ്യയെ സൂചിപ്പിക്കാൻ
൲–ആയിരം എന്ന സംഖ്യയെ സൂചിപ്പിക്കാൻ
൳– കാൽ ഭാഗത്തെ സൂചിപ്പിക്കാൻ
൴ – അര ഭാഗത്തെ സൂചിപ്പിക്കാൻ
൵ – മുക്കാൽ ഭാഗത്തെ സൂചിപ്പിക്കാൻ

ഉച്ചാരണത്തിനുപയോഗിക്കുന്ന ഏറ്റവും ചെറിയ ശബ്ദത്തെ വർണമെന്നു പറയുന്നു. തനിയെ ഉച്ചരിക്കുന്ന വർണങ്ങളെ സ്വരങ്ങളെന്നും തനിയെ ഉച്ചരിക്കാൻ കഴിയാത്തവയെ വ്യഞ്ജനങ്ങളെന്നും വിഭജിക്കാം. സ്വയം പൂർണമായ ഉച്ചാരണമുള്ള ഏറ്റവും ചെറിയ ഭാഷാഘടകങ്ങളെയെല്ലാം കുറിക്കുന്ന പദമായി അക്ഷരത്തെ കണക്കാക്കുന്നതാണ്. സ്വരങ്ങളെ ഹ്രസ്വം, ദീർഘം എന്നുകൂടാതെ സന്ധ്യക്ഷരങ്ങളെന്നും സമാനാക്ഷരങ്ങളെന്നും വിഭജിക്കാം. വ്യഞ്ജനങ്ങളെ വർഗാക്ഷരങ്ങൾ, മധ്യമങ്ങൾ, ഊഷ്മാക്കൾ എന്നിങ്ങനെ വിഭജിക്കുന്നതോടൊപ്പം ഉച്ചാരണസവിശേഷതയുടെ അടിസ്ഥാനത്തിൽ ഖരം, അതിഖരം, മൃദു, ഘോഷം, അനുനാസികം എന്നും, ഉച്ചരിക്കപ്പെടുന്ന സ്ഥാനത്തെ മുൻനിർത്തി കണ്ഠ്യം, താലവ്യം, മൂർദ്ധന്യം, വർത്സ്യം, ദന്ത്യം, ഓഷ്ഠ്യം എന്നിങ്ങനെയും വിഭജിച്ചിരിക്കുന്നു. പന്ത്രണ്ടുസ്വരങ്ങളും പതിനെട്ടു വ്യഞ്ജനങ്ങളും ചേർന്ന മുപ്പതു അക്ഷരമാലയെന്ന ദ്രാവിഡാക്ഷരമാലയിൽനിന്ന് കാലാന്തരത്തിൽ സംസ്കൃതവുമായുള്ള സമ്പർക്കഫലമായി ഇന്നു കാണുന്ന അമ്പത്തിരണ്ട് അക്ഷരങ്ങളിലേക്ക് എത്തിയിരിക്കുകയാണ് മലയാളം അക്ഷരമാല. സ്വരം എന്നും വ്യഞ്ജനം എന്നും ധ്വനികൾക്ക് രണ്ട് മഹാ വിഭാഗം ചെയ്തതിൽ സ്വരങ്ങളെ മാത്രമേ തനിയെ ഒറ്റയായിട്ട് ഉച്ചരിക്കുവാൻ സാധിക്കുകയുള്ളൂ. വ്യഞ്ജനങ്ങളാകട്ടെ ഉച്ചാരണാർഹമാകണമെങ്കിൽ സ്വരസഹായം ആവശ്യപ്പെടുന്നു. ഒരു ഉച്ചാരണത്തിന്റെ അടിസ്ഥാനഘടകമാണ് ധ്വനി അഥവാ വർണം.

വർണങ്ങളെ സ്വരങ്ങളെന്നും വ്യഞ്ജനങ്ങളെന്നും രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. സ്വരങ്ങൾ സ്വാതന്ത്രമായ ഉച്ചാരണമുള്ള ശബ്ദങ്ങൾ ആണ്. അ മുതൽ ഔ വരെയുള്ള വർണങ്ങൾ സ്വരങ്ങളാണ്. വ്യഞ്ജനങ്ങൾ സ്വരസഹായത്തോടെ ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങളാണ്. ഇവയ്ക്ക് സ്വാതന്ത്രമായ ഉച്ചാരണമില്ല. ചില വ്യഞ്ജനങ്ങൾക്ക് സ്വാതന്ത്രമായ ഉച്ചാരണ ശക്തിയുണ്ട്. ഇവയാണ് ചില്ലുകൾ. ഏറ്റവും ചെറിയ ധ്വനിരൂപം അഥവാ ഉച്ചാരണമാണ് വർണം. ആ ശബ്ദരൂപം എഴുതിക്കാണിക്കുന്ന രേഖാരൂപമാണ് ലിപി. വർണങ്ങൾക്ക് പല കാരണങ്ങളാൽ വികാരം സംഭവിക്കുന്നു. അജ്ഞന്മാർ അറിവില്ലായ്മ കൊണ്ട് വർണങ്ങളെ ദുഷിപ്പിക്കുന്നു. അൽപജ്ഞന്മാർ മിടുക്ക് കാട്ടാനും വർണങ്ങൾ ഉപയോഗിക്കുന്നു.

## Recap

- ഒരു ഉച്ചാരണത്തിന്റെ അടിസ്ഥാനഘടകമാണ് ധ്വനി അഥവാ വർണം
- വർണത്തിന്റെ ഉച്ചാരണക്ഷമമായ അവസ്ഥയാണു അക്ഷരം
- ധ്വനിയായി മാത്രം നില്ക്കുന്ന വർണത്തിനോ അക്ഷരത്തിനോ പദത്തിനോ ഏർപ്പെടുത്തിയിരിക്കുന്ന എഴുത്തു ചിഹ്നമാണു ലിപി
- വർണലിപിയിൽ, ഭാഷയിലെ വർണങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത്
- അക്ഷരലിപിയിൽ ഭാഷയിലെ അക്ഷരങ്ങളെയാണു ലിപികൾ പ്രതിനിധാനം ചെയ്യുന്നത്
- തനിയെ ഉച്ചരിക്കാൻ കഴിയുന്ന വർണമാണു സ്വരം
- ഹ്രസ്വസ്വരമെന്നാൽ കുറുക്കി ഉച്ചരിക്കുന്ന സ്വരം എന്നാണുദ്ദേശിക്കുന്നത്
- മറ്റു സ്വരങ്ങളുമായി ഇടകലരാത്ത സ്വരങ്ങൾക്കു സമാനാക്ഷരങ്ങൾ എന്നു പറയുന്നു
- സ്വയം ഉച്ചാരണക്ഷമമല്ലാത്തതും എന്നാൽ സ്വരത്തിന്റെ സഹായത്തോടുകൂടി ഉച്ചരിക്കാൻ കഴിയുന്നതുമായ വർണമാണു വ്യഞ്ജനം
- നാവുകൊണ്ടു കണ്ഠരന്ധ്രം തുറന്നു ഉച്ചരിക്കുമ്പോഴുണ്ടാകുന്ന ധ്വനി പരുക്കനായിരിക്കും. ഇതിനു ശ്വാസികൾ എന്നു പറയുന്നു
- ഉച്ചാരണവേളയിൽ നിശ്വാസവായുവിനെ വളരെ കുറച്ചു തടഞ്ഞു വെളിയിലേയ്ക്കു വിടുമ്പോൾ ഉണ്ടാകുന്ന വർണങ്ങളാണ് മധ്യമങ്ങൾ
- പകുതി സ്വരധർമവും പകുതി വ്യഞ്ജനധർമവും കാണിക്കുന്ന ഹകാരം ഘോഷി എന്നറിയപ്പെടുന്നു
- സ്വരത്തിന്റെ സഹായമില്ലാതെ ഉച്ചരിക്കാൻ കഴിയുന്ന വർണങ്ങളെയാണു ചില്ലക്ഷരങ്ങൾ എന്നു പറയുന്നത്
- ചില്ലുകളുടെ ധ്വനി പൂർവാക്ഷരങ്ങളിൽ ലയിക്കാതെ പ്രകടമായ ധ്വനിയോടുകൂടി നിൽക്കുന്നതാണു പ്രകടധ്വനി
- പന്ത്രണ്ടു സ്വരങ്ങളും പതിനെട്ടു വ്യഞ്ജനങ്ങളും അടങ്ങിയതാണ് ദ്രമിഡസംഘാതാക്ഷരം
- ശ്വാസത്തെ വെളിയിലേക്ക് വിടുന്നതിന്റെ മാതിരി ഭേദം എന്നർഥം വരുന്നതാണ് അനുപ്രദാനം
- പരിമാണം എന്നാൽ അളവ് അല്ലെങ്കിൽ മാത്ര എന്നാണർഥം

## Objective Questions

1. ഒരു ഉച്ചാരണത്തിന്റെ അടിസ്ഥാനഘടകം എന്ത്?
2. വർണത്തിന്റെ ഉച്ചാരണക്ഷമമായ അവസ്ഥയ്ക്ക് പറയുന്ന പേരെന്ത്?
3. വർണങ്ങൾ രണ്ടു വിധമുണ്ട്. ഏതെല്ലാം?
4. മറ്റു സ്വരങ്ങളുമായി ഇടകലരാത്ത സ്വരങ്ങൾക്ക് പറയുന്ന പേരെന്ത്?
5. രണ്ട് സ്വരങ്ങളുടെ സംസർഗം കൊണ്ടുണ്ടാകുന്നവ എന്താണ്?
6. സ്വയം ഉച്ചാരണക്ഷമമല്ലാത്തതും സ്വരത്തിന്റെ സഹായത്തോടെ ഉച്ചരിക്കുന്നതുമായ വർണങ്ങൾ ഏതു പേരിലാണ് വിളിക്കപ്പെടുന്നത്?
7. തമിഴിൽ സ്വരത്തിന് പറയുന്ന പേരെന്ത്?
8. വർത്സ്യാക്ഷരങ്ങൾ ഏതെല്ലാം?
9. വർഗാക്ഷരങ്ങളിൽ ശ്വാസികൾ ഏവ?

10. മധ്യമങ്ങൾ ഏതെല്ലാം?
11. ഘോഷി എന്നറിയപ്പെടുന്ന വർണമേത്?
12. സ്വരസഹായമില്ലാതെ ഉച്ചരിക്കുന്ന വർണങ്ങൾ അറിയപ്പെടുന്നത്?
13. ചില്ലുകളുടെ ധ്വനി അതിന്റെ പൂർവാക്ഷരത്തിൽ ലയിച്ചു പോകുന്നതിനെ ഏന്തു വിളിക്കുന്നു?
14. അക്ഷരത്തെയോ വർണത്തെയോ കുറിക്കുന്ന ചിഹ്നമേത്?
15. അക്ഷരങ്ങൾക്ക് പകരം അവയുടെ ഉച്ചാരണമുള്ള അതിന്റെ തന്നെ മറ്റൊരു ചിഹ്നം പ്രത്യക്ഷപ്പെടാറുണ്ട്. ഇത് ഏതു പേരിലാണ് അറിയപ്പെടുന്നത്?

## Answers

1. വർണം
2. അക്ഷരം
3. സ്വരം, വ്യഞ്ജനം
4. സമാനാക്ഷരങ്ങൾ
5. സന്ധ്യക്ഷരങ്ങൾ
6. വ്യഞ്ജനങ്ങൾ
7. ഉയിർ.
8. റ്റ, ന, ല, ര
9. ഖരാതി ഖരങ്ങളും ഊഷ്മാക്കളും
10. യ, ര, ല, വ, ള, ഴ, റ
11. ഹ
12. ചില്ലുകൾ
13. ലീനധ്വനി
14. ലിപി.
15. ദ്വിതീയ ചിഹ്നം.

## Assignments

1. ഭാഷയിലെ അടിസ്ഥാന വർണങ്ങളെക്കുറിച്ച് ഉപന്യസിക്കുക
2. വർണങ്ങൾക്ക് പലമാതിരി ശ്രുതിഭേദം വരാനുള്ള കാരണങ്ങൾ വിവരിക്കുക
3. ചില്ലുകളുടെ സവിശേഷതകൾ വിവരിക്കുക
4. സമാനാക്ഷരങ്ങൾ, സന്ധ്യക്ഷരങ്ങൾ എന്നിവ വിവരിക്കുക

## Suggested Reading

1. സി.എൽ. ആന്റണി, കേരളപാണിനീയ ഭാഷ്യം ഡി.സി.ബുക്സ്, കോട്ടയം.
2. പാച്ചു മൂത്തത്, കേരള ഭാഷാവ്യാകരണം, മദ്രാസ് സർവകലാശാല, മദ്രാസ്.
3. കെ. സുകുമാരപിള്ള, കൈരളീശബ്ദാനുശാസനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. പി.കെ. നാരായണ പിള്ള, വ്യാകരണ പ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.



SREENARAYANAGURU OPEN UNIVERSITY

## Reference


1. എ.ആർ. രാജരാജവർമ, കേരളപാണിനീയം, ഡി.സി.ബുക്സ്, കോട്ടയം.
2. സി.ആർ. പ്രസാദ്, വ്യാകരണം, ഡി.സി ബുക്സ്, കോട്ടയം.
3. എം. ശേഷഗിരി പ്രഭു, വ്യാകരണമിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. പി. നാരായണമേനോൻ, വ്യാകരണ പാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. ഡോ.എൻ. രാജേന്ദ്രൻ, മലയാള വ്യാകരണചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# BLOCK 02

# അക്ഷരക്കൂട്ടവും അർത്ഥവും

SGOU

BLOCK 1

# യൂണിറ്റ് 1

# ശബ്ദവിഭാഗം

## Learning Outcomes

- ശബ്ദ വിഭാഗത്തെക്കുറിച്ച് ധാരണയുണ്ടാകുന്നു
- വാചകം, ദ്യോതകം എന്നിവയെക്കുറിച്ച് മനസിലാക്കുന്നു
- നിപാതം, അവ്യയം എന്നിവയെക്കുറിച്ചറിയുന്നു
- പദത്തെക്കുറിച്ച് മനസിലാക്കുന്നു

## Prerequisite

ഭാഷയുണ്ടായതിനുശേഷമുള്ള സമൂഹത്തിന്റെ ഭാഷാനിയമങ്ങളാണ് വ്യാകരണത്തിൽ വിശദീകരിക്കുന്നത്. അല്ലാതെ വ്യക്തിയുടെ ഭാഷയെക്കുറിച്ച് വ്യാകരണപഠനം ശ്രദ്ധ ഊന്നുന്നില്ല. വ്യക്തി ഭാഷയെക്കുറിച്ച് കൂടുതലന്വേഷിക്കുന്നത് ഭാഷാശാസ്ത്രത്തിലാണ്. അതുകൊണ്ടാണ് ഒരു കൂട്ടം ആളുകൾ മറ്റ് ഭാഷകളിൽനിന്ന് വ്യത്യസ്തമാക്കുന്ന ഘടകങ്ങളെ വേർതിരിച്ച് മനസിലാക്കുകയാണ് വ്യാകരണത്തിൽ പ്രധാനമായും ചെയ്യുന്നതെന്ന് പറയുവാൻ കാരണം. ഭാഷയെ ശരിയായി മനസിലാക്കുവാനും ഭാഷാപഠനം സുഗമമാക്കാനും ഭാഷയിലെ ശരിതെറ്റുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനും വ്യാകരണം കൂടിയേ തീരു. ഇപ്രകാരം ഭാഷാഘടനയിൽ ഉൾച്ചേർന്നിരിക്കുന്ന ഓരോ ഘടകങ്ങളെയും വേർതിരിച്ച് അതിന്റെ അർഥത്തിന്റെയും ധർമത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കുകയാണ് വ്യാകരണത്തിന്റെ ധർമം.

കേരളപാണിനീയത്തെ രണ്ടു ഭാഗങ്ങളായാണ് ഏ. ആർ. അവതരിപ്പിച്ചിരിക്കുന്നത്. ഒന്നാമത്തെ ഭാഗം പീഠികയാണ്. പീഠികയെ നാലായി തിരിച്ചിട്ടുണ്ട്. മലയാള ദേശവും ഭാഷയും, ഘട്ടവിഭജനം, അക്ഷരമാല, വർണവികാരങ്ങൾ, എന്നിവയാണവ. മലയാള ഭാഷയുടെ പരിണാമത്തെക്കുറിച്ചും കൊടുന്തമിഴ് മലയാളമായി പരിണമിക്കുന്നതിനുള്ള ആറുനയങ്ങളെക്കുറിച്ചുമെല്ലാം മലയാള ദേശവും ഭാഷയും എന്ന ഭാഗത്ത് പ്രതിപാദിക്കുന്നു. മലയാള ഭാഷയെക്കുറിച്ചും മണിപ്രവാളത്തെക്കുറിച്ചും ലീലാതിലകത്തെക്കുറിച്ചുമെല്ലാം ഉള്ള വിവരണങ്ങൾ ഘട്ടവിഭജനത്തിൽ ഉണ്ട്. വർണവിഭാഗം, അക്ഷരം, ധ്വനി എന്നിവയെക്കുറിച്ചുള്ള ചർച്ചയാണ് അക്ഷരമാല എന്ന ഭാഗത്തുള്ളത്. വർണങ്ങൾക്കുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് വർണവികാരത്തിൽ പ്രതിപാദിക്കുന്നു. രണ്ടാംഭാഗത്ത് വ്യാകരണസംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. സന്ധിപ്രകരണം, നാമാധികാരം, ധാത്വധികാരം, ഭേദകാധികാരം, നിപാതാവ്യയാധികാരം, ആകാംക്ഷാധികാരം, ശബ്ദോത്പത്തി എന്നിവയാണവ. സന്ധി പ്രകരണത്തിൽ സന്ധി വിഭാഗങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. നാമാധികാരത്തിൽ ലിംഗപ്രകരണം വിഭക്തിപ്രകരണം, കാരകപ്രകരണം, തദ്ധിതപ്രകരണം എന്നിവയെക്കുറിച്ചും ധാത്വധികാരത്തിൽ കാലപ്രകരണം, പ്രകാരപ്രകരണം, പ്രയോഗപ്രകരണം, നാമധാതുപ്രകരണം, ഖില ധാതു, അനുപ്രയോഗം, നിഷേധം, സമുച്ചയം എന്നിവയെക്കുറിച്ചും ആകാംക്ഷാധികാരത്തിൽ വാക്യപ്രകരണം, സമാസപ്രകരണം എന്നിവയെക്കുറിച്ചും ശബ്ദോല്പത്തിയിൽ ശബ്ദത്തെക്കുറിച്ചും വിഭാഗങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നു.

BLOCK 1

## Keywords

ശബ്ദം - വാചകം - ദ്യോതകം - നിപാതം - അവ്യയം - ഗതി - ഘടകം - വ്യാക്ഷേപകം - കേവലം - പദം

## Discussion

## 2.1.1 ശബ്ദവിഭാഗം

### 2.1.1.1 ശബ്ദം

വർണങ്ങളെ ഓരോ പ്രകാരത്തിൽ കൂട്ടിച്ചേർക്കുമ്പോൾ ശബ്ദം ഉണ്ടാകുന്നു. ശബ്ദത്തിന്റെ സ്വഭാവം ഇപ്രകാരമാണ്.

*അർഥയുക്താക്ഷരം ശബ്ദ*
*മതേ പ്രകൃതിയെന്നതും*
*(കേരളപാണിനീയം 26-ാം കാരിക)*

ശബ്ദത്തെ പ്രകൃതിയെന്നും പ്രത്യയമെന്നും രണ്ടായി തിരിക്കാം. ഒരർഥത്തെക്കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിനു ശബ്ദം അഥവാ പ്രകൃതി എന്നു പറയുന്നു.

ഉദാ : ച് + എ + റ് + ഉ = ചെറു

ക് + അ + ര് + ഇ + മ് + പ് = കരിമ്പ്

**1. വാചകം**

*വാചകം ദ്യോതകം രണ്ടു-*
*വിധമാം ശബ്ദമൊക്കവേ,*
*ദ്രവ്യ ക്രിയാഗുണങ്ങൾക്കു*
*വാചകം വാചകാഭിധം*
*(കേരളപാണിനീയം 28-ാം കാരിക)*

എല്ലാ ശബ്ദങ്ങളെയും വാചകം, ദ്യോതകം എന്ന് രണ്ടിനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. കേൾക്കുമ്പോൾതന്നെ കൃത്യമായ ഒരർഥം മനസിൽ സൃഷ്ടിക്കാൻ കഴിയുന്നവയാണ് വാചകം. അതായത് വാച്യമായ ഒരർഥത്തെക്കുറിക്കുന്നത് വാചകം.

കുടം, വിളക്ക്, ഇരിക്കുന്നു തിളങ്ങി, ചെറിയ, വലിയ ഇത്യാദി ശബ്ദങ്ങൾ കേൾക്കുമ്പോൾ ഒരു സ്വാതന്ത്രമായ അർഥത്തിന്റെ പ്രതീതി ഉണ്ടാകുന്നുണ്ട്. അതിനാൽ അത്തരം ശബ്ദങ്ങളെല്ലാം വാചകങ്ങളാകുന്നു.

വാചകം എന്ന വർഗത്തിൽ പെട്ട ശബ്ദങ്ങളെ നാമം, കൃതി, ഭേദകം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ വാചകമായ ശബ്ദം നാമം. ക്രിയാവാചകം ആയത് കൃതി. ഗുണവാചകം ഭേദകം.

നാമം - മനുഷ്യൻ, മരം, മൃഗം

കൃതി - പോകുന്നു, ചാകുന്നു, വരും

ഭേദകം - കറുത്ത, വെളുത്ത, സുന്ദരൻ

**2. ദ്യോതകം**

വാച്യമായി ഒരർഥത്തെയും കാണിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള സംബന്ധത്തെ സ്ഫുരിപ്പിക്കുക മാത്രം ചെയ്യുന്നതാണ് ദ്യോതകം.

*സംബന്ധത്തെ സ്ഫുരിപ്പിക്കും*
*പദം ദ്യോതകമെന്നത്*
*(കേരളപാണിനീയം 28-ാം കാരിക)*

ദ്യോതിപ്പിക്കുക എന്നാണ് പദത്തിനർഥം. വാചകശബ്ദങ്ങളോട് ചേർന്നുനിന്നുകൊണ്ട് അർഥവിശേഷം ഉണ്ടാക്കുകയാണ് ഇതിന്റെ ധർമം. ഉം, കൊണ്ട്, എങ്കിൽ, ഛേ, ഓ ഇത്യാദിശബ്ദങ്ങൾ കേൾക്കുമ്പോൾ മനസിന് സ്വാതന്ത്രമായ ഒരു അർഥത്തിൽ പിടി കിട്ടുന്നില്ല. മറ്റൊരു പദത്തോട് കൂട്ടിച്ചേർത്തു പ്രയോഗിക്കുമ്പോൾ മാത്രമേ ആ വക ശബ്ദങ്ങളിൽ നിന്ന് അർഥവിശേഷം ദ്യോതിക്കുന്നുള്ളൂ. അതിനാൽ ആ വക ശബ്ദങ്ങളെല്ലാം ദ്യോതകങ്ങൾ.

ദ്യോതകത്തെ നിപാതം, അവ്യയം എന്നിങ്ങനെ വിഭജിക്കാം.

*നിപാതമവ്യയം രണ്ടു-*
*വകയാം ദ്യോതകം പദം*
*ജാത്യാദ്യോതകമാണാദ്യം;*
*പരം ഭ്രംശിച്ചുവന്നത്*

(കേരളപാണിനീയം 31-ാം കാരിക )

**നിപാതം**

ജന്മനാൽ ദ്യോതകമായതാണു നിപാതം. അത് മറ്റൊന്നിൽനിന്ന് രൂപാന്തരപ്പെട്ടുവന്നതല്ല. സ്വഭാവം കൊണ്ടുതന്നെ ദ്യോതകങ്ങളായ ശബ്ദങ്ങളാണ് നിപാതങ്ങൾ. ഓ, ഉം എന്നിവ ഉദാഹരണങ്ങൾ.

ഉദാ : രാമനും കൃഷ്ണനും
മിടുക്കന്മാരാകുന്നു (ഉം)
അവനോ ഇവനോ (ഓ)
ഞാൻ ഇന്നോ നാളെയോ വരാം (ഓ)

**അവ്യയം**

ഒരു കാലത്ത് വാചകമായിരുന്നത്, പിന്നീട് ദ്യോതകമായി മാറിയതാണ് അവ്യയം. ഒരു കാലത്ത് പദങ്ങളായിരുന്നവ കാലാന്തരത്തിൽ അക്ഷരം ലോപിച്ചും പ്രത്യയങ്ങൾ ചേർക്കാതെ ഉപയോഗിച്ചും അവ്യയമായി മാറി.

ഉദാ : മഴ പെയ്തില്ല ; എങ്കിലും തണുപ്പുണ്ട്.
രാവണൻ എന്ന രാക്ഷസൻ

*വിഭക്തിയെ വിളക്കുന്ന*
*ദ്യോതകം ഗതിസംജ്ഞിതം*
*വാക്യങ്ങളെ ഘടിപ്പിക്കാ*
*നുതകും ഘടകാഭിധം.*
*വ്യാക്ഷേപകങ്ങൾ വാക്യാർഥം*
*ബോധിപ്പിക്കുമഖണ്ഡമായ്*
*ഇതു മൂന്നും കഴിച്ചുള്ള*
*തെല്ലാം കേവല സംജ്ഞിതം*

*(കേരള പാണിനീയം 32-ാം കാരിക)*

ദ്യോതകശബ്ദങ്ങളെ വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നിങ്ങനെ നാലായി തരം തിരിക്കാം.

**ഗതി**

കൊണ്ട്, നിന്ന്, വെച്ച്, ഊടെ

വിഭക്തിപ്രത്യയം പോലെനിന്ന് അർഥം വിശദമാക്കുന്നവയാണ് ഗതി. അതായത് ഒരു നാമപദത്തോടു ചേർന്നുനിന്നുകൊണ്ടു അതിനെ മറ്റു പദങ്ങളുമായി ബന്ധിപ്പിക്കുന്ന ദ്യോതകശബ്ദമാണ് ഗതി.

ഉദാ : വടിയാൽ അടിച്ചു - വടികൊണ്ട് അടിച്ചു

**ഘടകം**

രണ്ട് വാക്യങ്ങളെയോ പദങ്ങളെയോ യോജിപ്പിക്കുന്ന ദ്യോതകശബ്ദമാണ് ഘടകം, ഉദാ: ഊണും ഉറക്കവും(ഉം). സമുച്ചയമാണ് ഉം. അതിനെ ജന്മനാ ദ്യോതകമായത് എന്ന അർഥത്തിൽ ഗണിക്കുമ്പോൾ അത് നിപാതമാകുന്നു. അതേസമയം അതിന്റെ വ്യാകരണധർമം അനുസരിച്ച് ഗണിക്കുമ്പോൾ അത് ഘടകം ഗണത്തിൽപ്പെടുന്നു. ഉത്ഭവമാണോ വ്യാകരണധർമമാണോ പരിഗണിക്കുന്നത് എന്നതാണ് ഇവിടെ നിർണായകമായി നിൽക്കുന്നത്.

**വ്യാക്ഷേപകം**

മറ്റൊരുപദത്തോടും ചേരാതെ സ്വതന്ത്രമായ വാക്യാർഥത്തെ ദ്യോതിപ്പിക്കുന്ന ശബ്ദമാണ് വ്യാക്ഷേപകം. തനിയെ ഒരു അർഥം വഹിക്കുന്നത് വാചകശബ്ദമാണ് എന്ന് നേരത്തെ പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണ് ഇവിടെ പറയുന്ന അർഥം. അത് ശബ്ദത്തിന്റെ അഥവാ വാക്കിന്റെ നിഘണ്ടു അർഥമാണ്. എന്നാൽ ഇവിടെ പറയുന്നത് : നിഘണ്ടു അർഥമല്ല മറിച്ച് വാക്യാർഥമാണ്. വാചകത്തിന് പദം എന്ന നിലയിൽ ഒരർഥമാണ് പ്രകാശിപ്പിക്കാൻ കഴിയുക. വാചകശബ്ദങ്ങൾ ചേർന്നാണ് വാക്യാർഥത്തെ പ്രകാശിപ്പിക്കുന്നത്. വ്യാക്ഷേപകങ്ങളാകട്ടെ ഏതെങ്കിലും പദങ്ങളോട് ചേർന്ന് വാക്യമായി മാറാതെതന്നെ സന്ദർഭാനുസരണം വാക്യത്തിന്റെ ധർമം അനുഷ്ഠിക്കുന്നു. അതിന് കൃത്യമായ ഒരു നിഘണ്ടു അർഥം ചൂണ്ടിക്കാണിക്കാനില്ലതാനും. അതിനാൽ അവയെ വാചകത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. 'രാജാ നീ കണക്കു ചെയ്തോ' എന്ന ചോദ്യത്തിന് 'അയ്യോ' എന്നു മാത്രം മറുപടി നല്കിയാലും കണക്ക് ചെയ്തിട്ടില്ല എന്ന വിവക്ഷ ലഭിക്കുന്നുണ്ട്. എന്നാൽ

അയ്യോ എന്നതിന് കണക്കു ചെയ്തിട്ടില്ല എന്ന അർഥം മറ്റൊരിടത്തും പറയാൻ കഴിയുകയുമില്ല.

**കേവലം**

ഗതി, ഘടകം, വ്യാക്ഷേപകം എന്നീ മൂന്നിനത്തിലും പെടാത്തത്.

ഉദാ : ഈശ്വരൻ തന്നെ ശരണം

ഇവിടെ തന്നെ എന്നതിനു വിശേഷമായി അർഥം, പറയാനാകില്ലെങ്കിലും ഈശ്വരൻ എന്ന പദത്തിന് ഊന്നൽ നല്കുന്നത് ആ പ്രയോഗമാണ്. അത്തരം പ്രയോഗങ്ങളെ കേവലമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയാണ് എ.ആർ.

## 2.1.1.2 പദം

*പദമെന്നാൽ പ്രയോഗിപ്പാൻ*
*സജ്ജമായുള്ള ശബ്ദമാം*
*(കേരളപാണിനീയം 27-ാം കാരിക)*

പ്രയോഗസജ്ജമായ ശബ്ദമാണ് പദം.

ഉദാ : ചെറുപ്പം.

### പദക്രമം

*കർത്താ കർമം ക്രിയ ഇതേ*
*വാക്യത്തുങ്കൽ പദക്രമം;*
*ഇതു മാറ്റി പ്രധാനത്തെ*
*മുന്നിലാക്കാം വിവക്ഷ പോൽ*
*(കേരളപാണിനീയം 172-ാം കാരിക)*

ആദ്യം കർത്താവ് പിന്നെ കർമമുണ്ടെങ്കിൽ അത്, ഒടുവിൽ ക്രിയാപദം എന്നാണ് വാക്യത്തിൽ പദങ്ങളെ അടുക്കുന്നതിന് പൊതുവേ ഏർപ്പെട്ടിട്ടുള്ള ക്രമം

*വിശേഷണ വിശേഷ്യങ്ങൾ*
*മുൻപിൻപായിട്ടു നില്ക്കേണം*
*(കേരളപാണിനീയം 173-ാം കാരിക)*

വിശേഷണം ഏതുമാതിരിയായിരുന്നാലും താൻ വിശേഷിപ്പിക്കുന്ന വിശേഷ്യത്തിന്റെ മുൻപിൽ നിൽക്കണമെന്നാണ് സമ്പ്രദായ സിദ്ധമായ പതിവ്.

ഉദാ : കറുത്ത പശു
സുന്ദരനായ രാമൻ

### പ്രത്യയങ്ങൾ

പ്രകൃതിയിലും ധാതുവിലും വിശേഷാർഥങ്ങൾ നൽകാൻ അവയുടെ അവസാനം ചേർക്കുന്ന ശബ്ദങ്ങളാണ് പ്രത്യയങ്ങൾ.

ഉദാ : അവൻ + എ = അവനെ
ചാ + ഉം = ചാവും

### ഇടനില

പ്രകൃതിയിലും പ്രത്യയങ്ങൾ ചേർക്കുമ്പോൾ ഭാഷാസൗകര്യത്തിനും ഉച്ചാരണസൗകര്യത്തിനും വേണ്ടി അവയ്ക്കിടയിൽ ചേർക്കുന്ന ശബ്ദമാണ് ഇടനില

ഉദാ : ശിശു + ഇൻ + എ = ശിശുവിനെ
ധനം + ഓട് - ധനത്തോട്
= ധനം + ത്ത് + ഓട് = ധനത്തോട്

### അംഗം

പ്രകൃതിയും പ്രത്യയവും കൂടിയ ഭാഗമാണ് അംഗം.

ഉദാ : ശിശു + ഇൻ - ശിശുവിൻ (അംഗം)

ശബ്ദത്തെ പ്രകൃതിയെന്നും പ്രത്യയമെന്നും രണ്ടായി തിരിക്കാം. എല്ലാ ശബ്ദങ്ങളെയും വാചകം, ദ്യോതകം എന്ന രണ്ടിനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. വാച്യമായ ഒരർഥത്തെയും കാണിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള ബന്ധത്തെ ദ്യോതിപ്പിക്കുന്നതാണ് ദ്യോതകം. ദ്യോതകത്തെ നിപാതം അവ്യയം എന്നിങ്ങനെ വിഭജിക്കാം. ജന്മനാൽ ദ്യോതകമായതാണു നിപാതം. ഒരു കാലത്ത് വാചകമായിരുന്നത് പിന്നീട് ദ്യോതകമായി മാറിയതാണ് അവ്യയം. ദ്യോതക ശബ്ദങ്ങളെ വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എന്നിങ്ങനെ നാലായി തിരിക്കാം. പ്രയോഗസജ്ജമായ ശബ്ദമാണ് പദം. ആദ്യം കർത്താവ് പിന്നെ കർമമുണ്ടെങ്കിൽ അത്. ഒടുവിൽ ക്രിയാ പദം എന്നാണ് വാക്യത്തിൽ പദങ്ങളെ അടുക്കുന്നതിന് പൊതുവെ ഏർപ്പെട്ടിട്ടുള്ള ക്രമം.

## Recap

- ശബ്ദത്തെ പ്രകൃതിയെന്നും പ്രത്യയമെന്നും രണ്ടായി തിരിക്കാം
- ഒരർഥത്തെ കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന് ശബ്ദം അഥവാ പ്രകൃതി എന്നു പറയുന്നു
- കേൾക്കുമ്പോൾ തന്നെ കൃത്യമായ ഒരർഥം മനസിൽ സൃഷ്ടിക്കാൻ കഴിയുന്നവയാണ് വാചകം
- വാചകം എന്ന വർഗത്തിൽ പെട്ട ശബ്ദങ്ങളെ നാമം, കൃതി, ഭേദകം എന്നിങ്ങനെ മൂന്നായി തിരിക്കാം
- വാച്യമായ ഒരർഥത്തെയും കാണിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള സംബ സ്ധത്തെ സ്ഫുരിപ്പിക്കുക മാത്രം ചെയ്യുന്നതാണ് ദ്യോതകം
- ദ്യോതകത്തെ നിപാതം അവ്യയം എന്നിങ്ങനെ വിഭജിക്കാം
- ജന്മനാൽ ദ്യോതകമായതാണ് നിപാതം
- ഒരു കാലത്ത് വാചകമായിരുന്നത് പിന്നീട് ദ്യോതകമായി മാറിയതാണ് അവ്യയം
- ദ്യോതകശബ്ദങ്ങളെ വ്യാപാരമനുസരിച്ച് ഗതി, ഘടകം, വ്യാക്ഷേപകം, കേവലം എനിങ്ങനെ നാലായി തരം തിരിക്കാം
- രണ്ടു വാക്യങ്ങളെയോ പദങ്ങളെയോ യോജിപ്പിക്കുന്ന ദ്യോതക ശബ്ദമാണ് ഘടകം
- മറ്റൊരു പദത്തോടും ചേരാതെ സ്വാതന്ത്രമായ വാക്യാർഥത്തെ ദ്യോതിപ്പിക്കുന്ന ശബ്ദമാണ് വ്യാക്ഷേപകം
- പ്രയോഗ സജ്ജമായ ശബ്ദമാണ് പദം
- പ്രകൃതിയിലും ധാതുവിലും വിശേഷാർഥങ്ങൾ നൽകാൻ അവയുടെ അവസാനം ചേർക്കുന്ന ശബ്ദങ്ങളാണ് പ്രത്യയങ്ങൾ
- പ്രകൃതിയിലും പ്രത്യയങ്ങൾ ചേർക്കുമ്പോൾ ഭാഷാസൗകര്യത്തിനും ഉച്ചാരണ സൗകര്യത്തിനും വേണ്ടി അവയ്ക്കിടയിൽ ചേർക്കുന്ന ശബ്ദമാണ് ഇടനില

## Objective Questions

1. ഒരർഥത്തെ കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിന് പറയുന്ന പേരെന്ത്?
2. വാച്യമായ അർഥത്തെ കുറിക്കുന്നത് എന്താണ്?
3. വാച്യാർഥത്തെ കുറിക്കാതെ രണ്ടു വാച്യാർഥങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത് എന്ത്?
4. ജന്മനാൽ ദ്യോതകമായ ശബ്ദങ്ങൾ അറിയപ്പെടുന്നത്?
5. രണ്ടു വാക്യങ്ങളെയോ പദങ്ങളെയോ യോജിപ്പിക്കുന്ന ദ്യോതക ശബ്ദം ഏതാണ്?
6. ശബ്ദത്തെ രണ്ടായി തിരിക്കുന്നു. ഏതെല്ലാം?
7. ഒരു കാലത്ത് വാചകമായിരുന്നത് ദ്യോതകമായി മാറിയതേത്?
8. മറ്റൊരു പദത്തോടും ചേരാതെ സ്വാതന്ത്രമായ വാക്യാർഥത്തെ ദ്യോതിപ്പിക്കുന്ന ശബ്ദം ഏതാണ്?
9. പ്രകൃതിയിലും പ്രത്യയങ്ങൾ ചേർക്കുമ്പോൾ ഭാഷാസൗകര്യത്തിനും ഉച്ചാരണ സൗകര്യത്തിനും വേണ്ടി അവയ്ക്കിടയിൽ ചേർക്കുന്ന ശബ്ദം ഏതാണ്?
10. പ്രകൃതിയും പ്രത്യയവും കൂടിയ ഭാഗത്തെ പറയുന്ന പേരെന്ത്?



SREENARAYANAGURU OPEN UNIVERSITY

## Answers

1. ശബ്ദം
2. വാചകം
3. ദ്യോതകം
4. നിപാതം
5. ഘടകം
6. പ്രകൃതി, പ്രത്യയം
7. അവ്യയം
8. വ്യാക്ഷേപകം
9. ഇടനില
10. അംഗം

## Assignments

1. ശബ്ദവിഭാഗത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക
2. ദ്യോതകവിഭാഗങ്ങൾ ഏതെല്ലാം? ചർച്ച ചെയ്യുക
3. പദമെന്നാൽ പ്രയോഗിപ്പാൻ സജ്ജമായിട്ടുള്ള ശബ്ദമാം - വിശദീകരിക്കുക
4. നിപാതം, അവ്യയം എന്നിവ വിവരിക്കുക

## Suggested Reading


1. സി.എൽ. ആന്റണി, കേരളപാണിനീയ ഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
2. കെ. ഗോദവർമ, കേരളഭാഷാവിജ്ഞാനീയം, കേരളസർവ്വകലാശാല, തിരുവനന്തപുരം.
3. വി.പി. മാർക്കോസ്, മലയാളത്തിലെ സർവ്വനാമങ്ങൾ, സമകാലിക മലയാളവ്യാകരണം, എഡി. ശരത്ചന്ദ്രനായർ, വി.രാജേന്ദ്രബാബു, സി.ജി. മൈസൂർ: സി.ഐ.ഐ.എൽ.
4. എം. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.


## Reference


1. എ.ആർ. രാജരാജവർമ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. എം.എം. രോഹിണി, മലയാളവ്യാകരണചരിത്രം, മലയാളഭാഷാപഠനങ്ങൾ, എഡി. എ.എം. ഉണ്ണികൃഷ്ണൻ, പി.കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം.
3. പി. നാരായണ മേനോൻ, വ്യാകരണപാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. കെ. സുകുമാരപിള്ള, കൈരളി ശബ്ദാനുശാസനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ.എം. പ്രഭാകരവാര്യർ, മലയാള വ്യാകരണസമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

BLOCK 1

# യൂണിറ്റ് 2

# നാമാധികാരം

## Learning Outcomes

- നാമത്തെക്കുറിച്ചറിയുന്നു
- നാമത്തിന്റെ പിരിവുകളെക്കുറിച്ച് ധാരണ ഉണ്ടാകുന്നു
- നാമാധികാരത്തെക്കുറിച്ച് മനസിലാക്കുന്നു
- വിഭക്തിയെക്കുറിച്ചറിയുന്നു
- കൃതികൃത്ത്, തദ്ധിതം എന്നിവയെക്കുറിച്ചറിയുന്നു

## Prerequisite

ഏതെങ്കിലും ഒരു അർഥം സൂചിപ്പിക്കുന്ന വർണസമൂഹത്തെ ശബ്ദം എന്ന് വിളിക്കുന്നു ശബ്ദത്തെ പ്രയോഗിക്കാൻ സജ്ജമാക്കുന്നത് അവയോട് പ്രത്യയങ്ങൾ ചേർത്താണ്. പ്രകൃതിയും പ്രത്യയവും ചേർന്നതിനെ പദം എന്നും പറയാം. നാമങ്ങളോട് ലിംഗം, വചനം, വിഭക്തി എന്നീ പ്രത്യയങ്ങളാണ് ചേരുന്നത്. ചില പ്രകൃതിയോട് പ്രത്യയം നേരിട്ട് ചേരുകയില്ല അപ്പോൾ അവയെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇടനില ചേർക്കുന്നു. ശബ്ദങ്ങളെ വാചകം എന്നും ദ്യോതകം എന്നും രണ്ടായി വിഭജിക്കാം. സ്വന്തമായ അർഥമുള്ളതാണ് വാചകം, വാച്യമായ ഒരു അർഥത്തെയും കാണിക്കാതെ രണ്ടു വാച്യാർഥങ്ങൾ തമ്മിലുള്ള സംബന്ധത്തെ സൂചിപ്പിക്കുക മാത്രം ചെയ്യുന്നതാണ് ദ്യോതകം. വാചകം മൂന്ന് വിധം ഉണ്ട്. നാമം, കൃതി,ഭേദകം. നാമത്തോട് ലിംഗവചന വിഭക്തി പ്രത്യയം ചേരുമ്പോൾ അവയ്ക്ക് രൂപമാറ്റം സംഭവിക്കുന്നു. ഈ രൂപവ്യത്യാസങ്ങളെക്കുറിച്ചാണ് നാമാധികാരത്തിൽ ചർച്ചചെയ്യുന്നത്.

## Keywords

നാമം - നാമാധികാരം - ലിംഗം - വചനം - വിഭക്തി - കാരകം - തദ്ധിതം - കൃതികൃത്ത്

## Discussion

### 2.2.1 നാമം

ഏതെങ്കിലും ആളിന്റെ സ്ഥലത്തിന്റെയോ വസ്തുവിന്റെയോ സമൂഹത്തിന്റെയോ ഗുണത്തിന്റെയോ പേരിനെ കുറിക്കുന്ന ശബ്ദത്തിനു നാമം എന്നു പറയുന്നു. നാമങ്ങൾക്കു ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം, സർവനാമം ഇങ്ങനെയാണു വിഭാഗങ്ങൾ.

ഉദാ : മല, തൃശൂർ, ഒഴുക്ക്

## 2.2.1.1 ദ്രവ്യനാമം

ദ്രവ്യത്തെ കുറിക്കുന്നത് ദ്രവ്യനാമം. ഏതെങ്കിലും വസ്തുവിനെ കുറിക്കുന്ന നാമമാണിത്. ദ്രവ്യനാമത്തെ നാലായി തരംതിരിക്കുന്നു.

### 1. സംജ്ഞാനാമം

പ്രത്യേക ആളിന്റെയോ വസ്തുവിന്റെയോ സ്ഥലത്തിന്റെയോ പേരിനെ കുറിക്കുന്നത് സംജ്ഞാനാമം.

ഉദാ : രാമൻ, കൃഷ്ണൻ, ഗോവിന്ദൻ

### 2. സാമാന്യനാമം

ഒരു ജാതിയെ കുറിക്കുന്നതു അഥവാ ഒരു വർഗത്തിലുള്ള അനേകത്തെ കുറിക്കുന്നതു സാമാന്യനാമം.

ഉദാ : മനുഷ്യൻ, മൃഗം, മരം, പള്ളി, ബ്രാഹ്മണൻ

### 3. മേയനാമം

ജാതിയെന്നോ വ്യക്തിയെന്നോ വേർതിരിച്ചു പറയാൻ കഴിയാത്തവയുടെ നാമത്തിനു മേയനാമമെന്നു പേര്.

ഉദാ : വെള്ളം, മണ്ണ്, ആകാശം, സ്വർണം, വായു

### 4. സർവനാമം

ഒരു പദം തന്നെ വീണ്ടും വീണ്ടും ആവർത്തിക്കുന്നതിലുള്ള അഭംഗി ഒഴിവാക്കാൻ ആ നാമത്തിനുപകരം ഉപയോഗിക്കുന്ന നാമത്തിനു തുല്യമായ പദമാണ് സർവനാമം. വസ്തുക്കളെ എല്ലാം ചേർത്തോ പ്രത്യേകമായോ കുറിക്കുന്ന നാമപദമാണ് ഇത്, സർവനാമം നാമത്തിന് പകരംനിൽക്കുന്നു. ക്രിയ, ഗുണം, ദ്രവ്യം എന്നിവയ്ക്കൊക്കെ പ്രയോഗിക്കുന്നതിനാൽ എല്ലാത്തിന്റെയും നാമമായതുകൊണ്ടു സർവനാമം എന്നു പറയുന്നു.

'സർവനാമത്തിനും നാമമായ നാമം താൻ സർവനാമം' എന്നാണ് കേരളപാണിനി സർവനാമത്തെ നിർവചിക്കുന്നത്.

ഉദാ : എല്ലാ, ഒക്ക, മറ്റു

കേരളപാണിനി സർവനാമത്തെ നാമത്തിന്റെ ഉപവിഭാഗമായി കാണുന്നുവെങ്കിൽ പ്രൊഫ. സി.എൽ. ആന്റണി അതിനെ ഒരു സ്വതന്ത്രപദവിഭാഗമായിട്ടാണ് കണക്കാക്കുന്നത്. 'കൈരളീശബ്ദാനുശാസനത്തിൽ' കെ. സുകുമാരപ്പിള്ളയും സർവനാമത്തെ ഒരു പ്രത്യേക പദവിഭാഗമായി കണക്കാക്കാമെന്നു പറയുന്നു.

സർവനാമത്തെ ഓരോ ഭാഷയിലേയും മൗലികസമ്പത്തായി കണക്കാക്കണം. നാമത്തിന് ലിംഗ, വചന, വിഭക്തിഭേദങ്ങളുള്ളതു പോലെ സർവനാമത്തിനും ലിംഗ, വചന വിഭക്തിഭേദങ്ങളുണ്ട്. പതിമൂന്നു സർവനാമഭാഗങ്ങൾ ഭാഷയിൽ പ്രയോഗത്തിലുള്ളതായി കണക്കാക്കിയിരിക്കുന്നു.

### സർവനാമങ്ങൾ

#### ഉത്തമപുരുഷസർവനാമം

സംസാരിക്കുന്ന ആൾ തന്നെക്കുറിക്കാൻ ഉപയോഗിക്കുന്നതാണു ഉത്തമപുരുഷസർവനാമം.

ഉദാ : ഞാൻ, ഞങ്ങൾ

#### മധ്യമപുരുഷസർവനാമം

ആരോടാണോ സംസാരിക്കുന്നത് ആ വ്യക്തിയെക്കുറിക്കുന്നതാണു മധ്യമപുരുഷസർവനാമം

ഉദാ : നീ, നിങ്ങൾ, താങ്കൾ, അവിടുന്ന്, അങ്ങ്, നിൻ

#### പ്രഥമപുരുഷസർവനാമം

പറയുന്ന ആളിനെയും കേൾക്കുന്ന ആളിനെയും അല്ലാതെ മൂന്നാമതൊരു ആളിനെയോ വസ്തുവിനെയോക്കുറിക്കുന്നതാണ് പ്രഥമപുരുഷസർവനാമം

ഉദാ : അവൻ, അവർ, അദ്ദേഹം, അത്

#### വിവേചകസർവനാമം

ചുട്ടെഴുത്തുകളാണ് വിവേചകസർവനാമങ്ങൾ. വിവേചിക്കാൻ കഴിവുള്ളതുകൊണ്ടാണ് ഈ പേര് അതിനു വന്നത്.

ഉദാ : അ, ഇ, ഒരു

**വ്യപേക്ഷകസർവനാമം**

ഉദാ : ഏ, യാ

സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷകളിലെപ്പോലെ വ്യപേക്ഷകസർവനാമം മലയാളത്തിൽ പ്രയോഗിക്കാറില്ല. അത്യാവശ്യം വിവർത്തനത്തിലും മറ്റും അത് പ്രയോഗിക്കാറുണ്ട് എന്നു പറയാം. യത്-തത് എന്ന രീതി പക്ഷെ മലയാളത്തിൽ പതിവില്ല. എങ്കിലും യാതൊരു എന്ന മട്ടിൽ ഒറ്റയ്ക്കു നില്ക്കുന്ന പ്രയോഗം ഇപ്പോഴും പ്രചാരത്തിലുണ്ടുതാനും. ഏത് എന്ന ചോദ്യസർവനാമത്തിൽ വരുത്തിയ പരിഷ്കാരമാണിതെന്നു കാണാം. One who sings she is a singer, ജോ ഗാതാ ഹോ വോ ഗായക് എന്ന മട്ടിൽ ആരാണോ പാടുന്നത് അയാൾ ഗായകൻ/ഗായിക എന്ന നിർവചനം നല്കേണ്ടതുപോലുള്ള സന്ദർഭങ്ങളിൽ അത് പദാനുപദവിവർത്തനമായി ഉപയോഗിച്ചെന്നിരിക്കും. മലയാളത്തിലാണെങ്കിൽ പാടുന്നവൻ/ൾ ഗായകൻ/യിക എന്ന വേറൊരു രീതിയിലാണ് അത് പ്രയോഗിക്കുക പതിവ്. അന്യപദാർത്ഥപ്രധാനമായ ബഹുവ്രീഹി സമാസത്തിൽ പീതാംബരൻ എന്നതിന് പീതമായ അംബരത്തോടുകൂടിയവനാരോ അവൻ എന്നൊക്കെ വിഗ്രഹം നല്കുന്നത് സംസ്കൃതരീതിയെ പിന്തുടർന്നുകൊണ്ടാണ്. അംബരത്തോടുകൂടിയവൻ എന്ന് എളുപ്പവഴിയുണ്ട്.

ഉദാ : ഏതൊരുവനാണോ അവൻ
യാതൊരുവനാണോ അവൻ

**ചോദ്യസർവനാമം**

ഒരു ചോദ്യത്തിന് പകരം നിൽക്കുന്ന സർവനാമമാണിത്.

ഉദാ : ആര്?, എന്ത്?

**നാനാസർവനാമം**

നാനാത്വത്തെക്കുറിക്കുന്ന സർവനാമമാണിത്.

ഉദാ : പലർ, ചിലർ, ചിലത്

**നിർദ്ദിഷ്ടവാചിസർവനാമം**

ഏതെങ്കിലും ഒരു നിർദ്ദിഷ്ടവസ്തുവിനെ കുറിക്കുന്ന സർവനാമം.

ഉദാ : ഇന്നകാര്യം
ഇന്നവസ്തു

**അംശവാചിസർവനാമം**

ഒരു പ്രത്യേക അംശത്തെയോ ഭാഗത്തെയോ കുറിക്കുന്നത്.

ഉദാ : മിക്ക വസ്തുക്കൾ
ചുരുക്കം ചിലർ
പകുതി രാജ്യം

**അന്യാർത്ഥകസർവനാമം**

ഒന്നിൽനിന്നു വ്യത്യസ്തമായ ഒരു വസ്തുവിനെയോ നാമത്തെയോ കുറിക്കുന്നത്.

ഉദാ : മറ്റ്, മറ്റേത്

**അനാസ്ഥവാചിസർവനാമം**

അനാസ്ഥാരീതിയിലുള്ള അർഥത്തെ സൂചിപ്പിക്കുന്നത്.

ഉദാ : വല്ലതും, വല്ല

**സ്വവാചിസർവനാമം**

കർത്താവിലേക്കു തന്നെ ചുരുങ്ങുന്ന സർവനാമം

ഉദാ : താൻ, തന്റെ

**സർവവാചിസർവനാമം**

എല്ലാം, ഓക്കെ ഇപ്രകാരം എല്ലാറ്റിനേയും സൂചിപ്പിക്കുന്നത്.

### 2.2.1.2 ഗുണനാമം

ഗുണത്തെ കുറിക്കുന്നത് ഗുണനാമം

ഉദാ : അഴക്, മിടുക്ക്, നന്മ, വിഡ്ഢിത്തം, ഗുണം

### 2.2.1.3 ക്രിയാനാമം

ക്രിയയെ കുറിക്കുന്നതു ക്രിയാനാമം

ഉദാ : പഠിപ്പ്, കളി, വരവ്, ഉറക്കം

### 2.2.1.4 ലിംഗം

ഒരു വസ്തുവിന്റെ ലിംഗവ്യത്യാസത്തെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളാണ്. ലിംഗ്രപ്രത്യയങ്ങൾ. രണ്ടുതരം ലിംഗവ്യവസ്ഥകൾ ഭാഷയിൽ സ്വീകരിക്കാറുണ്ട്. പദത്തിന്റെ സ്വരൂപമനുസരിച്ച് അവിടെ പുല്ലിംഗമാണോ സ്ത്രീലിംഗമാണോ ചേർക്കേണ്ടതെന്ന് നിശ്ചയിക്കുന്നു. സംസ്കൃതം ഈ സമ്പ്രദായമാണ് സ്വീകരിച്ചിരിക്കുന്നത്. അകാരാന്തപുല്ലിംഗം എന്നെല്ലാം പറയുന്നതിന്റെ അടിസ്ഥാനമിതാണ്. രണ്ട്, പദത്തിന്റെ അർഥം ഏതു വസ്തുവിനെ കുറിക്കുന്നുവോ ആ വസ്തു ഏതു ലിംഗവിഭാഗത്തിൽ ഉൾപ്പെടുന്നു എന്നതിനെ അടിസ്ഥാനമാക്കി സ്വീകരിക്കുന്നത്. ദ്രാവിഡഭാഷകളിൽ മനുഷ്യർ, ദേവന്മാർ, തുടങ്ങി വ്യക്തിപരമായ ചേതനത്വമുള്ള വർഗങ്ങളിൽ പുരുഷൻ എന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസം നിയമേന പരിഗണിക്കപ്പെടുന്നു. പക്ഷിമൃഗാദികളിലും ഇത്തരത്തിലുള്ള വ്യത്യാസം പ്രസക്തമെങ്കിൽ സ്ത്രീപുരുഷഭേദം ചെയ്യാറുണ്ട്. ചേതനത്വം തീരെ കുറഞ്ഞ ജന്തുക്കളും അചേതനങ്ങളും നപുംസകഗണത്തിലാണ് ഭാഷയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം വ്യക്തികളിൽ സങ്കല്പിക്കപ്പെടുന്ന ലിംഗഭേദത്തിന് ദ്രാവിഡഭാഷകളിൽ രൂപഭേദത്തേക്കാളും അർഥത്തിനാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നത്. മലയാളത്തിൽ ലിംഗഭേദം മുഖ്യമായും വ്യക്തമാകുന്നത് അർഥഭേദംകൊണ്ടാണ്. കേരളപാണിനീയത്തിലെ ലിംഗവ്യവസ്ഥ ഇപ്രകാരമാണ്

സ്ത്രീ, പുരുഷൻ, നപുംസകം എന്നീ വ്യത്യാസത്തെ കാണിക്കുന്നതിന് നാമത്തിൽ വരുത്തുന്ന രൂപവ്യത്യാസത്തിന് ലിംഗം എന്നു പറയുന്നു. ഭാഷയിലെ നാമപദങ്ങളെ പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. അർഥംകൊണ്ടു പുരുഷനെ കുറിക്കുന്നതു പുല്ലിംഗം, സ്ത്രീയെ കുറിക്കുന്നത് സ്ത്രീലിംഗം. സ്ത്രീ-പുരുഷഭേദമില്ലാത്തത് നപുംസകലിംഗം. ജീവനില്ലാത്ത വസ്തുക്കളുടെയും സ്ത്രീപുരുഷവ്യത്യാസം തിരിച്ചറിയാൻ വിഷമമുള്ളവയുടെയും വിശേഷണബുദ്ധിയില്ലാത്ത ജന്തുക്കളുടെയും പേരുകളായ നാമങ്ങൾ ഭാഷയിൽ നപുംസകലിംഗമാണ്.

*നാമാർത്ഥവസ്തുവിന്നുള്ള*
*പുംസ്ത്രീക്ലീബങ്ങൾ ലിംഗമാം*
*ജഡജന്തുക്കളും ക്ലീബം*
*പുംസ്ത്രീഭേദാവിവക്ഷയാൽ*
*(കേരളപാണിനീയം 41-ാം കാരിക)*

പുരുഷൻ, സ്ത്രീ, നപുംസകം എന്നീ വിഭാഗങ്ങളെ കുറിക്കുന്നതിനാണ് ലിംഗവ്യവസ്ഥ ചെയ്തിരിക്കുന്നത്. മലയാളത്തിലെ ലിംഗവ്യവസ്ഥ അർഥത്തെ അടിസ്ഥാനമാക്കിയാണ്, വിശേഷബുദ്ധിയില്ലാത്ത ജീവികളെ ഭാഷയിൽ നപുംസകമായേ കണക്കാക്കാറുള്ളു എന്ന് കേരളപാണിനി പറയുന്നു.

*അകാരാന്തത്തിനേ ഉള്ളൂ*
*ലിംഗഭേദം പ്രധാനമായ്*
*അതും താലവ്യമാണെങ്കി-*
*ലില്ല പൂജയിലെന്നിയേ*
*വേറെ പ്രയോജനം കാണും*
*മറ്റുള്ളടത്തു ചേർക്കുകിൽ*
*(കേരളപാണിനീയം 42-ാം കാരിക)*

അകാരാന്തശബ്ദങ്ങളിൽ മാത്രമേ ലിംഗപ്രത്യയം ചേർക്കേണ്ടതുള്ളൂ. താലവ്യാകാര ശബ്ദങ്ങളിൽ ലിംഗപ്രത്യയം ചേർക്കാറില്ല. എങ്കിലും ബഹുവചനസൂചകമായി ചിലപ്പോൾ പ്രത്യയം ചേർക്കാറുണ്ട്.

ഉദാ : തന്തയാൻ

*അനിയം (അൻ - ഇ അം)*
*ലിംഗപ്രത്യയമാവിത്*
*അനൾതു (അൻ അൾ തു) സർവനാമത്തിൽ,*
*പുംസ്ത്രീ സാധാരണത്തിലും*
*ആനാൾതുവെന്നു ദീർഘിക്കു-*
*മാഖ്യാതത്തിൽ തൊടുക്കുകിൽ.*
*(കേരളപാണിനീയം 43-ാം കാരിക)*

തനിനാമത്തിൽ പുല്ലിംഗത്തിന് 'അൻ' എന്നും സ്ത്രീലിംഗത്തിന് 'ഇ' എന്നും നപുംസകലിംഗത്തിന് 'അം' എന്നുമാണ് പ്രത്യയങ്ങൾ.

ഉദാ : കള്ളൻ
കള്ളി

സർവനാമത്തിൽ 'അൻ', 'അൾ', 'തു' എന്നിവയാണു പ്രത്യയങ്ങൾ.

ഉദാ : അവൻ

അവൾ

അത്

ആഖ്യാതത്തോടുകൂടി ചേരുമ്പോൾ ഈ ലിംഗപ്രത്യയങ്ങൾ യഥാക്രമം ആൻ, ആൾ എന്നു മാറും

ഉദാ : വന്നാൻ

വന്നാൾ

*ആനാളെന്നുള്ള പുംസ്ത്രീകൾ*
*ചേർക്കാം പൂജയിലേതിനും*
*പൂജാധിക്യത്തിലാരെന്നും*
*വചനം മാറിവന്നിടാം.*
*(കേരളപാണിനീയം 44-ാം കാരിക)*

ബഹുമാനം സൂചിപ്പിക്കുവാനായി എല്ലാ ശബ്ദങ്ങളിലും പുല്ലിംഗത്തിൽ 'ആൻ' എന്നും സ്ത്രീലിംഗത്തിൽ 'ആൾ' എന്നും ചേർക്കും. കൂടുതൽ ബഹുമാനം കാണിക്കേണ്ടി വരുമ്പോൾ രണ്ടു ലിംഗത്തിനും ബഹുവചനരൂപമായ 'ആർ' ചേർക്കും.

ഉദാ : തന്തയാൻ, തള്ളയാൾ

തന്തയാർ, തള്ളയാർ

*അത്തിയെന്നു ചിലേടത്തു*
*കാരൻ കാരത്തിയെന്നപോൽ;*
*താലവ്യാദേശവും കാൺക*
*തടിയന്നു തടിച്ചിപോൽ*
*ആളുന്നോളെന്നർഥമായ ശബ്ദം താനാട്ടിയായത്*
*പുന്നപുംസകമായിട്ടു-*
*മൻ താൻ കൃത്തദ്ധിതങ്ങളിൽ*
*(കേരളപാണിനീയം 45-ാം കാരിക)*

ചില ശബ്ദങ്ങളിൽ സ്ത്രീലിംഗപ്രത്യയം 'ത്തി' എന്നു വരും.

ഉദാ : പണിക്കാരൻ - പണിക്കാരത്തി

'ത്തി' എന്ന പ്രത്യയം താലവ്യത്തിനുപരമായി വന്നാൽ 'ത' കാരത്തിനു 'ച'കാരം ആദേശം സംഭവിക്കുകയും രൂപം 'ച്ചി' എന്നാകുകയും ചെയ്യുന്നു.

ഉദാ : ചെട്ടി - ചെട്ടിച്ചി

മടിയൻ - മടിച്ചി

ചില പദങ്ങളിൽ 'ആട്ടി' എന്ന സ്ത്രീലിംഗ പ്രത്യയം കാണാം.

ഉദാ : മണവാട്ടി, തമ്പുരാട്ടി

ഇവയിൽ കാണുന്ന 'ആട്ടി' 'ത്തി' ചേർന്നുണ്ടായതാണ്.

ഉദാ : ആൾ + ത്തി - ആൾട്ടി - ആട്ടി

കൃദന്തശബ്ദങ്ങളിലും തദ്ധിതങ്ങളിലും 'അൻ' എന്ന ലിംഗപ്രത്യയം വരും.

ഉദാ : തെക്കൻ (തദ്ധിതം)

- തെക്കുനിന്നു വന്നവൻ

തൊരപ്പൻ (കൃത്ത്)

- തുരക്കുന്നവൻ/ത്

സംജ്ഞാനാമം, സാമാന്യനാമം എന്നിവയ്ക്കും സർവനാമങ്ങളിൽ ചിലതിനും മാത്രമേ ഭാഷയിൽ ലിംഗവ്യവസ്ഥയുള്ളൂ. മേയനാമം, ഗുണനാമം, ക്രിയാനാമം എന്നിവ ഭാഷയിൽ നപുംസകലിംഗമാണ്.

**നപുംസകലിംഗപ്രത്യയം**

'അം', 'ത്' എന്നിവയാണു നപുംസകലിംഗപ്രത്യയങ്ങൾ. പക്ഷെ അ, ഇ, ഉ എന്നീ അക്ഷരങ്ങളിലോ ചില്ലുകളിലോ അവസാനിക്കുന്ന നപുംസകനാമങ്ങളും ഭാഷയിലുണ്ട്. അം എന്ന അക്ഷരം നപുംസകപ്രത്യയമായി കരുതുമ്പോഴും സാർവ്വത്രികമായി അം എന്ന പ്രത്യയം നപുംസകങ്ങളിൽ ഉപയോഗിക്കുന്നില്ല. അം എന്ന പ്രത്യയം അകാരന്തങ്ങളെ സംബന്ധിച്ച് ശരിയായിരിക്കും. മരം, മാനം, മുറ്റം, പുറം, പടം, പഴം, മണം തുടങ്ങിയവ.

അകാരങ്ങളിൽ അവസാനിക്കുന്ന നപുംസകപദങ്ങൾ:

തറ, പറ, മറ,

പാറ, പന, പുക,

പാല, പാവ, പാന, വാഴ

ആയിൽ അവസാനിക്കുന്ന നപുംസകപദങ്ങൾ

കാ (കായ്),

വാ (വായ്),

പാ (പായ്)

ഇകാരങ്ങളിൽ അവസാനിക്കുന്ന നപുംസക പദങ്ങൾ

തടി, പടി, പണി

സംവൃതോകാരത്തിൽ അവസാനിക്കുന്ന നപുംസക പദങ്ങൾ

കാട്, വീട്, ചൂട്, കാറ്, തോട്, മണ്ണ്

വിവൃതോകാരത്തിൽ അവസാനിക്കുന്ന നപുംസകപദങ്ങൾ

പശു, പുഴു

ചില്ലുകളിൽ അവസാനിക്കുന്ന നപുംസകശബ്ദങ്ങൾ

ൽ - അവൽ

ൺ - വിൺ

ൾ - കവിൾ

ർ - പയർ

ര - ചുവർ (ചുവര്), തേർ (തേര്)

### 2.2.1.5 വചനം

നാം ഏതെങ്കിലും ഒരു വസ്തുവിനെപ്പറ്റി സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ ഒന്നിലധികമോ എന്ന് കാണിക്കാൻ നാമത്തിൽ വരുത്തുന്ന രൂപവ്യത്യാസത്തിനു വചനപ്രത്യയം എന്ന് പറയുന്നു. വചനം രണ്ടുവിധം.

#### ഏകവചനം (Singular)

ഒന്നിനെക്കുറിക്കുന്നത് ഏകവചനം, ഇതിന് പ്രത്യയമില്ല.

മനുഷ്യൻ

മിടുക്കൻ

#### ബഹുവചനം (Plural)

പലതിനെ കുറിക്കുന്നത് ബഹുവചനം. കൾ, മാർ, ആർ, അർ എന്നിവയാണ് പ്രത്യയങ്ങൾ.

സ്ത്രീകൾ

മിടുക്കന്മാർ

ഗുരുക്കന്മാർ

മനുഷ്യർ

ബഹുവചനത്തിനു സലിംഗം, അലിംഗം, പൂജകം എന്നിങ്ങനെ മൂന്ന് രൂപങ്ങളുണ്ട്.

*ആരെന്നലിംഗപുംസ്ത്രീകൾ*
*ക്കവയ്ക്കേ മാർ സലിംഗമാം*
*ക്ലീബത്തിൽകൾ ചേർച്ച പോലെ*
*പൂജകത്തിന് മൂന്നുമാം*
*അ എന്നു സർവ്വനാമത്തിൽ*
*നപുംസക ബഹുക്കുറി*

*(കേരളപാണിനീയം 50-ാം കാരിക)*

#### സലിംഗ ബഹുവചനം

#### (ലിംഗത്തോടു കൂടിയ ബഹുവചനം)

സ്ത്രീകളുടെ മാത്രമോ പുരുഷന്മാരുടെ മാത്രമോ ബഹുത്വത്തെ കുറിക്കുന്നത് സലിംഗബഹുവചനം. പ്രത്യയം മാർ, കൾ. ഇതിൽ 'കൾ' എന്ന പ്രത്യയം അനാദരവിനെയും നപുംസകത്തെയും കുറിക്കുന്നതാണ്. സർവനാമങ്ങൾക്ക് സലിംഗബഹുവചനമില്ല.

ഉദാ : രാമന്മാർ, നമ്പൂതിരിമാർ,
തള്ളമാർ, ഭാര്യമാർ

സ്ത്രീ പുരുഷൻ ചേർന്നുള്ള ബഹുത്വത്തെ കുറിക്കുന്നത് അലിംഗബഹുവചനം. ലിംഗപ്രത്യയങ്ങൾ നഷ്ടപ്പെട്ട ബഹുവചനം അലിംഗം. പ്രത്യയം - അർ, കൾ.

ഉദാ : സഹോദരർ, സഹോദരങ്ങൾ,
മിടുക്കർ, ശൂദ്രർ

#### പൂജകബഹുവചനം

ഏകവചനാർഥത്തിൽ ബഹുമാനം കാണിക്കുവാൻ ഉപയോഗിക്കുന്ന ബഹുവചനമാണിത്. ഒരു വ്യക്തിക്ക് തന്നെ ബഹുമാനത്തിനുവേണ്ടി ചെയ്യുന്നത് പൂജകബഹുവചനം. പ്രത്യയം -കൾ.

ഉദാ : സ്വാമികൾ

*സംഖ്യാവിശേഷണം ചേർന്നാൽ*
*ക്ലീബേ വേണ്ട ബഹുക്കുറി*

*(കേരളപാണിനീയം 51-ാം കാരിക)*

സംഖ്യാവിശേഷണത്തോട് ചേർന്നുവരുന്ന നപുംസകനാമങ്ങളിൽ ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ല.

ഉദാ : പത്തു രൂപ - പത്തു രൂപകൾ എന്നുവേണ്ട

ആയിരം തേങ്ങ - ആയിരം തേങ്ങകൾ എന്നുവേണ്ട

നേത്രയുഗ്മം - യുഗ്മങ്ങൾ എന്നുവേണ്ട

## 2.2.1.6 വിഭക്തി

മറ്റു പദങ്ങളുമായുള്ള ബന്ധങ്ങളെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയത്തിന് വിഭക്തി എന്നു പറയുന്നു. സംസ്കൃതപണ്ഡിതന്മാർ പ്രഥമ, ദ്വിതീയ, തൃതീയ, ചതുർഥി, പഞ്ചമി, ഷഷ്ഠി, സപ്തമി എന്ന് വിഭക്തികൾക്ക് പേരിട്ടിരിക്കുന്നു. എന്നാൽ ഇത് ദ്രാവിഡരീതിക്ക് യോജിച്ചതല്ലായെന്ന് എ. ആർ. രാജരാജവർമ പറയുന്നു. അതിന് അദ്ദേഹം നിരത്തുന്ന കാരണങ്ങൾ ഇവയാണ്:

### കാരണങ്ങൾ

സംസ്കൃതത്തിൽ ഒരേ രൂപത്തിന് പല അർഥങ്ങളായിരിക്കെ ഭാഷയിൽ ഓരോ അർഥത്തിനും ഭിന്നരൂപങ്ങൾ കാണുന്നു.

ഉദാ : സംസ്കൃതത്തിൽ തൃതീയയ്ക്ക് 'തേന' എന്ന് പ്രത്യയം. അതിന് പല അർഥവും പറയാം. മലയാളത്തിൽ അർഥഭേദമനുസരിച്ച് രൂപഭേദവും വരുന്നു. സംസ്കൃതത്തിൽ തൃതീയയ്ക്ക് തേന എന്ന് പ്രത്യയം. മലയാളത്തിൽ ഇതിന് സമാനമായി ഓട്, ഹേതു, ആയി, ആൽ, ഉടെ എന്നിങ്ങനെയാണ് പ്രത്യയങ്ങൾ.

സംസ്കൃതത്തിൽ ഈ അർഥഭേദങ്ങളെല്ലാം ഒരേ പ്രത്യയംകൊണ്ടു സൂചിപ്പിക്കുമ്പോൾ ഭാഷയിൽ പ്രത്യയങ്ങൾ പലതായിരിക്കുന്നു. അപ്പോൾ എല്ലാത്തിനും കൂടി ഒരു പേരു ശരിയാവില്ല.

ഭാഷയിലെ ഒരു വിഭക്തി പ്രത്യയത്തിനു തന്നെ സംസ്കൃതത്തിൽ ഭിന്നരൂപം

ഉദാ :

1) മുരളിക്ക് പുത്രനുണ്ടായി - മുരളസ്യ പുത്രോ ജാത

2) മുരളിക്ക് ധനം കൊടുത്തു
- മുരളി ധനം അദാത്.

രണ്ടിടത്തും 'മുരളിക്ക്' എന്ന് പറയുമ്പോൾ ഒരേ വിഭക്തിയാണ്. സംസ്കൃതത്തിൽ അത് ഷഷ്ഠിയും ചതുർഥിയുമാണ്.

സംസ്കൃതത്തിൽ വിഭക്തിരൂപങ്ങളെല്ലാം പ്രത്യയം തന്നെയാണ്. ഭാഷയിൽ വിഭക്തിരൂപങ്ങൾ പലതരത്തിൽ വരുന്നു.

ഉദാ :

1) ആൽ, ഓട് എന്ന് തൃതിയയ്ക്കു ഭാഷാ പ്രത്യയങ്ങൾ
2) അവനെകൊണ്ട് - 'എ' എന്ന വിഭക്തി പ്രത്യയത്തിനുശേഷം 'കൊണ്ട്' എന്ന ഗതി.
3) അവനിലൂടെ - 'ഇൽ' എന്ന വിഭക്തി പ്രത്യയത്തിനുശേഷം ഊടെ എന്ന അവ്യയം.
4) അവൻ ഹേതുവായി - 'അവൻ' എന്നതിനുശേഷം 'ഹേതു' എന്ന സമാസം.
5) അവനായി - 'ആയി' എന്ന വിനയെച്ചം

വിഭക്തിപ്രത്യയങ്ങളുടെ എണ്ണം രണ്ടു ഭാഷയിലും ഏഴാണെങ്കിലും അർഥത്തിൽ അതു യോജിക്കുന്നില്ല. സംസ്കൃതത്തിലെ ചതുർത്ഥി ഭാഷയിൽ ഷഷ്ഠിയാണ്.

ഈ കാരണങ്ങൾ പരിഗണിച്ച് വിഭക്തികൾക്ക് കേരളപാണിനി പുതിയ പേരുകൾ നിർദ്ദേശിക്കുന്നു. അവ

*തന്മനിർദ്ദേശികാ കർത്താ,*
*പ്രതിഗ്രാഹികകർമമെ*
*ഓട് സംയോജിക സാക്ഷി*
*സ്വാമിയുദ്ദേശികാ ക്ക്, വ്;*
*ഓട് സംയോജിക സാക്ഷി;*
*ആൽ പ്രയോജികയാം ഹേതു:*
*ഉടെ സംബന്ധികാ സ്വതാ*
*ആധാരികാധികരണം*
*ഇൽ, കൽ പ്രത്യയമായവ.*

*(കേരളപാണിനീയം 55-ാം കാരിക)*

### 1. നിർദ്ദേശിക

കർതൃകാരകമായ ഒന്നാമത്തെ വിഭക്തിക്ക്

നിർദ്ദേശിക എന്നാണ് പേര്. അതിന് പ്രത്യയമില്ല. ശബ്ദസ്വരൂപം തന്നെയാണ് നിർദ്ദേശിക.

ഉദാ : രാമൻ കാട്ടിൽ വസിച്ചു

### 2. പ്രതിഗ്രാഹിക

കർമകാരകത്തെ കുറിക്കുന്നത് പ്രതിഗ്രാഹിക. പ്രത്യയം 'എ'

ഉദാ : രാമനെ കണ്ടു.

### 3. സംയോജിക

സംയോജികാവിഭക്തിക്ക് സാക്ഷികാരകം.

പ്രത്യയം 'ഓട്',

ഉദാ : രാമനോട് പറഞ്ഞു.

### 4. ഉദ്ദേശിക

ഉദ്ദേശികയ്ക്ക് സ്വാമി എന്ന കാരകം.

പ്രത്യയം - ക്ക്, ന്

ഉദാ : സീതയ്ക്ക് പുത്രനുണ്ടായി.
രാമന് പുത്രനുണ്ടായി

### 5. പ്രയോജിക

പ്രയോജികയ്ക്ക് ഹേതുകാരകം,

പ്രത്യയം - ആൽ

ഉദാ : രാമനാൽ രാവണൻ കൊല്ലപ്പെട്ടു.

### 6. സംബന്ധികയ്ക്ക് സ്വത്വാ = സ്വത്വം എന്നർഥം

സംബന്ധികയ്ക്ക് കാരകമില്ല

സംബന്ധികയുടെ അർഥം 'ഉടമ' എന്നാണ്

പ്രത്യയം - ന്റെ, ഉടെ,

ഉദാ : രാമന്റെ കൊട്ടാരം
സീതയുടെ വീട്

### 7. ആധാരിക

ആധാരികയ്ക്ക് അധികരണം എന്ന കാരകമാണ് അർഥം. പ്രത്യയം - ഇൽ, കൽ

ഉദാ : മെത്തയിൽ കിടന്നു.
രാമനിൽ നന്മയുണ്ട്
പടിക്കൽ വന്നു

*വ്യഞ്ജനാന്തത്തിലിൻ ചേർത്തു*
*വിഭക്ത്യംഗം ചമയ്ക്കണം*
*(കേരളപാണിനീയം 56-ാം കാരിക)*

വ്യഞ്ജനാന്തങ്ങളായ ശബ്ദങ്ങളിൽ ആ ശബ്ദത്തോട് ഇൻ എന്നു ചേർത്താൽ വിഭക്തിപ്രത്യയം ചേരുന്നതിനുള്ള അംഗമായിത്തീരും.

ഉദാ : രാജാവ് + ഇൻ = രാജാവിൻ + എ
= രാജാവിനെ

കൺ + ഇൻ = കണ്ണിൻ + ഉ് = കണ്ണിനു് ഈ ഇൻ എന്ന അംഗപ്രത്യയം സംബന്ധിക, ഉദ്ദേശിക എന്ന രണ്ടു വിഭക്തികളിലും നിത്യമായിട്ടും മറ്റുള്ളവയിൽ വികല്പമായിട്ടുമാണ് വരുന്നത്.

പ്രതിഗ്രാഹിക - രാജാവിനെ, രാജാവെ

പ്രയോജിക - രാജാവിനാൽ, രാജാവാൽ

സംയോജിക - രാജാവിനോട്, രാജാവോട്

ഉദ്ദേശിക - രാജാവിന്

സംബന്ധിക - രാജാവിന്റെ

ഇൻ എന്ന ഇടനില ചേർക്കുന്നത് പ്രകൃതിപ്രത്യയങ്ങളെ യോജിപ്പിക്കാൻ വേണ്ടിയാകയാൽ ഇൽ എന്ന ആധാരികയിൽ ഇത് ചേർക്കേണ്ടി വരികയില്ല.

*മേൽക്കുമേൽ ലിംഗവചന*
*വിഭക്തികൾ മുറയ്ക്കിഹ*
*(കേരളപാണിനീയം 60-ാം കാരിക)*

നാമങ്ങളിൽ ആദ്യം ലിംഗപ്രത്യയമുണ്ടെങ്കിൽ അത്, പിന്നീട് വചനപ്രത്യയമുണ്ടെങ്കിൽ അത്, ഒടുവിൽ വിഭക്തിപ്രത്യയം എന്നീ മുറയ്ക്കാണ് രൂപം ചമയ്ക്കേണ്ടത്.

**വിഭക്തികളുടെ എണ്ണം**

വിഭക്തികളുടെ എണ്ണത്തിന്റെ കാര്യത്തിൽ വൈയാകരണന്മാർ വ്യത്യസ്ത മതക്കാരാണ്. സംസ്കൃതരീതിയനുസരിച്ച് ഏഴ് വിഭക്തികളാണ് ഭാഷയിലുള്ളതെന്ന് നിരീക്ഷിച്ചവരാണ് കൂടുതലും. എന്നാൽ എ.ആറിന്റെ അഭിപ്രായപ്രകാരം വിഭക്തികളുടെ എണ്ണം ഏഴാണെങ്കിലും അവ സംസ്കൃതരീതിയിൽനിന്ന് വ്യത്യസ്തമാണ്.

## മലയാളത്തിലെ വിഭക്തികളും പ്രത്യയങ്ങളും

| വിഭക്തി | പ്രത്യയം | ഉദാഹരണം |
|---|---|---|
| നിർദ്ദേശിക | പ്രത്യയം ഇല്ല | രാമൻ |
| പ്രതിഗ്രാഹിക (Objective) | എ | രാമനെ |
| | | കൃഷ്ണനെ |
| | | കാറ്റിനെ |
| സംയോജിക (Socletive) | ഓട് | അമ്മയോട് |
| | | അച്ഛനോട് |
| | | കാറ്റിനോട് |
| ഉദ്ദേശിക (Dative) | ഉ്, ക്ക്, ന് | അമ്മയ്ക്ക് |
| | | അച്ഛന് |
| | | കാറ്റിന് |
| പ്രയോജിക (Resonal) | ആൽ | അമ്മയാൽ |
| | | അച്ഛനാൽ |
| | | കാറ്റിനാൽ |
| സംബന്ധിക (Genitive) Or (Possessive) | ന്റെ, ഉടെ | അമ്മയുടെ |
| | | അച്ഛന്റെ |
| | | കാറ്റിന്റെ |
| ആധാരിക (Locative) | ഇൽ, കൽ | മെത്തയിൽ |
| | | അച്ഛനിൽ |
| | | പടിക്കൽ |
| | | അച്ഛൻകൽ |

### മിശ്രവിഭക്തി

*ഗതി ചേർന്ന വിഭക്ത്യന്ത*
*പദം മിശ്രവിഭക്തിയാം*
*അതിലോ കർത്തൃകർമ്മാദി*
*ക്കൊത്ത പോലെ വിഭക്തികൾ*
*(കേരളപാണിനീയം 63-ാം കാരിക)*

നാമങ്ങൾക്ക് നാമങ്ങളോടും ക്രിയയോടുമുള്ള ബന്ധം കാട്ടുകയാണു വിഭക്തികളുടെ പ്രവൃത്തി. എന്നാൽ വിഭക്തിപ്രത്യയങ്ങൾ കൊണ്ടുമാത്രം ചിലപ്പോൾ ഇതു സാധിക്കാതെ വരും. അതിനാൽ വിഭക്തികളെ സഹായിക്കുവാൻ ഗതികൾ ഉപയോഗിക്കും. ഗതി ചേർന്ന വിഭക്ത്യന്തമാണ് മിശ്രവിഭക്തി

ഉദാ : ഉപ്പുതൊട്ടു കർപ്പൂരം വരെ
മരത്തിൽനിന്നു വീണു

### സമാസവിഭക്തി

പ്രത്യയത്തിനും ഗതിക്കും പുറമെ മൂലം, നിമിത്തം എന്നീ പദങ്ങളോടു നാമം സമാസിച്ചും വിഭക്തിയുടെ അർഥമുണ്ടാക്കാം. ഇങ്ങനെയുള്ള രൂപങ്ങൾക്ക് സമാസവിഭക്തി എന്നു പറയുന്നു.

ഉദാ : അതുമൂലം
അതുനിമിത്തം
അതുകാരണം

### വിഭക്ത്യാഭാസം

*ഖിലം ലുപ്തമിരട്ടിപ്പും*
*വിഭക്ത്യാഭാസ സംജ്ഞമാം*
*(കേരളപാണിനീയം 65-ാം കാരിക)*

വിലക്ഷണവിഭക്തികൾക്കാണ് വിഭക്ത്യാഭാസം എന്നു പറയുന്നത്. വിഭക്ത്യാഭാസങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

**ഖിലം**

ചില വിഭക്തികൾ എല്ലാ നാമങ്ങളിലും കാണുകയില്ല. അവയ്ക്കു ഖിലം എന്നു പറയുന്നു.

ആധാരികയ്ക്ക് പറയുന്ന 'കൽ' പ്രത്യയം ബഹുവചനങ്ങളിൽ പ്രയോഗിക്കാറില്ല. ഏകവചനത്തിൽ എല്ലാ നാമങ്ങളോടും ചേരാറുമില്ല.

പടിക്കൽ (ഏകവചനം) (കൽ) പടികളിൽ (ബഹുവചനം) (ഇൽ)

**ലുപ്തം**

ചില വിഭക്തിരൂപങ്ങളിൽ പ്രത്യയം ലോപിച്ചു അംഗം മാത്രമായി നില്ക്കുന്നത് കാണാം.

ഉദാ : അക്കാലത്ത് (അക്കാലത്തിൽ)
ഇക്കാലത്ത് (ഇക്കാലത്തിൽ)

**ഇരട്ടിപ്പ്**

മറ്റു ചില സന്ദർഭങ്ങളിൽ ഒരു വിഭക്തിക്കുമേൽ മറ്റൊരു വിഭക്തി കൂടി വരുന്നതായി കാണാം.

ഉദാ : വെള്ളം + ഇൽ (ആധാരിക) + ക്ക് (ഉദ്ദേശിക) - വെള്ളത്തിലേക്ക്

### 2.2.1.7 കാരകം

*നാമവും ക്രിയയും തമ്മിലുള്ള*
*യോജന കാരകം*
*(കേരളപാണിനീയം 75-ാം കാരിക)*

നാമത്തിന് ക്രിയയോടുള്ള ബന്ധം കുറിക്കുന്നതാണ് കാരകം. സംബന്ധികാവിഭക്തി മാത്രം നാമത്തിന് നാമത്തോടുള്ള ബന്ധം കുറിക്കുന്നതാണ്. അതുകൊണ്ടു സംബന്ധിക ഒഴികെയുള്ള എല്ലാ വിഭക്തികൾക്കും ഓരോ കാരകമുണ്ടായിരിക്കും. വിഭക്തിപ്രത്യയങ്ങളെ അതുകൊണ്ട് കാരകപ്രത്യയങ്ങൾ എന്നു വിളിക്കാം. ഒരു വാക്യത്തിൽ ഏതെല്ലാം ഘടകങ്ങൾ നാമത്തെ ക്രിയയുമായി ബന്ധപ്പെടുത്തുന്നുവോ അതിനെ എല്ലാം ഓരോ കാരകമായി കണക്കാക്കാം.

ഉദാ : അച്ഛന്റെ നിയോഗത്താൽ പതിനാലു വർഷം രാമൻ കാട്ടിൽ താമസിച്ചു.

ഇവിടെ രാമൻ എന്ന നാമത്തെ താമസിച്ചു എന്ന ക്രിയയുമായി ബന്ധിപ്പിക്കുന്നത് അച്ഛന്റെ, നിയോഗത്താൽ, പതിനാലുവർഷം, കാട്ടിൽ തുടങ്ങിയ മറ്റു ഘടകങ്ങളാണ്. അവ ഓരോന്നും ഓരോ കാരകമാണ്. ഇവയിൽ ഏതെങ്കിലും ഒരു ഘടകത്തെ മാറ്റിയാൽ വാക്യത്തിനുപൂർണമായ അർഥം ലഭിക്കുകയില്ല. ഇപ്രകാരം ഒരു വാക്യത്തിന്റെ അർഥം പൂർണമാക്കുന്നതിനു ഒരു പദത്തെ മറ്റു പദങ്ങളുമായി ബന്ധിപ്പിക്കുന്നതിനെയാണ് ആകാംക്ഷ എന്നു പറയുന്നത്. ഒരു ക്രിയയുടെ ആകാംക്ഷയെ പൂർത്തീകരിക്കുന്നതാണ് കാരകം.

വാക്യത്തിൽ ക്രിയയ്ക്കും അതിനോട് ചേർന്നുവരുന്ന നാമങ്ങൾക്കും തമ്മിലുള്ള അർഥപരമായ ബന്ധമാണ് കാരകം. ഗതികൾ, അനുപ്രയോഗിച്ച് (വടികൊണ്ട്) നാമപ്രകൃതിയിൽ രൂപഭേദം വരുത്തിക്കൊണ്ട്(കോഴിക്കോട്ട്) പലവിധത്തിൽ കാരകങ്ങളെ ഭാഷയിൽ പ്രത്യക്ഷവല്കരിക്കാനാകും. കാരകങ്ങളെ പ്രത്യക്ഷവല്കരിക്കുന്നത് പ്രത്യയങ്ങളാണെങ്കിൽ അവയെ വിഭക്തികൾ എന്നു പറയുന്നു. വാക്യത്തിൽ ക്രിയയ്ക്കും നാമത്തിനും തമ്മിലുള്ള ആർഥികബന്ധം കാരകം. കാരകത്തെ അഭിവ്യക്തമാക്കുന്ന പ്രത്യയം വിഭക്തി. കാരകവും വിഭക്തിയും തമ്മിലുള്ള ബന്ധത്തെ രണ്ടുതരത്തിൽ വ്യക്തമാക്കാവുന്നതാണ്. ഒന്ന്, ഇന്നയിന്ന കാരകങ്ങൾക്ക് ഇന്നയിന്ന വിഭക്തികളാണ് പ്രയോഗത്തിലുള്ളത് എന്ന് വിശദീകരിക്കാം. രണ്ട്, ഇന്നയിന്നവയാണ് ഭാഷയിലെ വിഭക്തിപ്രത്യയങ്ങൾ എന്നും അവയോരോന്നിനും ഇന്നിന്ന അർഥങ്ങൾ (കാരകങ്ങൾ) ഇന്നയിന്ന സാഹചര്യങ്ങളിൽ വരാം എന്നും ചൂണ്ടിക്കാണിക്കാം. ഇവയിൽ ആദ്യത്തെ രീതി എളുപ്പമല്ല, ആർഥികബന്ധങ്ങൾ എത്ര

യുണ്ട് എന്ന് നിർണയിക്കുന്നത് പ്രയാസമാണ്. എല്ലാ ആർഥികബന്ധങ്ങൾക്കും ഒരു ഭാഷയിൽ സമാനരൂപങ്ങൾ ഉണ്ടാകണമെന്നില്ല. അതു കൊണ്ട് വിഭക്തിചർച്ചയിൽ രണ്ടാമത്തെ രീതി സ്വീകരിക്കുന്നതാണ് പ്രായോഗികമായിട്ടുള്ളത് (കെ.എം. പ്രഭാകരവാര്യർ, മലയാളവ്യാകരണ സമീക്ഷ 71 -72).

കാരകം ഏഴുവിധം ഉണ്ട്.

### 1. കർതൃകാരകം

ക്രിയ ചെയ്യുന്നത് ആരാണോ അല്ലെങ്കിൽ എന്താണോ അതിനെ സൂചിപ്പിക്കുന്ന നാമങ്ങൾ കർതൃകാരകത്തിൽപ്പെടുന്നു.

ഉദാ : അമ്മു പാട്ടു പാടുന്നു.

ഇവിടെ ക്രിയയ്ക്ക് ആധാരമായ കർത്താവാണ് അമ്മു. അതുകൊണ്ട് കർതൃകാരകം അമ്മു

### 2. കർമ്മകാരകം

കർത്താവിന്റെ ക്രിയയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നതാണ് കർമ്മകാരകം.

ഉദാ : രാമൻ കൃഷ്ണനെ അടിച്ചു.

### 3. സാക്ഷികാരകം

സംയോജികവിഭക്തിക്ക് സാക്ഷികാരകം

ക്രിയ ആരോട് അഥവാ എന്തിനോട് ബന്ധപ്പെടുന്നുവോ അതിനെകുറിക്കുന്ന നാമം സാക്ഷി കാരകത്തിൽ ഉൾപ്പെടുന്നു.

ഉദാ : ഞാൻ ഈശ്വരനോട് പ്രാർഥിച്ചു.

### 4. സ്വാമികാരകം

ഉദ്ദേശികയ്ക്ക് സ്വാമി എന്ന കാരകം

ആർക്ക് അല്ലെങ്കിൽ എന്തിന് ക്രിയ ഉതകുന്നുവോ അതിനെ കുറിക്കുന്നവ സ്വാമികാരകത്തിൽപ്പെടും.

ഉദാ : അവൻ അവൾക്കു പുസ്തകം നൽകി.

### 5. കാരണകാരകം (ഹേതുകാരകം)

പ്രയോജികയ്ക്ക് ഹേതു കാരകം

ക്രിയ ആരാൽ അഥവാ എന്തിനാൽ സംഭവിക്കുന്നു എന്നതിനെക്കുറിക്കുന്ന നാമം ഹേതു കാരകത്തിലുൾപ്പെടുന്നു.

ഉദാ : ദ്വേഷ്യത്താൽ അവൻ അങ്ങനെ പറഞ്ഞു.

### 6. സംബന്ധികയ്ക്ക് കാരകമില്ല (സ്വത്വം)

നാമങ്ങൾക്കു ക്രിയയോടുള്ള സംബന്ധം കാരകവും നാമങ്ങൾക്ക് നാമങ്ങളോടുള്ള സംബന്ധം സംബന്ധികയുടെ അർഥവുമാകയാൽ സംബന്ധികയ്ക്ക് കാരകമില്ലെന്നു പറയാം.

### 7. അധികരണകാരകം

ആധാരികയ്ക്ക് അധികരണ കാരകം

കർത്താവ് ക്രിയയ്ക്കാധാരമായി കല്പിക്കുന്ന കാരകം അധികരണകാരകം. ആധാരം മൂന്നുവിധമുണ്ട്. ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്നിങ്ങനെയാണവ.

ഉദാ : പായിലിരിക്കുന്നു - ഔപശ്ലേഷികം

സുഖത്തിൽ ഇച്ഛിക്കുന്നു- വൈഷയികം

എള്ളിൽ എണ്ണയിരിക്കുന്നു - അഭിവ്യാപകം

## 2.2.1.8 തദ്ധിതപ്രകരണം

നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന നാമങ്ങളാണ് തദ്ധിതങ്ങൾ. ഭാഷയിൽ നിലവിലുള്ള തദ്ധിതങ്ങളെ കേരളപാണിനി നാലായി തിരിച്ചിരിക്കുന്നു' തന്മാത്രാ തദ്ധിതം, തദ്വത്തദ്ധിതം, നാമനിർമ്മായിതദ്ധിതം, പൂരണിതദ്ധിതം

*ഭേദകാർഥപ്രകൃതിയിൽ*
*മ തന്മാത്രാഖ്യ തദ്ധിതം*
*ശേഷത്തിൽത്തം യഥായോഗം*
*പിന്നെത്തനതരാദിയും*

*(കേരളപാണിനീയം 91-ാം കാരിക)*

ഒരു വസ്തുവിന്റെ പല ധർമങ്ങളിൽ ഏതെങ്കിലും ഒരു ധർമത്തെ എടുത്തു കാട്ടുന്നതാണ് തന്മാത്രാതദ്ധിതം. 'അതു മാത്രം' എന്ന് പദത്തിന്റെ അർഥം. സൗന്ദര്യശബ്ദം ചെയ്യുന്നത് സുന്ദരനിലുള്ള വർണം, നീളം, നിറം, പൊക്കം മുതലായ ഉപാധികളെ ഗണിക്കാതെ സുന്ദരശബ്ദത്തിന്റെ ഒരു ധർമത്തെ മാത്രം പറയുകയാണ്.

ഉദാ : ചെറു- ചെറുമ

മടയൻ - മടയത്തം

*അതുള്ളതിത്യാദ്യർഥത്തിൽ*
*അൻതദ്വത്തെന്ന തദ്ധിതം*
*(കേരളപാണിനീയം 92-ാം കാരിക)*

അതുള്ളത്, അതിലുള്ളത്, അവിടെ നിന്നു വരുന്നത്, അവിടെ ജനിച്ചത് ഇത്യാദ്യർഥങ്ങൾക്ക് പൊതുവെ തദ്വത്തദ്ധിതം എന്നു പറയുന്നു.

ഉദാ : മടി - മടിയൻ

മൂപ്പ് -മൂപ്പൻ

*അനൾതുവെന്ന ലിംഗം താൻ*
*നാമനിർമായി തദ്ധിതം*
*നാമാംഗാധാരികാഭാസ*
*സംബന്ധികകൾ മുന്നിലും*
*(കേരളപാണിനീയം 93-ാം കാരിക)*

അൻ, അൾ, തു എന്ന ലിംഗപ്രത്യയങ്ങൾ തന്നെ പേരെച്ചം, ആധാരികാഭാസം സമാസ വിഭക്തി ഇതുകളിൽ ചേർന്ന് അവയെ നാമങ്ങളാക്കിത്തീർക്കും. ഈ തദ്ധിതത്തിന് നാമനിർമായി എന്നു പറയുന്നു.

ഉദാ : കണ്ടവൻ, കണ്ടവൾ, കണ്ടു

കണ്ടോൻ, കണ്ടോൾ,

*സംഖ്യാനാമത്തിലാമെന്നു*
*വരും പൂരണി തദ്ധിതം*
*(കേരളപാണിനീയം 94-ാം കാരിക)*

സംഖ്യോപാധികളായ നാമങ്ങളിൽ അതിനെ പൂരിപ്പിക്കുന്ന എന്നർഥത്തിൽ ആം പ്രത്യയം വരും. ഇതിന് പൂരണി എന്നു പറയുന്നു.

ഉദാ : ഒന്ന് - ഒന്നാം

രണ്ട് - രണ്ടാം

**കാലദേശ പ്രമാണങ്ങളെ സൂചിപ്പിക്കുന്ന തദ്ധിതങ്ങൾ**

*(കേരളപാണിനീയം 95-ാം കാരിക)*

അ, ഇ, എ എന്നീ ചുട്ടെഴുത്തുകളിൽ 'ങ്ങ്' 'ന്ന്' 'ത്ര' എന്നീ പ്രത്യയങ്ങൾ ചേർന്നാൽ ദേശം, കാലം, പ്രമാണം (അളവ്) എന്നിവയെക്കുറിക്കുന്ന തദ്ധിതങ്ങൾ ഉണ്ടാക്കാം

ഉദാ :

| ദേശം | | കാലം | പ്രമാണം |
|---|---|---|---|
| അ | അങ്ങ് | അന്ന് | അത്ര |
| ഇ | ഇങ്ങ് | ഇന്ന് | ഇത്ര |
| എ | എങ്ങ് | എന്ന് | എത്ര |

### 2.2.1.9 കൃത്ത്

ക്രിയയിൽ നിന്ന് ഉദ്ഭവിക്കുന്ന നാമപ്രത്യയങ്ങൾക്ക് 'കൃത്ത്' എന്നു പറയുന്നു. കൃത്തുകളെ കൃതികൃത്ത്, കാരകകൃത്ത് എന്ന് രണ്ടായി വിഭജിക്കുന്നു. കേവലമായ ക്രിയ നാമരൂപം കൈക്കൊള്ളുന്നതാണ് കൃതികൃത്ത്. കൃത്തിൽ കാരകബന്ധം കൂടി പ്രകടമായാൽ അത് കാരകകൃത്ത്.

#### 1. കൃതികൃത്ത്

അൽ, തൽ, പ്പൂ, വു, ച,തി, ത്തു, ത്തം
അ, ഇ, അം, മ, വി, ഇൽ, പടി
തല, മാനം, ടു, മ്പു, വാരം
ഇത്യാദി കൃതികൃത്തുകൾ

കൃതികൃത്തിനെ കുറിക്കുന്നതിന് അൽ, തൽ, പ്പൂ, വൂ, ച, തി, ത്തു, ത്തം ഇത്യാദി ഇരുപതു പ്രത്യയങ്ങളുണ്ട്. ഇവയെ ചേർച്ച പോലെ ധാതുക്കളിൽ ചേർക്കേണ്ടതാകുന്നു.

അൽ - ചെയ്യൽ

തൽ - കെടുതൽ

പ്പ് - കിടപ്പ്

വ് - അറിവ്

ച - ചേർച്ച

തി - പൊറുതി

ത്ത് - നെയ്ത്ത്

തം - പിടിത്തം

അ - കൊട

ഇ - കേളി

അം - നീളം

മ - ഓർമ

വി - മറവി

ഇൽ - വെയിൽ

പടി - നടപടി

തല - നടുതല

മാനം - വരുമാനം

ട് - ചുമട്

മ്പ് - കെടുമ്പ്

വാരം - തങ്ങാരം

*രൂപത്തിനൊത്തു പൊരുളു*
*മല്പാല്പം മാറി വന്നിടും*
*(കേരളപാണിനീയം 160-ാം കാരിക)*

കൃതികൃത്തുകളിൽ സൂക്ഷ്മം നോക്കുമ്പോൾ അർഥം ഒന്നു തന്നെ എന്നിരിക്കിലും ഒരോ പ്രത്യയത്തിനും ഒരോ വിശേഷമായ ഉപയോഗം വന്നിട്ടുള്ളതിനാൽ രൂപഭേദത്തിനനുരൂപമായി അർഥഭേദവും കാണും. ഒരേ ധാതുവിൽത്തന്നെ പ്രത്യയങ്ങളിൽ ഓരോന്നു മാറി മാറി ചേർത്താൽ അർഥവും മാറുമെന്ന് താല്പര്യം

തീര് - തീർച്ച, തീർവ, തീരുവ, തീർപ്പ് തീരുമാനം

പകര് - പകർപ്പ്, പകർച്ച, പകരം.

## 2. കാരകകൃത്ത്

ക്രിയയെ വിശേഷണമാക്കി പ്രാധാന്യം കുറച്ചു കൊണ്ട് അതിൽ നിന്നും ഉണ്ടാവുന്ന ഒരു കാരകത്തെ വിശേഷ്യമാക്കി പ്രാധാന്യം നൽകുന്നതാണ് കാരകകൃത്ത്. കാരകകൃത്തിൽ അ, ഇ എന്ന് രണ്ടു പ്രത്യയം വരും.

ഉദാ : നൊണ - നൊണയൻ - നൊണച്ചി

ഒരു വസ്തു പുരുഷനോ സ്ത്രീയോ നപുംസകമോ എന്നു കാണിക്കുന്നതിനാണ് ഭാഷയിൽ ലിംഗം എന്നു പറയുന്നത്. സ്ത്രീലിംഗം, പുല്ലിംഗം, നപുംസകലിംഗം എന്ന് മൂന്ന് ലിംഗങ്ങളാണ് ഭാഷയിലുള്ളത്. ഒരു വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുന്നതിനായി പറയുന്ന ശബ്ദത്തിന് ചെയ്യുന്ന രൂപഭേദമാണ് വചനം. നാമത്തിന് ക്രിയയോടുള്ള ബന്ധത്തിനെയാണ് കാരകം എന്നു പറയുന്നത്. നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന നാമങ്ങളാണ് തദ്ധിതങ്ങൾ. ക്രിയകളെ കൃത്തുകളാക്കാൻ പ്രത്യയങ്ങളുണ്ട്. കൃത്തുകളെ കൃതികൃത്ത് കാരകകൃത്ത് എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു. കേവലമായ ക്രിയനാമരൂപം കൈക്കൊള്ളുന്നതാണ് കൃതി.

ഒരു വസ്തുവിന്റെ പേരിനെ സൂചിപ്പിക്കുന്ന വ്യാകരണസംജ്ഞയാണ് നാമം. ലോകത്തിലെ ഏതു വസ്തുവിനെ കുറിക്കുന്ന പദവും നാമമാണ്. അത് ഒരു വ്യക്തിയുടെ പേര്, ജാതി, വർഗം, ഉപകരണം, ഉല്പന്നം തുടങ്ങി ഏതു പേരുമാകാം. എങ്കിലും ചില പദങ്ങൾ തനിയെ നിൽക്കുമ്പോൾ അവ നാമമാണോ അതോ ക്രിയയാണോ എന്ന സംശയം ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അതിന്റെ ഉപയോഗസന്ദർഭവും, അത് ഒരു വാക്യത്തിൽ ഏതൊക്കെ പ്രത്യയങ്ങളോടു കൂടി കടന്നുവരുന്നു എന്നതിനെ അനുസരിച്ചാണ് നാമമാണോ എന്നു പരിശോധിക്കേണ്ടത്. ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ വാചകമായ ശബ്ദമാണ് നാമം. നാമത്തിനോടുകൂടി ചേരുന്ന പ്രത്യയങ്ങളാണ് ലിംഗവചനവിഭക്തി പ്രത്യയങ്ങൾ. ഒരു വസ്തു ആണാണോ പെണ്ണാണോ നപുംസകമാണോ എന്നു കാണിക്കാൻ വേണ്ടി ചേർക്കുന്നതാണ് ലിംഗപ്രത്യയങ്ങൾ. ഒരു നാമം ഒറ്റയാണോ ഒന്നിൽകൂടുതലെണ്ണമാണോ എന്ന് കാണിക്കാൻ ചേർക്കുന്ന പ്രത്യയമാണ് വചനം. ഒരു നാമത്തിന് ക്രിയയോടോ മറ്റൊരു നാമത്തോടോ ഉള്ള ബന്ധം കാണിക്കാൻ വേണ്ടി നാമത്തിൽ ചേർക്കുന്നവയാണ് വിഭക്തി പ്രത്യയങ്ങൾ. ഇവയാണ് നാമവർഗങ്ങൾ എന്ന പേരിലറിയപ്പെടുന്നത്.

ഉദാ : മിടുക്കന്മാരുടെ > മിടുക്ക് (ഗുണനാമം) അൻ (ലിംഗം) + മാർ (വചനം) + ഉടെ (വിഭക്തി)

## Recap

- ഏതെങ്കിലും ആളുടെയോ സ്ഥലത്തിന്റെയോ വസ്തുവിന്റെയോ സമൂഹത്തിന്റെയോ ഗുണത്തിന്റെയോ പേരിനെ കുറിക്കുന്ന ശബ്ദത്തിന് നാമം എന്നു പറയുന്നു
- നാമങ്ങൾക്ക് ദ്രവ്യനാമം, ക്രിയാനാമം, ഗുണനാമം എന്നു വിഭാഗങ്ങൾ
- ദ്രവ്യത്തെ കുറിക്കുന്നത് ദ്രവ്യനാമം
- സർവത്തിന്റെയും നാമമായ നാമം താൻ സർവനാമമാം
- ഗുണത്തെ കുറിക്കുന്നത് ഗുണനാമം
- ക്രിയയെ കുറിക്കുന്നത് ക്രിയാനാമം
- ഒരു വസ്തുവിന്റെ ലിംഗവ്യത്യാസത്തെക്കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് ലിംഗപ്രത്യയങ്ങൾ
- ബഹുമാനം സൂചിപ്പിക്കുവാനായി എല്ലാ ശബ്ദങ്ങളിലും പുല്ലിംഗത്തിൽ 'ആൻ' എന്നും സ്ത്രീലിംഗത്തിൽ 'ആൾ' എന്നും ചേർക്കും
- അം,ത് എന്നിവയാണ് നപുംസകലിംഗ പ്രത്യയങ്ങൾ
- നാമത്താൽ നിർദ്ദേശിക്കപ്പെടുന്ന വസ്തു ഒന്നോ ഒന്നിലധികമോ എന്നു കുറിക്കാൻ നാമപദങ്ങളോടു ചേർക്കുന്ന പ്രത്യയങ്ങളാണ് വചനപ്രത്യയങ്ങൾ
- ഒന്നിനെ കുറിക്കുന്നത് ഏകവചനം
- പലതിനെ കുറിക്കുന്നത് ബഹുവചനം
- ലിംഗത്തോടു കൂടിയ ബഹുവചനം സലിംഗബഹുവചനം
- പല പദങ്ങളുമായുള്ള ബന്ധങ്ങളെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയത്തിന് വിഭക്തി എന്നു പറയുന്നു
- ഏഴു വിഭക്തികളാണ് മലയാളത്തിലുള്ളത്
- ചില വിഭക്തികൾ എല്ലാ നാമങ്ങളിലും കാണുകയില്ല. അവയ്ക്കു ഖിലം എന്നു പറയുന്നു
- ഗതി ചേർന്ന വിഭക്ത്യന്തമാണ് മിശ്രവിഭക്തി
- മൂലം, നിമിത്തം എന്നീ പദങ്ങളോട് സമാസിച്ച് വിഭക്തിയുടെ 'അർഥമുണ്ടാക്കുന്നതിനെ സമാസവിഭക്തി എന്നു പറയുന്നു
- വാക്യത്തിൽ ക്രിയയ്ക്കും അതിനോട് ചേർന്നുവരുന്ന നാമങ്ങൾക്കും തമ്മിലുള്ള അർഥപരമായ ബന്ധമാണ് കാരകം
- നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന നാമങ്ങളാണ് തദ്ധിതങ്ങൾ
- ഒരു വസ്തു ഇന്നവിധത്തിൽ ഇരിക്കുന്നു എന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നു എന്നോ വ്യക്തമാക്കുന്ന ക്രിയാപദമാണ് കൃതി

## Objective Questions

1. ഏതെങ്കിലും ആളുടെയോ സ്ഥലത്തിന്റെയോ വസ്തുവിന്റെയോ സമൂഹത്തിന്റെയോ ഗുണത്തിന്റെയോ പേരിനെ കുറിക്കുന്ന ശബ്ദത്തിന് പറയുന്ന പേര് എന്താണ്?
2. ദ്രവ്യത്തെ കുറിക്കുന്ന നാമം ഏത്?
3. ഗുണത്തെ കുറിക്കുന്ന നാമം ഏത്?
4. നാമത്തിന് പകരം നിൽക്കുന്ന നാമം ഏതാണ്?

5. കേരളപാണിനി സർവനാമത്തെ നിർവചിച്ചിരിക്കുന്നത് എപ്രകാരമാണ്?
6. വിവേചക സർവനാമങ്ങൾ എന്നറിയപ്പെടുന്നത് ഏതാണ്
7. ഒരു ചോദ്യത്തിന് പകരം നിൽക്കുന്ന സർവനാമം ഏതാണ്?
8. ഒരു വസ്തുവിന്റെ ലിംഗവ്യത്യാസത്തെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾ ഏവ?
9. മലയാളത്തിലെ ലിംഗവ്യവസ്ഥ എന്തിനെ അടിസ്ഥാനമാക്കിയാണ്?
10. മറ്റുപദങ്ങളുമായുള്ള ബന്ധങ്ങളെ കുറിക്കാൻ നാമങ്ങളിൽ ചേർക്കുന്ന പ്രത്യയത്തിന് എന്നു പറയുന്നു?
11. മലയാളത്തിൽ എത്ര വിഭക്തികളുണ്ട്?
12. ഗതി ചേർന്ന വിഭക്തിയെ എന്തു പറയുന്നു?
13. മൂലം, നിമിത്തം എന്നീ പദങ്ങളോട് സമാസിച്ച് വിഭക്തിയുടെ അർഥമുണ്ടാക്കുന്നതിന്നെ വിളിക്കുന്ന പേര് എന്ത്?
14. നാമവും ക്രിയയും തമിലുള്ള ബന്ധത്തെ കുറിക്കുന്നത് ഏതാണ്?
15. നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും നിഷ്പാദിപ്പിക്കുന്ന നാമങ്ങളെ എന്തു പറയുന്നു.?
16. ക്രിയയിൽ നിന്ന് നാമങ്ങളുണ്ടാക്കാൻ പ്രയോഗിക്കുന്ന പ്രത്യയമേത്?

## Answers

1. നാമം
2. ദ്രവ്യനാമം
3. ഗുണനാമം
4. സർവനാമം
5. സർവത്തിനും നാമമായ നാമം താൻ സർവനാമമാം
6. ചുട്ടെഴുത്തുകൾ
7. ചോദ്യ സർവനാമം
8. ലിംഗ പ്രത്യയങ്ങൾ
9. അർഥത്തെ
10. വിഭക്തി
11. ഏഴ്
12. മിശ്രവിഭക്തി
13. സമാസവിഭക്തി
14. കാരകം
15. തദ്ധിതം
16. കൃത്ത്

## Assignments

1. മലയാളത്തിലെ നാമവിഭാഗങ്ങളെ വിവരിക്കുക
2. വിഭക്തി എന്നാലെന്ത്? വിഭക്തിപ്രത്യയങ്ങളെ പരിചയപ്പെടുത്തുക
3. കാരകത്തെക്കുറിച്ച് വിവരിക്കുക
4. തദ്ധിത വിഭാഗങ്ങളെക്കുറിച്ച് വിവരിക്കുക
5. കൃതികൃത് ധാതുവിനെക്കുറിച്ച് ചർച്ച ചെയ്യുക
6. എ.ആർ. രാജരാജവർമ്മ വിഭക്തികൾക്ക് പേരിട്ടിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക

## Suggested Reading


1. സി.എൽ. ആന്റണി, കേരളപാണിനീയ ഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
2. കെ. ഗോദവർമ്മ, കേരളഭാഷാവിജ്ഞാനീയം, കേരളസർവകലാശാല, തിരുവനന്തപുരം
3. വി.പി. മാർക്കോസ്, 'മലയാളത്തിലെ സർവ്വനാമങ്ങൾ', സമകാലിക മലയാളവ്യാകരണം, എഡി. ശരത്ചന്ദ്രനായർ, വി.രാജേന്ദ്രബാബു, സി.ജി. മൈസൂർ: സി.ഐ.ഐ.എൽ
4. എം. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ


## Reference


1. എ.ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. എം.എം. രോഹിണി, മലയാളവ്യാകരണചരിത്രം, മലയാളഭാഷാപഠനങ്ങൾ, എഡി. എം.എം. ഉണ്ണികൃഷ്ണൻ, പി. കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം.
3. പി. നാരായണ മേനോൻ, വ്യാകരണ പാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. കെ. സുകുമാരപിള്ള, കൈരളി ശബ്ദാനുശാസനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ.എം. പ്രഭാകരവാര്യർ, മലയാള വ്യാകരണസമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

BLOCK 1

# യൂണിറ്റ് 3

# കാലപ്രകരണം

## Learning Outcomes

- കാലപ്രത്യയങ്ങളെക്കുറിച്ച് മനസിലാക്കുന്നു
- പ്രകാരത്തക്കുറിച്ച് അറിയുന്നു
- അനുപ്രയോഗത്തെക്കുറിച്ച് ധാരണ ഉണ്ടാകുന്നു
- ക്രിയാവിഭാഗങ്ങൾ മനസിലാക്കുന്നു
- പറ്റുവിന, മുറ്റുവിന എന്നിവയെക്കുറിച്ച് അറിയുന്നു
- ഭേദകത്തെക്കുറിച്ചറിയുന്നു

## Prerequisite

ശബ്ദങ്ങളോടൊപ്പം പ്രകൃതികൂടി ചേരുമ്പോഴാണ് സവിശേഷമായ അർഥതലങ്ങൾ പദങ്ങൾക്കുണ്ടാകുന്നത്. പ്രത്യയങ്ങൾ നാമത്തോടും ധാതുവിനോടും കൂടിയാണ് ചേരുന്നത്. നാമങ്ങളോട് ചേരുന്ന പ്രത്യയങ്ങളാണ് ലിംഗം, വചനം, വിഭക്തി എന്നിവ. ധാതുക്കളോടുകൂടി ചേരുന്നവയാണ് കാലം, പ്രകാരം, അനുപ്രയോഗം എന്നിവ. ഒരു നാമം ആൺ, പെൺ, നപും സകഭേദം ഉണ്ടാക്കാൻ ചേർക്കുന്ന പ്രത്യയങ്ങളാണ് ലിംഗപ്രത്യയങ്ങളെന്ന് പറയുന്നത്. ഒരു നാമം ഒന്നിൽ കൂടുതലുണ്ടെന്ന് കാണിക്കാൻ വേണ്ടി ചേർക്കുന്ന പ്രത്യയങ്ങളാണ് വചനപ്രത്യ യങ്ങൾ. നാമത്തിന് ക്രിയയോടുള്ള ബന്ധം സൂചിപ്പിക്കുവാൻ വേണ്ടി നാമത്തിൽ ചേർക്കുന്ന പ്രത്യയങ്ങളാണ് വിഭക്തി പ്രത്യയങ്ങളെന്നു പറയുന്നത്. ക്രിയ ചെയ്ത സമയത്തെ കുറിക്കാനു പയോഗിക്കുന്ന പ്രത്യയങ്ങളാണ് കാലപ്രത്യയങ്ങളെന്നു പറയുന്നത്. ക്രിയയുടെ വ്യാപാരത്തി ന്റെ സവിശേഷതയെ കുറിക്കാനാണ് പ്രകാരങ്ങളുപയോഗിക്കുന്നത്. ക്രിയയെ സഹായിക്കുവാ നായി ക്രിയയോടുചേർക്കുന്ന മറ്റൊരു ധാതുവിനെയാണ് അനുപ്രയോഗം എന്നുപറയുന്നത്.

## Keywords

കാലം – ഭൂതകാലം – പ്രകാരം – അനുപ്രയോഗം – ക്രിയ – സകർമകം – അകർമകം – കേവലം പ്രയോജകം – മുറ്റുവിന – പറ്റുവിന – പേരെച്ചം – വിനയെച്ചം –ഭേദകം.

## Discussion

### 2.3.1 കാല പ്രകരണം

#### 2.3.1.1 കാലം

നാമങ്ങൾക്കു ലിംഗം, വചനം, വിഭക്തി എന്നീ പ്രത്യയങ്ങളെ ആശ്രയിച്ച് രൂപവ്യത്യാസങ്ങൾ ഉണ്ടാകുന്നതുപോലെ ധാതുവിനു കാലം, പ്രയോഗം, പ്രകാരം എന്നീ ഉപാധികളെ അവലംബിച്ച് രൂപഭേദമുണ്ടാകുന്നു. ക്രിയ നടക്കുന്ന സമയത്തെ കാണിക്കുന്നതാണ് കാലം. കഴിഞ്ഞുപോയ കാര്യങ്ങളെ സൂചിപ്പിക്കുന്ന

ക്രിയകൾ ഭൂതകാലം (പ്രത്യയം - ഇ, തു), നടക്കുന്നത് വർത്തമാനകാലം (പ്രത്യയം- ന്നു). വരാനിരിക്കുന്നത് ഭാവികാലം (പ്രത്യയം- ഉം)

**ഭൂതകാലപ്രത്യയം ചേരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ**

*ധാത്വന്തം സ്വരമോചില്ലോ*
*വന്നാൽ ഭൂതംതുകാരമാം*

ധാതുവിന്റെ അവസാനം സ്വരമോ ചില്ലോ വന്നാൽ ഭുതക്കാലപ്രത്യയം 'തു' ആണ്. 'ഇ'

ഉദാ : തൊഴു+ തു - തൊഴുതു
കൺ + തു = കണ്ടു

*തുതകാരമിരട്ടിക്കും*
*ധാതുകാരിതമാവുകിൽ*
*നകാരം ചേരുമല്ലെങ്കിൽ*
*അവ്വിലെക്കാരിതത്തിലും*
*ധാതു താലവ്യാന്തമായാൽ*
*താലവ്യാദേശമോർക്കണം*
*അനുനാസിക മുള്ളേട*
*ത്തതിപ്രസരവും തഥാ*
*തു കാരം ശുദ്ധമായ്ക്കാട്ടു*
*മുകാരാന്തമകാരിതം*
*(കേരളപാണിനീയം 98-ാം കാരിക)*

കാരിതധാതുക്കളിൽ 'തു' പ്രത്യയത്തിന്റെ 'ത' കാരം ഇരട്ടിക്കുന്നു.

ഉദാ : കൊടു + തു = കൊടുത്തു
ഓർ + തു = ഓർത്തു

ധാതു അകാരിതമാണെങ്കിൽ 'തു' പ്രത്യയത്തോടുകൂടി അനുനാസികമായ 'ന' കാരം ചേർന്നു 'ന്തു' എന്നാണ് രൂപം

ഉദാ : ചേർ + തു - ചേർന്തു - ചേർന്നു

ഓഷ്ഠ്യമായ 'അ' കാരത്തിലവസാനിക്കുന്ന കാരിതധാനുവിന് 'തു' പ്രത്യയത്തിന് മുൻപ് 'ന'കാരം ചേരുന്നു.

ഉദാ : കട - കടന്തു, കടന്നു

ധാതു ഒരു താലവ്യസ്വരത്തിൽ അവസാനിക്കുകയാണെങ്കിൽ തു പ്രത്യയത്തിന്റെ രൂപഭേദങ്ങളായ ത്തു - ന്തു ഇവയ്ക്ക് താലവ്യാദേശം സംഭവിക്കും

അനുനാസികമുള്ളിടത്ത് അനുനാസികാതിപ്രസരം ഉണ്ടാകും.

ഉദാ : അലി + തു - അലിന് + തു
- അലിഞ്ചു - അലിഞ്ഞു

ഉകാരന്തങ്ങളായ അകാരിതധാതുക്കളിൽ മാത്രം ശുദ്ധമായ 'തു' കാരം കാണാം.

ഉദാ : പിഴു - പിഴുതു
പൊരു - പൊരുതു

ഭാഷയിൽ വർത്തമാനകാലത്തിനു ഉന്നു എന്നും ഭാവികാലത്തിന് ഉം എന്നും മാത്രമേ പ്രത്യയമുള്ളു.

### 2.3.1.2 പ്രകാരം

*ധാതുവർഥം കുറിക്കുന്ന*
*പ്രകാരം താൻ പ്രകാരമാം*
*(കേരളപാണിനീയം 110-ാം കാരിക)*

പ്രകാരം എന്നാൽ മട്ടെന്നർഥം. ഒരു ധാതു അതിന്റെ അർഥത്തെ ഏതു മട്ടിൽ വെളിപ്പെടുത്തുന്നുവോ അതാണ് പ്രകാരം എന്ന് നിർവചിക്കുന്നു. പ്രകാരം നാലു വിധത്തിലുണ്ട്. നീ ഇവിടെ വാ, അവൻ അങ്ങോട്ട് പോകട്ടെ, എല്ലാവരും സത്യം പറയണം എന്ന് രൂപങ്ങൾ കേൾക്കുമ്പോൾ വരിക, പോകുക, പറയുക എന്ന ക്രിയകളുടെ അർഥത്തിന് പുറമേ മുറയ്ക്ക് വരുതി നിയോഗം, ശാസന എന്നോരോ വിശേഷം കൂടി തോന്നുന്നുണ്ട്. അതിനാൽ വാ എന്ന് രൂപം വരിക എന്ന കൃതിയെ വരുതി കൊടുക്കുന്ന മട്ടിലാണ് കുറിക്കുന്നത്. അതുപോലെ പോകട്ടെ എന്നത് നിയോഗിക്കുന്ന മട്ടിലും പറയണം എന്നത് ശാസിക്കുന്ന മട്ടിലും ആണ്. ഇതാകുന്നു കൃതികളുടെ രൂപങ്ങളിൽ പ്രകാരം എന്ന ഉപാധി

*നിയോജകം നിയോഗത്തിങ്കൽ*
*വിധി മട്ടിൽ വിധായകം*
*അനുജ്ഞാ രൂപമായി കാട്ടു*
*മനുജ്ഞായകമെന്നത്*
*നിർദ്ദേശകം കുറിക്കുന്നു*
*ധാത്വർഥം പരിശുദ്ധമായ്*
*(കേരളപാണിനീയം 111-ാം കാരിക)*

നിയോജക പ്രകാരത്തിന് 'അട്ടേ' വിധായകത്തിന് 'അണം' അനുജ്ഞായകത്തിന് 'ആം' എന്ന് ഒരോന്നിനും പ്രത്യയങ്ങൾ.

**1. നിയോജകം**

നിയോഗത്തിന്റെ മട്ടിൽ ധാതുവിന്റെ അർഥത്തെ കുറിക്കുന്നത് നിയോജകം

പ്രത്യയം - അട്ടെ

ഉദാ : കുട്ടികൾ പറയട്ടെ

**2. വിധായകം**

വിധി അല്ലെങ്കിൽ ശാസനയുടെ മട്ടിലുള്ളത് വിധായകം

പ്രത്യയം - അണം

ഉദാ : കുട്ടികൾ പറയണം.

**3. അനുജ്ഞായകം**

അനുജ്ഞ എന്ന സമ്മതമട്ടിലുള്ളത് അനുജ്ഞായകം

പ്രത്യയം - ആം

ഉദാ : കുട്ടികൾക്കു പറയാം.

**4. നിർദ്ദേശകം**

ഈ വക വിശേഷാർഥങ്ങളൊന്നുമില്ലാത്ത ധാതുവിന്റെ അർഥത്തെ മാത്രം കുറിക്കുന്നത് നിർദ്ദേശകം.

ഉദാ : ബാലന്മാർ കളിക്കുന്നു.

രാമൻ രാവണനെ കൊന്നു

### 2.3.1.3 അനുപ്രയോഗം

ധാതുക്കളെ സഹായിക്കാനായി അതിനുപരമായി പ്രയോഗിക്കുന്ന ധാതുവിന് അനുപ്രയോഗമെന്ന് എ.ആർ. പറയുന്നു. അനുപ്രയോഗധാതുവിനെ 'സഹായക്രിയ' എന്നാണു ഗുണ്ടർട്ട് വിളിക്കുന്നത്. അനുപ്രയോഗം മൂന്നു തരത്തിലുണ്ട്.

**1. ഭേദകാനുപ്രയോഗം**

ധാതുവിന്റെ സ്വന്തമായ അർഥത്തിൽ ചില വിശേഷാർഥങ്ങളെ ചേർക്കുന്നത് ഭേദകാനുപ്രയോഗം.

ഉദാ : വിവരം തിരുമനസറിയിച്ചു കൊള്ളുന്നു.

കാര്യം ഞാൻ സാധിച്ചു കൊള്ളാം.

**2. കാലാനുപ്രയോഗം**

ഭൂതാദികാലത്രയത്തിൽ താരതമ്യങ്ങൾ സൂചിപ്പിക്കുന്നതിന് കാലാനുപ്രയോഗം.

ഉദാ : ഞാൻ വ്യാകരണം പഠിച്ചിട്ടുണ്ട്

കാക്ക കരയുന്നു. രാത്രി കഴിഞ്ഞിരിക്കും

**3. പൂരണാനുപ്രയോഗം**

ചിലധാതുക്കൾക്ക് രൂപങ്ങളില്ലാത്ത ഇടങ്ങളിൽ അവയെ പൂരിപ്പിക്കുന്ന വിധത്തിലുള്ള അനുപ്രയോഗമാണ് പൂരാണാനുപ്രയോഗം.

ഉദാ : ഉണ്ട്, ഉണ്ടായി, ഉണ്ടാകും.

'ഉൾ' എന്ന ചിലധാതുവിനു ഭൂതാദികാലങ്ങളിൽ രൂപമില്ല. 'ആവുക' എന്ന ക്രിയയുടെ രൂപങ്ങൾ അതു പരിഹരിക്കുന്നു. ഇതിൽ പൂരണാനുപ്രയോഗം എന്ന വിഭാഗത്തിന്റെ ആവശ്യമില്ലെന്ന് പ്രഭാകരവാര്യർ പറയുന്നു, ഉണ്ടാവുക, എന്ന ഒരു ഉദാഹരണമേ കേരളപാണിനി കൊടുത്തിട്ടുള്ളൂ എന്നും ഇവിടെ ആവു(കു) കയ്ക്ക് സഹായക്രിയയുടെ ധർമമാണ് ഉള്ളതെന്ന് പറയാൻ വിഷമമുണ്ടെന്നു അദ്ദേഹം തുടർന്നുപറയുന്നു. (മലയാള വ്യാകരണസമീക്ഷ 103) മറ്റ് ധാതുക്കളെ സഹായിപ്പാനായി അതിനടുത്തു പരമായി പ്രയോഗിക്കുന്ന ധാതുവാകുന്നു അനുപ്രയോഗം എന്ന എ.ആർ. രാജരാജവർമയുടെ നിഗമനത്തിൽനിന്നു വ്യത്യസ്തമായി അനുപ്രയോഗത്തിന്റെ പ്രയോഗസാധ്യകളെയും അർഥതലങ്ങളെയും വാക്യഘടനയുടെ അടിസ്ഥാനത്തിൽ വിവരിച്ച് അനുപ്രയോഗത്തിനു ഭാഷയിലുള്ള പ്രാധാന്യം വ്യക്തമാക്കാനാണ് ഇ.വി.എൻ. നമ്പൂതിരി ശ്രമിച്ചത്.

ഏത് ധാതുവിനെ സഹായിക്കുവാനാണോ അനുപ്രയോഗം ചെയ്യുന്നത് ആ ധാതുവിനെ പ്രാക്പ്രയോഗം എന്നു പറയുന്നു. പ്രാക്പ്രയോഗം മൂന്നുതരത്തിൽ വരുന്നു.

1) ഭൂതമെങ്കിൽ മുൻവിനയെച്ചം - പറഞ്ഞുപോയി
2) വർത്തമാനമെങ്കിൽ നടുവിനയെച്ചം - പറകവേണം

3) ഭാവിയെങ്കിൽ പിൻവിനയെച്ചം - പറയാൻ പോയി

പോകണം, പോകാം, പോകട്ടെ എന്നീ രൂപങ്ങൾ പ്രാക്പ്രയോഗധാതുവിൽ ചേർത്ത് അതിന്റെ രൂപവിശേഷമായി തീർന്നതുകൊണ്ടാണ് പ്രകാരമെന്നൊരിനത്തിൽ ഉൾപ്പെടുന്നത്.

### 2.3.1.4 ക്രിയ

ഒരു പ്രവൃത്തിയെയോ സ്ഥിതിയെയോ കുറിക്കുന്ന ശബ്ദത്തിനു ക്രിയ എന്നു പറയുന്നു. 'ഒരു വസ്തു ഇന്ന വിധത്തിൽ ഇരിക്കുന്നു എന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നു എന്നോ വ്യക്തമാക്കുന്ന ക്രിയാപദമാണ് 'കൃതി' എന്ന് എ.ആർ. ക്രിയയെ നിർവചിക്കുന്നു. ക്രിയകൾക്കു പലവിഭാഗമുണ്ട്.

ഭാഷയിൽ ക്രിയയെ വിഭജിക്കുന്നത് അർഥം നോക്കിയാണ്. എങ്കിലും ഒരു പദം ക്രിയയാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നത് ആ പദത്തോടു ചേരുന്ന പ്രത്യയങ്ങളിലൂടെയാണ്. നാമപദങ്ങളിൽ ലിംഗ, വചന, വിഭക്തിപ്രത്യയങ്ങൾ ചേരുന്നതുപോലെ ക്രിയയോടൊപ്പം ചേരുന്ന പ്രത്യയങ്ങളാണ് കാലം, പ്രകാരം, പ്രയോഗം എന്നിവ. ക്രിയ നടക്കുന്നതിനെ സൂചിപ്പിക്കുന്ന പദത്തിനു കൃതിയെന്നും ക്രിയയുടെ പേരിനു ക്രിയാനാമമെന്നും കൃതിയുടെ പ്രകൃതിക്ക് ധാതു എന്നും പറയുന്നു.

ഉദാ : നടക്കുന്ന അവസ്ഥ - ക്രിയ
നടക്കുന്ന - കൃതി
നടപ്പ് - ക്രിയാനാമം

ക്രിയകളെ അർഥം, പ്രകൃതി, സ്വഭാവം, പ്രാധാന്യം എന്നിവയെ അടിസ്ഥാനമാക്കി തരംതിരിച്ചിട്ടുണ്ട്.

#### 1. അർഥംപ്രമാണിച്ച് –സകർമകം, അകർമകം

**സകർമകം**

ക്രിയയുടെ വ്യാപാരവും ഫലവും രണ്ടുവസ്തുക്കളെ ആശ്രയിക്കുമ്പോൾ ക്രിയയ്ക്കു കർമമുണ്ടാകുന്നു. കർമമുള്ള ക്രിയ സകർമകം: ഒരു ക്രിയയുടെ പ്രവൃത്തി ഒരാളിലും ഫലം മറ്റൊരാളിലും വന്നാൽ ക്രിയ സകർമകമാണ്.

ഉദാ : അമ്മ കുഞ്ഞിനെ ഉറക്കി
പട്ടി പൂച്ചയെ ഓടിച്ചു

**അകർമകം**

ഒരു ക്രിയയുടെ പ്രവൃത്തിയും ഫലവും ഒരാളിൽതന്നെയായാൽ ആ ക്രിയ അകർമകമാണ്. അതായതു കർമമില്ലാത്ത ക്രിയയാണ് അകർമകം.

ഉദാ : അവൻ പോയി, അവൻ പറഞ്ഞു

#### 2. പ്രകൃതിപ്രമാണിച്ച് – കേവലം, പ്രയോജകം

**കേവലം**

ക്രിയ ചെയ്യുന്നത് കർത്താവാണ്. ചില ക്രിയകൾ ചെയ്യാൻ കർത്താവിന് മറ്റൊരു നാമത്തിന്റെ പ്രേരണ ആവശ്യമാണ്. മറ്റൊരു നാമത്തിന്റെ പ്രേരണയില്ലാതെ നടക്കുന്ന ക്രിയകളെ (സ്വമേധയാ നടക്കുന്ന ക്രിയകളെ) കേവലം എന്നു പറയുന്നു.

ഉദാ : ഓടുക, ഇരിക്കുക, മുങ്ങുക

**പ്രയോജകം**

പരപ്രേരണയാൽ ചെയ്യുന്ന ക്രിയകളെ പ്രയോജകം എന്നു പറയുന്നു.

ഉദാ : ഓടിക്കുക

കേവലക്രിയ പ്രയോജകക്രിയയാക്കാൻ 'ക്കു' ചേർക്കുക.

ഉദാ : ഓടുന്നു → ഓടിക്കുന്നു
മുങ്ങുന്നു → മുക്കുന്നു

#### 3. സ്വഭാവംപ്രമാണിച്ച് – കാരിതം, അകാരിതം

**കാരിതം**

കേവലത്തിന്റെ അർഥവും പ്രയോജകത്തിന്റെ രൂപവുമുള്ള ക്രിയകളെ കാരിതം എന്നു വിളിക്കുന്നു. കേവലക്രിയയിൽ 'ക്കു' ചേർന്ന രൂപമാണ് കാരിതം.

ഉദാ : കേൾക്കുന്നു, പറക്കുന്നു

കാരിതക്രിയകളെ പ്രയോജകമാക്കാൻ 'പ്പി' എന്ന പ്രത്യയമാണുപയോഗിക്കാറുള്ളത്.

കേൾക്കുന്നു - കേൾപ്പിക്കുന്നു

പറക്കുന്നു - പറപ്പിക്കുന്നു

(ചിലപ്പോൾ പറത്തുന്നു എന്നും മതി)

**അകാരിതം**

ശുദ്ധമായ കേവലക്രിയയ്ക്ക് അകാരിതം എന്നുപറയുന്നു. അതായത് പ്രയോജകമാണെന്ന് തോന്നാത്തതും 'ക്കു' രൂപം ഇല്ലാത്തതുമായ കേവലക്രിയ,

ഉദാ : അരയുന്നു, മറയുന്നു

### 4. പ്രാധാന്യം പ്രമാണിച്ച് - മുറ്റുവിന പറ്റുവിന

**മുറ്റുവിന**

അന്വയിക്കുമ്പോൾ മറ്റൊരു പദത്തിനും കീഴടങ്ങാത്ത പ്രധാനക്രിയയ്ക്ക് മുറ്റുവിന (പൂർണക്രിയ) എന്നു പറയുന്നു. മറ്റൊരു പദത്തെയും ആശ്രയിക്കാതെ സ്വതന്ത്രമായി നിൽക്കുന്ന ക്രിയകളാണിത്.

**പറ്റുവിന**

മറ്റു പദങ്ങളെ ആശ്രയിച്ചു നിൽക്കുന്ന അല്ലെങ്കിൽ മറ്റൊരു പദത്തിന് കീഴടങ്ങുന്ന അപ്രധാനക്രിയയ്ക്ക് പറ്റുവിന (അപൂർണക്രിയ) എന്നു പറയുന്നു.

| | | |
|---|---|---|
| ഉദാ : | മുറ്റുവിന | പറ്റുവിന |
| | പറയുന്നു | പറയുന്ന |
| | ഇളകി | ഇളകിയ |
| | ഉണ്ടു | ഉണ്ട |
| | പറഞ്ഞു | പറഞ്ഞ |

അപൂർണ്ണക്രിയയെ അല്ലെങ്കിൽ പറ്റുവിനയെ രണ്ടായി തരംതിരിക്കുന്നു.

**വിനയെച്ചം**

ഒരു കൃതിയ്ക്ക് കീഴടങ്ങുന്ന പറ്റുവിന വിനയെച്ചം.

ഉദാ : തേച്ചുകുളിച്ചു, ഓടിപ്പോയി

**പേരെച്ചം**

ഒരു നാമത്തിനു കീഴടങ്ങുന്ന പറ്റുവിനയാണ് പേരെച്ചം

ഉദാ : പറഞ്ഞകാര്യം, കൊടുത്തപുസ്തകം

പൂർണക്രിയയിൽ 'അ' എന്നുചേർത്താൽ പേരെച്ചമുണ്ടാകും (വന്നു - വന്ന)

പൂർണ്ണക്രിയയിൽ 'ഒരു' ചേർത്താൽ പേരെച്ചമുണ്ടാകും (വന്നു- വന്നൊരു)

പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർത്താൽ കിട്ടുന്ന നാമമാണ് ആഖ്യാതനാമം.

ഉദാ : വന്നു - വന്നവൻ, വന്നവൾ, വന്നത്

മുൻവിനയെച്ചം, പിൻവിനയെച്ചം, തൻവിനയെച്ചം, നടുവിനയെച്ചം, പാക്ഷികവിനയെച്ചം എന്നിങ്ങനെ വിനയെച്ചത്തെ അഞ്ചായി തരംതിരിക്കുന്നു.

**മുൻവിനയെച്ചം**

ഭൂതകാലത്തെകുറിക്കുന്ന ക്രിയാവിശേഷണമായി വരുന്ന അപൂർണക്രിയയാണു മുൻവിനയെച്ചം.

ഉദാ : ഞങ്ങൾ അവിടെ വന്നുനിന്നു. അപൂർണക്രിയയായ വന്നു പ്രവർത്തിച്ചശേഷമാണ് നിന്നു എന്ന ക്രിയ നടക്കുന്നത്. കുളിച്ചു വന്നു എന്നിടത്ത് ആദ്യം നടന്നത് കുളിയാണ്. വന്നു കുളിച്ചു എന്നിടത്താകട്ടെ വരികയാണ് ആദ്യം നടന്നത്. കുളിച്ചുവരുന്നു എന്നിടത്ത് കുളി എന്ന ക്രിയ (പറ്റുവിന) സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. വരുന്നു എന്ന ക്രിയ (മുറ്റുവിന) നടന്നുകൊണ്ടിരിക്കുയാണ്, അഥവാ വർത്തമാനത്തിലാണ്. കുളിച്ചുവരും എന്നിടത്ത് രണ്ടും സംഭവിച്ചിട്ടില്ലെങ്കിലും ആദ്യം നടക്കേണ്ടത് കുളിതന്നെ. അത് ഭൂതകാലരൂപത്തിലുമാണ്. അതേസമയം അത് വരും എന്നതിന് കീഴ്പെട്ടാണ് നിൽക്കുന്നത്. അതിനാൽ ഇവിടെ കുളിച്ചു മുൻ(ഭൂതകാല)വിനയെച്ചം.

**പിൻവിനയെച്ചം**

ഭാവികാലത്തെ കുറിക്കുന്ന അപൂർണക്രിയ

പ്രത്യയം - ആൻ

ഉദാ : പോകാൻ
ഉണ്ണാൻ

കുളിക്കാൻ വന്നു എന്നതിൽ വന്നു എന്ന ഭൂതകാലക്രിയയുടെ വിശേഷണമാണ് കുളിക്കാൻ എന്ന ക്രിയ. പൂർണക്രിയഭൂതകാലത്തിലാണെങ്കിലും കുളിക്കാൻ എന്ന അപൂർണക്രിയ അപ്പോഴും സംഭവിച്ചു കഴിഞ്ഞിട്ടില്ല. വന്നിട്ടേയുള്ളൂ കുളി കഴിഞ്ഞിട്ടില്ല. അഥവാ അത് ഭാവികാലത്തിലാണ്. അതിനാൽ അത് സംഭവിക്കാനിരിക്കുന്നേയുള്ളൂ. വിനയെച്ചം ഭാവികാലത്തിലാണ്. ഭാവികാലത്തിലുള്ള വിനയെച്ചങ്ങളെയാണ് പിൻവിനയെച്ചം എന്നു പറയുന്നത്. മുറ്റുവിനയ്ക്ക് പിന്നിലായേ ഇവിടെ പറ്റുവിന സംഭവിക്കൂ.

**നടുവിനയെച്ചം**

കാലം, പ്രകാരം, പുരുഷൻ ഇവയൊന്നും ഇല്ലാതെ കേവലാവസ്ഥയിൽ ഉള്ള ക്രിയയെ സൂചിപ്പിക്കുന്നതാണു നടുവിനയെച്ചം.

ഉദാ : കള്ളം പറയുക ശരിയല്ല.
സുഖമായി വാഴുക

**പാക്ഷികവിനയെച്ചം**

അങ്ങനെ സംഭവിക്കുന്ന പക്ഷം എന്ന അർഥം നൽകുന്ന അപൂർണക്രിയകൾ പാക്ഷികവിനയെച്ചം.

പ്രത്യയം - ഇൽ, കിൽ, ഉകിൽ

ചെയ്യിൽ
ചെയ്കിൽ } തരാം
ചെയ്യുകിൽ

*നമിക്കിലുയരാം നടുകിൽതിന്നാം*
*നൽകുകിൽനേടീടാം*

**തൻവിനയെച്ചം**

തനിയെ നിൽക്കാവുന്ന നടുവിനയെച്ചമാണു തൻവിനയെച്ചം.

പൂർണക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ നടക്കുന്ന അപൂർണക്രിയയാണിത്.

പ്രത്യയം - എ, അവെ

ഉദാ : ഇരിക്കേ വീണു
കേൾക്കവെ പറഞ്ഞു

## 2.3.1.5 ഖിലധാതു

എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത രൂപവികലങ്ങളായ ധാതുക്കളാണ് ഖിലധാതുക്കൾ. ഇവയ്ക്ക് പ്രയോഗം കുറവാണ്.

ഉദാ : ഉൾ, എൻ, ഇൽ, അൽ, വേൺ, നിക്, പോൽ, കൺ

## 2.3.1.6 ഭേദകം

മറ്റു പദങ്ങളുടെ അർഥത്തെ ഭേദിപ്പിക്കുന്നതു ഭേദകം. ഭേദകത്തിന് വിശേഷണം എന്ന് കൂടി പറയും.

ഉദാ : ചുവന്ന പൂവ്

പൂവ് - വിശേഷ്യം, ചുവന്ന - വിശേഷണം

ഏതിനെ വിശേഷിപ്പിക്കുന്നുവോ അത് വിശേഷ്യം. എന്തുകൊണ്ട് വിശേഷിപ്പിക്കുന്നുവോ അത് വിശേഷണം. അനേകം എണ്ണമുള്ള ഇടത്തിൽനിന്ന് ഒന്നിനെയോ ഏതാനും എണ്ണത്തെയോ വേർതിരിക്കാൻ ഭേദകം അല്ലെങ്കിൽ വിശേഷണം ആവശ്യമാണ്.

ഭേദകത്തെ മൂന്നായി തരംതിരിക്കാം

**നാമവിശേഷണം**

നാമത്തെ വിശേഷിപ്പിക്കുന്നത് നാമവിശേഷണം (Adjective).

ഉദാ : പൊട്ടക്കിണർ

**ക്രിയാവിശേഷണം**

ക്രിയയെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണം (Adverb).

ഉദാ : ഉറക്കെ കരഞ്ഞു

**ഭേദകവിശേഷണം**

ഭേദകത്തെ വിശേഷിപ്പിക്കുന്നത് ഭേദകവിശേഷണം.

ഉദാ : അല്പം വളഞ്ഞവടി

**ഭേദകത്തിന്റെ ഉൾപിരിവുകൾ**

**1. ശുദ്ധം**

വികാരമൊന്നുമില്ലാതെ (മാറ്റമില്ലാതെ) നിൽക്കുന്ന ശബ്ദസ്വരൂപം വിശേഷണമായി വരുമ്പോൾ ശുദ്ധം.

ഉദാ : നൽ - നന്മുത്ത്, തിരു - തിരുമുഖം,
ചെം - ചെന്താമര, വൻ - വൻതേൻ,
ചെറു - ചെറുപയറ്

**2. സാർവനാമികം**

ഇത് ഭേദകമായിട്ടുപയോഗിക്കുന്ന സർവനാമം തന്നെ. ഇവയിൽ വ്യക്തികളെ വേർതിരിച്ചു കാണിക്കുന്നതിന് ഉപയോഗപ്പെടുന്ന അ, ഇ, എന്ന ഏകാക്ഷരങ്ങൾക്ക് ചുട്ടെഴുത്ത് എന്നൊരു വിശേഷപ്പേരുണ്ട്. ചൂണ്ടുന്ന എഴുത്ത് ചുട്ടെഴുത്ത് എന്നർഥം

അ - അവിടം, അയാൾ ഏ - ഏമനുഷ്യൻ
ഇ - ഇവിടം, ഈയാൾ എന്തു - എന്തു കാര്യം
ഒരു - ഒരു മനുഷ്യൻ ഏതു - ഏതുദിക്ക്

**3. സാംഖ്യം**

സംഖ്യാരൂപമായ ഭേദകമാണ് സാംഖ്യം.

ഉദാ : ഇരേഴ്
മുക്കണ്ണൻ
പത്തുരൂപ

**4. വിഭാവകം**

ഒരു വസ്തുവിന്റെ സ്വഭാവത്തെ വിശദമാക്കുന്ന രീതിയിലുള്ള ഭേദകമാണ് വിഭാവകം.

ഉദാ : സമർഥനായ കുട്ടി
മിടുക്കിയായ സ്ത്രി

**5. പാരിമാണികം**

അളവിനെ കുറിക്കുന്ന പദം വിശേഷണമായി വന്നാൽ പാരിമാണികം.

ഉദാ : ഉരിയപാല്
പറനെല്ല്
നാഴിയരി

**6. നാമാംഗജം**

പേരെച്ചം വിശേഷണമായി വന്നാൽ നാമാംഗജം.

ഉദാ : പെറ്റമ്മ
വെളുത്ത പശു

**7. ക്രിയാംഗജം**

വിനയെച്ചം ഭേദകമായി വന്നാൽ ക്രിയാംഗജം

ഉദാ : ഉറക്കെപ്പറയുന്നു
കൂടെ പോകുന്നു

*വിഭക്ത്യാഭാസ രൂപങ്ങളെല്ലാം*
*താൻ ഭേദകങ്ങളാം*
*(കേരളപാണിനീയം 166-ാം കാരിക)*

വിഭക്ത്യാഭാസരൂപങ്ങളെ നാമനിഷ്പന്നങ്ങളായ ഭേദകങ്ങളായിട്ട് ഗണിക്കാം നിർദ്ദേശികയൊഴികെയുള്ള വിഭക്തികളെല്ലാം ക്രിയയെയോ നാമത്തെയോ വിശേഷിപ്പിക്കുന്നു. എങ്കിലും വിഭക്തികൾ നാമത്തിന്റെ രൂപഭേദങ്ങളെന്നേ വരൂ. വിഭക്ത്യാഭാസങ്ങളാകട്ടെ വിഭക്തിയെ പോലെ സാർവത്രികങ്ങളല്ലാത്തതിനാൽ അതുകളെ നാമത്തിന്റെ രൂപാന്തരങ്ങളായിട്ടു വിചാരിപ്പാൻ തരമില്ല

ഉദാ : അന്ന്, ഇന്ന്, ആണ്ട്, ഇങ്ങ്, അവിടെ,
ഇവിടെ (ക്രിയാവിശേഷണം)
കാട്ടിലേ, വീട്ടിലേ, അത്ര, ഇത്ര
(നാമവിശേഷണം)

ഒരു വസ്തു ഏതു വിധത്തിലിരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുയെന്നോ കുറി

ക്കുന്ന ശബ്ദമാണ് കൃതി. ക്രിയയെ കുറിക്കുന്ന ശബ്ദം അഥവാ പ്രകൃതിയാണ് ധാതു. ഓരോ ഉപാധികൾ കാണിക്കാൻ ധാതുവിനോട് കാലം, പ്രകാരം, പ്രയോഗം എന്നീ പ്രത്യയങ്ങൾ ചേർക്കുന്നു. ധാതുവിന്റെ അർഥവൈചിത്ര്യം വാക്യഘടനയിൽ വരുത്തുന്ന മാറ്റമാണ് പ്രകാരത്തിൽ ചർച്ച ചെയ്യുന്നത്. ക്രിയാവാചിയായ ശബ്ദമാണ് ധാതു. ക്രിയ പ്രവൃത്തിയെ കുറിക്കുന്നതാണ്. കാലം പ്രകാരം പ്രയോഗം, പുരുഷൻ, ലിംഗം, വചനം എന്നിവയോട് ബന്ധപ്പെട്ട് ധാതുവിന് രൂപ മാറ്റങ്ങളുണ്ടാകുന്നു. ക്രിയ നടക്കുന്ന സ്വഭാവത്തെ അടിസ്ഥാനമാക്കി ഭൂതം, വർത്തമാനം, ഭാവി എന്നിങ്ങനെ കാലം മൂന്നു വിധത്തിലുണ്ട്. ഒരു ധാതുവിന്റെ അർഥം ഏതു രീതിയിൽ വെളിപ്പെടുത്തുന്നുവോ അതിന് വ്യാകരണത്തിൽ പ്രകാരം എന്നു പറയുന്നു. നിയോജകം വിധായകം, അനുജ്ഞായകം, നിർദേശകം എന്നിങ്ങനെ പ്രകാരങ്ങൾ നാലു വിധമുണ്ട്. ക്രിയയിൽ നിന്ന് നിഷ്പന്നമാകുന്ന നാമങ്ങളാണ് കൃത്തുകൾ ഇവ കൃതികൃത്ത് കാരകകൃത്ത് എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്. മറ്റു ധാതുക്കളെ സഹായിക്കുന്നതിനായി അവയ്ക്കു പിന്നിൽ പ്രയോഗിക്കുന്ന സഹായകക്രിയകളാണ് അനുപ്രയോഗങ്ങൾ

ഭാഷയിലെ അടിസ്ഥാനഘടകങ്ങളായ ശബ്ദങ്ങൾ കൊണ്ടുമാത്രം ആശയപ്രകാശം ചെയ്യാൻ സാധിക്കണമെന്നില്ല. പ്രത്യയങ്ങൾകൂടി ശബ്ദങ്ങളിൽ ചേരുമ്പോഴാണ് അർഥപൂർത്തീകരണം സാധ്യമാകൂ. ഈ പ്രത്യയങ്ങൾ രൂപം കൊണ്ടു ചെറുതാണെങ്കിലും അർഥംകൊണ്ട് വലിയരൂപങ്ങളാണ്. നാമം, ക്രിയ എന്നിവ മറ്റു ഭാഷകളിൽനിന്നു കടമെടുത്തുപയോഗിച്ചാലും പ്രത്യയങ്ങൾ ഭാഷയുടേതുതന്നെയായിരിക്കും. യഥാർഥത്തിൽ പരകീയപദങ്ങളെ (loan words) മലയാളീകരിക്കുന്നത് പ്രത്യയങ്ങളാണ്. ഉദാ: ബഞ്ചിൽ (ബഞ്ച് - ഇംഗ്ലീഷ്); ഇൽ (സ്ഥലത്തെ കാണിക്കുന്ന ഭാഷയിലെ ആധാരിക വിഭക്തിപ്രത്യയം). നാമത്തോടും ക്രിയയോടും ചേരുന്ന പ്രത്യയങ്ങൾ വെവ്വേറെയാണ്. കാരണം നാമത്തിന്റെയും ക്രിയയുടെയും സ്വഭാവത്തിനനുസരിച്ചുള്ള അർഥങ്ങളാണ് പ്രത്യയങ്ങളിലൂടെ ആവിഷ്കരിക്കേണ്ടിവരിക. ഉദാഹരണമായി 'മിടുക്കൻ' എന്ന ഗുണനാമത്തിലെ 'അൻ' എന്ന പ്രത്യയം ചേരുന്നതുകൊണ്ടാണ് അത് ആണിനെയാണ് കുറിക്കുന്നതെന്ന് വ്യക്തമാകുന്നത്. ലിംഗഭേദം കാണിക്കുന്ന ഈ പ്രത്യയങ്ങൾ ക്രിയയോടൊപ്പം ചേരില്ല. കാരണം ഒരു വസ്തുവിനെ കുറിക്കുന്ന നാമപദങ്ങളിലാണല്ലോ. ആൺ, പെൺ വേർതിരിച്ച് വേണ്ട ക്രിയാരൂപങ്ങളിൽ ക്രിയ നടക്കുന്ന സമയത്തെയും മറ്റ് സവിശേഷാർത്ഥങ്ങളെയും കുറിക്കുന്ന പ്രത്യയങ്ങളാണ് ചേരുക. ഇപ്രകാരം പരിശോധിക്കുമ്പോൾ നാമത്തോടൊപ്പം ചേരുന്ന പ്രത്യയങ്ങളാണ് ലിംഗവചന വിഭക്തിപ്രത്യയങ്ങൾ എന്നു മനസിലാക്കാം.

ഉദാ : മിടുക്ക് - മിടുക്കൻ
(അൻ - പുല്ലിംഗം)
മിടുക്കി (ഇ - സ്ത്രീലിംഗം)
മിടുക്കൻമാർ, മിടുക്കികൾ
(മാർ, കൾ, ബഹുവചനം)
മിടുക്കന്മാരുടെ
(ഉടെ സംബന്ധിക വിഭക്തി)

ക്രിയയോടൊപ്പം ചേരുന്ന പ്രത്യയങ്ങളാണ് കാലപ്രകാര, അനുപ്രയോഗ, നിഷേധ പ്രത്യയങ്ങൾ.

ഉദാ :

പോ - പോയി (ഇ - ഭൂതകാലപ്രത്യയം)

പോകുന്നു (ഉന്നു - വർത്തമാനകാലപ്രത്യയം)

പോകും (ഉം - ഭൂതകാല പ്രത്യയം)

പോകണം, അണം (പ്രകാരം)

കള്ളം പറഞ്ഞുപോയി - അനുപ്രയോഗം

പോകരുത് - അരുത് (നിഷേധം)

## Recap

- ക്രിയ നടക്കുന്ന സമയത്തെ കുറിക്കുന്നതാണ് കാലം
- ഒരു ധാതു അതിന്റെ അർഥത്തെ ഏതു മട്ടിൽ വെളിപ്പെടുത്തുന്നുവോ അതാണ് പ്രകാരം
- ധാതുക്കളെ സഹായിക്കാനായി അതിനു പരമായിപ്രയോഗിക്കുന്ന ധാതുവിന് അനുപ്രയോഗം എന്ന് പറയുന്നു
- ഒരു പ്രവൃത്തിയെയോ സ്ഥിതിയെയോ കുറിക്കുന്ന ശബ്ദത്തിന് ക്രിയ എന്നു പറയുന്നു
- ഭാഷയിൽ ക്രിയയെ വിഭജിക്കുന്നത് അർഥം നോക്കിയാണ്
- നാമപദങ്ങളിൽ ലിംഗവചനവിഭക്തിപ്രത്യയങ്ങൾ ചേരുന്നതുപോലെ ക്രിയയോടൊപ്പം ചേരുന്ന പ്രത്യയങ്ങളാണ് കാലം, പ്രകാരം, പ്രയോഗം എന്നിവ
- ക്രിയ നടക്കുന്നതിനെ സൂചിപ്പിക്കുന്ന പദത്തിന് കൃതി എന്നു പറയുന്നു
- കൃതിയുടെ പ്രകൃതിക്ക് ധാതു എന്നു പറയുന്നു
- ഒരു വസ്തു ഇന്ന വിധത്തിൽ ഇരിക്കുന്നോ എന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നോ എന്ന് വ്യക്തമാക്കുന്ന ക്രിയാപദമാണ് കൃതി
- കർമമുള്ള ക്രിയയാണ് സകർമകം
- കർമമില്ലാത്ത ക്രിയയാണ് അകർമകക്രിയ
- മറ്റൊരു നാമത്തിന്റെ പ്രേരണയില്ലാതെ നടക്കുന്ന ക്രിയകളെ കേവലം എന്നു പറയുന്നു.
- പരപ്രേരണയാൽ ചെയ്യുന്ന ക്രിയകളെ പ്രയോജകം എന്നു പറയുന്നു
- കേവലക്രിയയിൽ 'ക്കു' ചേർന്ന രൂപമാണ് കാരിതം
- കാരിതക്രിയകളെ പ്രയോജകമാക്കാൻ 'പ്പി' എന്ന പ്രത്യയമാണ് ഉപയോഗിക്കാറുള്ളത്
- അന്വയിക്കുമ്പോൾ മറ്റൊരു പദത്തിനും കീഴടങ്ങാത്ത പ്രധാന ക്രിയ മുറ്റുവിന
- മറ്റു പദങ്ങളെ ആശ്രയിച്ചു നിൽക്കുന്ന അല്ലെങ്കിൽ മറ്റൊരു പദത്തിന് കീഴടങ്ങുന്ന അപ്രധാനക്രിയ പറ്റുവിന
- ഭാവികാലത്തെ കുറിക്കുന്ന ക്രിയാവിശേഷണമായി വരുന്ന അപൂർണക്രിയ പിൻവിനയെച്ചം
- ഭൂതകാലത്തെ കുറിക്കുന്ന ക്രിയാവിശേഷണമായി വരുന്ന അപൂർണക്രിയയാണു മുൻവിനയെച്ചം
- എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത രൂപവികലങ്ങളായ ധാതുക്കളാണ് ഖിലധാതുക്കൾ
- ക്രിയ നടക്കുന്ന സമയത്തെ കാണിക്കുന്നതാണ് കാലം
- ധാതുവിന്റെ അവസാനം സ്വരമോ ചില്ലോ വന്നാൽ ഭൂതകാലപ്രത്യയം 'തു' ആണ്
- ഒരു ധാതു അതിന്റെ അർഥത്തെ ഏതു മട്ടിൽ വെളിപ്പെടുത്തുന്നുവോ അതാണ് പ്രകാരം
- അനുപ്രയോഗധാതുവിനെ 'സഹായക്രിയ' എന്നാണു ഗുണ്ടർട്ട് വിളിക്കുന്നത്
- ധാതുക്കളെ സഹായിക്കാനായി അതിനുപരമായി പ്രയോഗിക്കുന്ന ധാതുവിന് അനുപ്രയോഗമെന്ന് എ.ആർ. പറയുന്നു
- ഏത് ധാതുവിനെ സഹായിക്കുവാനാണോ അനുപ്രയോഗം ചെയ്യുന്നത് ആ ധാതുവിനെ പ്രാക്പ്രയോഗം എന്നു പറയുന്നു
- മറ്റു പദങ്ങളുടെ അർഥത്തെ ഭേദിപ്പിക്കുന്നതു ഭേദകം
- വ്യക്തികളെ വേർതിരിച്ചു കാണിക്കുന്നതിന് ഉപയോഗപ്പെടുന്ന അ, ഇ, എന്ന ഏകാക്ഷരങ്ങൾക്ക് ചുട്ടെഴുത്ത് എന്നൊരു വിശേഷപ്പേരുണ്ട്
- സംഖ്യാരൂപകമായ ഭേദകമാണ് സാംഖ്യം

- നാമത്തെ വിശേഷിപ്പിക്കുന്നത് നാമവിശേഷണം
- ക്രിയയെ വിശേഷിപ്പിക്കുന്നത് ക്രിയാവിശേഷണം
- ഭേദകത്തെ വിശേഷിപ്പിക്കുന്നത് ഭേദകവിശേഷണം
- ഒരു വസ്തുവിന്റെ സ്വഭാവത്തെ വിശദമാക്കുന്ന രീതിയിലുള്ള ഭേദകമാണ് വിഭാവകം
- അളവിനെ കുറിക്കുന്ന പദം വിശേഷണമായി വന്നാൽ പാരിമാണികം
- പേരെച്ചം വിശേഷണമായി വന്നാൽ നാമാംഗജം
- വിനയെച്ചം വിശേഷണമായി വന്നാൽ ക്രിയാംഗജം
- പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർക്കുമ്പോഴാണ് ആഖ്യാതനാമമുണ്ടാകുന്നത്

## Objective Questions

1. ഒരു പ്രവൃത്തിയെയോ സ്ഥിതിയെയോ കുറിക്കുന്ന ശബ്ദത്തിന് പറയുന്ന പേരെന്ത്?
2. ഒരു വസ്തു ഇന്ന വിധത്തിൽ ഇരിക്കുന്നോ ഇന്ന പ്രവൃത്തി ചെയ്യുന്നോ എന്ന് വ്യക്തമാക്കുന്ന ക്രിയാപദത്തിന് പറയുന്ന പേരെന്ത്?
3. മറ്റൊരു നാമത്തിന്റെ പ്രേരണയില്ലാതെ നടക്കുന്ന ക്രിയകളെ പറയുന്ന പേരെന്ത്?
4. കേവലക്രിയയിൽ 'ക്കു' ചേർന്ന രൂപത്തിന് പറയുന്ന പേര്?
5. കാരിതക്രിയകളെ പ്രയോജകമാക്കാൻ ചേർക്കുന്ന പ്രത്യയം ഏത്?
6. സ്വഭാവം പ്രമാണിച്ച് ക്രിയയെ എത്രയായി തരംതിരിച്ചിരിക്കുന്നു?
7. മറ്റു പദങ്ങളെ ആശ്രയിച്ചു നിൽക്കുന്ന അപ്രധാനക്രിയയ്ക്ക് പറയുന്ന പേരെന്ത്?
8. പേരെച്ചത്തിന് ഒരു ഉദാഹരണം എഴുതുക?
9. ഭൂതകാലത്തെ കുറിക്കുന്ന ക്രിയാവിശേഷണമായി വരുന്ന അപൂർണക്രിയക്ക് പറയുന്ന പേരെന്ത്?
10. നടുവിനയെച്ചത്തിന് ഒരു ഉദാഹരണം എഴുതുക.
11. ഭേദക വിഭാഗങ്ങൾ ഏത്?
12. ഭേദകത്തിന്റെ ഉൾപ്പിരിവുകൾ എത്ര വിധം?
13. പാരിമാണികത്തിന് ഒരു ഉദാഹരണം എഴുതുക?
14. എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത രൂപവികലങ്ങളായ ധാതുക്കൾക്ക് പറയുന്ന പേരെന്ത്?
15. ധാതുവിന്റെ അവസാനം സ്വരമോ ചില്ലോ വന്നാൽ ഭൂതകാല പ്രത്യയം ഏതാണ്?
16. ഏത് ധാതുവിനെ സഹായിക്കുവാനാണോ അനുപ്രയോഗം ചെയ്യുന്നത് ആ ധാതുവിന് പറയുന്ന പേരെന്ത്?
17. ഒരു വസ്തുവിന്റെ സ്വഭാവത്തെ വിശദമാക്കുന്ന രീതിയിലുള്ള ഭേദകത്തിനെ വിളിക്കുന്ന പേരെന്ത്?
18. ധാതുക്കളെ സഹായിക്കാനായി അതിനുപരമായി പ്രയോഗിക്കുന്ന ധാതുവിനെ എ.ആർ. വിളിക്കുന്നതെന്ത്?
19. സംഖ്യാരൂപകമായ ഭേദകത്തിനെ വിളിക്കുന്ന പേരെന്ത്?
20. വ്യക്തികളെ വേർതിരിച്ചു കാണിക്കുന്നതിന് ഉപയോഗപ്പെടുന്ന അ, ഇ, എന്ന ഏകാക്ഷരങ്ങൾക്ക് ഉള്ള വിശേഷ പേരെന്ത്?
21. പേരെച്ചത്തിൽ ലിംഗപ്രത്യയം ചേർക്കുമ്പോൾ കിട്ടുന്ന നാമം ഏത്
22. പൂർണക്രിയ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ നടക്കുന്ന അപൂർണക്രിയയുടെ പേര്?

## Answers

1. ക്രിയ
2. കൃതി
3. കേവലം
4. കാരിതം
5. പ്പി എന്ന പ്രത്യയം
6. കാരിതം അകാരിതം
7. പറ്റുവിന
8. കൊടുത്ത പുസ്തകം
9. മുൻവിനയെച്ചം
10. സുഖമായി വാഴുക
11. നാമവിശേഷണം, ക്രിയാവിശേഷണം, ഭേദക വിശേഷണം.
12. ഏഴു വിധം
13. നാഴിയരി
14. ഖിലധാതുക്കൾ
15. തു
16. പ്രാക്പ്രയോഗം
17. വിഭാവകം
18. അനുപ്രയോഗം
19. സാംഖ്യം
20. ചുട്ടെഴുത്ത്
21. ആഖ്യാതനാമം
22. തൻവിനയെച്ചം

## Assignments

1. ക്രിയയെ നിർവചിച്ച് ക്രിയാവിഭാഗങ്ങൾ വിവരിക്കുക
2. മുറ്റുവിന, പറ്റുവിന, എന്നാലെന്ത്? അതിന്റെ പിരിവുകൾ ക്രോഡീകരിക്കുക
3. ഭേദക വിഭാഗങ്ങളെക്കുറിച്ച് വിശദീകരിക്കുക
4. അനുപ്രയോഗത്തിന്റെ പിരിവുകൾ പരിചയപ്പെടുത്തുക
5. പ്രകാരം എന്നാലെന്ത്? വിഭാഗങ്ങൾ വിവരിക്കുക
6. ഭൂതകാല പ്രത്യയം ചേരുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തുക

## Suggested Reading


1. സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
2. കെ. ഗോദവർമ, കേരളഭാഷാവിജ്ഞാനീയം, കേരളസർവകലാശാല, തിരുവനന്തപുരം.
3. വി.പി. മാർക്കോസ് 'മലയാളത്തിലെ സർവ്വനാമങ്ങൾ', സമകാലിക മലയാളവ്യാകരണം, എഡി. ശരത്ചന്ദ്രനായർ. വി.രാജേന്ദ്രബാബു, സി.ജി. മൈസൂർ: സി.ഐ.ഐ.എൽ.
4. എം. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.

## Reference

1. എ.ആർ. രാജരാജവർമ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. എം.എം. രോഹിണി, മലയാളവ്യാകരണചരിത്രം, മലയാളഭാഷാപഠനങ്ങൾ, എഡി. എ.എം. ഉണ്ണികൃഷ്ണൻ, പി.കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ്, തിരുവനന്തപുരം, 2019.
3. പി. നാരായണമേനോൻ, വ്യാകരണ പാഠങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. കെ. സുകുമാരപിള്ള, കൈരളി ശബ്ദാനുശാസനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. കെ.എം. പ്രഭാകരവാര്യർ, മലയാള വ്യാകരണ സമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

# BLOCK 03

# സന്ധി, സമാസം, ക്രിയ

SGOU

BLOCK 1

# യൂണിറ്റ് 1 സന്ധികാര്യങ്ങൾ

## Learning Outcomes

- ഭാഷയിലെ സന്ധികാര്യങ്ങൾ ചർച്ച ചെയ്യുന്നു
- കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധി വിഭജനം വിശദീകരിക്കുന്നു
- സന്ധിനിർവചനങ്ങളിലെ വ്യത്യസ്ത അഭിപ്രായങ്ങൾ വിലയിരുത്തുന്നു
- സന്ധിയിൽ ശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നീ പിരിവുകൾ മനസിലാക്കുന്നു
- വർണങ്ങളുടെ അടിസ്ഥാനത്തിൽ സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി എന്നിവയെക്കുറിച്ച് അറിവു നേടുന്നു
- വർണവികാരങ്ങൾക്കനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിവയെ അപഗ്രഥിക്കുന്നു
- സന്ധിയുടെ ദാർഢ്യം അനുസരിച്ച് സുദൃഢം, ദൃഢം, ശിഥിലം, ഐച്ഛികം എന്നിങ്ങനെ വർഗീകരിച്ച് പഠിക്കുന്നു
- വിസന്ധിയെക്കുറിച്ച് അറിയുന്നു

## Prerequisite

ഭാഷാവ്യാകരണത്തിൽ സന്ധിക്കുള്ള പ്രസക്തിയും പരസ്പരബന്ധവും സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. വാക്യത്തിൽ പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോഴും ഉണ്ടാകുന്ന വർണസാമീപ്യം അഥവാ സംഹിതയാണ് സന്ധി. രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന ചേർച്ച, മാറ്റമാണ് സന്ധി. സംസ്കൃത വ്യാകരണത്തിൽ സന്ധിചെയ്യുന്ന ഭേദമനുസരിച്ച് പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. സന്ധി ചെയ്യുന്ന വർണഭേദമനുസരിച്ച് സന്ധി ചെയ്യുന്നത് സ്വരങ്ങൾ തമ്മിലാണെങ്കിൽ സ്വരസന്ധി; വ്യഞ്ജനങ്ങൾ തമ്മിലാണെങ്കിൽ വ്യഞ്ജനസന്ധി, സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടിയാണെങ്കിൽ സ്വരവ്യഞ്ജനസന്ധി എന്നിങ്ങനെയാണ് ആ വിഭജനം. മേൽപ്പറഞ്ഞ രണ്ടു വിഭജനക്രമവും സംസ്കൃത വ്യാകരണത്തിലുള്ളതാണ്. ലീലാതിലകത്തിലാണീ സന്ധീവിഭജനമുള്ളത്.

കേരളപാണിനീയത്തിലെ സന്ധിവിഭജനത്തിൽ സന്ധി ചെയ്യുമ്പോൾ വർണങ്ങൾക്കുണ്ടാകുന്ന വികാരഭേദമനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്ന് നാലുതരം സന്ധികളുണ്ട്. വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒന്ന് ലോപിക്കുന്നത് ലോപസന്ധി. ഒരുവർണം ആഗമിക്കുന്നത് ആഗമസന്ധി. ഒരു വർണം പോയി മറ്റൊരു വർണം വരുന്നത് ആദേശസന്ധി. ഏതെങ്കിലും ഒരു വർണം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി. 'വർണങ്ങളെ നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണസാമ്യമാകുന്നു സംഹിത' എന്ന് വ്യാകരണമിത്രത്തിൽ ശേഷഗിരി പ്രഭു സംഹിതയെ നിർവചിക്കുന്നു. സംഹിതയിലെ ഉച്ചാരണക്ലേശങ്ങൾ പരിഹരിക്കുകയാണ് സന്ധിയുടെ മുഖ്യലക്ഷ്യം. വർണങ്ങൾ ചേർന്ന് ഉണ്ടാകുന്ന ഏതു പദത്തിലും സംഹിതയുണ്ട് എന്ന് കാണാം. എന്നാൽ സംഹിതയിൽ എല്ലായ്പ്പോഴും ഉച്ചാരണ

ക്ലേശം ഉണ്ടാകണമെന്നില്ല. ഉച്ചാരണക്ലേശം ഉണ്ടെങ്കിൽ അത് പരിഹരിക്കുകയാണ് സന്ധിയിൽ ചെയ്യുന്നത്. സന്ധിചെയ്യുന്നത് വിവൃത്തി പരിഹരിക്കാനാണ്, ഉച്ചാരണസുഗമതയാണ് സന്ധിയുടെ ലക്ഷ്യം.

അക്ഷരങ്ങൾ, അല്ലെങ്കിൽ വർണങ്ങൾ, തമ്മിൽ ചേരുമ്പോഴും ഓരോതരം മാറ്റങ്ങൾ ഉണ്ടാവുകയും ഇല്ലാതെയും വരുന്നതാണ്. ഇത്തരം സംഗതികളെപ്പറ്റി വിവരിക്കുന്ന ഭാഗത്തിനാണ് വ്യാകരണത്തിൽ 'സന്ധിപ്രകരണം' എന്നു പറയുന്നത് എന്ന് എ.ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ പറയുന്നു, ചില വർണങ്ങളെ ഒരുമിച്ചോ അടുപ്പിച്ചോ ഉച്ചരിക്കാൻ അസൗകര്യമുണ്ട്. ഇതിന് വിവൃത്തി എന്നു പറയുന്നു. വിവൃത്തി ഒഴിവാക്കാൻ ഉച്ചാരണത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നു. ഇതിനു പുറമേ, ഭാഷാപ്രയോഗത്തിൽ അർത്ഥവ്യക്തിക്കു വേണ്ടിയും, ശബ്ദഭംഗിക്കു വേണ്ടിയും ചിലപ്പോൾ വർണമാറ്റങ്ങൾ വരുത്തുന്നു. പ്രകൃതിപ്രത്യയങ്ങൾ, പദങ്ങൾ എന്നിവ തമ്മിൽ ഏതെങ്കിലും വിധത്തിൽ ചേരുമ്പോൾ അവയ്ക്കിടയിലുണ്ടാകുന്ന വർണമാറ്റത്തിന് 'സന്ധി' എന്നു പറയുന്നു എന്നാണ് ഗോപിക്കുട്ടൻ സന്ധിയെ നിർവചിക്കുന്നത്. സന്ധിയിൽ ഏർപ്പെടുന്ന ശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ സന്ധിയെ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെയും സന്ധിയിൽ ഏർപ്പെടുന്ന വർണങ്ങളുടെ അടിസ്ഥാനത്തിൽ സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി എന്നിങ്ങനെയും സന്ധിയിലെ വർണവികാരങ്ങൾക്കനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെയും സന്ധിയുടെ ദാർഢ്യം അനുസരിച്ച് സുദൃഢം, ദൃഢം, ശിഥിലം, ഐച്ഛികം എന്നിങ്ങനെയും സന്ധിയെ വർഗീകരിച്ച് പഠിക്കുന്നു.

ഒരു പദത്തിന്റെ ഭാഗമായി രണ്ടു സ്വരങ്ങളെ അടുത്തടുത്ത് ഉച്ചരിക്കുക പ്രയാസമാണ്. ഈ പ്രയാസത്തെ കുറിക്കാൻ വിസന്ധി എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സ്വരസംയോഗത്തിലുണ്ടാകുന്ന വിസന്ധിയെ പരിഹരിക്കുന്നത് 'യ/വ' എന്നീ വ്യഞ്ജനങ്ങളിലൊന്ന് സ്വരങ്ങൾക്കിടയിൽ സന്നിവേശിപ്പിച്ചിട്ടാണ്. 'യ/വ' സന്നിവേശിപ്പിച്ച് വിസന്ധി പരിഹരിക്കുന്നു.

## Keywords

സന്ധികാര്യങ്ങൾ - സന്ധിവിഭജനം - പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി - സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി - ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി - സുദൃഢസന്ധി, ദൃഢസന്ധി, ശിഥിലസന്ധി, ഐച്ഛികസന്ധി - വിസന്ധി

## Discussion

### 3.1.1 സന്ധിക്ക് വ്യാകരണത്തിലുള്ള പ്രസക്തി - വർണങ്ങളുടെ കൂടിച്ചേരൽ

പ്രകൃതിപ്രത്യയങ്ങൾ ചേരുമ്പോഴും, പദങ്ങൾ ചേർന്നു സമാസങ്ങൾ ഉണ്ടാകുമ്പോഴും, വാക്യത്തിൽ അന്വയബന്ധം നിമിത്തം പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോഴും ഉണ്ടാകുന്ന വർണസാമീപ്യം അഥവാ സംഹിതയാണ് സന്ധി എന്ന വ്യാകരണ പ്രകരണത്തിനടിസ്ഥാനം. ഇങ്ങനെ രണ്ടുവർണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന മാറ്റത്തിനാണ് വ്യാകരണത്തിൽ "സന്ധി" എന്നുപറയുന്നത്. സന്ധിയെന്നാൽ ചേർച്ചയെന്നാണ് പദത്തിന്റെ അർഥം. രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ എന്തെങ്കിലും മാ

റ്റമുണ്ടാകുന്നുവെങ്കിൽ മാത്രമേസന്ധിയുണ്ടാവൂ എന്നുകൂടി ധരിക്കണം. ചില വർണങ്ങൾ അടുത്തടുത്ത് ഉച്ചരിക്കേണ്ടി വരുമ്പോൾ ഉച്ചാരണത്തിന് അല്പം ആയാസമുണ്ടായെന്നുവരും. ഈ ആയാസത്തിനു നിവൃത്തി വരുത്തുകയാണ് സന്ധിയുടെ ലക്ഷ്യം. ഉച്ചാരണലാഘവം, ശ്രവണസുഖം മുതലായവയാകുന്നു സന്ധിയുടെ പ്രയോജനങ്ങൾ. "അസവർണങ്ങളായ വ്യഞ്ജനങ്ങൾ അടുത്തടുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വൈഷമ്യം നീക്കുന്നതു സന്ധി" എന്നു ശേഷഗിരിപ്രഭുവിന്റെ നിർവചനം.

പദത്തിൽ സന്ധിചെയ്യുന്ന സ്ഥാനത്തിന്റെ ഭേദമനുസരിച്ച് പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നൊരു തരംതിരിവ് സംസ്കൃത വ്യാകരണത്തിലുണ്ട്. സന്ധി ചെയ്യുന്ന വർണങ്ങളുടെ ഭേദമനുസരിച്ച് മറ്റൊരു തരംതിരിവു കൂടിയുണ്ട്. സന്ധി ചെയ്യുന്നത് സ്വരങ്ങൾ തമ്മിലാണെങ്കിൽ സ്വരസന്ധി; വ്യഞ്ജനങ്ങൾ തമ്മിലാണ് സന്ധി ചെയ്യുന്നതെങ്കിൽ വ്യഞ്ജന സന്ധി, സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടിയാണ് സന്ധി ചെയ്യുന്നതെങ്കിൽ സ്വരവ്യഞ്ജന സന്ധി എന്നിങ്ങനെയാണ് ആ വിഭജനം. മേൽപ്പറഞ്ഞ രണ്ടു വിഭജനക്രമവും സംസ്കൃത വ്യാകരണത്തിലുള്ളതാണ്. തമിഴ്-മലയാളങ്ങളിലെ ചില വൈയാകരണന്മാരും ഈ മാർഗം സ്വീകരിച്ചിട്ടുണ്ട്.

മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥമായ ലീലാതിലകത്തിൽ സന്ധിചെയ്യുന്ന വർണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ചുള്ള തരംതിരിവാണെങ്കിൽ മലയാളത്തിലെ അംഗീകൃത വ്യാകരണഗ്രന്ഥമായ കേരളപാണിനീയത്തിൽ വർണങ്ങൾക്കുണ്ടാകുന്ന വികാരഭേദമനുസരിച്ചുള്ള തരംതിരിവാണുള്ളത്. സന്ധി ചെയ്യുമ്പോൾ വർണങ്ങൾക്കുണ്ടാകുന്ന വികാരഭേദമനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്ന് നാലുതരം സന്ധികളുണ്ട്. വർണങ്ങൾതമ്മിൽ സന്ധിചെയ്യുമ്പോൾ ഒന്ന് ഇല്ലാതെയാകുന്നത് (ലോപിക്കുന്നത്) ലോപസന്ധി. ഒരുവർണം കൂടി കൂടുതലായുണ്ടാകുന്നത് (ആഗമിക്കുന്നത്) ആഗമസന്ധി. ഒരു വർണം പോയി മറ്റൊരു വർണം വരുന്നത് (ആദേശം ചെയ്യുന്നത്) ആദേശസന്ധി. ഏതെങ്കിലും ഒരു വർണം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി. ദ്വിത്വം സവർണാഗമമാകയാൽ പ്രത്യേകമായ ഒരു വർണവികാരനയമായി സ്വീകരിക്കേണ്ടതില്ലെന്നു ശേഷഗിരിപ്രഭു പറയുന്നു. പരസവർണാദേശം, പൂർവ സവർണാദേശം, ഉഭയാദേശം എന്ന് ആദേശം മൂന്നു തരത്തിലുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

## 3.1.2 സന്ധി

സന്ധി എന്നാൽ 'ചേർച്ച' എന്നാണർത്ഥം. പ്രകൃതിയും പ്രത്യയവും തമ്മിലോ പദവും പദവും തമ്മിലോ കൂടിച്ചേരുമ്പോൾ ഉച്ചാരണ സൗകര്യത്തിനുവേണ്ടി വർണങ്ങൾക്കു വരുന്ന മാറ്റമാണു സന്ധി അടിസ്ഥാനപരമായി തമ്മിൽ ച്ചേരുന്നത് വർണങ്ങളാണ്. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ പ്രകൃതിയായാലും പദമായാലും ആദ്യത്തേതിന്റെ ഒടുവിലുള്ള വർണവും രണ്ടാമത്തേതിന്റെ തുടക്കത്തിലുള്ള വർണവും തമ്മിലാണല്ലോ ചേരുന്നത്. അങ്ങനെ വർണങ്ങൾ തമ്മിൽ ചേരുമ്പോൾ പലതരത്തിൽ മാറ്റങ്ങൾ സംഭവിക്കാം. സന്ധിയെ ചേരുന്ന വർണങ്ങളുടെ സ്ഥാനം, സ്വഭാവം, സന്ധിയിൽ വരുന്ന മാറ്റം എന്നിവയ്ക്കനുസരിച്ച് പലതരത്തിൽ വർഗീകരിക്കാം.

വർണയോഗത്തിന്റെ സ്ഥലഭേദമനുസരിച്ചു സന്ധിയെ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

### പദമധ്യസന്ധി

പ്രകൃതിയും പ്രത്യയവും കൂടിച്ചേരുമ്പോൾ പദമധ്യത്തിൽ നടക്കുന്ന മാറ്റത്തെ പദമധ്യ സന്ധി എന്നു പറയുന്നു.

ഉദാ : മരം + ഇൽ = മരത്തിൽ

### പദാന്തസന്ധി

പദാന്തത്തിൽ സന്ധിക്കുന്നതിനെ പദാന്തസന്ധി എന്നു പറയുന്നു.

ഉദാ : പൊൻ + പൂ = പൊൻപൂ

### ഉഭയസന്ധി

പദമധ്യസന്ധിയും പദാന്തസന്ധിയും കലർന്നുവരുന്നതിനെ ഉഭയസന്ധി എന്നു പറയുന്നു.

ഉദാ : മണി + അറ + ഇൽ

= മണിയറയിൽ

സന്ധിയിൽ ചേരുന്ന വർണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ച് സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി എന്നിങ്ങനെയുമുള്ള വിഭജനമുണ്ട്.

### സ്വരസന്ധി

സന്ധിയിൽ ചേരുന്ന വർണങ്ങൾ രണ്ടു സ്വരമായാൽ അത് സ്വരസന്ധി.

ഉദാ : തറ + ഇൽ = തറയിൽ

(തറ എന്ന പദത്തിലെ അന്ത്യസ്വരമായ അകാരവും ഇൽ എന്ന പ്രത്യയത്തിലെ ആദ്യ വർണമായ ഇ എന്ന സ്വരവും ചേരുന്നു).

### സ്വരവ്യഞ്ജനസന്ധി

സ്വരവും വ്യഞ്ജനവും ചേരുമ്പോൾ സ്വരവ്യഞ്ജനസന്ധി.

ഉദാ : കഴുത + പുറം = കഴുതപ്പുറം

കഴുത എന്ന പദത്തിലെ അവസാനസ്വരമായ 'അ' യും പുറം എന്ന പദത്തിന് ആദ്യവ്യഞ്ജനമായ 'പ' കാരവും കൂടിച്ചേരുന്നു

(കഴുത എന്ന പദത്തിലെ അവസാനസ്വരമായ ആദ്യവ്യഞ്ജനമായ പകാരവും കൂടിച്ചേരുന്നു).

### വ്യഞ്ജനസ്വരസന്ധി

വ്യഞ്ജനം സ്വരത്തോടു ചേരുമ്പോഴുള്ളതു വ്യഞ്ജനസ്വരസന്ധി.

ഉദാ : മരം + ഇൽ = മരത്തിൽ

(മരം എന്നതിലെ അവസാന വ്യഞ്ജനമായ മകാരവും ഇ എന്ന പ്രത്യയത്തിലെ ആദ്യസ്വരമായ ഇകാരവും കൂടിച്ചേരുന്നു).

### വ്യഞ്ജനസന്ധി

വ്യഞ്ജനങ്ങൾ തമ്മിൽ ചേരുമ്പോഴുള്ളതു വ്യഞ്ജനസന്ധി.

ഉദാ : കടം + കഥ = കടങ്കഥ

(കടം എന്നതിലെ അവസാന വ്യഞ്ജനമായ മകാരവും കഥ എന്ന പദത്തിലെ ആദ്യവർണമായ കകാരവും ചേരുന്നു).

സന്ധിചെയ്യുമ്പോൾ വർണങ്ങൾക്കുണ്ടാകുന്ന വികാരമനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെയും വിഭജിക്കാവുന്നതാണ്. ഒടുവിൽ പറഞ്ഞ വിഭാഗത്തെയാണു കേരളപാണിനീയത്തിൽ സ്വീകരിച്ചിരിക്കുന്നത്. 'സന്ധിയിലുണ്ടാകുന്ന സകലവർണവികാരങ്ങൾക്കും ഉച്ചാരണസൗകര്യമാണു അടിസ്ഥാനം' എന്നു കേരളപാണിനീയം പറയുന്നുണ്ട്. കേരളപാണിനീയത്തിലെ സന്ധിവിഭജന ക്രമമാണ് തുടർന്ന് വിശദീകരിക്കുന്നത്.

## 3.1.2.1 ലോപസന്ധി

രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ സ്വരം പരമായാൽ ഒരു വർണം ലോപിക്കുന്നതാണ് ലോപസന്ധി.

### കാരിക 1

*സ്വരത്തിൻമുൻപു ലോപിക്കും*
*സംവൃതം വ്യർത്ഥമാകയാൽ;*
*അതിനെ സ്വരമായിട്ടേ*
*വകവയ്ക്കേണ്ട സന്ധിയിൽ.*

### വിശദീകരണം

രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ സ്വരം പരമായാൽ സംവൃത 'ഉ'കാരം ലോപിക്കും.

ഉദാ : തണുപ്പ് + ഉണ്ട് = തണുപ്പുണ്ട്

കാറ്റ് + അടിക്കുന്നു = കാറ്റടിക്കുന്നു

### കാരിക 2

*ചെയ്തു ചെയ്യുന്നു എന്നുള്ളൊ-*
*രാഖ്യാതാന്ത്യമുകാരവും*
*ലോപിക്കും സദൃശംപോലെ*
*സംവൃതോപജ്ഞമാകയാൽ.*

### വിശദീകരണം

പൂർണക്രിയയുടെ അവസാനം വരുന്ന വിവൃത 'ഉ'കാരം സ്വരം പരമാകുമ്പോൾ ലോപിക്കും

ഉദാ : കണ്ടു + ഇല്ല = കണ്ടില്ല

കാണുന്നു + ഉണ്ട് = കാണുന്നുണ്ട്

### കാരിക 3

*അല്ല - ഇല്ലയ്ക്കന്ത്യലോപ -*
*മായി പോയിക്കുമൊത്തപോൽ.*

### വിശദീകരണം

അല്ല, ഇല്ല എന്നിവയുടെ അന്ത്യത്തിലുള്ള 'അ'കാരവും ആയി, പോയി എന്നിവയുടെ അന്ത്യത്തിലുള്ള 'ഇ'കാരവും സ്വരം പരമായാൽ ലോപിക്കും.

അല്ല + എന്ന് = അല്ലെന്ന്
ഇല്ല + എന്ന് = ഇല്ലെന്ന്
പോയി + എന്ന് = പോയെന്ന്
ആയി + എന്ന് = ആയെന്ന്

### കാരിക 4

*പ്രാർത്ഥനാർത്ഥക്രിയാംഗത്തി-*
*ന്നന്ത്യാകാരവുമങ്ങനെ*

### വിശദീകരണം

പ്രാർത്ഥനാർത്ഥക്രിയാംഗത്തിന്റെ (വിനയെച്ചത്തിന്റെ) അവസാനം ഉള്ള 'അ'കാരം സ്വര പരമായാൽ ലോപിക്കും.

ഉദാ : അറിക + അമരേശ്വര
= അറികമരേശ്വര
വരിക + എടോ
= വരികെടോ

### കാരിക 5

*അകാരം ലൂപ്തമായ്ക്കാണും*
*വേറിട്ടും പലെടങ്ങളിൽ*

### വിശദീകരണം

'അ'കാരലോപത്തിനു വേറെയും ഉദാഹരണങ്ങളുണ്ട്.

ഉദാ : പല + എടങ്ങളിൽ = പലെടങ്ങളിൽ
പച്ച + അരി = പച്ചരി

### കാരിക 6

*അട്ടെ, ആതെ, ഉടെ, ഊടെ*
*ഇവയന്ത്യം കളഞ്ഞുമാം*
*ഹ്രസ്വം നീട്ടാം ബലത്തിന്നായ്*
*തള്ളാം പ്രാധാന്യഹാനിയിൽ.*

### വിശദീകരണം

അട്ടെ, ആതെ, ഉടെ, ഊടെ എന്നിവയുടെ അന്ത്യത്തിലുള്ള 'എ'കാരം സ്വരം പരമായാൽ വികല്പേന ലോപിക്കും.

ഉദാ : പോട്ടെ + അവൻ
= പോട്ടവൻ, പോട്ടെയവൻ
വരാതെ + ഇരുന്നു
= വരാതിരുന്നു, വരാതെയിരുന്നു
രവിയുടെ + അച്ഛൻ
= രവിയുടച്ഛൻ, രവിയുടെയച്ഛൻ
ശാമിയുടെ + അച്ഛൻ
= ശാമിയുടച്ഛൻ, ശാമിയുടെയച്ഛൻ
ഓടയിലൂടെ + ഇറങ്ങുന്നു
= ഓടയിലൂടിറങ്ങുന്നു,
ഓടയിലൂടെയിറങ്ങുന്നു.

സംവൃതോകാരത്തിന്റെയും വിവൃതോകാരത്തിന്റെയും 'അ'കാരത്തിന്റെയും 'എ'കാരത്തിന്റെയും ലോപമാണ് പ്രധാനമായും ലോപസന്ധിയിൽ ചർച്ച ചെയ്യുന്നത്.

## 3.1.2.2 ആഗമസന്ധി

രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ സ്വരം പരമായാൽ പുതുതായി ഒരു വർണം വന്നുചേരുന്നതാണു ആഗമസന്ധി

### കാരിക 7

*വർജ്ജിപ്പൂ സ്വരസംയോഗം*
*യവ ചേർത്തു യഥാവലേ*
*പൂർവ്വം താലവ്യമാണെങ്കിൽ*
*യകാരമതിലേയ്ക്കണം:*
*പൂർവ്വമോഷ്ഠ്യസ്വരം വന്നാൽ*
*വകാരം ചേർത്തുകൊള്ളുക*

### വിശദീകരണം

രണ്ടു സ്വരങ്ങൾ ചേർന്നുവരുമ്പോൾ പൂർവ്വം താലവ്യം ആണെങ്കിൽ 'യ'കാരവും ഓഷ്ഠ്യമാണെങ്കിൽ 'വ' കാരവും രണ്ടു സ്വരങ്ങൾക്കും മധ്യത്തിൽ ആഗമിക്കുന്നു.

താലവ്യസ്വരങ്ങൾ -

അ, ആ, ഇ, ഈ, എ, ഏ, ഐ

ഓഷ്ഠ്യസ്വരങ്ങൾ -

അ ആ ഉ ഊ ഒ ഓ ഔ

ഉദാ : കര + ഉള്ള = കരയുള്ള (താലവ്യം)

തിരു + ഓണം = തിരുവോണം (ഓഷ്ഠ്യം)

### കാരിക 8

*യാവിന്നു ങാവും വാവിന്നു*
*കാവും കൃതിയിൽ വന്നിടാം*

(ശ്രുതിമാധുര്യാർത്ഥമായും
ങാഗമം ചിലേടങ്ങളിൽ)

### വിശദീകരണം

കൃതികളിൽ താലവ്യസ്വരത്തിനു സ്വരം പരമാകുമ്പോൾ 'യ' കാരം പോലെ 'ങ' കാരവും ആഗമമായി വരുന്നു. ഓഷ്ഠ്യസ്വരത്തിന് സ്വരം പരമായാൽ 'വ' കാരം പോലെ 'ക' കാരവും ആഗമമായി വരും

ഉദാ : കാട്ടി + ഏൻ = കാട്ടിനേൻ, കാട്ടിയേൻ

പോ + ഉന്നു = പോവുന്നു, പോകുന്നു

ചിലപ്പോൾ കർണസുഖത്തിനും 'ങ' കാരം ചേർക്കാറുണ്ട്

ഉദാ : പുളി + കുരു = പുളിങ്കുരു

കരി + പുലി = കരിൻപുലി

= കരിമ്പുലി

= കരിമ്പുലി

### കാരിക 9

*വകാരാഗമമേ ചേരൂ*
*ചുട്ടെഴുത്തുകൾ മൂന്നിലും,*
*അറിവാനറിവേനെന്ന*
*വകാരം ഭാവിചിഹ്നമാം.*

### വിശദീകരണം

അ, ഇ, എ എന്നീ ചുട്ടെഴുത്തുകൾക്കു സ്വരം പരമായാൽ 'വ' കാരാഗമം.

ഉദാ : അ + അൻ = അവൻ

ഇ + അൻ = ഇവൻ

എ + അൻ = എവൻ

അ + ഇടം = അവിടം

ഇ + ഇടം = ഇവിടം

എ + ഇടം= എവിടം

- അറി + ആൻ = അറിവാൻ
- അറി + ഏൻ = അറിവേൻ

എന്നീ ഉദാഹരണങ്ങളിൽ കാണുന്ന 'വ' കാരം ഭാവി പ്രത്യയമാണ്.

അറിയും + ആൻ = അറിയുവാൻ

### കാരിക 10

*യവാഗമം നിപാതത്തിൻ -*
*സ്വരത്തിങ്കലസുന്ദരം.*

### വിശദീകരണം

നിപാതസ്വരങ്ങൾക്കു സ്വരംപരമായാൽ യ വ എന്നിവ ചേർത്തു സന്ധി ചെയ്യുന്നത് ഭംഗിയല്ല

ഏതോ + ഒരു = ഏതോ ഒരു

അതാ + ഒരുവൻ = അതാ ഒരുവൻ

എന്തോ + അവൻ = എന്തോഅവൻ

### കാരിക 11

*ദീർഘത്തിന്നവസാനത്തിൽ*
*ബാഹുല്യേന യവാഗമം.*

### വിശദീകരണം

ദീർഘസ്വരങ്ങളിൽ അവസാനിക്കുന്ന പദങ്ങളിൽ പൊരുത്തംനോക്കി യ കാരമോ വകാരമോ അന്താഗമമായി വരും.

ഉദാ : നാ = നായ്

രാ = രാവ്

കാ = കായ്

പൂ = പൂവ്

### കാരിക 12

*പ്രത്യയാദിക്കകാരത്തിൻ-*
*മുൻപും താലവ്യയാഗമം*

### വിശദീകരണം

ഒരു പ്രത്യയത്തിന്റെ ആദ്യമിരിക്കുന്ന ഇരട്ടിച്ച 'ക' കാരത്തിനു മുൻപ് താലവ്യസ്വരം വന്നാൽ 'യ'കാരം ആഗമം.

ഉദാ : തല + ക്കു് = തലയ്ക്ക്

ആഗമസന്ധിയിൽ പ്രധാനമായും ചർച്ചചെയ്യുന്നതു താലവ്യ 'യ' കാരത്തിന്റെയും ഓഷ്ഠ്യ 'വ' കാരത്തിന്റെയും ആഗമമാണ്.

## 3.1.2.3 ദ്വിത്വസന്ധി

രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ സ്വരം പരമായാൽ ഒരു വർണം ഇരട്ടിക്കുന്നതു ദ്വിത്വസന്ധി (ഉത്തരപദത്തിലെ ആദ്യവർണം ഇരട്ടിക്കുന്നു). സ്വരങ്ങൾ സ്വതന്ത്രോച്ചാരണക്ഷമങ്ങളായതുകൊണ്ടും അവയുടെ ധ്വനി വിവൃതമായതുകൊണ്ടും ഉച്ചരിക്കുമ്പോൾ കണ്ഠാദിസ്ഥാനങ്ങളിൽ നാവ് സ്പർശിച്ചുനിന്നു പോകാത്തതുകൊണ്ടും അവ വ്യഞ്ജനങ്ങളെ പോലെ കൂടിച്ചേർന്നു കൂട്ടക്ഷരം ഉണ്ടാകുന്നില്ല. സ്വരയോഗം ഉണ്ടായാൽത്തന്നെയും വ്യഞ്ജനയോഗംപോലെ വ്യക്തമല്ല. വ്യഞ്ജനങ്ങളുടെ ദ്വിത്വസ്ഥാനത്തു സ്വരങ്ങൾക്കു ദീർഘമാണ്, കൂട്ടക്ഷരസ്ഥാനത്തു സന്ധ്യാക്ഷരവും. അതിനാൽ ദ്വിത്വസന്ധിയെക്കുറിച്ചുള്ള നിയമങ്ങൾ ബാധകമാകുന്നത് വ്യഞ്ജനങ്ങളെ ആയിരിക്കും.

### കാരിക 13

*ഖരാതിഖരമൂഷ്മാവും*
*മൃദുഘോഷങ്ങളും ദൃഢം;*
*പഞ്ചമം മധ്യമം ഹാവും*
*ശിഥിലാഭിധമായ് വരും.*
*വിശേഷണവിശേഷ്യങ്ങൾ*
*പൂർവോത്തര പദങ്ങളായ്*
*സമാസിച്ചാലിരട്ടിപ്പൂ*
*ദൃഢം പരപദാദിഗം.*

ദ്വിത്വസന്ധിയിൽ വ്യഞ്ജനങ്ങളെ ദൃഢമെന്നും ശിഥിലമെന്നും തരംതിരിക്കാം.

### ദൃഢം

ഉറപ്പിച്ചുച്ചരിക്കുന്ന കടുപ്പമുള്ള വ്യഞ്ജനങ്ങളാണു ദൃഢാക്ഷരങ്ങൾ. വ്യഞ്ജനങ്ങളിൽ ഖരം, അതിഖരം, മൃദു, ഘോഷം, ഊഷ്മാവ് എന്നിവയ്ക്കു ദൃഢാക്ഷരങ്ങൾ എന്നു പറയുന്നു. ഇരുപ്പത്തിനാലു ദൃഢാക്ഷരങ്ങളാണുള്ളതെന്നു കേരളപാണിനി പറയുന്നു.

ഖരങ്ങൾ – 6 = ക, ച, ട, റ (റ്റ), ത, പ

അതിഖരങ്ങൾ – 5 = ഖ, ഛ, ഠ, ഥ, ഫ

മൃദുക്കൾ – 5 = ഗ, ജ, ഡ, ദ, ബ

ഘോഷങ്ങൾ – 5 = ഘ, ഝ, ഢ, ധ, ഭ

ഊഷ്മാക്കൾ – 3 = ശ, ഷ, സ (ആകെ – 24)

### ശിഥിലം

കടുപ്പം കുറഞ്ഞ വ്യഞ്ജനങ്ങളാണു ശിഥിലങ്ങൾ, പഞ്ചമങ്ങൾ, മധ്യമങ്ങൾ, ഘോഷി എന്നിവയെ ശിഥിലാക്ഷരങ്ങൾ എന്നു പറയുന്നു. പതിമൂന്നു ശിഥിലാക്ഷരങ്ങളുണ്ടെന്നു കേരളപാണിനി അഭിപ്രായപ്പെടുന്നു.

പഞ്ചമങ്ങൾ = 6

മധ്യമങ്ങൾ = 6

ഘോഷി – 'ഹ' = 1 (ആകെ – 13)

### വിശദീകരണം

വിശേഷണവിശേഷ്യങ്ങൾ പൂർവോത്തരപദങ്ങളായി സമാസിക്കുമ്പോൾ ഉത്തരപദാദിയിലുള്ള ദൃഢാക്ഷരം ഇരട്ടിക്കും.

ഉദാ : പുഞ്ച + പാടം = പുഞ്ചപ്പാടം

പണി + പുര = പണിപ്പുര

പൊട്ട + കിണർ = പൊട്ടക്കിണർ

ഓല + പാമ്പ് = ഓലപ്പാമ്പ്

മരം + പാവ = മരപ്പാവ

### കാരിക 58

ടാവും റാവുമിരട്ടിപ്പൂ
നാമാന്തത്തിൽ യഥോചിതം.

### വിശദീകരണം

പൂർവപദത്തിന്റെ അന്ത്യമായ 'ട' യും 'റ' യും ഇരട്ടിക്കുന്നു.

ഉദാ : നാട് + അകം = നാട്ടകം

ആറ് + വഞ്ചി = ആറ്റുവഞ്ചി

**കാരിക 14**

*അലുപ്താഖ്യസമാസത്തിൽ*
*ധാതുപൂർവത്തിലും വരാ*

**വിശദീകരണം**

അലുപ്തസമാസത്തിലും കേവലധാതു പൂർവപദമായി വരുന്ന സമാസത്തിലും ഉത്തരപാദാദിയിലെ ദൃഢാക്ഷരം ഇരട്ടിക്കുകയില്ല.

ഉദാ : അണ്ടർ + കോൻ = അണ്ടർകോൻ

എരി + തീ = എരിതീ

**കാരിക 15**

*വിനയെച്ചങ്ങൾ മൂന്നെണ്ണം*
*മുൻതൻപാക്ഷിക സംജ്ഞിതം,*
*ആധാരികാഭാസമാം ഏ*
*ആലിൽകലെ വിഭക്തികൾ*
*ഇവയ്ക്കു പിൻ ദൃഢത്തിന്നു*
*ദ്വിത്വം വാക്യത്തിലും വരും*

**വിശദീകരണം**

മുൻവിനയെച്ചം, തൻവിനയെച്ചം, പാക്ഷികവിനയെച്ചം, ആധാരികാഭാസമായ ഏ. ആൽ, ഇൽ, കൽ, എ എന്നീ വിഭക്തി പ്രത്യയങ്ങൾക്കു ശേഷം വരുന്ന ദൃഢാക്ഷരങ്ങൾ സമാസമില്ലെങ്കിലും ഇരട്ടിക്കും.

ഉദാ : ചാടി + പുറപ്പെട്ടു = ചാടിപ്പുറപ്പെട്ടു
(മുൻവിനയെച്ചം)

മുറുകെ + പിടിച്ചു = മുറുകെപ്പിടിച്ചു
(തൻവിനയെച്ചം)

കണ്ടാൽ + കൊള്ളാം
= കണ്ടാൽക്കൊള്ളാം
(പാക്ഷികവിനയെച്ചം)

ജലത്തിലെ + പോളകൾ
= ജലത്തിലെപ്പോളകൾ
(ആധാരികാഭാസമായ 'ഏ')

വടിയാൽ + തടുത്തു = വടിയാൽത്തടുത്തു
('ആൽ' എന്ന വിഭക്തി)

അതിൽ + പിന്നെ = അതിൽപ്പിന്നെ
('ഇൽ' എന്ന വിഭക്തി)

തലയ്ക്കൽ + പിടിച്ചു = തലയ്ക്കൽപ്പിടിച്ചു
('കൽ' എന്ന വിഭക്തി)

നിന്നെ + കണ്ടു = നിന്നെക്കണ്ടു
('എ' എന്ന വിഭക്തി)

**കാരിക 16**

*കൂട്ടക്ഷരമിരട്ടിക്ക*
*പദമധ്യത്തിലാവുകിൽ*

**വിശദീകരണം**

പദമധ്യത്തിൽ കാണുന്ന കൂട്ടക്ഷരത്തിൽ ആദ്യത്തേതും ഇരട്ടിക്കും. എഴുതുമ്പോഴല്ല, ഉച്ചരിക്കുമ്പോഴാണു ഈ ഇരട്ടിപ്പു സംഭവിക്കുന്നത്.

ഉദാ : ലക്ഷ്മി = ലക്ക്ഷ്മി

ഭസ്മം = ഭസ് സ്മം

**കാരിക 17**

*ചുട്ടെഴുത്തിനു പിൻ വന്നാൽ*
*മെയ്യേതും ദ്വിത്വമാർന്നിടും*
*പരം ശിഥിലമാണെങ്കി-*
*ലിതേ ദീർഘിക്കിലും മതി*

**വിശദീകരണം**

ചുട്ടെഴുത്തിനുപരമായി വരുന്ന വ്യഞ്ജനാക്ഷരങ്ങൾ ഇരട്ടിക്കും.

ഉദാ : അ + കഥ = അക്കഥ

ഇ + കഥ = ഇക്കഥ

എ + കഥ = എക്കഥ

അ + കാലം = അക്കാലം

ഇ + കാലം = ഇക്കാലം

എ + കാലം = എക്കാലം

അ + വഴി = അവ്വഴി = ആ വഴി

**കാരിക 18**

*ഏകമാത്രപ്രകൃത്യന്തേ*
*നാസോർത്ഥം യളലങ്ങളും*
*ഇരട്ടിച്ചിട്ടു താൻ നില്ക്കും;*
*പദമില്ലൊറ്റമാത്രയിൽ*

### വിശദീകരണം

ഏകമാത്രാ ശബ്ദത്തിന്റെ അവസാനം വരുന്ന അനുനാസികങ്ങളും യ, ള, ല എന്നിവയും ഇരട്ടിക്കുന്നു. ഒരു മാത്രയിൽ അവസാനിക്കുന്ന പദങ്ങൾ മലയാളത്തിലില്ല.

ഉദാ : എൺ + ആയിരം = എണ്ണായിരം

നമ് + ആൾ = നമ്മൾ

ചെയ് + ഉന്നു = ചെയ്യുന്നു.

എൾ + ഉണ്ട = എള്ളുണ്ട

നെല് + അരി = നെല്ലരി

### കാരിക 19

*പദാന്തേ വ്യഞ്ജനം വന്നാൽ*
*സംവൃതം ചേർത്തു ചൊല്ലുക;*
*ചില്ലുമാത്രം സംവൃതത്തിൻ–*
*സാഹ്യംകൂടാതെയും വരും*

### വിശദീകരണം

വ്യഞ്ജനത്തിൽ അവസാനിക്കുന്ന പദം സംവൃതം ചേർത്തു പ്രയോഗിക്കണം. ചില്ലാണെങ്കിൽ ഇതു നിർബന്ധമില്ല.

ഉദാ : വിറക് = വിറക്

അവൽ = അവല്

വ്യഞ്ജനങ്ങളുടെ ഇരട്ടിപ്പാണു ദിത്വസന്ധിയിൽ പ്രധാനമായും നടക്കുന്നത്.

## 3.1.2.4 ആദേശസന്ധി

സന്ധിയിൽ ഒരു വർണം പോയി അതിന്റെ സ്ഥാനത്തു മറ്റൊരു വർണം വരുന്നതാണു ആദേശം. (രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോൾ ഉച്ചാരണ സൗകര്യത്തിനുവേണ്ടി ഒന്നു മാറി അതിനു പകരം മറ്റൊന്നു വരുന്നതു ആദേശസന്ധി)

### കാരിക 20

*ത വർഗ്ഗത്തിനടുത്തുള്ള*
*ട വർഗ്ഗേണ സവർണ്ണനം*
*ച വർഗ്ഗത്തോടുമവ്വണ്ണം*
*4 വർഗ്ഗത്തോടുമങ്ങനെ*

തവർഗത്തിന്നടുത്തുള്ള ടവർഗേണ സവർണനം, ചവർഗത്തോടുമവ്വണ്ണം റ്റ വർഗത്തോടുമങ്ങനെ.

### വിശദീകരണം

തവർഗം ട, ച, റ്റ എന്നീ വർഗാക്ഷരങ്ങളോടു ചേരുമ്പോൾ യഥാക്രമം ട, പ, റ്റ വർഗങ്ങളായി മാറും.

ഉദാ : വിൺ + തലം = വിൺ + ടലം = വിണ്ടലം

നട് + തു – നട് + ടു = നട്ടു

### കാരിക 21

*ലകാരം വർത്സ്യമായ്ത്തീരും*
*തവർഗ്ഗം പരമാവുകിൽ;*
*ളകാരമെങ്കിൽ മൂർദ്ധന്യം;*
*വിനാമക്രിയയാണിത്*

### വിശദീകരണം

പ്രത്യയ 'ത'കാരമോ അനുനാസികമോ പരമായി വന്നാൽ വിനാമം സംഭവിക്കുന്നു. ല, ള കാരങ്ങൾക്കു പരമായി 'ത' വർഗാക്ഷരങ്ങൾ വന്നാൽ വിനാമം സംഭവിക്കുന്നു. വിനാമം എന്നാൽ 'സ്ഥാനം താഴുക' എന്നാണർത്ഥം. ദന്ത്യം വർത്സ്യമായാൽ അതു വിനാമം.

'ല'കാരത്തിനു പരമായി 'ത' വർഗാക്ഷരങ്ങൾ വരുമ്പോൾ 'ല'കാരത്തിനു 'റ്റ'കാരമാദേശം. അതുപോലെ 'ള'കാരത്തിനു 'ത' വർഗാക്ഷരങ്ങൾ പരമായാൽ 'ട' കാരമാദേശം,

ഉദാ : അകല് + തുന്നു

= അകറ്റ് + തുന്നു

= അകറ്റുന്നു.

വേള് + തു

= വേട് + തു

= വേട്തു

= വേട്ടു

### കാരിക 23

ഖരത്തിൻമുൻപുലാദേശം

മുൻപിൽ പൊന്നെന്ന ണാവിന്

### വിശദീകരണം

മുൻ, പിൻ, പൊൻ എന്നീ പദങ്ങളിലെ അന്ത്യമായ 'ന'കാരം ഖരം പരമാകുമ്പോൾ 'ല' കാരമായി മാറും.

ഉദാ : തിരുമുൻ+ കാഴ്ച = തിരുമുൽക്കാഴ്ച

പൊൻ+ കുടം = പൊല്ക്കുടം

### കാരിക 24

*അനുനാസികമാദേശം*
*പിൻപ്രത്യയഖരത്തിന്*
*കൽടാവുകൾക്കില്ലിതത്രേ*
*അതിപ്രസരമെന്നത്.*

### വിശദീകരണം

അനുനാസികത്തിനുപരമായി വരുന്ന പ്രത്യയഖരം അനുനാസികമായി മാറും. ഇതിനെയാണു അനുനാസികാതിപ്രസരം എന്നു പറയുന്നത്.

ഉദാ : തീൻ + തു = തിന്നു

തൻ + കൽ = തങ്കൽ

(അനുനാസികാതിപ്രസരം വന്ന് തങ്ങൽ എന്നാകുന്നില്ല)

### കാരിക 25 (1)

*മകാരംതാനനുസ്വാരം,*
*സ്വരം ചേർന്നാൽ തെളിഞ്ഞിടും.*

### വിശദീകരണം

അനുസ്വാരം എന്നു പറയുന്നതു പദാവസാനത്തിൽ വരുന്ന 'മ'കാരമാണ്. സ്വരം ചേരുമ്പോൾ ഇതു പ്രകടമാവും.

ഉദാ : മരം + ഇല്ല = മരമില്ല

### കാരിക 25 (2)

*വർഗ്യങ്ങൾ പരമായ് വന്നാൽ*
*അതാതിന്റെ പഞ്ചമം വരാം*

### വിശദീകരണം

അനുനാസികത്തിനു വർഗാക്ഷരങ്ങൾ പരമാകുമ്പോൾ അതതിന്റെ അനുനാസികമാദേശം.

ഉദാ : വരും + കാലം = വരുങ്കാലം

പെരും + പറ = പെരുമ്പറ

### കാരിക 25 (3)

*സമുച്ചയനിപാതത്തിൽ*
*ചേരുന്ന വകാരമാം;*
*ഭാവി പ്രത്യയമാവിന്നും*
*വകാര പ്രത്യയേ പരേ*

### വിശദീകരണം

അനുസ്വാരത്തോടു സമുച്ചയനിപാതമായ 'ഉം' ചേരുമ്പോൾ വകാരമായി മാറും.

ഉദാ : ധനം + ഉം = ധനവും

കാര്യം + ഉം = കാര്യവും

### കാരിക 25 (4)

*പ്രത്യയ സ്വരമേല്ക്കുമ്പോ*
*ളിരട്ടിച്ച തകാരമാം;*

### വിശദീകരണം

പ്രത്യയസ്വരം പരമാകുമ്പോൾ അനുസ്വാരം ഇരട്ടിച്ച 'ത' കാരമായി മാറും.

ഉദാ : പണം + എ = പണത്തെ

മരം + ഇൽ = മരത്തിൽ

### കാരിക 25 (5)

*ത്താദേശത്തെ വികല്പിക്കാ-*
*മോടെന്നുള്ള വിഭക്തിയിൽ.*

### വിശദീകരണം

'ഓട്' എന്ന വിഭക്തിപ്രത്യയം ചേരുമ്പോൾ ഇപ്പറഞ്ഞ 'ത്ത' കാര ആദേശം വികല്പമാണ്.

ഉദാ : ധനം + ഓട് = ധനത്തോട്

ധനം + ഓട് = ധനമോട്

### കാരിക 25 (6)

*കൾപ്രത്യയത്തിന്നുമുൻപു*
*മണങ്ങൾക്കു സവർണനം*

### വിശദീകരണം

'കൾ' എന്ന ബഹുവചനപ്രത്യയം പരമാകുമ്പോൾ മകാര നകാരങ്ങൾക്കു 'ങ' കാരമാദേശം.

ഉദാ: മരം + കൾ = മരങ്ങ്കൾ – മരങ്ങൾ

നിൻ + കൾ = നിങ്ങ്കൾ – നിങ്ങൾ

ഇരുപത്തിയഞ്ചാമത്തെ കാരിക 'മ'കാരത്തെക്കുറിച്ചുള്ളതാണ്. ആദേശസന്ധിയിൽ പ്രധാനമായും ചർച്ചചെയ്യുന്നത് അനുനാസികാതിപ്രസരത്തെക്കുറിച്ചും സവർണനത്തെക്കുറിച്ചും വിനാമ ക്രിയയെക്കുറിച്ചുമാണ്.

കേരളപാണിനീയത്തിൽ എ.ആർ. സന്ധിയെ തരംതിരിച്ചിരിക്കുന്ന രീതി വളരെ വിശദമായി ഈ യൂണീറ്റിൽ അപഗ്രഥിക്കുന്നു. സന്ധിക്കുന്ന വർണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു. സന്ധിക്കുന്ന വർണങ്ങളിൽ ഒന്ന് ഇല്ലാതാകുന്നത് ലോപസന്ധി. സന്ധിക്കുമ്പോൾ ഒരു വർണംകൂടി വന്നു ചേരുന്നത് ആഗമസന്ധി. സന്ധിക്കുന്ന വർണങ്ങളിൽ ഒന്ന് ഇരട്ടിക്കുന്നത് ദ്വിത്വസന്ധി. രണ്ടു വർണങ്ങൾ സന്ധിക്കുമ്പോൾ ഒന്നിന്റെ സ്ഥാനത്ത് മറ്റൊരു വർണം വരുന്നത് ആദേശസന്ധി. സന്ധിക്കുന്ന വർണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ചും സന്ധിയെ നാലായി തിരിച്ചിരിക്കുന്നു. സ്വരസന്ധി (സ്വരം സ്വരത്തോടു ചേരുന്നത്) സ്വരവ്യഞ്ജനസന്ധി (സ്വരവും വ്യഞ്ജനവും ചേരുന്നത്) വ്യഞ്ജനസ്വരസന്ധി (വ്യഞ്ജനം സ്വരത്തോടു ചേരുന്നത്) വ്യഞ്ജനസന്ധി (വ്യഞ്ജനം വ്യഞ്ജനത്തോടു ചേരുന്നത്).

സംസ്കൃതസന്ധികൾക്ക് മലയാളത്തിലുള്ള പ്രസക്തിയെക്കുറിച്ച് വിലയിരുത്തുന്നു. സംസ്കൃതഭാഷയിൽ നിന്നു സ്വീകരിച്ച ധാരാളം പദങ്ങൾ മലയാളത്തിലുണ്ട്. അതിനാൽ സംസ്കൃതത്തിലെ സന്ധി നിയമങ്ങളെക്കുറിച്ചുള്ള അറിവ് വളരെ പ്രധാനമാണ്. സംസ്കൃതത്തിലെ പ്രധാനപ്പെട്ട സന്ധി വ്യവസ്ഥയിൽ 1. സ്വരസന്ധി (സവർണ സന്ധി, ഗുണസന്ധി, വൃദ്ധിസന്ധി, യൺസന്ധി, അയാദിസന്ധി, പ്രകൃതിഭാവം) 2. വ്യഞ്ജനസന്ധി 3.വിസർഗസന്ധി ഇങ്ങനെ തരംതിരിച്ചിരിക്കുന്നു. മലയാളത്തിൽ നിരവധി പദങ്ങൾ സംസ്കൃതത്തിൽനിന്നും കടം കൊണ്ടിട്ടുണ്ട് അതുകൊണ്ട് സംസ്കൃതസന്ധിയ്ക്ക് മലയാളത്തിൽ സ്ഥാനമുണ്ട്. പ്രായേണ സമാസത്തിൽ ഘടകപദങ്ങളെ സന്ധി ചെയ്യുന്ന വേളയിലാണ് മലയാളത്തിൽ സംസ്കൃതസന്ധി ആവശ്യമായി വരിക. സംസ്കൃത ശബ്ദങ്ങൾ ചേർന്നാൽ സംസ്കൃതനിയമമനുസരിച്ചാണ് സന്ധി വരിക. സംസ്കൃതവും ഭാഷയും തമ്മിൽ സന്ധി ചെയ്യുമ്പോൾ ഭാഷാ സന്ധിനിയമം ആണ് ഉചിതം. എന്നാൽ ചില സമയത്ത് സംസ്കൃതനിയമവും കാണാം.

## Recap

- കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധി വിഭജനം
- സന്ധി നിർവചനങ്ങളിലെ വ്യത്യസ്ത അഭിപ്രായങ്ങൾ
- ഭാഷാവ്യാകരണത്തിൽ സന്ധിക്കുള്ള പ്രസക്തിയും പരസ്പര ബന്ധവും സൂക്ഷ്മമായി വിശകലനം ചെയ്യുന്നു
- വാക്യത്തിൽ പദങ്ങൾ അടുത്തടുത്ത് ഉച്ചരിക്കുമ്പോഴും ഉണ്ടാകുന്ന വർണസാമീപ്യം അഥവാ സംഹിതയാണ് സന്ധി
- രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന ചേർച്ച, മാറ്റമാണ് സന്ധി
- സന്ധിയിൽ ശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നീ പിരിവുകളുണ്ട്
- വർണങ്ങളുടെ അടിസ്ഥാനത്തിൽ സന്ധിയെ സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി എന്നിങ്ങനെ തിരിക്കുന്നു
- വർണവികാരങ്ങൾക്കനുസരിച്ച് ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്ന് നാലുതരം സന്ധികളുണ്ട്
- വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരു വർണം ലോപിക്കുന്നത് ലോപസന്ധി

- വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരു വർണം ആഗമിക്കുന്നത് ആഗമസന്ധി
- വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരു വർണം പോയി മറ്റൊരു വർണം പകരം വരുന്നത് ആദേശസന്ധി
- വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഏതെങ്കിലും ഒരു വർണം ഇരട്ടിക്കുന്നത് ദ്വിത്വ സന്ധി
- 'വർണങ്ങളെ നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണസാമ്യമാകുന്നു സംഹിത'
- സംഹിതയിലെ ഉച്ചാരണക്ലേശങ്ങൾ പരിഹരിക്കുകയാണ് സന്ധിയുടെ മുഖ്യലക്ഷ്യം
- വർണങ്ങൾ ചേർന്ന് ഉണ്ടാകുന്ന ഏതു പദത്തിലും സംഹിതയുണ്ട് എന്ന് കാണാം.
- ഉച്ചാരണ സുഗമതയാണ് സന്ധിയുടെ ലക്ഷ്യം
- സന്ധിയുടെ ദാർഢ്യം അനുസരിച്ച് സുദൃഢം, ദൃഢം, ശിഥിലം, ഐച്ഛികം എന്നിങ്ങനെ വർഗീകരിച്ച് പഠിക്കുന്നു
- വിസന്ധിയെക്കുറിച്ച് അറിയുന്നു
- സന്ധി ആവശ്യമുള്ളതും അഭിലഷണീയവുമായ സ്ഥാനങ്ങൾ

## Objective Questions

1. സന്ധി എന്നാലെന്ത്?
2. ശബ്ദങ്ങളുടെ അടിസ്ഥാനത്തിൽ സന്ധിയിൽ എത്ര പിരിവുകൾ ഉണ്ടാകുന്നു? അവ ഏതെല്ലാം?
3. വർണങ്ങളുടെ അടിസ്ഥാനത്തിൽ സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
4. സന്ധിയുടെ ദാർഢ്യം അനുസരിച്ച് എത്രായി വിഭജിച്ചിരിക്കുന്നു? ഏതെല്ലാം?
5. കേരളപാണിനീയത്തിലെ സന്ധിവിഭജനത്തിൽ വർണങ്ങൾക്കുണ്ടാകുന്ന വികാരഭേദമനുസരിച്ച് എത്രതരം സന്ധികളുണ്ട്? അവ ഏതെല്ലാം?
6. ലോപസന്ധി എന്നാലെന്ത്?
7. ആഗമസന്ധി എന്താലെന്ത്?
8. ആദേശസന്ധി എന്നാലെന്ത്?
9. ദ്വിത്വസന്ധി എന്നാലെന്ത്?
10. വ്യാകരണമിത്രത്തിൽ ശേഷഗിരിപ്രഭു സംഹിതയെ നിർവചിക്കുന്നതെങ്ങനെ?
11. സന്ധിയുടെ മുഖ്യലക്ഷ്യങ്ങളെന്തെല്ലാം?
12. വിസന്ധി എന്നാലെന്ത്? അത് പരിഹരിക്കുന്നതെങ്ങനെ?

## Answers

1. രണ്ടു വർണങ്ങൾ തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന ചേർച്ച, മാറ്റമാണ് സന്ധി.
2. മൂന്നു പിരിവുകൾ, പദമധ്യസന്ധി, പദാന്തസന്ധി, ഉഭയസന്ധി എന്നീ പിരിവുകൾ
3. നാലായി. സ്വരസന്ധി, സ്വരവ്യഞ്ജനസന്ധി, വ്യഞ്ജനസ്വരസന്ധി, വ്യഞ്ജനസന്ധി
4. നാലായി. സുദൃഢം, ദൃഢം, ശിഥിലം, ഐച്ഛികം
5. ലോപസന്ധി, ആഗമസന്ധി, ആദേശസന്ധി, ദ്വിത്വസന്ധി എന്ന് നാലുതരം സന്ധികളുണ്ട്.

6. വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരു വർണം ലോപിക്കുന്നത് ലോപസന്ധി
7. വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരുവർണം ആഗമിക്കുന്നത് ആഗമസന്ധി.
8. വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഒരു വർണം പോയി മറ്റൊരു വർണം വരുന്നത് ആദേശസന്ധി.
9. വർണങ്ങൾ തമ്മിൽ സന്ധിചെയ്യുമ്പോൾ ഏതെങ്കിലും ഒരു വർണം ഇരട്ടിക്കുന്നത് ദ്വിത്വസന്ധി.
10. 'വർണങ്ങളെ നിർത്താതെ തുടർന്നുച്ചരിക്കുമ്പോൾ ഉണ്ടാകുന്ന വർണസാമ്യമാകുന്നു സംഹിത' എന്ന്.
11. സംഹിതയിലെ ഉച്ചാരണക്ലേശങ്ങൾ പരിഹരിക്കുകയാണ് സന്ധിയുടെ മുഖ്യലക്ഷ്യം. വർണങ്ങൾ ചേർന്ന് ഉണ്ടാകുന്ന ഏതു പദത്തിലും സംഹിതയുണ്ട് എന്ന് കാണാം. ഉച്ചാരണസുഗമതയാണ് സന്ധിയുടെ ലക്ഷ്യം.
12. ഒരു പദത്തിന്റെ ഭാഗമായി രണ്ടു സ്വരങ്ങളെ അടുത്തടുത്ത് ഉച്ചരിക്കുക പ്രയാസമാണ്. ഈ പ്രയാസത്തെ കുറിക്കാൻ വിസന്ധി എന്ന വാക്കാണ് ഉപയോഗിക്കുന്നത്. സ്വരസംയോഗത്തിലുണ്ടാകുന്ന വിസന്ധിയെ പരിഹരിക്കുന്നത് 'യ/വ' എന്നീ വ്യഞ്ജനങ്ങളിലൊന്ന് സ്വരങ്ങൾക്കിടയിൽ സന്നിവേശിപ്പിച്ച് വിസന്ധി പരിഹരിക്കുന്നു.

## Assignments

1. സന്ധി എന്നാലെന്ത്? എത്ര ഘടകങ്ങളെ മുൻനിർത്തിയാണ് ഭാഷയിൽ സന്ധിവിഭജനം നടത്തിയിരിക്കുന്നത്?
2. സന്ധിക്കുന്ന വർണങ്ങളുടെ സ്ഥലഭേദമനുസരിച്ച് സന്ധിയെ എത്രായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
3. സന്ധിക്കുന്ന വർണങ്ങളുടെ സ്വരവ്യഞ്ജനഭേദമനുസരിച്ച് സന്ധിയെ എത്രായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
4. സന്ധിക്കുന്ന വർണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
5. സംസ്കൃതസന്ധികൾക്ക് മലയാളത്തിലുള്ള പ്രസക്തിയെക്കുറിച്ച് വിലയിരുത്തുക?

## Suggested Reading


1. കെ.എം. പ്രഭാകരവാരിയർ, മലയാളവ്യാകരണസമീക്ഷ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. സി.ആർ. പ്രസാദ്, വ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം.
3. പി. കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Reference


1. എ. ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം.
3. ആദിനാട് ഗോപി, മലയാളഭാഷാവ്യാകരണം ഒരു സമഗ്രപഠനം, രചന ബുക്സ്, കൊല്ലം.
4. പി. നാരായണമേനോൻ, വ്യാകരണപഠനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.

BLOCK 1

# യൂണിറ്റ് 2

# സമാസം

## Learning Outcomes

- പദങ്ങളുടെ അർഥപരമായ ചേർച്ചയെക്കുറിച്ച് മനസിലാക്കുന്നു
- സമാസം എന്തെന്ന് മനസിലാക്കുന്നു
- സമാസത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ച് അറിവു നേടുന്നു
- ബഹുവ്രീഹിസമാസത്തിന്റെ മറ്റു വിഭാഗങ്ങളെപ്പറ്റി മനസിലാക്കുന്നു
- തത്പുരുഷസമാസത്തിന്റെ അവാന്തരവിഭാഗങ്ങളെപ്പറ്റി അറിവു നേടുന്നു

## Prerequisite

വിഭക്തിപ്രത്യയങ്ങളോ മറ്റു പ്രത്യയങ്ങളോ ചേരാതെ പദങ്ങളെ കൂട്ടിച്ചേർക്കുന്നതിനെ സമാസം എന്നു പറയുന്നു. കേരളപാണിനീയത്തിൽ എ.ആർ. രാജരാജവർമ്മയുടെ അഭിപ്രായപ്രകാരം വിഭക്തിക്കുറി കൂടാതെയുള്ള പദയോഗമാണ് സമാസം. ഒരു വസ്തുവിനു തന്നെ ബഹുത്വം കാണിക്കുന്നതിനു പകരം രണ്ടു വസ്തുക്കളെ കൂട്ടിച്ചേർത്തു ബഹുത്വം ചെയ്താൽ അതും ഇതും എന്നർത്ഥമാണ് കിട്ടുന്നത്. അച്ഛനും അമ്മയും എന്നു പറയുന്നതിനു പകരം അച്ഛനമ്മമാർ എന്നു രണ്ടു വിശേഷ്യപദങ്ങളെ കൂട്ടിച്ചേർത്തും സമാസം ഉണ്ടാക്കാം. ഇങ്ങനെയാണ് സമാസങ്ങളുടെ ഉത്ഭവം. ദ്രാവിഡങ്ങളിൽ രണ്ടോ മൂന്നോ പദം ചേർന്ന ചെറിയ സമാസങ്ങളേ ഉള്ളൂ, അതിനും പൂർവപദത്തിന്റെ വിശേഷണീഭാവം കാണിക്കുന്നതിനു ദ്വിത്വഖരാദേശങ്ങളോ അംഗരൂപമോ ഉപയോഗിക്കുക പ്രായേണ ചെയ്യാറുണ്ട്. അതുപോലെ പരാർത്ഥത്തിലുള്ള സമാസത്തിനു ലിംഗപ്രത്യയം കാണും. അതിനാൽ സമാസങ്ങളെ വേർതിരിച്ചറിവാനും, വിഗ്രഹം എന്നു പറയുന്നതും സമാസാർത്ഥം വിവരിക്കുന്നതുമായ വാചകത്തെ നിർണയിക്കാനും ഒട്ടുമേ ശ്രമമില്ല. എന്നാൽ സംസ്കൃതത്തിന്റെ അധികാരം മുഴുത്തതോടുകൂടി ആ ഭാഷയെ അനുകരിച്ചു ദീർഘദീർഘങ്ങളായ ഒറ്റ സമാസങ്ങൾ മാത്രമല്ല മിശ്രസമാസങ്ങളും മലയാളത്തിൽ പ്രയോഗിക്കാൻ തുടങ്ങി.

## Keywords

പദങ്ങളുടെ അർഥപരമായ ചേർച്ച – സമാസം - തത്പുരുഷൻ – കർമ്മധാരായൻ – മധ്യമപദലോപി – ബഹുവ്രീഹി – ബഹുവ്രീഹിസമാസത്തിന്റെ ഘടകങ്ങൾ – ദ്വന്ദൻ – അവ്യയീഭാവസമാസം

## Discussion

### 3.2.1 സമാസം

'വിഭക്തിക്കുറിക്കൂടാതെ പദയോഗം സമാസമാം' എന്ന് കേരളപാണിനി സമാസത്തെ നിർവചിച്ചിരിക്കുന്നു. അതായത് വ്യാകരണപരമായി ഒറ്റപ്പദം ആയിരിക്കത്തക്കവണ്ണമുള്ള പദയോഗമാണ് സമാസം. രണ്ടോ അതിലധികമോ പദങ്ങൾ കൂടിച്ചേർത്ത് സമാസങ്ങൾ ഉണ്ടാക്കുന്നു. അപ്രകാരം പദങ്ങൾ സമാസിച്ചുണ്ടാക്കുന്ന ഒറ്റപദത്തെ സമസ്തപദം എന്നും ഒരു സമസ്തപദം ഉണ്ടാക്കാനായി തമ്മിൽ ചേരുന്ന പദങ്ങളെ ഘടകപദങ്ങൾ എന്നും പറയുന്നു. അവയിൽ ആദ്യത്തെ പദത്തെ പൂർവപദമെന്നും രണ്ടാമത്തെ പദത്തെ ഉത്തരപദമെന്നും പറയുന്നു. പൂർവോത്തരപദങ്ങളുടെ പ്രാധാന്യമനുസരിച്ച് സമാസം മൂന്നു രീതിയിൽ വരാം.

1. ഉത്തരപദാർത്ഥ പ്രധാനം - തത്പുരുഷൻ - താമരക്കുളം
2. ഉഭയപദാർത്ഥ പ്രധാനം - ദ്വന്ദൻ - രാപകൽ
3. അന്യപദാർത്ഥ പ്രധാനം - ബഹുവ്രീഹി - പീതാംബരൻ

വിഭക്തികളുടെയു മറ്റും സഹായം കൂടാതെ ശബ്ദങ്ങളെ കേവലം കൂട്ടിച്ചേർക്കുന്നതിനാൽ തന്നെ അവയ്ക്ക് തമ്മിലുള്ള സംബന്ധത്തെ കുറിക്കുകയായിരുന്നു, സമാസത്തിന്റെ സ്വഭാവം തലയിൽ വേദന എന്ന് പറയുന്നതിനു പകരം 'തല' 'വേദന' എന്നീ ശബ്ദങ്ങളെ ഒന്നിച്ചു ചേർത്ത് തലവേദന എന്ന് പറയുന്നതാണ് സമാസം. ഇവിടെ പ്രത്യയങ്ങൾ ഇല്ല. പ്രത്യയങ്ങൾ ലോപിച്ചുപോകാതെ നിൽക്കുന്ന സമാസവും ഉണ്ട്.

ഉദാ : ഉമ്മത്തിൻകായ്, കൂവളത്തുംവേര്

#### 3.2.1.1 തത്പുരുഷ സമാസം

ഉത്തരപദപ്രധാനമായ സമാസമാണ് തത്പുരുഷസമാസം. പൂർവപദം വിശേഷണവും ഉത്തരപദം വിശേഷ്യമെന്ന നിലയിൽ ഘടകപദങ്ങൾ ചേർന്നുണ്ടാകുന്ന സമാസമാണ് തത്പുരുഷസമാസം. പൂർവപദം നാമമോ ക്രിയയോ ഭേദകമോ ആകാം. ഘടകപദങ്ങളിൽ പൂർവപദത്തിന്റെ വിഭക്തിക്കനുസരിച്ച് തത്പ്പുരുഷൻ പലരീതിയിൽ വരാം.

ഉദാ : സീതാപതി - സീതയുടെ പതി

രാമബാണം - രാമന്റെ ബാണം

**ഉത്തരപദാർത്ഥ പ്രധാനം**

തത്പുരുഷസമാസം 7 വിധം

വിശേഷണം സമാനാധികരണമായി വരുന്നത്, വിശേഷണവും വിശേഷ്യവും ഒരേ വിഭക്തിയിൽ വരുന്നത്.

| | | | |
|---|---|---|---|
| 1. | നിർദ്ദേശികാ തത്പരുഷൻ | ഭാരതഭൂമി | ഭാരതം എന്ന ഭൂമി |
| | | നള രാജാവ് | നളൻ എന്ന രാജാവ് |
| 2. | പ്രതിഗ്രാഹികാ തത്പുരുഷൻ | പാക്കുവെട്ടി | പാക്കിനെ വെട്ടുന്നത് |
| | | മരംകൊത്തി | മരത്തെ കൊത്തുന്നത് |
| | | ചവറുമാന്തി | ചവറിനെ മാന്തുന്നത് |
| 3 . | സംയോജികാ തത്പുരുഷൻ | പ്രകൃതിസ്നേഹം | പ്രകൃതിയോടുള്ള സ്നേഹം |
| | | ദേശാഭിമാനം | ദേശത്തോടുള്ള അഭിമാനം |
| | | പിതൃസമൻ | പിതാവിനോട് സമൻ |
| 4. | ഉദ്ദേശികാ തത്പുരുഷൻ | കൃഷിഭൂമി | കൃഷിക്കുള്ള ഭൂമി |
| | | യാഗശാല | യാഗത്തിനുള്ള ശാല |
| | | ഗുരുദക്ഷിണ | ഗുരുവിനുള്ള ദക്ഷിണ |

| | | | |
|---|---|---|---|
| 5. | പ്രയോജികാ തത്പുരുഷൻ | മാങ്ങാക്കറി<br>വാൾപ്പയറ്റ്<br>രോഗഭീതിതൻ | മാങ്ങകൊണ്ടുള്ള കറി<br>വാൾ കൊണ്ടുള്ള പയറ്റ്<br>രോഗത്താൽ ഭീതിതൻ |
| 6. | സംബന്ധികാ തത്പുരുഷൻ | മരക്കൊമ്പ്<br>പൂമണം<br>കടൽക്കര | മരത്തിന്റെ കൊമ്പ്<br>പൂവിന്റെ മണം<br>കടലിന്റെ കര |
| 7. | ആധാരികാ തത്പുരുഷൻ | തലവേദന<br>തോൾവള<br>കലാപ്രവീണൻ | തലയിലെ വേദന<br>തോളിലെ വള<br>കലകളിൽ പ്രവീണൻ |

### 3.2.1.2 കർമ്മധാരയൻ

വിശേഷണവും വിശേഷ്യവും ഒരേ വിഭക്തിയിൽ വന്നാൽ ആ തത്പുരുഷൻ കർമ്മധാരയൻ എന്ന് പറയും. 'ആയ ചേർത്താണ് വിഗ്രഹിക്കുന്നത്.

ഉദാ : ഭീമാകാരം - ഭീമമായ ആകാരം
മധുരമൊഴി - മധുരമായ മൊഴി
പച്ചപ്പട്ട് - പച്ചയായ പട്ട്, പച്ചനിറമുള്ള പട്ട്

### 3.2.1.3 ദ്വന്ദ്വസമാസം

ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യമുള്ള സമാസത്തെയാണ് ദ്വന്ദസമാസം എന്നു പറയുന്ന സമുച്ചയാർഥത്തിലും വികല്പാർത്ഥത്തിലും ഇതിനു പ്രയോഗമുണ്ട്. (സർവപദാർത്ഥ പ്രധാനോ ദ്വന്ദ്വ) വചനപ്രത്യയം ചേർത്തോ ചേർക്കാതെയോ പ്രയോഗിക്കാവുന്നതാണ്.

ഉദാ : അച്ഛനമ്മമാർ = അച്ഛനും അമ്മയും
വാഗർഥങ്ങൾ = വാക്കും അർഥവും
സീതാസാവിത്രിമാർ
= സീതയും സാവിത്രിയും
രാപകൽ = രാവും പകലും

#### ദ്വന്ദ്വവിഭാഗങ്ങൾ

#### 1. സമാഹാരദ്വന്ദ്വൻ

പ്രത്യയം കൂടാതെ ഒന്നിലധികം പദങ്ങളെ ചേർത്ത് പ്രയോഗിക്കുന്നതാണ് സമാഹാരദ്വന്ദ്വൻ.

ഉദാ : കുടതഴചാമരം
ആനകുതിരതേരുകാലാൾ

#### 2. ഇതരേതരദ്വന്ദ്വൻ

ലിംഗവചന പ്രത്യയങ്ങൾ സമാസിക്കുന്ന പദത്തിന്റെ ഒടുവിൽ ചേർത്തു പ്രയോഗിക്കുന്നതാണ് ഇതരേതരദ്വന്ദ്വൻ.

ഉദാ : ഉമാരമാസരസ്വതിമാർ (മാർ പ്രത്യയം)
നരമൃഗാദികൾ (കൾ- പ്രത്യയം)

### 3.2.1.4 ബഹുവ്രീഹി

വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങൾ അല്ലാതെ മറ്റൊരു പദത്തിന് പ്രാധാന്യം വരുന്ന സമാസം

ഉദാ : നാന്മുഖൻ - നാലുമുഖമുള്ളവൻ
= ബ്രഹ്മാവ്
മുക്കണ്ണൻ - മൂന്നു കണ്ണുള്ളവൻ
= ശിവൻ

ബഹുവ്രീഹി സമാസത്തിന് മൂന്നു വിഭാഗങ്ങൾ ഉണ്ട്.

#### 1. ഉപമാഗർഭ ബഹുവ്രീഹി

ഉപമാവാചകപദം കൂടി ചേർത്ത് സമാസിക്കുന്നതാണ് ഉപമാഗർഭ ബഹുവ്രീഹി.

ഉദാ :
കഞ്ജനേർമിഴി - കഞ്ജത്തോടു നേരായ മിഴിയുള്ളവൾ = സുന്ദരി

കായാമ്പു സമവർണ്ണൻ-കായാമ്പൂവിന് സമമായ വർണമുള്ളവൻ = ശ്രീകൃഷ്ണൻ

### 2. ഉപമാലുപ്ത ബഹുവ്രീഹി

ഉപമാവാചകം ലുപ്തമായ ബഹുവ്രീഹിയാണ് ഉപമാലുപ്ത ബഹുവ്രീഹി

ഉദാ :

മതിമുഖി - മതിയെപ്പോലുള്ള മുഖത്തോടു കൂടിയവൾ

കായാമ്പൂവർണ്ണൻ - കായാമ്പൂ പോലുള്ള വർണ്ണമുള്ളവൻ

ചന്ദ്രമുഖി - ചന്ദ്രനെപ്പോലെ മുഖമുള്ളവൾ

### 3. ഉപമാനലുപ്ത ബഹുവ്രീഹി

ഉപമാനപദം ലോപിച്ചിട്ടുള്ളത് ഉപമാന ലുപ്തം.

ഉദാ :

പേടക്കണ്ണി - പേടയുടെ കണ്ണു പോലുള്ള കണ്ണുകൾ ഉള്ളവൾ

അന്നനടയാൾ - അന്നത്തിന്റെ നടപോലുള്ള നടയുള്ളവർ

### 4. ഉപമേയലുപ്ത ബഹുവ്രീഹി

ഉപമേയപദം കാണിക്കാതെ ഉപമാനപദത്തിലൂടെ മൂന്നാമതൊരു പദത്തിന്റെ അർഥപ്രതീതി ഉണ്ടാക്കുന്നത്. 'മാൻകണ്ണി' എന്ന സമസ്തപദത്തിൽ മാനിന്റെ കണ്ണു പോലുള്ള കണ്ണുള്ള ഒരു സുന്ദരിയെയാണ് അർഥമാക്കുന്നത്. സുന്ദരിയുടെ കണ്ണാണ് ഉപമേയം. മാനിന്റെ കണ്ണ് ഉപമാനം. ഈ സമസ്തപദം കാണിക്കുന്നത് ഒരു സുന്ദരിയെയാണ്. മാനിന്റെ കണ്ണോ, സുന്ദരിയുടെ കണ്ണോ അല്ല. മാൻകണ്ണ് എന്ന ഉപമാനത്തിലൂടെയാണ് അതുള്ളവൾ എന്നർഥത്തിൽ സുന്ദരിയെ അർഥമാക്കുന്നത്. ഉപമേയം പറഞ്ഞിട്ടില്ല. അതിനാൽ ഉപമേയലുപ്ത ബഹുവ്രീഹിയിൽ ഇതു പെടുന്നു.

## 3.2.1.5 അവ്യയീഭാവസമാസം

**(സംസ്കൃതത്തിൽ നിന്നും കടം കൊണ്ടത്)**

വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങളിൽ പൂർവപദത്തിന് പ്രാധാന്യമുള്ള സമാസത്തെ അവ്യയീഭാവസമാസം എന്നു പറയുന്നു. ക്രിയാവിശേഷണമായി വരുന്ന ഈ സമാസം സംസ്കൃത ശബ്ദങ്ങൾക്കു മാത്രം വരുന്നു. (സമസ്തപദത്തിലെ പൂർവപദം ഒരു അവ്യയമായിരിക്കും. സംസ്കൃതത്തിലെ യഥാ, തഥാ, മദ്ധ്യേ, സ, പ്ര, അനു, നിർ, ദുർ മുതലായ അവ്യയങ്ങൾ പൂർവപദമായി സമാസിക്കുന്നു) സംസ്കൃതസമാസമാണ് അവ്യയീഭാവസമാസം.

ഉദാ : പ്രതിദിനം - ദിനംതോറും

യഥേഷ്ടം - ഇഷ്ടംപോലെ

## 3.2.1.6 ദ്വിഗുസമാസം

**(സംസ്കൃതത്തിൽ നിന്നും കടം കൊണ്ടത്) ദ്വിഗു സമാസം മലയാളത്തിലുമുണ്ട്**

ഉദാ : എഴുകോൺ, മൂന്നാംകുറ്റി, അഞ്ചാലുംമൂട്

പൂർവപദം സംഖ്യാവാചിയായ തത്പുരുഷനെ ദ്വിഗുസമാസം എന്നു പറയുന്നു.

ഉദാ : പഞ്ചവാദ്യം - അഞ്ചുവാദ്യം

നവരസങ്ങൾ - ഒൻപതുരസങ്ങൾ

### രൂപക തത്പുരുഷസമാസം

പൂർവോത്തരപദങ്ങളെ അഭേദാർത്ഥത്തിൽ സമാസിക്കുന്നത് രൂപക തത്പുരുഷസമാസം. രണ്ടുനാമങ്ങളെ ഭേദം കൂടാതെ സമാസിക്കുന്നത് (വിശേഷണവിശേഷ്യങ്ങൾക്ക് അഭേദം കല്പിക്കുന്നത്) രൂപകതത്പുരുഷൻ: 'ആകുന്ന' എന്ന ക്രിയാരൂപം വിശേഷണത്തിന്റെ കൂടെ ചേർത്ത് വിഗ്രഹിക്കാം.

ഉദാ : അടിമലർ - അടിയാകുന്ന മലർ

മുഖകമലം - മുഖമാകുന്ന കമലം

### ഉപമിത സമാസം

സാദൃശ്യം സൂചിപ്പിക്കത്തക്കവണ്ണം സമാസിക്കുന്നത് ഉപമിതസമാസം (പൂർവോത്തര പദങ്ങൾക്ക് സാദൃശ്യകല്പന ചെയ്യുന്നത് - ഉപമാനോപമേയങ്ങൾ പൂർവോത്തരപദങ്ങളായി വരുന്നത് - ഇതിന് ഉപമാതത്പുരുഷൻ എന്നും പറയും).

ഉദാ : മലരടി - മലർ പോലുള്ള അടി

മേഘശ്യാമൻ - മേഘം പോലെ ശ്യാമൻ

### മധ്യമപദലോപി

അർഥസിദ്ധമായ മധ്യമപദം പ്രയോഗിക്കാതെ വിട്ടുകളഞ്ഞിട്ടുള്ളത് മധ്യമപദലോപി. (അർഥം കൊണ്ടു ഗ്രഹിക്കാൻ കഴിയുന്ന മധ്യമ പദം ലോപിക്കുന്നത്/ നടുക്കുള്ള പദം ഇല്ലാതാക്കുന്നത് എന്നർഥം).

ഉദാ : പാമരം - പായ കെട്ടാനുള്ള മരം

മഴക്കോട്ട് - മഴയെ തടയുന്ന കോട്ട്

### നിത്യസമാസം

സമാസത്തിലെ ഘടകപദങ്ങൾ ഉപയോഗിച്ച് വിഗ്രഹിക്കാൻ സാധിക്കാത്ത സമസ്തപദങ്ങളെ നിത്യസമാസം എന്നു പറയുന്നു.

ഉദാ : പൈന്തേൻ, നറുമൊഴി, ചെങ്കോൽ

വിഭക്തികളുടെയും മറ്റും സഹായം കൂടാതെ ശബ്ദങ്ങളെ കേവലം കൂട്ടിച്ചേർക്കുന്നതിനാൽ തന്നെ അവയ്ക്ക് തമ്മിലുള്ള സംബന്ധത്തെ കുറിക്കുന്നതാണ് സമാസത്തിന്റെ സ്വഭാവം. ഉത്തരപദപ്രധാനമായ തത്പുരുഷസമാസത്തിൽ ഘടക പദങ്ങളിൽ പൂർവപദത്തിന്റെ വിഭക്തിയനുസരിച്ച് പല രീതിയിൽ വരാം. ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യം ഉള്ള ദ്വന്ദ്വസമാസത്തിലാകട്ടെ സമുച്ചയാർത്ഥത്തിലും വികല്പാർത്ഥത്തിലും പ്രയോഗം ഉണ്ട്. അവ്യയീഭാവസമാസം സംസ്കൃത ശബ്ദങ്ങളിൽ മാത്രമാണ് വരുന്നത്. സമസ്തപദത്തിലെ പൂർവപദം ഒരു അവ്യയമായിരിക്കും. സംസ്കൃതത്തിലെ യഥാ, തഥാ, മധ്യേ തുടങ്ങിയ അവ്യയങ്ങൾ പൂർവപദമായി സമാസിക്കുന്നു. ഇത്തരത്തിൽ വ്യാകരണപരമായി ഒറ്റപ്പദം ആയിരിക്കത്തക്കവണ്ണമുള്ള പദയോഗമാണ് സമാസം എന്നു പറയുന്നതാണുചിതം. കാരണം പ്രത്യയങ്ങളും മറ്റും ലോപിക്കാതെ നിൽക്കുന്ന സമാസങ്ങളും ഭാഷയിലുണ്ടെന്ന് നാം മനസിലാക്കുന്നു.

## Recap

- വിഭക്തിക്കുറി കൂടാതെയുള്ള പദയോഗം സമാസം
- സമാസം മൂന്നു വിധം
- ഉത്തരപദപ്രധാനമായ സമാസമാണ് തത്പുരുഷൻ
- ഘടകപദങ്ങളിൽ പൂർവപദത്തിന്റെ വിഭക്തിക്കനുസരിച്ച് തത്പുരുഷൻ പല രീതിയിൽ വരാം
- വിശേഷണം സമാനാധികരണമായി വരുന്നത്
- ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യം ഉള്ള സമാസം ദ്വന്ദ്വൻ
- സമുച്ചയാർഥത്തിലും വികല്പത്തിലും പ്രയോഗം
- വചനപ്രത്യയം ചേർത്തോ ചേർക്കാതെയോ പ്രയോഗിക്കാവുന്നതാണ്
- വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങൾക്കല്ലാതെ മറ്റൊരു പദത്തിന് പ്രാധാന്യം വരുന്ന സമാസം
- ഉപമാനപദം ലോപിച്ചിട്ടുള്ളത് ഉപമാനലുപ്തം
- വിഗ്രഹിക്കുമ്പോൾ ഘടകപദങ്ങളിൽ പൂർവപദത്തിന് പ്രാധാന്യമുള്ള സമാസം
- സംസ്കൃതസമാസമാണ് അവ്യയീഭാവസമാസം
- പൂർവോത്തരപദങ്ങളെ അഭേദാർത്ഥത്തിൽ സമാസിക്കുന്നത് രൂപകസമാസം
- പൂർവപദം സംഖ്യാവാചിയായ സമാസം ദ്വിഗു
- അർഥസിദ്ധമായ മധ്യമപദം പ്രയോഗിക്കാതെ വിട്ടുകളഞ്ഞിട്ടുള്ളത് മധ്യമപദലോപി

## Objective Questions

1. വിഭക്തിക്കുറി കൂടാതെയുള്ള പദയോഗം അറിയപ്പെടുന്നതെങ്ങനെ?
2. കേരളപാണിനീയം എന്ന വ്യാകരണഗ്രന്ഥം എഴുതിയതാര്?
3. കേരളപാണിനീയത്തിലെ എത്രാമത്തെ കാരികയിലാണ് സമാസത്തെക്കുറിച്ച് പറയുന്നത്?
4. ഉത്തരപദപ്രധാനമായ സമാസം ഏതാണ്?
5. ദ്വന്ദ്വസമാസത്തിന് ഉദാഹരണം എഴുതുക?
6. തത്പുരുഷസമാസം എത്ര വിധം ഉണ്ട്?
7. രാമബാണം - എന്നത് ഏതു തരം സമാസത്തിന് ഉദാഹരണമാണ്?
8. ഘടകപദങ്ങൾക്ക് തുല്യപ്രാധാന്യമുള്ള സമാസം ഏതു പേരിലാണ് അറിയപ്പെടുന്നത്?
9. അന്യപദാർത്ഥ പ്രധാനമായ സമാസം ഏത്?
10. സംസ്കൃതപദങ്ങൾക്ക് മാത്രമുള്ള സമാസം ഏത് പേരിൽ അറിയപ്പെടുന്നു
11. സംഖ്യാവാചിയായ സമാസമേത്?
12. വിശേഷണവിശേഷ്യങ്ങൾക്ക് അഭേദം കല്പിക്കുന്ന സമാസം ഏതാണ്?
13. മധ്യത്തിലുള്ള  പദം ലോപിക്കുന്നത് എന്നർത്ഥമുള്ള സമാസം ഏത്?
14. ഘടകപദങ്ങൾ ഉപയോഗിച്ച് വിഗ്രഹിക്കാൻ സാധിക്കാത്ത സമസ്തപദങ്ങൾ ഏതു പേരിലാണ് അറിയപ്പെടുന്നത്?
15. നവരസങ്ങൾ - എന്നത് ഏതു സമാസത്തിനുദാഹരണമാണ്?

## Answers

1. സമാസം
2. എ.ആർ. രാജരാജവർമ്മ.
3. 181
4. തത്പുരുഷൻ
5. രാപകൽ
6. ഏഴുവിധം
7. തത്പുരുഷസമാസം
8. ദ്വന്ദ്വസമാസം
9. ബഹുവ്രീഹി
10. അവ്യയീഭാവസമാസം
11. ദ്വിഗു
12. രൂപകസമാസം
13. മധ്യപദലോപി
14. നിത്യസമാസം
15. ദ്വിഗു

## Assignments

1. മലയാളത്തിലെ സമാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. തത്പുരുഷസമാസവും അതിന്റെ വകഭേദങ്ങളെയും കുറിച്ച്  വിശദീകരിക്കുക.
3. ബഹുവ്രീഹിസമാസവും അവയുടെ അവാന്തരവിഭാഗങ്ങളും - വ്യക്തമാക്കുക.

## Suggested Reading

1. ഹെർമ്മൻ ഗുണ്ടർട്ട്, മലയാളഭാഷാ വ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം.
2. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ.
3. പി.നാരായണമേനോൻ, വ്യാകരണപഠനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ.

## Reference

1. എ.ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
3. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. സി.ആർ. പ്രസാദ്, വ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം.

SGOU

BLOCK 1

# യൂണിറ്റ് 3

# വാക്യഘടന

## Learning Outcomes

- ▶ വാക്യഘടനയെ കുറിച്ച് മനസിലാക്കുന്നു
- ▶ നാമവും ക്രിയയും തമ്മിലുള്ള ചേർച്ചയെക്കുറിച്ച് അറിവു നേടുന്നു
- ▶ കാരകം എന്നാൽ എന്തെന്ന് മനസിലാക്കുന്നു
- ▶ കർത്തരി, കർമ്മണിപ്രയോഗങ്ങളെക്കുറിച്ച് അറിവ് നേടുന്നു
- ▶ വിനയെച്ചങ്ങളെക്കുറിച്ച് മനസിലാക്കുന്നു

## Prerequisite

ഒരു ആശയം വ്യക്തമാക്കുന്നതിന് ഉതകുന്ന പദമാണ് 'വാക്ക്'. പ്രയോഗിക്കാൻ സജ്ജമായിട്ടുള്ള ശബ്ദം എന്ന് നിർവചനം. ഒന്നോ അതിലധികമോ പദം അല്ലെങ്കിൽ വാക്കുകൾ ചേർന്ന് ഉണ്ടാക്കുന്ന / ഉണ്ടാക്കപ്പെടുന്ന അർഥസമ്പുഷ്ടമായ പദമോ പദങ്ങളുടെ കൂട്ടമോ ആണ് വാചകം എന്നറിയപ്പെടുന്നത്. വാചകത്തിൽ നാമം, ക്രിയ, വിശേഷണം എന്നിവ അടങ്ങിയിരിക്കുന്ന ഭാഷണശബ്ദത്തിന്റെ രേഖാരൂപമാണ് അക്ഷരം. ഒരുവസ്തുവിന്റെയോ സ്ഥലത്തിന്റെയോ പ്രയോഗത്തിന്റെയോ ആശയത്തിന്റെയോ പേരായ ശബ്ദത്തെ നാമം എന്നു പറയുന്നു. പ്രവൃത്തിയെ കുറിക്കുന്ന വ്യാകരണസംജ്ഞയാണ് ക്രിയ. കേവലക്രിയ എന്നും പ്രയോജകക്രിയ എന്നും രണ്ടായി തിരിക്കാം കർമ്മം ഉള്ള ക്രിയയെ സകർമ്മകക്രിയ എന്നും, കൃത്യമായി കർമ്മത്തെ അടയാളപ്പെടുത്താൻ കഴിയാത്ത ക്രിയയെ അകർമ്മകക്രിയ എന്നും പറയുന്നു. കർത്താവ്, കർമ്മം, ക്രിയ എന്നാണ് മലയാളത്തിലെ വാക്യത്തിന്റെ നിർമ്മിതി. ക്രിയകൾക്ക് വാക്യഘടനയിൽ വളരെയധികം പ്രാധാന്യം ഉണ്ട്. ക്രിയകൾക്ക് അർഥം പ്രമാണിച്ചും കർത്താവ് ചെലുത്തുന്ന പ്രേരണയെ ആസ്പദമാക്കിയും ക്രിയയുടെ രൂപത്തെ ആസ്പദമാക്കിയും ക്രിയയുടെ പ്രാമാണ്യത്തെ അടിസ്ഥാനമാക്കിയും വിഭജനങ്ങൾ ഉണ്ട്. ആ വിഭജനങ്ങളെ വിശദമായി ചർച്ചചെയ്യുകയാണ് ഈ യൂണിറ്റിൽ.

## Keywords

വാക്യം - ചോദ്യവാക്യം - നിഷേധവാക്യം - വാക്യഘടന - കർത്താവ് - കർമ്മം - ക്രിയ എന്ന വാക്യക്രമം - ക്രിയയും നാമവും തമ്മിലുള്ള ചേർച്ച - കാരകബന്ധം - സകർമ്മക്രിയ - കർത്തരി - കർമ്മണിപ്രയോഗങ്ങൾ

## Discussion

### 3.3.1 വാക്യം

ആകാംക്ഷയ്ക്കെല്ലാം പൂർത്തിവരുന്നവിധത്തിൽ ചേർത്ത് ഒരു സംഗതിയെ പൂർണമായി വിവരിക്കുന്ന പദക്കൂട്ടമാണ് വാക്യം(Sentence). ഒരു വാക്യത്തിൽ രണ്ടുഭാഗങ്ങൾ ഉണ്ട്. ആഖ്യ, ആഖ്യാതം, പരസ്പരം ബന്ധമുള്ള പദങ്ങളെ ഒരു പൂർണമായ ആശയം വിശദമാക്കത്തക്ക വണ്ണം പ്രയോഗിക്കുന്നതിനാണ് വാക്യം എന്ന് പറയുന്നത്. പ്രസ്താവന, ചോദ്യം, ആശ്ചര്യം, ആജ്ഞ, അപേക്ഷ എന്നിവയെല്ലാം വാക്യങ്ങളിലൂടെയാണ് പ്രകടമാകുന്നത്.

#### ചോദ്യവാക്യം

ചോദ്യരൂപത്തിലുള്ള വാക്യത്തെയാണ് ചോദ്യവാക്യം എന്നുപറയുന്നത്.

ഉദാ : നിങ്ങളുടെ പേര് എന്താണ്?
എപ്പോൾ വന്നു?

#### നിഷേധവാക്യം

ഒരു കാര്യം ഉണ്ട് അല്ലെങ്കിൽ ആണ് എന്ന് പറയുന്ന വാക്യമാണ് വിധിവാക്യം. ഒരു വസ്തു അല്ലെന്നോ ഇല്ലെന്നോ ഒരു കാര്യം അരുതെന്നോ പറയുന്നതാണ് നിഷേധവാക്യം. വിധിവാക്യം നിഷേധവാക്യമാക്കി മാറ്റുമ്പോൾ ക്രിയയിലാണ് മാറ്റം വരുന്നത്. ക്രിയയോട് ടൊ നിഷേധരൂപങ്ങൾ ചേരുമ്പോഴാണ് വിധിവാക്യം നിഷേധവാക്യം ആകുന്നത്.

ഉദാ : ഇല്ല, അല്ലാ വയ്യ, കൂടാ, അരുത്

### 3.3.2 വാക്യക്രമം - കർത്താവ് - കർമ്മം - ക്രിയ

വാക്യത്തിൽ പദങ്ങൾ പ്രയോഗിക്കുമ്പോൾ പദങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ പ്രത്യയങ്ങളെ കൊണ്ട് വ്യക്തമാക്കുന്നതിന് പുറമെ നിയതമായ ഒരു ക്രമം പാലിക്കുകയും ചെയ്യണം. വാക്യത്തെ സംഘടിതവും സാർത്ഥകവും ആകർഷകവും ആക്കുന്നതിൽ പദക്രമത്തിന് പ്രധാന പങ്കുണ്ട്. പദക്രമം എല്ലാ ഭാഷകളിലും അന്ത്യന്താപേക്ഷിതമാണെങ്കിലും അതു സംബന്ധിച്ച പൊതുവായ നിയമം ഒന്നുമില്ല. ഓരോ ഭാഷയും അതിന്റേതായ പദക്രമം അനുവർത്തിക്കുന്നു. അതത് ഭാഷയുടെ ഘടനാപരവും ശൈലീപരവുമായ സവിശേഷതകളോട് ബന്ധപ്പെട്ട കാര്യമാണിത്. മലയാളത്തിലെ വാക്യങ്ങൾ സാധാരണ ആരംഭിക്കുന്നത് ആഖ്യയിലായിരിക്കും. വാക്യം അവസാനിക്കുന്നത് മിക്കപ്പോഴും ആഖ്യാതത്തിലാണ്. കർമ്മമോ മറ്റേതെങ്കിലും കാരകത്തെ കുറിക്കുന്ന നാമമോ വാക്യത്തിൽ ഉണ്ടെങ്കിൽ അത് ആഖ്യയ്ക്കും ആഖ്യാതത്തിനും ഇടയ്ക്ക്, പലപ്പോഴും ആഖ്യാതത്തിനു തൊട്ടു മുൻപ് ഉപയോഗിക്കപ്പെടുന്നു. അതായത് ആഖ്യാ, കർമ്മം, ആഖ്യാതം എന്നിങ്ങനെയാണ് സാമാന്യമായ പദക്രമം. ഏതെങ്കിലും ഘടകത്തിന് പ്രത്യേക പ്രാധാന്യം കല്പിച്ച് അതിനെ ഊന്നിപറയേണ്ടി വരുമ്പോൾ മാത്രം ഈ പദക്രമത്തിന് മാറ്റം വരുത്താറുണ്ട്. എന്നാൽ ക്രിയാപദം വാക്യാന്തത്തിലല്ലാതെ ആരംഭത്തിലോ മധ്യത്തിലോ പ്രയോഗിക്കുന്ന സമ്പ്രദായം അപൂർവമാണ്.

**സാധാരണ പദക്രമം ഉദാഹരണങ്ങൾ:**

1. സൂര്യൻ പ്രകാശിക്കുന്നു. (കർത്താവ് പൂർണക്രിയ).
2. സൂര്യൻ ഒരു തേജോഗോളമാണ്. (കർത്താവ്, നിർദ്ദേശികാവിഭക്തിയിലുള്ള മറ്റൊരു നാമം, പൂർണക്രിയ).
3. സൂര്യൻ പ്രകാശകിരണങ്ങൾ പ്രസരിപ്പിക്കുന്നു. (കർത്താവ്, കർമ്മം, പൂർണ ക്രിയ).
4. അധ്യാപകൻ വിദ്യാർത്ഥിയോട് ചോദ്യം ചോദിച്ചു. (കർത്താവ്, സാക്ഷികാരകം, കർമ്മം, പൂർണക്രിയ).
5. അധ്യാപകൻ വിദ്യാർത്ഥിക്ക് പുസ്തകം കൊടുത്തു. (കർത്താവ്, സ്വാമികാരകം, കർമ്മം, പൂർണക്രിയ).

#### 3.3.2.1 കർത്താവ്

ആഖ്യ - ഒരു വാക്യത്തിൽ ആരെ അല്ലെങ്കിൽ എന്തിനെപ്പറ്റി പരാമർശിക്കുന്നു എന്ന് കാണിക്കുന്ന പദമോ പദസമൂഹമോ ആണ് ആഖ്യ.

കർത്താവ് - ക്രിയാവ്യാപാരം ചെയ്യുന്ന ആൾ കർത്താവ്

ഉദാ: കുട്ടി ഉറങ്ങി, അധ്യാപിക പഠിപ്പിച്ചു, കിളി പാടി, അവൻ നടന്നു എന്നീ വാക്യങ്ങളിലെ ക്രിയാവ്യാപാരങ്ങൾ ഉറങ്ങി, പഠിപ്പിച്ചു, പാടി, നടന്നു എന്നിവയാണ്. കുട്ടി, അധ്യാപിക, കിളി, അവൻ എന്നിവയാണ് മുകളിൽ പറഞ്ഞ വാക്യങ്ങളിൽ കർത്താവായി വരുന്നത്. ക്രിയാവ്യാപാരത്തിൽ ആശ്രയമായ കാരകമാണ് കർത്താവ്. കാരകങ്ങളിൽ പ്രധാനമായത് കർത്താവാണ്. കർത്താവെന്ന അർഥത്തിൽ ആദ്യ എന്ന സംജ്ഞയാണ് ഗുണ്ടർട്ട് നൽകുന്നത്. പ്രയോജക കർത്താവെന്നും പ്രയോജ്യകർത്താവെന്നും കർത്താവ് രണ്ടുവിധത്തിൽ വരും. വ്യാപാരമെന്നു ഫലമെന്നും ക്രിയയെ രണ്ടു വിഭാഗങ്ങളായി തിരിച്ചാൽ വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാകും. കർത്താവും മറ്റുള്ളവരുടെ നിർബന്ധത്തിനു വിധേയമായി ഒരു പ്രവൃത്തി ചെയ്യുന്നുവെങ്കിൽ ആ കർത്താവിനെ പ്രയോജ്യകർത്താവെന്നും സ്വന്തം ഇഷ്ടപ്രകാരമാണ് പ്രവൃത്തി ചെയ്യുന്നുവെങ്കിൽ പ്രയോജക കർത്താവെന്നും പറയാം.

ഉദാ : 'രാജാവ് (പ്രയോജകകർത്താവ്) മന്ത്രിയെക്കൊണ്ട് (പ്രയോജ്യകർത്താവ്) രാജ്യം ഭരിപ്പിക്കുന്നു.'

### 3.3.2.2 കർമ്മം

ക്രിയയുടെ വ്യാപാരഫലങ്ങൾ വെവ്വേറെ നാമങ്ങളെയാണ് ആശ്രയിക്കുന്നതെങ്കിൽ, അപ്പോൾ ക്രിയയുടെ ഫലം അതിൽ ചെന്നു ചേരുന്നുവോ അതു കർമ്മം. ഫലാശ്രയമായിട്ടുള്ളതാണ് കർമ്മം. കർത്താവ് ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നതാരാണോ, എന്താണോ അതാണ് കർമ്മം. കർത്താവിനെ ക്രിയയുമായി ബന്ധിപ്പിച്ചു നിർത്തുന്ന കാരകമാണ് കർമ്മം, കർമ്മത്തിന് കർത്തരിപ്രയോഗത്തിൽ പ്രതിഗ്രാഹികാവിഭക്തി രൂപം. കർമ്മണി പ്രയോഗത്തിൽ നിർദേശികാവിഭക്തി രൂപം.

ഉദാ : കുട്ടി പട്ടിയെ അടിച്ചു - പട്ടി (കർമ്മം)
പട്ടി കുട്ടിയെ കടിച്ചു - കുട്ടി (കർമ്മം)
പട്ടി കുട്ടിയാൽ അടിക്കപ്പെട്ടു - പട്ടി (കർമ്മം)

കർമ്മമുള്ള ക്രിയയെ സകർമ്മകമെന്നും കർമ്മമില്ലാത്ത ക്രിയയെ അകർമ്മകമെന്നും പറയുന്നു. വ്യാപാരമെന്നും, ഫലമെന്നും ക്രിയയെ രണ്ടായി തിരിച്ചാൽ വ്യാപാരാശ്രയം കർത്താവും ഫലാശ്രയം കർമ്മവുമാകും. ചില സന്ദർഭങ്ങളിൽ വ്യാപാരവും ഫലവും ഒന്നിൽ തന്നെ വരാം. അങ്ങനെയുള്ള ക്രിയയ്ക്ക് കർമ്മമില്ല. വ്യാപാരമൊന്നിൽ, ഫലം മറ്റൊന്നിൽ എന്നു വന്നാലേ ക്രിയയ്ക്ക് കർമ്മമുള്ളൂ. 'കുട്ടി പട്ടിയെ അടിച്ചു' എന്ന വാക്യത്തിൽ 'അടിച്ചു' എന്ന ക്രിയയുടെ വ്യാപാരം കുട്ടിയിലും ഫലം പട്ടിയിലും എത്തിച്ചേരുന്നതിനാൽ 'അടിച്ചു' എന്ന ക്രിയയ്ക്ക് കർമ്മം ഉണ്ട്. എന്നാൽ ' കുട്ടി ഓടി ' എന്ന വാക്യത്തിൽ വ്യാപാരവും ഫലവും കുട്ടിയെത്തന്നെയാണ് ആശ്രയിക്കുന്നത്. അതിനാൽ 'ഓടി ' അകർമ്മകക്രിയയാണ്.

### വിശിഷ്ടക്രിയ (ദ്വികർമ്മക്രിയ)

കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയാണ് വിശിഷ്ടക്രിയ എന്നു പറയുന്നത്. 'അവൻ ഭാര്യയെ കുറ്റം പറഞ്ഞു' എന്ന വാക്യത്തിൽ ഭാര്യ, കുറ്റം എന്നീ നാമങ്ങൾ കർമ്മമാണ് എന്ന് പെട്ടെന്ന് തോന്നൽ ഉളവാക്കാം എന്നാൽ യഥാർത്ഥത്തിൽ 'കുറ്റം' എന്ന നാമം 'പറഞ്ഞു' എന്ന ക്രിയയുമായി ചേർന്ന് 'പഴിക്കുക' എന്ന വിശേഷ അർത്ഥത്തിലാണ് ക്രിയ പ്രയോഗിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള ക്രിയയെ വിശിഷ്ടക്രിയ എന്നു പറയുന്നു. ആ വാക്യത്തിൽ 'ഭാര്യാ' എന്ന പദം മാത്രമാണ് അപ്പോൾ കർമ്മമായി ഉള്ളൂ. രണ്ടു കർമ്മമുള്ള ക്രിയയാണ് വിശിഷ്ടക്രിയ

### 3.3.2.3 ക്രിയ

കർത്താവ് ചെയ്യുന്ന പ്രവൃത്തിയാണ് ക്രിയ.

ഉദാ : ബീന പഠിക്കുന്നു,
ബീനയ്ക്ക് പുസ്തകമുണ്ട്,
അവൾക്ക് സുഖമില്ല.

ഒന്നാംവാക്യത്തിൽ 'പഠിക്കുന്നു ' എന്ന പദം പ്രവൃത്തിയെ കുറിക്കുന്നു. രണ്ടാംവാക്യത്തിൽ ' ഉണ്ട് ' എന്ന പദവും, മൂന്നാംവാക്യത്തിലെ ' സുഖമില്ല' എന്ന പദവും ഓരോ അവസ്ഥയെക്കുറിക്കുന്നു. ഒരു പ്രവൃത്തിയെയോ അവസ്ഥയെയോ

കുറിക്കുന്ന പദത്തിന് ക്രിയയെന്നു പറയുന്നു. പാടുന്നു, ഓടുന്നു, നടക്കുന്നു - പ്രവൃത്തി. ഉറങ്ങുന്നു, ഉണ്ട്, ഇല്ല, ആകുന്നു - സ്ഥിതി. ക്രിയയുടെ വ്യാപാരത്തിലുള്ള പ്രാധാന്യമനുസരിച്ച് മുറ്റുവിന, പറ്റുവിന അതായത് പൂർണക്രിയ, അപൂർണക്രിയ. രൂപംപ്രമാണിച്ച് കാരിതം, അകാരിതം. അപൂർണക്രിയയെ പേരെച്ചം, വിനയെച്ചം എന്ന് രണ്ടായി തിരിക്കാം. മുറ്റുവിനയെ സകർമ്മകം, അകർമ്മം എന്ന് രണ്ടായി തിരിക്കാം.

ഒരു പ്രവൃത്തിയെ അല്ലെങ്കിൽ ഒരു അവസ്ഥയെക്കുറിക്കുന്ന പദമാണ് 'ക്രിയ'. കൃതി, വിന എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. കൃതി എന്നതിന്റെ തമിഴ് പേരാണ് 'വിന'. ഏതെങ്കിലും ഒരു വസ്തു ഇന്ന വിധത്തിലിരിക്കുന്നു എന്നോ ഒരു പ്രവൃത്തി ചെയ്യുന്നു എന്നോ കുറിക്കുന്ന ക്രിയാപദമാണ് 'കൃതി' എന്ന് കേരളപാണിനീയത്തിൽ എ.ആർ. രാജരാജവർമ്മ സൂചിപ്പിക്കുന്നുണ്ട്. ക്രിയയ്ക്ക് പല വിഭാഗങ്ങൾ ഉണ്ട്.

### 3.3.2.4 സകർമ്മകം - അകർമ്മകം

#### സകർമ്മകം

ക്രിയയുടെ വ്യാപാരവും ഫലവും രണ്ടു വസ്തുക്കളെ (നാമങ്ങളെ) ആശ്രയിക്കുമ്പോൾ ക്രിയയ്ക്ക് കർമ്മം ഉണ്ടാകുന്നു. കർമ്മം ഉള്ള ക്രിയ സകർമ്മകം. ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്ന് ചോദിച്ചാൽ ഉത്തരം കിട്ടുന്ന ക്രിയ സകർമ്മകക്രിയ.

ഉദാ : അമ്മ കുട്ടിയെ ലാളിക്കുന്നു
(കർമ്മമുള്ള ക്രിയ)
അമ്മ - കർത്താവ്
കുട്ടിയെ - കർമ്മം
ലാളിക്കുന്നു - ക്രിയ(സകർമ്മകം)

#### അകർമ്മകം

ഒരു വാക്യത്തിലെ ക്രിയയോട് ആരെ അല്ലെങ്കിൽ എന്തിനെ എന്നു ചോദിച്ചാൽ ഉത്തരം കിട്ടാത്ത ക്രിയയെ അകർമ്മകക്രിയ എന്നു പറയുന്നു (കർമ്മം ഇല്ലാത്ത ക്രിയ). ഇത്തരം ക്രിയകളുടെ വ്യാപാരവും ഫലവും കർത്താവിനെ തന്നെയാണ് ആശ്രയിക്കുക.

ഉദാ : നദി ഒഴുക്കുന്നു, കുയിൽ പാടുന്നു

പ്രകൃതി പ്രമാണിച്ച് ക്രിയയെ കേവലം, പ്രയോജകം എന്ന് രണ്ടായി തിരിക്കാം.

### 3.3.2.5 കേവലം

പരപ്രേരണ കൂടാതെ കർത്താവ് തനിയെ ചെയ്യുന്ന ക്രിയ.

ഉദാ : നടക്കുന്നു, കുളിക്കുന്നു

#### പ്രയോജകം

പരപ്രേരണയോടു കൂടി നടക്കുന്ന ക്രിയ പ്രയോജകക്രിയ .

ഉദാ : ഓടിക്കുന്നു, നടത്തുന്നു

രൂപം പ്രമാണിച്ച് ക്രിയയ്ക്ക് കാരിതം, അകാരിതം എന്ന് വിഭാഗങ്ങൾ ഉണ്ട്.

### 3.3.2.6 കാരിതം

കേവലക്രിയയ്ക്ക് 'ക്കു' പ്രത്യയമുള്ളത് കാരിതം

ഉദാ : നിൽക്കുന്നു, കേൾക്കുന്നു

#### അകാരിതം

കേവലക്രിയയ്ക്ക് 'ക്ക' പ്രത്യയം ചേരാത്തത് അകാരിതം

ഉദാ : പറയുന്നു, എഴുതുന്നു, പാടുന്നു, ഓടുന്നു

പ്രാധാന്യം പ്രമാണിച്ച് ക്രിയയെ മുറ്റുവിന, പറ്റുവിന എന്ന് രണ്ടായി തിരിക്കാം. വിന എന്നാൽ ക്രിയ എന്നാണ് അർഥം. ചില വാക്യങ്ങളിൽ ചില പദങ്ങൾ പ്രധാനവും മറ്റു ചിലത് അപ്രധാനവുമാണ്.

### 3.3.2.7 മുറ്റുവിന

ഒന്നിനും കീഴ്പ്പെടാതെ സ്വാതന്ത്ര്യമായി നിൽക്കുന്ന പൂർണക്രിയയാണ് മുറ്റുവിന, ഇതിനെ അംഗിക്രിയ, കരോതിക്രിയ എന്നും പേരുകളുണ്ട്.

ഉദാ : പോകുന്നു, ഓടുന്നു, പാടുന്നു

### പറ്റുവിന

വാക്യങ്ങളിൽ കാണുന്ന അപ്രധാനക്രിയക ളാണിത്. നാമത്തോടോ ക്രിയയോടോ ചേർന്നു നിൽക്കുന്ന ദുർബലക്രിയയ്ക്ക് പറ്റുവിന എന്നു പറയുന്നു.

ഉദാ : വന്ന, കണ്ട, നിന്ന, ഇരുന്ന, പറഞ്ഞ

പറ്റുവിന പേരെച്ചം – വിനയെച്ചം എന്ന് രണ്ടു വിധം ഉണ്ട്.

### 3.3.2.8 പേരെച്ചം

നാമത്തിനു കീഴടങ്ങിനിൽക്കുന്ന പറ്റുവിന യെ പേരെച്ചം (നാമാംഗജം) എന്നും പറയുന്നു.

ഉദാ : പറഞ്ഞകാര്യം, വരുന്നവണ്ടി,
കാണുന്ന വസ്തു

### വിനയെച്ചം

ഒരു ക്രിയാപദത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിനയെ വിനയെച്ചം (ക്രിയാംഗജം) എന്നു പറയുന്നു.

ഉദാ : പറഞ്ഞുമനസിലാക്കി,
കാണാൻപോയി, വന്നാൽപറയാം

**വിനയെച്ചം അഞ്ചു വിധം**

'വിനയെച്ചങ്ങൾ അഞ്ചത്രേ'

മു, പിൻ, തൻ, നടു, പാക്ഷികം (കേരളപാ ണിനീയം)

മുൻവിനയെച്ചം, പിൻവിനയെച്ചം, തൻവിന യെച്ചം, നടുവിനയെയും, പാക്ഷികവിനയെച്ചം എന്നിങ്ങനെ വിനയെച്ചങ്ങൾ അഞ്ചുവിധം.

### മുൻവിനയെച്ചം

ഇതു പ്രധാനക്രിയ (പൂർണക്രിയ) നടക്കുന്ന തിനു മുൻപ് നടന്നതായി കാണിക്കുന്ന അപൂർ ണക്രിയ. ഭൂതകാലത്തെ കുറിക്കുന്നു)

ഉദാ : പോയിക്കണ്ടു
(പോയത് കാണുന്നതിനു മുൻപ്)
കണ്ടുപറഞ്ഞു
(കണ്ടത് പറയുന്നതിനു മുമ്പ്)
തള്ളിത്തുറന്നു
(തള്ളിയത് തുറക്കുന്നതിന് മുൻപ്)

### പിൻവിനയെച്ചം

പ്രധാനക്രിയ കഴിഞ്ഞു നടക്കുന്ന അപ്ര ധാനക്രിയയെ കാണിക്കുന്നു. ഇത് ഭാവികാ ലത്തെ സൂചിപ്പിക്കുന്നു. ആൻ എന്ന പ്രത്യയം പിൻവിനയെച്ചത്തെക്കുറിക്കുന്നു.

ഉദാ : വരാൻപറഞ്ഞു
പോകാൻതുടങ്ങി
കുളിക്കാൻപോയി

### തൻവിനയെച്ചം

പൂർണക്രിയയോടൊപ്പം നടക്കുന്നതായി സൂചിപ്പിക്കുന്ന അപൂർണക്രിയ തൻവിനയെച്ചം, പ്രധാനക്രിയ നടന്നുകൊണ്ടിരിക്കേ തന്നെ മറ്റൊ രു ക്രിയ കൂടി നടക്കുന്നതായി കാണിക്കുന്ന താണ് തൻവിനയെച്ചം. പൂർണക്രിയ നടക്കുന്ന അവസരത്തിൽത്തന്നെ അപൂർണക്രിയയും നടക്കുന്നു. ഏ, അവേ എന്നിവ പ്രത്യയങ്ങൾ.

ഉദാ : കേൾക്കേ, ഇരിക്കേ, ഇരിക്കവേ

(ഇരിക്കേ, കാണെക്കാണേ, കേൾക്കേ, പോ കെ, ചെയ്യവേ മുതലായവയാണ് തൻവിനയെച്ച രൂപങ്ങൾ).

### നടുവിനയെച്ചം

കാലാദി വിശേഷങ്ങളൊന്നുമില്ലാത്ത ക്രിയ യുടെ ശുദ്ധമായ രൂപമാണ് നടുവിനയെച്ചം. അ, ക, ഉ എന്ന പ്രത്യയങ്ങൾ ചേരുന്നു. ഇത് ഏതു കാലത്തെയും കുറിക്കുന്നു. പ്രധാനക്രിയയ്ക്കു കാരണമായി വരുന്നു.

ഉദാ : പരഹിംസ ചെയ്ക
(ചെയ്യുക, ചെയ്യ) നിന്ദ്യമാണ്
അസത്യം പറക (പറയുക)
ശരിയല്ല

### പാക്ഷികവിനയെച്ചം

ഒന്ന് ഒരു വിധം സംഭവിക്കുന്ന പക്ഷം മറ്റൊ ന്നും കൂടി സംഭവിക്കമെന്നു കാണിക്കുന്നു. ഇൽ, കിൽ, ഉകിൽ എന്ന പ്രത്യയങ്ങൾ ചേർച്ച

പോലെ ചേർത്തുപാക്ഷികവിനയെച്ചമുണ്ടാക്കുന്നു. ആകിൽ, എങ്കിൽ മുതലായ ഘടകപദങ്ങളും ഈയർത്ഥത്തിൽ ഉപയോഗിക്കുന്നു. (പ്രധാന ക്രിയയ്ക്ക് കാരണമായി വരുന്നത്. ഒരു ക്രിയ സംഭവിക്കുന്ന പക്ഷം മറ്റൊരു ക്രിയ സംഭവിക്കാമെന്നു കാണിക്കുന്നു).

ഉദാ : ചെയ്യിൽ, ചെയ്കിൽ, ചെയ്യുകിൽ, എങ്കിൽ

### 3.3.3 പ്രയോഗം

ക്രിയകൾ കാരകങ്ങളെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഒരു ക്രിയ പ്രയോഗിക്കുമ്പോൾ അതിന്റെ ആശ്രയങ്ങളായ കാരകങ്ങളിൽ ഒന്നിനു മാത്രം പ്രാധാന്യം കല്പിക്കുന്നു. ഏത് കാരകത്തിന് പ്രാധാന്യം കല്പിക്കുന്നുവോ ആ കാരകത്തിൽ ആ ക്രിയയ്ക്ക് പ്രയോഗം എന്നാണ് വ്യാകരണത്തിലെ വ്യവസ്ഥ. രണ്ടു പ്രയോഗങ്ങളാണ് ഭാഷയിലുള്ളത്. കർത്തരി – കർമ്മണിപ്രയോഗങ്ങൾ

കർതൃകാരകത്തിന് പ്രാധ്യമുള്ളത് കർത്തരി പ്രയോഗം. കർമ്മ കാരകത്തിന് പ്രാധാന്യമുള്ളത് കർമ്മണിപ്രയോഗം.

ഉദാ : അർജ്ജുനൻ കർണ്ണനെ കൊന്നു (കർത്തരി)

കർണ്ണൻ അർജ്ജുനനാൽ കൊല്ലപ്പെട്ടു (കർമ്മണി)

കർത്തരിപ്രയോഗത്തിൽ കർത്താവ് നിർദ്ദേശികാവിഭക്തിയിലും കർമ്മം പ്രതിഗ്രാഹികാവിഭക്തിയിലുമായിരിക്കും. കർമ്മം നപുംസകമാണെങ്കിൽ നിർദ്ദേശികാരൂപം മതി.

ഉദാ : അയാൾ മരം മുറിച്ചു.

കാരകങ്ങളിൽ പ്രധാനം കർത്താവ് ആയതിനാൽ കർത്തരിപ്രയോഗം പ്രധാനമായി അംഗീകരിച്ചു. ക്രിയയ്ക്ക് രൂപഭേദം സംഭവിക്കുന്നതിനാൽ കർമ്മണിപ്രയോഗത്തെയും അംഗീകരിച്ചു. സംസ്കൃതത്തെ അനുകരിച്ചാണ് അതിന്റെ പ്രയോഗം. ഗദ്യഭാഷയിലും പ്രഭാഷണങ്ങളിലും കർമ്മണിപ്രയോഗം കടന്നു വന്നിട്ടുണ്ട്. ഒരു ധാതുവിനെ കർമ്മണിപ്രയോഗമാക്കുന്നതിന് ഭാഷയിൽ പ്രത്യയമൊന്നുമില്ല.' അ' എന്ന നടുവിനയെച്ചപ്രത്യയം ചേർന്ന ധാതുവിനോട് 'പെട്' ധാതുവിനെ അനുപ്രയോഗിച്ചാൽ കർമ്മണിപ്രയോഗമാകും. വാക്യത്തിൽ കർത്താവിനു പ്രാധാന്യമുള്ള ക്രിയാപ്രയോഗത്തിന് കർത്തരിപ്രയോഗമെന്നും കർമ്മത്തിനു പ്രാധാന്യമുള്ള ക്രിയാപ്രയോഗത്തിന് കർമ്മണിപ്രയോഗമെന്നും പറയാം. വാക്യത്തിൽ കർമ്മത്തിനു പ്രാധാന്യം നൽകുമ്പോൾ ക്രിയാരൂപത്തിനു മാത്രമല്ല വാക്യത്തിന്റെ ഘടനയ്ക്കും മാറ്റം സംഭവിക്കുന്നു. കർമ്മം നിർദ്ദേശികയിലും കർത്താവ് പയോജികയിലും ആയിരിക്കും. ക്രിയാരൂപം 'അ' എന്ന നടുവിനയെച്ച പ്രത്യയം ചേർത്ത ധാതുരൂപത്തിൽ 'പെട്' എന്ന ധാതുവിനെ അനുപ്രയോഗിച്ച രൂപവും ആയിരിക്കും.

ഉദാ : രാമൻ രാവണനെ കൊന്നു

രാവണൻ രാമനാൽ കൊല്ലപ്പെട്ടു

കർത്തരിപ്രയോഗമാണ് ഭാഷയ്ക്ക് സ്വന്തമായുള്ളത്. സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ആര്യഭാഷകളിൽ കർമ്മണിപ്രയോഗം സ്വാഭാവികവും സുലഭവുമാണ്. വൈചിത്ര്യം വ്യക്തത, സൗകര്യം, അർത്ഥശക്തി മുതലായവയ്ക്ക് വേണ്ടി മാത്രമേ കർമ്മണിപ്രയോഗം ഭാഷയിൽ പ്രയോഗിക്കാവൂ. ശുദ്ധ ദ്രാവിഡപദങ്ങൾ കഴിവതും കർത്തരിയിൽ വേണം പ്രയോഗിക്കാൻ. സംസ്കൃതപദമാണെങ്കിൽ കർമ്മണിപ്രയോഗത്തിന് കൂടുതൽ സ്വാഭാവികത ഉണ്ടായിരിക്കും.

വാക്യം ഘടനയാണ്, ഘടകങ്ങളുടെ വ്യവസ്ഥാപൂർവമായ സംയോഗത്തെയാണ് ഘടന എന്ന് പറയുന്നത്. വാക്യത്തിലെ പ്രാഥമികഘടകങ്ങൾ പദങ്ങളാണ്. ഘടനാബന്ധത്തിന്റെ അടിസ്ഥാനത്തിൽ പദബന്ധങ്ങളെ രണ്ടായി വർഗീകരിക്കാവുന്നതാണ്. നാമങ്ങൾക്ക് ക്രിയയോടുള്ള ബന്ധത്തിനെയാണ് കാരകം എന്നു പറയുന്നത്. നിർദ്ദേശികാവിഭക്തിയുടെ കാരകമാണ് കർതൃകാരകം. പ്രതിഗ്രാഹികാവിഭക്തിയുടെ കാരകമാണ് കർമ്മകാരകം. ചില ക്രിയകൾ നടന്നു കിട്ടാൻ ഒന്നിലേറെ കർത്താക്കൾ ആവശ്യമായി വരുന്നു. വ്യാപാരം നടത്തുന്ന കർത്താവിനു സഹായിയായി വരുന്ന നാമത്തെ സൂചിപ്പിക്കാൻ സാക്ഷികാരകം പ്രയോഗിക്കുന്നു. ക്രിയയുടെ വ്യാപാരം നടത്തുന്ന കർത്താവ് അതിന്റെ ഫലം കർമ്മത്തിലേക്ക് വ്യാപിപ്പിക്കുന്നു. ആർക്ക് ഉത

കണം എന്ന് കരുതിയാണോ അങ്ങനെ ചെയ്യുന്നത് അയാൾ സ്വാമികാരകം. പ്രയോജികയ്ക്ക് കരണാർഥവും കാരണാർഥവും ഉണ്ട്. കർത്താവിനെ ഒരു ക്രിയ നടത്തുന്നതിൽ ഉപകരണമായി സഹായിക്കുന്ന കാരകത്തെ കരണകാരകം എന്ന് വിളിക്കുന്നു. ക്രിയയ്ക്ക് ആധാരമായി കല്പിക്കുന്ന കാരകമാണ് അധികരണകാരകം. ആധാരം ഔപശ്ലേഷികം, അഭിവ്യാപകം, വൈഷയികം എന്ന് മൂന്നുവിധം. പ്രയോഗിക്കുന്ന ആളിന്റെ വീക്ഷണത്തിനനുസരിച്ച് കാരകം മാറാം, അതുകൊണ്ടാണ് കാരകം വിവക്ഷ പോലെ മാറി വരുമെന്ന് പറയുന്നത്.

കർമ്മം ഉള്ള ക്രിയയെ സകർമ്മകം എന്നും കർമ്മം ഇല്ലാത്ത ക്രിയയെ അകർമ്മകം എന്നും പറയുന്നു. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയയാണ് വിശിഷ്ടക്രിയ എന്നു പറയുന്നത്. കർത്താവ് ചെയ്യുന്ന പ്രവർത്തിയാണ് ക്രിയ. അക്ഷരങ്ങൾ ചേർന്ന് പദങ്ങളും പദങ്ങൾ ചേർന്ന് വാക്യങ്ങളും ഉണ്ടാകുന്നു. പൂർണമായ ആശയം പ്രകാശിപ്പിക്കുന്ന പരസ്പരബന്ധമുള്ള പദത്തിന് വാക്യം എന്നു പറയുന്നു. ആഖ്യയായി ഒരു നാമപദവും ആഖ്യാതമായി ഒരു ക്രിയാപദവും അടങ്ങുന്നതാണ് ഏറ്റവും ചെറിയ വാക്യം. ആഖ്യയെയോ ആഖ്യാതത്തെയോ വിശേഷിപ്പിക്കാൻ ഒറ്റപ്പദത്തിനും പദസംഹിതയ്ക്കും പകരം കർത്താവും കർമ്മവും ക്രിയയും അടങ്ങുന്ന വാക്യം തന്നെ പ്രയോഗിക്കുമ്പോൾ വാക്യഘടന സങ്കീർണമാകുന്നു.

## Recap

- പദങ്ങൾ തമ്മിലുള്ള ബന്ധം പ്രത്യയങ്ങളെക്കൊണ്ട് വ്യക്തമാക്കുന്നു
- പദക്രമം എല്ലാ ഭാഷയിലും അത്യന്താപേക്ഷിതമാണ്
- മലയാളത്തിലെ വാക്യങ്ങൾ സാധാരണ ആരംഭിക്കുന്നത് ആഖ്യയിലായിരിക്കും
- ക്രിയാവ്യാപാരം ചെയ്യുന്ന ആൾ കർത്താവ്
- കാരകങ്ങളിൽ പ്രധാനമായത് കർത്താവ്
- കർത്താവ് എന്ന അർഥത്തിൽ ആഖ്യ എന്ന സംജ്ഞ ഗുണ്ടർട്ട് നൽകി
- ഫലാശ്രയമായിട്ടുള്ളത് കർമ്മം
- കർത്താവിനെ ക്രിയയുമായി ബന്ധിപ്പിച്ചു നിർത്തുന്ന കാരകമാണ് കർമ്മം
- കർമ്മണിപ്രയോഗത്തിൽ നിർദ്ദേശികാവിഭക്തിരൂപം
- കർത്താവ് ചെയ്യുന്ന പ്രവൃത്തിയാണ് ക്രിയ
- അക്ഷരങ്ങളും പദങ്ങളും ചേർന്ന് വാക്യങ്ങൾ ഉണ്ടാകുന്നു
- സകർമ്മകം - കർമ്മം ഉള്ള ക്രിയ
- കർമ്മമില്ലാത്ത ക്രിയ - അകർമ്മകക്രിയ
- കർത്താവ് ചെയുന്ന പ്രവൃത്തി
- മറ്റൊരാളുടെ പ്രേരണയോടു കൂടി ക്രിയ ചെയ്യുന്നു
- കേവലക്രിയയിൽ 'ക്കു' ചേർക്കുന്നത് കാരിതം.
- പേരെച്ചം - നാമാംഗജം
- വിനയെച്ചം - ക്രിയാംഗജം
- ഒന്നിനും കീഴ്പ്പെടാതെ നിൽക്കുന്നത് പൂർണക്രിയ
- നാമത്തിനു കീഴടങ്ങി നിൽക്കുന്ന പറ്റുവിന - പേരെച്ചം
- ക്രിയയുടെ ശുദ്ധരൂപം
- പ്രധാനക്രിയയ്ക്ക് കാരണമാകുന്നത്

## Objective Questions

1. മലയാളത്തിലെ വാക്യങ്ങൾ സാധാരണ ആരംഭിക്കുന്നത് ഏതിലാണ്?
2. ക്രിയാവ്യാപാരം ചെയ്യുന്ന ആൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?
3. ക്രിയാവ്യാപാരങ്ങളിൽ ആശ്രയമായ കാരകംഏത്?
4. കർത്താവെന്ന അർഥത്തിൽ ആഖ്യ എന്ന പേര് നൽകിയതാര്?
5. കർത്താവും മറ്റുള്ളവരുടെ നിർബന്ധത്തിനു വിധേയമായി പ്രവൃത്തി ചെയ്യുന്നുവെങ്കിൽ ആ കർത്താവ് ഏത് പേരിൽ അറിയപ്പെടും?
6. കർത്താവ് എത്ര വിധം?
7. ക്രിയയുടെ ഫലം ആരിലാണോ ചെല്ലുന്നത് ആ ആൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?
8. കർത്താവിനെ ക്രിയയുമായി ബന്ധിപ്പിച്ചു നിർത്തുന്ന കാരകം ഏത്?
9. കർമ്മത്താൽ വിശേഷിപ്പിക്കപ്പെട്ട ക്രിയ ഏത്?
10. കർമ്മമുള്ള ക്രിയയെ എന്തു വിളിക്കുന്നു?
11. പരപ്രേരണ കൂടാതെ കർത്താവ് തനിയെ ചെയ്യുന്ന ക്രിയ ഏതു പേരിലാണ് അറിയപ്പെടുന്നത്?
12. കേവലക്രിയയിൽ ചേർക്കുന്ന പ്രത്യയം ഏതാണ്?
13. വിന എന്നാൽ എന്താണ് അർഥമാക്കുന്നത്?
14. സ്വതന്ത്രമായി നിൽക്കുന്ന പൂർണക്രിയയുടെ പേര്?
15. വിനയെച്ചങ്ങൾ എത്ര വിധം?
16. ഭൂതകാലത്തെ കുറിക്കുന്ന വിനയെച്ചം ഏത്?
17. ഏതു കാലത്തെയും കുറിക്കുന്ന വിനയെച്ചത്തിന് പറയുന്ന പേര് എന്ത്?
18. വർത്തമാനകാലത്തെ കുറിക്കുന്ന വിനയെച്ചം ഏത്?
19. പ്രധാനക്രിയയ്ക്ക് കാരണമാകുന്ന വിനയെച്ചം ഏതാണ്?
20. ഭാഷയിലുള്ള രണ്ട് പ്രയോഗങ്ങൾ ഏതെല്ലാം?
21. കർത്തരിപ്രയോഗത്തിൽ കർത്താവ് ഏതു വിഭക്തിയിലാണ് വരുന്നത്?

## Answers

1. ആഖ്യയിൽ
2. കർത്താവ്
3. കർത്താവ്
4. ഗുണ്ടർട്ട്
5. പ്രയോജ്യകർത്താവ്
6. രണ്ടു വിധം
7. കർമ്മം
8. കർമ്മം
9. വിശിഷ്ടക്രിയ
10. സകർമ്മകം
11. കേവലക്രിയ
12. ക്കു
13. ക്രിയ
14. മുറ്റുവിന
15. 5
16. മുൻവിനയെച്ചം
17. നടുവിനയെച്ചം
18. പാക്ഷികവിനയെച്ചം
19. കർത്തരി - കർമ്മണിപ്രയോഗങ്ങൾ
20. നിർദ്ദേശികവിഭക്തിയിൽ



SREENARAYANAGURU OPEN UNIVERSITY

## Assignments

1. ക്രിയ എന്നാലെന്ത്? ക്രിയയുടെ അവാന്തരവിഭാഗങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. കർത്താവ് - കർമ്മം - ക്രിയ എന്ന വാക്യക്രമത്തെക്കുറിച്ച് വിവരിക്കുക.
3. വിനയെച്ചങ്ങൾ എത്ര വിധം? ഏതെല്ലാം? വിശദമാക്കുക.
4. കർത്തരി - കർമ്മണിപ്രയോഗങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
5. ചോദ്യവാക്യം, നിഷേധവാക്യം എന്നിവ വിശദീകരിക്കുക.
6. പ്രയോഗം എന്നാലെന്ത്? വിശദീകരിക്കുക.

## Reference


1. ഹെർമ്മൻ ഗുണ്ടർട്ട്, മലയാള ഭാഷാവ്യാകരണം, ഡി.സി. ബുക്സ്, കോട്ടയം
2. സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി. ബുക്സ് കോട്ടയം.
3. എ.ആർ. രാജരാജവർമ്മ, കേരളപാണിനീയം, ഡി.സി. ബുക്സ്, കോട്ടയം.
4. ശേഷഗിരിപ്രഭു, വ്യാകരണമിത്രം, കേരള സാഹിത്യഅക്കാദമി, തൃശൂർ.
5. സി.എൻ. ആന്റണി, ഭാഷാപഠനങ്ങൾ, കേരള സാഹിത്യഅക്കാദമി, തൃശൂർ.


## Suggested Reading


1. പുതുശ്ശേരി രാമചന്ദ്രൻ (സമ്പാദനം), കേരളപാണിനീയവിമർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി.കെ. നാരായണപിള്ള, വ്യാകരണപ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പി. നാരായണമേനോൻ, വ്യാകരണപഠനങ്ങൾ, കേരള സാഹിത്യഅക്കാദമി, തൃശൂർ.

# BLOCK 04

# വൃത്താലങ്കാര പരിചയം

SGOU

BLOCK 1

# യൂണിറ്റ് 1 വൃത്തപരിചയം

## Learning Outcomes

- ഭാഷാബോധനത്തിൽ വൃത്തപഠനത്തിന്റെ പ്രസക്തി മനസിലാക്കുന്നു
- കവിതയിൽ താളാത്മകയ്ക്കുള്ള പ്രാധാന്യം മനസിലാക്കുന്നു
- വിവിധയിനം വൃത്തങ്ങളുണ്ടെന്ന് തിരിച്ചറിയുന്നു
- വൃത്തങ്ങൾ ഓരോന്നും മറ്റൊന്നിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നറിയുന്നു
- ഛന്ദസ്സിനെക്കുറിച്ച് ഗ്രഹിക്കുന്നു
- വൃത്തനിർണയം നടത്തുന്ന രീതി അപഗ്രഥിക്കുന്നു

## Prerequisite

ദ്രാവിഡഭാഷയെ സംബന്ധിച്ച വൃത്തശാസ്ത്രപരമായ ആദ്യ വിശദീകരണമുള്ളത് പ്രധാനമായും തൊൽക്കാപ്പിയത്തിലാണ്. എന്നാൽ തൊൽക്കാപ്പിയത്തിൽ പരാമർശിക്കപ്പെടുന്ന വൃത്തവിശേഷങ്ങളിൽ നിന്ന് വളരെയധികം മാറ്റം ഇന്നത്തെ മലയാളവൃത്തത്തിനുണ്ട്. മലയാളവൃത്തത്തെപ്പറ്റിയുള്ള ആദ്യപരാമർശം ലീലാതിലകത്തിലാണ് ഉള്ളത്. ഒന്നാം ശില്പത്തിൽ പാട്ടിന്റെ ലക്ഷണം പറയുന്ന സന്ദർഭത്തിൽ 'വൃത്തവിശേഷയുക്തം പാട്ട്' എന്നാണ് ലീലാതിലകകാരൻ നിർവചിക്കുന്നത്. വസന്തതിലകാദി സംസ്കൃതവൃത്തത്തിൽ നിന്ന് വിഭിന്നമായാണ് പാട്ടിലെ വൃത്തമെന്ന് അദ്ദേഹം വിശദീകരിക്കുകയും ചെയുന്നു. മാത്രമല്ല ലീലാതിലകത്തിൽ വൃത്തത്തെ ഭാഷയും സംസ്കൃതവും തമ്മിൽ കൊരുക്കുന്ന നൂലായി ഭംഗ്യന്തരേണ വിശേഷിപ്പിച്ചിട്ടുമുണ്ട്. കാവ്യത്തിൽ വൃത്തത്തിനുള്ള പ്രാധാന്യമാണിവിടെ പരാമർശിക്കപ്പെടുന്നത്. നൂല് പൊട്ടിയാൽ മുത്തുമണികൾ ചിതറുന്നതുപോലെ വൃത്തവിശേഷമില്ലെങ്കിൽ പദങ്ങൾക്ക് സാഹിത്യഗുണം സംഭവിക്കുകയില്ലെന്ന് സാരം. ദ്രാവിഡത്തിലെ കലിവിരുത്തം, ആചിരിയവിരുത്തം തുടങ്ങിയ വൃത്തങ്ങളെപ്പറ്റിയായിരിക്കും ലീലാതിലകകാരൻ സൂചിപ്പിച്ചിരിക്കുന്നതെന്ന് ലീലാതിലകവ്യാഖ്യാതാക്കൾ പറയുന്നു.

എന്നാൽ ഇന്നത്തെ ഭാഷാവൃത്തങ്ങൾ തമിഴ്‌വൃത്തങ്ങളുടെ പകർപ്പല്ല എന്നുകരുതാം. നാടോടിപ്പാട്ടുകളിലും മറ്റും പാടിപതിഞ്ഞിട്ടുള്ള ചൊല്ലുകളുടെ ക്രമീകരണമായിരിക്കണം പിൽക്കാല മലയാളവൃത്തങ്ങൾ. അതിനാൽ നിർവചനങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും കാര്യത്തിൽ വ്യത്യസ്തഅഭിപ്രായങ്ങൾ ഉണ്ടായിട്ടുണ്ട്. ഭാഷാവൃത്തങ്ങളെപ്പറ്റിയുള്ള പുതിയ പഠനങ്ങൾ ഇനിയും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. മലയാളത്തിൽ വൃത്തപഠനത്തിന് ഇന്നും ആധികാരികഗ്രന്ഥം ഏ. ആർ. രാജരാജവർമ്മയുടെ വൃത്തമഞ്ജരിയാണ്. കുട്ടികൃഷ്ണമാരാർ എഴുതിയ വൃത്തശില്പം, കെ. കെ. വാദ്ധ്യാരുടെ വൃത്തവിചാരം, അപ്പൻ തമ്പുരാന്റെ ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, പുതുപ്പള്ളി പി.കെ. പണിക്കരുടെ വൃത്തരത്നാകരം, കൊടുങ്ങലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ കാന്തവൃത്തം, പ്രൊഫ. പി. കൃഷ്ണമേനോന്റെ ഭാഷാവൃത്തദീപിക എന്നിവ മലയാളവൃത്തപഠനത്തിന് ആശ്രയിക്കാവുന്ന കൃതികളാണ്. കുഞ്ചൻനമ്പ്യാർ വൃത്തവാർത്തികം, താളപ്രസ്താരം എന്നിങ്ങനെ രണ്ടു കൃതികൾ എഴുതിയതായും പറയുന്നുണ്ട്.

മലയാളസാഹിത്യത്തിൽ വൃത്തത്തെ രണ്ടുതരത്തിലാണ് പരിഗണിക്കുന്നത്. നമ്മുടെ സാഹിത്യചരിത്രത്തിലെ രചനകളുടെ വൃത്തശാസ്ത്രസ്വഭാവം സംസ്കൃത, ദ്രാവിഡരീതികളെ ഒരുപോലെ പിന്തുടർന്നു വന്നിട്ടുള്ളതാണ്. സംസ്കൃതം മലയാളത്തിൽ (ദ്രാവിഡം) നിന്ന് പദങ്ങൾ എന്നപോലെ വൃത്തവും കടമെടുത്തിട്ടുണ്ടെന്ന് ഉള്ളൂർ വിജ്ഞാനദീപിക എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. അതുപോലെ തന്നെ മലയാളവൃത്തങ്ങൾ തികച്ചും സ്വതന്ത്രങ്ങളാണെന്നും അവ കടം കൊണ്ടതല്ലെന്നും, ഭാഷാവൃത്തദീപികയിൽ പി. കുഞ്ഞുകൃഷ്ണമേനോൻ പറയുന്നു. കേരളത്തിലെ ആദിമനുഷ്യന്റെ ആത്മാവിലെ ഭക്തി, ശോകം എന്നീ രണ്ടു വികാരങ്ങളാണ് കിളിപ്പാട്ട്വൃത്തങ്ങളായത് എന്ന് തുഞ്ചൻപ്രബന്ധങ്ങൾ എന്ന ഗ്രന്ഥത്തിൽ പ്രൊഫ. പി. രാമൻ അഭിപ്രായപ്പെട്ടതും ശ്രദ്ധേയമാണ്. വൃത്തശാസ്ത്രരംഗത്തെ മലയാളത്തിലെ അടിസ്ഥാനഗ്രന്ഥം എ. ആർ. രാജരാജവർമ്മയുടെ വൃത്തമഞ്ജരി (1904)യാണ്. സംസ്കൃത, ദ്രാവിഡവൃത്തങ്ങളുടെ സമഗ്രമായ ഒരു വിശദീകരണം വൃത്തമഞ്ജരിയിൽ നിന്ന് ലഭിക്കുന്നു. സംസ്കൃതവൃത്തത്തെ അക്ഷരവൃത്തമെന്നും മാത്രാവൃത്തമെന്നും വിഭജിക്കുന്നു. പാദ(വരി)ങ്ങളിലെ അക്ഷരങ്ങളുടെ എണ്ണമാണ് ആദ്യത്തേതിനടിസ്ഥാനം, അക്ഷരങ്ങളുടെ മാത്രാസ്വഭാവം (അളവ്) രണ്ടാമത്തേതിന് മാനദണ്ഡമാകുന്നു.

ഗദ്യമെന്നും പദ്യമെന്നും സാഹിത്യത്തിൽ വാക്യഗതിയെ രണ്ടായി തിരിക്കുന്നു. ഇത്ര അക്ഷരം കൂടുന്നത് ഒരു പാദം, പാദത്തിൽ ഓരോന്നും ലഘു, ഗുരു വ്യവസ്ഥയുള്ളതും, പാദങ്ങളിൽ യതി (നിർത്ത്) എന്നിങ്ങനെ വ്യവസ്ഥയുള്ളത് പദ്യം എന്നാണ് വൃത്തമഞ്ജരികാരൻ വിശദമാക്കുന്നത്. പദ്യത്തിൽ എഴുതുന്നതെല്ലാം കാവ്യമല്ല. കാവ്യമല്ലാത്ത പദ്യത്തിനെ 'കാരിക'എന്ന് വിളിക്കുന്നു. ഭാഷാഭൂഷണത്തിലും, കേരളപാണിനീയത്തിലും വസ്തുതകൾ സൂചിപ്പിക്കുന്നത് കാരികാരൂപത്തിലാണ്. തനിക്ക് ലഭ്യമായ കൃതികളിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തും, ചിലത് സ്വയമേ സൃഷ്ടിച്ചുമാണ്. ഏ. ആർ. വൃത്തമഞ്ജരിയിൽ വൃത്തത്തിന് ലക്ഷ്യലക്ഷണം ചെയ്തിട്ടുള്ളത്.

## Keywords

വൃത്തം - ഛന്ദസ്സ് - ശ്ലോകം - സമവൃത്തങ്ങൾ - അർധസമവൃത്തങ്ങൾ - വിഷമവൃത്തങ്ങൾ - മാത്ര - ഗണം

## Discussion

### 4.1.1 വൃത്തപരിചയം

വികാരത്തിന്റെ ഭാഷയായ കവിതയും ചിന്തയുടെ ഭാഷയായ ഗദ്യവും തമ്മിൽ ആന്തരികമായും ബാഹ്യമായും വ്യത്യാസമുണ്ട്. ഓരോന്നും വ്യത്യസ്തധർമ്മങ്ങളാണ് നിർവഹിക്കുന്നത്. കവിതയുടെ ലക്ഷ്യം ആസ്വാദനവും വികാരപ്രചോദനവുമാണ്. വികാരത്തെ പ്രചോദിപ്പിച്ച് പുതിയ അനുഭൂതി മണ്ഡലങ്ങളിൽ വ്യാപരിക്കാനുതകുന്ന ഭാവാനാത്മകവും സൗന്ദര്യാത്മകവും ആയ അന്തരീക്ഷം ഒരുക്കിക്കൊടുക്കുകയാകണം കവിതാബോധനത്തിലൂടെ നിർവഹിക്കേണ്ടത്. കവിതയുടെ ലാവണ്യം അതിനെ ആകർഷകവും ആസ്വാദ്യകരവും ആക്കുന്നു. ഭാവനയും വികാരവും ഒത്തിണങ്ങുമ്പോഴാണ് സൗന്ദര്യവും അതിന്റെ ആസ്വാദ്യകരമായ അവസ്ഥയിൽ എത്തുന്നത്. എത്ര ഉൽകൃഷ്ടമായ ആശയമായിരുന്നാലും അതാവിഷ്ക്കരിക്കുന്ന

ഭാഷ ശുദ്ധവും ചൈതന്യവത്തും അല്ലെങ്കിൽ രസപ്രദമാകില്ല. ഭാഷ എന്ന മാധ്യമത്തിലൂടെയാണ് കവി തന്റെ അനുഭൂതിയും വികാരവും ചിന്തയും സൗന്ദര്യബോധവും അനുവാചകഹൃദയങ്ങളിലേക്ക് പകരുന്നത്. ആശയ, ശബ്ദ, ഗാന, ഭാവ, സൗന്ദര്യങ്ങൾ ഏകീഭൂതമായ സൗന്ദര്യസത്തയായി കവിതയിൽ ലയിച്ചിരിക്കുന്നു. ആദ്യകാലകവികൾ വൃത്തവ്യവസ്ഥയ്ക്ക് വളരെയധികം പ്രാധാന്യം നൽകിയിരുന്നു. കവിമനസിലെ വികാരങ്ങൾ പ്രത്യേകതാളത്തിൽ നിബന്ധിച്ചിരുന്നു. അതിനാൽ വൃത്തം കവിതയുടെ ആത്മാവായി അക്കാലത്ത് കരുതിപോന്നു.

### എ.ആർ. രാജരാജവർമ്മ

മലയാളിയുടെ ഭാഷാദർശനത്തിലും സാഹിത്യവിചാരത്തിലും ഗുരുതുല്യനായ കേരളപാണിനി എ.ആർ. രാജരാജവർമ്മ വൈയാകരണൻ എന്നതിനപ്പുറം, കവി, നിരൂപകൻ, ഉപന്യാസകാരൻ, സർവകലാശാല അധ്യാപകൻ, വിദ്യാഭ്യാസപരിഷ്കർത്താവ് എന്നീ നിലകളിലെല്ലാം പ്രസിദ്ധനായി. മലയാളഭാഷയുടെ വ്യാകരണം, ഛന്ദശാസ്ത്രം, അലങ്കാരശാസ്ത്രം എന്നിവയ്ക്ക് നിയതമായ രേഖകളുണ്ടാക്കി. സംസ്കൃത വൈയാകരണനായ പാണിനി, അഷ്ടാദ്ധ്യായി ഉൾപ്പെടുന്ന പാണിനിയസൂക്തങ്ങളിലൂടെ സംസ്കൃതവ്യാകരണത്തിന് ശാസ്ത്രീയമായ ചട്ടക്കൂടുകൾ നിർവചിച്ചതിനു സമാനമായി കേരളപാണിനീയം എന്ന മലയാളവ്യാകരണഗ്രന്ഥം ഏ.ആറിന്റേതായിട്ടുണ്ട്. മലയാളവ്യാകരണം ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതിനാലാണ് അദ്ദേഹം കേരളപാണിനി എന്നറിയപ്പെടുന്നത്.

### വൃത്തമഞ്ജരി

സംസ്കൃതവൃത്തങ്ങളെയും ഭാഷാവൃത്തങ്ങളെയും സമഗ്രമായി പ്രതിപാദിക്കുന്ന ലക്ഷണശാസ്ത്രഗ്രന്ഥമാണ് എ.ആർ. രാജരാജവർമയുടെ വൃത്തമഞ്ജരി. വൃത്തങ്ങളുടെ മഞ്ജരി (സമൂഹം) എന്നാണിതിനർത്ഥം. വൃത്തമഞ്ജരിയിൽ സിംഹഭാഗവും സംസ്കൃതവൃത്തങ്ങളെപ്പറ്റിയാണ് പ്രതിപാദിച്ചിട്ടുള്ളത്'. നിരവധി സംസ്കൃതവൃത്തങ്ങൾക്ക് ലക്ഷണകല്പന നടത്തുകയും അതിൽ പ്രസിദ്ധമായവയ്ക്ക് ഉദാഹരണം നൽകുകയും ചെയ്യുന്നുണ്ട്. എ.ആർ. ഭാഷാവൃത്തപ്രകരണം കൈകാര്യം ചെയ്ത് കോവുണ്ണിനെടുങ്ങാടിയുടെ കേരളകൗമുദിയെ അവലംബിച്ചാണ്. വൃത്തമഞ്ജരി പ്രസിദ്ധീകൃതമാകുന്നത് 1904 – ലാണ്. അന്നു മുതൽ ഇന്നുവരെ ഹൈസ്ക്കൂൾതലത്തിലും ബിരുദ, ബിരുദാനന്തരതലങ്ങളിലും ഇത് പ്രാമാണികഗ്രന്ഥമായി കരുതി പഠിപ്പിച്ചുപോരുന്നു.

## 4.1.2 ഛന്ദസ്സ്

ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയാണ് ഛന്ദസ്സ്. മാത്രമല്ല ഒരു വരിയിൽ 1 അക്ഷരം മുതൽ 26 അക്ഷരം വരെയുള്ള ഛന്ദസ്സുകൾ ഉണ്ട്. പ്രയോഗിക്കാറില്ല. ഭംഗിയുള്ള ഏതാനും എണ്ണത്തെ മാത്രമേ പ്രയോഗിക്കാറുള്ളൂ. ഒരു വരിയിൽ 1 അക്ഷരമുള്ള ഛന്ദസ്സ് ഉക്ത എന്നും 2 അക്ഷരമുള്ള ഛന്ദസ്സ് അത്യുക്ത എന്നും അറിയപ്പെടുന്നു. ഒരു വരിയിൽ 1 അക്ഷരമുള്ള ശ്ലോകം മുതൽ 26 അക്ഷരമുള്ള ശ്ലോകം വരെ സംസ്കൃതത്തിൽ ഉണ്ട്. ഇരുപത്തിയാറു ഛന്ദസ്സുകളുണ്ട്. അവയുടെ പേരുകൾ ചുവടെ ചേർക്കുന്നു.

### ഇരുപത്തിയാറു ഛന്ദസ്സുകൾ

| ഛന്ദസ്സ് | അക്ഷരം |
|---|---|
| ഉക്ത | 1 |
| അത്യുക്ത | 2 |
| മധ്യ | 3 |
| പ്രതിഷ്ഠ | 4 |
| സുപ്രതിഷ്ഠ | 5 |
| ഗായത്രി | 6 |
| ഉഷ്ണിക്ക് | 7 |
| അനുഷ്ടുപ്പ് | 8 |
| ബ്രഹതി | 9 |
| പംക്തി | 10 |
| ത്രിഷ്ടുപ്പ് | 11 |
| ജഗതി | 12 |
| അതി ജഗതി | 13 |
| ശക്വരി | 14 |
| അതിശക്വരി | 15 |
| അത്വഷ്ടി | 16 |
| അത്യഷ്ടി | 17 |

| | |
|---|---|
| ധൃതി | 18 |
| അതിധൃതി | 19 |
| കൃതി | 20 |
| പ്രകൃതി | 21 |
| ആകൃതി | 22 |
| വികൃതി | 23 |
| സംസ്കൃതി | 24 |
| അഭികൃതി | 25 |
| ഉത്കൃതി | 26 |

ഒരു പാദത്തിൽ 26 ൽ അധികം അക്ഷരം വന്നാൽ അതിനെ പദ്യം എന്ന് പറയാറില്ല അവയ്ക്ക് ദണ്ഡകം എന്ന് പറയുന്നു.

## 4.1.3 വൃത്തം

ഭാഷാഭൂഷണത്തിലും, കേരളപാണിനീയത്തിലും വസ്തുതകൾ സൂചിപ്പിക്കുന്നത് കാരികാരൂപത്തിലാണ്. പദ്യത്തെയും ഛന്ദസ്സിനെയും ഏ. ആർ. നിർവചിച്ചിരിക്കുന്നതിങ്ങനെയാണ്.

*'പദ്യം വാർക്കുന്ന തോതല്ലോ,*
*വൃത്തമെന്നിഹ ചൊൽവത്*
*ഛന്ദസ്സെന്നാലക്ഷരങ്ങളിത്ര*
*യെന്നുള്ള ക്ലപ്തിയാം'*

അതായത് പദ്യം (ശ്ലോകം) വാർക്കുന്ന (നിർമിക്കുന്ന) അളവിനെയാണ് വൃത്തമെന്ന് പറയുന്നത്. ഒരു പദ്യത്തിന്റെ ഒരുവരിയിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിയമമാണ് ഛന്ദസ്സ്. ഒരു പദ്യത്തിന്റെ ഒരു വരിയിൽ പരമാവധി 26 അക്ഷരം വരെയാകാം. ഈ ഛന്ദസ്സിന്റെ വ്യത്യസ്തകൾ കൊണ്ടാണ് പലവിധ വൃത്തങ്ങൾ രൂപം കൊള്ളുന്നത്. 26 അക്ഷരത്തിൽ കൂടുതൽ വന്നാൽ അതിനെ 'ദണ്ഡകം' എന്ന് വിളിക്കുന്നു. ആട്ടക്കഥകളിലും, ചമ്പുക്കളിലും കാണുന്ന താളാത്മകമായ ഗദ്യം ദണ്ഡകമാണ്. തനിക്ക് ലഭ്യമായ കൃതികളിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തും, ചിലത് സ്വയമേ സൃഷ്ടിച്ചുമാണ് ഏ.ആർ. വൃത്തമഞ്ജരിയിൽ വൃത്തത്തിന് ലക്ഷ്യലക്ഷണം ചെയ്തിട്ടുള്ളത്. പദ്യത്തിന്റെ അഥവാ കവിതയുടെ അളവുകോലാണ് വൃത്തം. ഒരു പദ്യം ഏതു താളകണക്കിൽ നിബന്ധിച്ചിരിക്കുന്നു എന്ന് നോക്കുന്നതിനാണ് വൃത്തനിർണയം എന്ന് പറയുന്നത്.

### വൃത്തങ്ങളുടെ വർഗീകരണം

മലയാളത്തിൽ ഉപയോഗിക്കുന്ന വൃത്തങ്ങളെ പ്രധാനമായും രണ്ടായിത്തിരിക്കാം

1. സംസ്കൃതവൃത്തം
2. ഭാഷാവൃത്തം അഥവാ ദ്രാവിഡവൃത്തം എന്നിങ്ങനെ

### 4.1.3.1 സംസ്കൃതവൃത്തങ്ങൾ

നാലുപാദമുള്ള ഒരു ശ്ലോകത്തിനാണ് സംസ്കൃതത്തിൽ വൃത്തം നിർണയിക്കുന്നത്. ശ്ലോകം പൂർവാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടായി തിരിക്കുന്നു. സംസ്കൃതവൃത്തത്തിന് രണ്ട് ഉൾപിരിവുകളുണ്ട്. വർണവൃത്തമെന്നും മാത്രാവൃത്തമെന്നും.

**മാത്രാവൃത്തം :** ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര എന്നു നിയമമുള്ളത് മാത്രാവൃത്തം.

**വർണവൃത്തം :** ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര വർണം (അക്ഷരം) എന്ന് നിയമമുള്ളത് വർണവൃത്തം.

മാത്രാവൃത്തം 3 വിധം - സമവൃത്തം, അർധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ.

ഗുരു-ലഘുകളും-മാത്രാനിയമവും

*'സ്വരങ്ങൾ താനക്ഷരങ്ങൾ*
*വ്യഞ്ജനം വകയില്ലിഹ*
*വ്യഞ്ജനങ്ങളടുത്തുള്ള*
*സ്വരങ്ങൾക്കംഗമെന്നുതാൻ'*

വൃത്തശാസ്ത്രത്തിൽ സ്വരങ്ങളെ മാത്രമേ അക്ഷരങ്ങളായി പരിഗണിക്കാറുള്ളൂ. സ്വരസഹായമില്ലാതെ തനിയെ നിൽക്കുന്ന വ്യഞ്ജനം എണ്ണത്തിൽ ഉൾപ്പെടുത്തുകയില്ല. കേവലവ്യഞ്ജനങ്ങളും ചില്ലുകളും അവയുടെ മുൻപിലുള്ള അക്ഷരങ്ങളുടെ അംഗങ്ങളായി കണക്കാക്കാം.

ഉദാ : 'കൺമിഴിച്ചവൾ നോക്കിനാൾ'

എന്ന വരിയിൽ സ്വരം എട്ടേ ഉള്ളൂ അതിനാൽ അക്ഷരവും എട്ടു തന്നെ ൺ, ൾ എന്ന ചില്ലുകൾ വ്യഞ്ജനങ്ങൾ ആകയാൽ എണ്ണത്തിൽ ഉൾപ്പെടുത്തുകയില്ല. ആയതിനാൽ കൺ എന്ന

തിലെ 'ക' എന്ന അക്ഷരവും നാൾ എന്നതിലെ 'നാ' എന്ന അക്ഷരവും ഓരോ അക്ഷരങ്ങളായി കണക്കാക്കപ്പെടുന്നു.

### മാത്ര

അക്ഷരങ്ങൾ ഉച്ചരിക്കാനെടുക്കുന്ന സമയത്തെ ഛന്ദശാസ്ത്രത്തിൽ മാത്ര എന്നുപറയുന്നു. ഒരു ഹ്രസ്വാക്ഷരം ഉച്ചരിക്കാനെടുക്കുന്ന സമയം ഒരു മാത്ര. ഒരു ദീർഘാക്ഷരം ഉച്ചരിക്കാനെടുക്കുന്ന സമയം രണ്ടു മാത്ര.

*ഹ്രസ്വാക്ഷരം ലഘുവതാം*
*ഗുരുവാം ദീർഘമായത്:*
*അനുസ്വാരം വിസർഗ്ഗം*
*താൻ തീവ്രയത്നമുരച്ചിടും*
*ചില്ലു കൂട്ടക്ഷരം താനോ പിൻ*
*വന്നാൽ ഹ്രസ്വവും ഗുരു*

സ്വരങ്ങൾക്ക് ഹ്രസ്വം എന്നും ദീർഘം എന്നും വകഭേദം വ്യാകരണത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിൽ ഹ്രസ്വത്തിനു ലഘു എന്നും ദീർഘത്തിനു ഗുരു എന്നും വൃത്തശാസ്ത്രത്തിൽ പേരുകൾ നൽകിയിട്ടുണ്ട്.

ലഘുവും ഗുരുവും നിർണയിക്കുന്നതെങ്ങനെ.

- എല്ലാ ഹ്രസ്വാക്ഷരവും ലഘുവായിരിക്കും.

  ഉദാ : ക, ച, ട, ത, പ

- എല്ലാ ദീർഘാക്ഷരവും ഗുരു ആയിരിക്കും.

  ഉദാ : കാ, ചാ, ടാ, താ

ലഘുക്കൾ ഗുരുവാകുന്ന സന്ദർഭങ്ങൾ

- ഹ്രസ്വാക്ഷരത്തിനുശേഷം അനുസ്വാരം വന്നാൽ ആ ഹ്രസ്വം ഗുരുവാകും.

  ഉദാ : കം

  (ലഘുവായ 'ക' അനുസ്വാരം പിന്നിൽ വന്നതിനാൽ ഗുരുവാകും)

- ഹ്രസ്വാക്ഷരത്തോട് വിസർഗം ചേർന്നു വന്നാലും അത് ഗുരുവാകും.

  ഉദാ : ദുഃഖം

  വിസർഗ്ഗം പിന്നിൽ വന്നതിനാൽ ഹ്രസ്വമായ 'ദു' ദീർഘമായി വരും

- തീവ്രയത്നമായ ചില്ലക്ഷരം ചേർന്നു വരുന്ന ഹ്രസ്വവും ഗുരുവാകും.

- ർ, ൻ, ൾ, ൽ, ൺ ഇവയാണല്ലോ ചില്ലുകൾ. ഇവ ഉറപ്പിച്ചുച്ചരിച്ചാൽ തീവ്രയത്നമാകും അല്ലെങ്കിൽ ലഘുയത്നം. ഒരു ചില്ല് തീവ്രയത്നമാണെങ്കിൽ തുടർന്നു വരുന്ന അക്ഷരം ഇരട്ടിച്ച് ഉച്ചരിക്കും.
  ഉദാ : മലർപ്പൊടി 'ർ' തീവ്രയത്നമായതിനാൽ 'ല' ഗുരു. അതുപോലെ മലർമാല 'ർ' ലഘു യത്നം ആയതിനാൽ 'ല' ലഘു.

- കല്പനപ്രകാരം 'പ്ര' തീവ്രയത്നം അതിനാൽ 'ന' ഗുരു കല്പിച്ച പ്രകാരം 'പ്ര' ലഘുപ്രയത്നം അതിനാൽ ലഘു.

- കൂട്ടക്ഷരം വന്നാലും ഹ്രസ്വം ഗുരുവാകും

  ഉദാ : താമരക്കുളം

ഒരു പദ്യത്തിന്റെ പാദാവസാനത്തിൽ വരുന്ന ഹ്രസ്വത്തെ ലഘുവായോ ഗുരുവായോ കരുതാം. ഒന്നും മൂന്നും വരികളുടെ ഒടുവിൽ വരുന്ന ഹ്രസ്വത്തെ 'ലഘു' എന്നും രണ്ടും നാലും വരികളുടെ ഒടുവിൽ വരുന്ന ഹ്രസ്വത്തെ ഗുരു എന്നുമാണ് കരുതേണ്ടത്.

- ലഘു ഗുരു അടയാളപ്പെടുത്തുന്നവിധം

*ഗകാരം ഗുരുവിൽ പേരാം*
*ലകാരം ലഘുസംജ്ഞയാം*
*ഗുരുചിഹ്നം നേർവര കേൾ*
*ലഘുചിഹ്നം വളഞ്ഞതും*

വൃത്തശാസ്ത്രത്തിൽ ഗുരുവിനെ 'ഗ' എന്ന അക്ഷരം കൊണ്ടും ലഘുവിനെ 'ല'എന്ന അക്ഷരം കൊണ്ടും കുറിക്കുന്നു. ഒരു നേർവര (–) ഗുരുവിനും വളഞ്ഞവര (ചന്ദ്രക്കല ˘ ) ലഘുവിനും ഉള്ള അടയാളങ്ങളാണ്'. അക്ഷരങ്ങൾക്കു മുകളിൽ ചിഹ്നം ഉപയോഗിച്ചാണ് ഗുരു, ലഘുക്കൾ രേഖപ്പെടുത്തുന്നത്.

### പദ്യത്തിന്റെ സ്വഭാവം

*പദ്യം പൂർവ്വോത്തരാർദ്ധങ്ങളെന്നു*
*രണ്ടായ് മുറിയ്ക്കണം.*
*രണ്ടുപാദങ്ങളർദ്ധത്തിൽ*
*വിഷമാഖ്യം സമാഖ്യവും*

നാലുപാദം ചേർന്നത് ഒരു പദ്യം അഥവാ ശ്ലോകം അതിൽ ആദ്യത്തെ രണ്ടു പാദം (1, 2) ചേർന്നത് പൂർവ്വാർദ്ധം, പിന്നത്തെ രണ്ടു പാദം (3, 4) ചേർന്നത് ഉത്തരാർദ്ധം.

**പാദം** : പദ്യത്തിലെ ഒരു വരിയ്ക്ക് പാദം എന്നു പറയുന്നു.

**യതി** : പദ്യപാദങ്ങളിൽ വരുന്ന നിർത്തിനെയാണ് യതി എന്നുപറയുന്നത്.

**പൂർവ്വാർദ്ധം** : ഒരു ശ്ലോകത്തിലെ ആദ്യത്തെ രണ്ടു വരികൾ ചേരുന്നത് പൂർവ്വാർദ്ധം(1, 2).

**ഉത്തരാർദ്ധം:** ഒരു ശ്ലോകത്തിലെ രണ്ടാമത്തെ രണ്ടു വരികൾ ചേരുന്നത് ഉത്തരാർദ്ധം (3, 4).

### ഗണം നിർണയിക്കുന്ന രീതി

ഛന്ദോവൃത്തങ്ങളിൽ ഒരു ഗണമെന്നാൽ മൂന്നക്ഷരം. ഇത് ഗുരുലഘുക്കളുടെ ക്രമീകരണമനുസരിച്ച് എട്ട് വിധത്തിൽ വരുന്നു. അവ യാഥാക്രമം താഴെ കൊടുക്കുന്നു.

ആദിഗുരു - ഭഗണം
മധ്യഗുരു - ജഗണം
അന്ത്യഗുരു - സഗണം
ആദിലഘു - യഗണം
മധ്യലഘു - രഗണം
അന്ത്യലഘു - തഗണം
സർവഗുരു - മഗണം
സർവ്വലഘു - നഗണം

ഗണം നിർണയിക്കാൻ വൃത്തമഞ്ജരിയിൽ എ.ആർ രാജരാജവർമ്മ നൽകുന്ന കാരിക ഇതാണ്.

*ആദിമധ്യാന്തവർണ്ണങ്ങൾ*
*ലഘുക്കൾ 'യരത'ങ്ങളിൽ*
*ഗുരുക്കൾ 'ഭജസ'ങ്ങൾക്കു*
*'മന'ങ്ങൾ ഗലമാത്രമാം*

ഒരു ഗണത്തിലെ ആദ്യക്ഷരം ലഘുവായാൽ അത് 'യ' ഗണം

˘ — —
ഉദാ : മയൂരം

മധ്യവർണം അതായത് രണ്ടാമത്തെ അക്ഷരം ലഘുവായാൽ 'ര'ഗണം രേഫം.

— ˘ —
ഉദാ : മന്നവൻ

അന്ത്യവർണം മൂന്നാമത്തെ അക്ഷരം ലഘുവായാൽ 'ത' ഗണം

— — ˘
ഉദാ : മഞ്ചാടി

ഇതുപോലെ ആദ്യഅക്ഷരം ഗുരുവായാൽ 'ഭ'ഗണം

— ˘ ˘
ഉദാ : ആവണി

രണ്ടാമത്തെ അക്ഷരം ഗുരുവായാൽ 'ജ' ഗണം

˘ — ˘
ഉദാ : അമീബ

മൂന്നാമത്തെ അക്ഷരം ഗുരുവായാൽ 'സ' ഗണം

˘ ˘ —
ഉദാ : സതതം

എല്ലാ അക്ഷരങ്ങളും ഗുരുവായാൽ (സർവഗുരു) 'മ' ഗണം

— — —
ഉദാ : ആരാമം

എല്ലാ അക്ഷരങ്ങളും ലഘുവായാൽ (സർവലഘു) 'ന' ഗണം

˘ ˘ ˘
ഉദാ : അതിഥി

## Recap

- മലയാളവൃത്തത്തെപ്പറ്റിയുള്ള ആദ്യപരാമർശം ലീലാതിലകത്തിലാണുള്ളത്
- വൃത്തശാസ്ത്രരംഗത്തെ മലയാളത്തിലെ അടിസ്ഥാനഗ്രന്ഥം ഏ. ആറിന്റെ വൃത്തമഞ്ജരിയാണ്

- പദ്യം വാർക്കുന്ന തോതാണ് വൃത്തം. പദ്യത്തിന്റെ അഥവാ കവിതയുടെ അളവുകോലാണ് വൃത്തം
- പദ്യപാദങ്ങളിൽ വരുന്ന നിർത്തിനെയാണ് യതി എന്നുപറയുന്നത്
- ഒരു പദ്യം ഏതു താളകണക്കിൽ നിബന്ധിച്ചിരിക്കുന്നു എന്ന് നോക്കുന്നതിനെ വൃത്തനിർണയം എന്ന് പറയുന്നു
- അക്ഷരങ്ങൾ ഉച്ചരിക്കാനെടുക്കുന്ന സമയത്തെ ഛന്ദശാസ്ത്രത്തിൽ മാത്ര എന്നുപറയുന്നു
- ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയാണ് ഛന്ദസ്സ്
- ഒരു വരിയിൽ ഒരക്ഷരം മുതൽ ഇരുപത്താറക്ഷരം വരെയുള്ള ഛന്ദസ്സുകൾ ഉണ്ട്
- ഒരു വരിയിൽ ഒരക്ഷരമുള്ള ഛന്ദസ്സ് ഉക്ത എന്നും രണ്ടക്ഷരമുള്ള ഛന്ദസ്സ് അത്യുക്ത എന്നും അറിയപ്പെടുന്നു
- ഒരു വരിയിൽ ഒരക്ഷരമുള്ള ശ്ലോകം മുതൽ ഇരുപത്താറക്ഷരമുള്ള ശ്ലോകം വരെ സംസ്കൃതത്തിൽ ഉണ്ട്
- ഇരുപത്തിയാറു ഛന്ദസ്സുകളുണ്ട്
- ഒരു പാദത്തിൽ ഇരുപത്താറിൽ അധികം അക്ഷരം വന്നാൽ അതിനെ ദണ്ഡകം എന്ന് പറയുന്നു
- മലയാളത്തിൽ ഉപയോഗിക്കുന്ന വൃത്തങ്ങളെ സംസ്കൃതവൃത്തം, ഭാഷാവൃത്തം അഥവാ ദ്രാവിഡവൃത്തം എന്നിങ്ങനെ രണ്ടായിത്തിരിക്കുന്നു
- നാലുപാദമുള്ള ഒരു ശ്ലോകത്തിനാണ് സംസ്കൃതത്തിൽ വൃത്തം നിർണയിക്കുന്നത്
- ശ്ലോകം പൂർവാർദ്ധമെന്നും ഉത്തരാർദ്ധമെന്നും രണ്ടായി തിരിക്കുന്നു.
- വർണവൃത്തമെന്നും മാത്രാവൃത്തമെന്നും. സംസ്കൃതവൃത്തത്തിന് രണ്ട് ഉൾപിരിവുകളുണ്ട്
- ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര എന്നു നിയമമുള്ളത് മാത്രാവൃത്തം
- ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര വർണം (അക്ഷരം) എന്ന് നിയമമുള്ളത് വർണവൃത്തം.
- സമവൃത്തം, അർധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ മാത്രാവൃത്തം 3 വിധമാണ്
- സ്വരവ്യഞ്ജനങ്ങളിൽ ഹ്രസ്വത്തിനു ലഘു എന്നും ദീർഘത്തിനു ഗുരു എന്നും വൃത്തശാസ്ത്രത്തിൽ പേരുകൾ നൽകിയിട്ടുണ്ട്.

## Objective Questions

1. വൃത്തം എന്നാലെന്ത്?
2. ഛന്ദസ്സ് എന്നാലെന്ത്?
3. ഹ്രസ്വാക്ഷരം ഗുരുവാകുന്നത് ഏതു സന്ദർഭത്തിലാണ്?
4. മാത്ര എന്നാലെന്ത്?
5. യതി എന്നാലെന്ത്?
6. വർണവൃത്തം എന്നാൽ എന്ത്?
7. മാത്രാവൃത്തം എന്നാൽ എന്ത്?
8. ഗണം നിർണയിക്കുന്നതെങ്ങനെ?
9. വൃത്തനിർണയം എന്നാൽ എന്ത്?
10. ദണ്ഡകം എന്നാൽ എന്ത്?
11. മലയാളത്തിൽ ഉപയോഗിക്കുന്ന വൃത്തങ്ങളെ എത്രയായി തിരിക്കുന്നു? ഏതെല്ലാം?

## Answers

1. പദ്യം വാർക്കുന്ന തോതാണ് വൃത്തം. പദ്യത്തിന്റെ അഥവാ കവിതയുടെ അളവുകോലാണ് വൃത്തം
2. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയാണ് ഛന്ദസ്സ്.
3. കൂട്ടക്ഷരം വന്നാൽ
4. അക്ഷരങ്ങൾ ഉച്ചരിക്കാനെടുക്കുന്ന സമയത്തെ ഛന്ദശാസ്ത്രത്തിൽ മാത്ര എന്നുപറയുന്നു
5. പദ്യപാദങ്ങളിൽ വരുന്ന നിർത്തിനെയാണ് യതി എന്നുപറയുന്നത്
6. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര വർണം (അക്ഷരം) എന്ന് നിയമമുള്ളത് വർണവൃത്തം
7. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര എന്നു നിയമമുള്ളത് മാത്രാവൃത്തം
8. ഗുരുലഘുക്കളുടെ ക്രമീകരണമനുസരിച്ച് ഗണം നിർണയിക്കുന്നു
9. ഒരു പദ്യം ഏതു താളകണക്കിൽ നിബന്ധിച്ചിരിക്കുന്നു എന്ന് നോക്കുന്നതിനെ വൃത്തനിർണയം എന്ന് പറയുന്നു
10. ഒരു പാദത്തിൽ ഇരുപത്താറിൽ അധികം അക്ഷരം വന്നാൽ അതിനെ ദണ്ഡകം എന്നുപറയുന്നു
11. മലയാളത്തിൽ ഉപയോഗിക്കുന്ന വൃത്തങ്ങളെ സംസ്കൃതവൃത്തം, ഭാഷാവൃത്തം അഥവാ ദ്രാവിഡവൃത്തം എന്നിങ്ങനെ രണ്ടായിത്തിരിക്കുന്നു

## Assignments

1. മലയാളത്തിൽ ഉപയോഗിക്കുന്ന വൃത്തങ്ങളെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാമെന്ന് വിശദമാക്കുക
2. വൃത്തം നിർണയിക്കുന്ന രീതികൾ സൂക്ഷ്മമായി അപഗ്രഥിക്കുക
3. ഗണം നിർണയിക്കാൻ വൃത്തമഞ്ജരിയിൽ എ.ആർ. രാജരാജവർമ നൽകുന്ന കാരികളെ അപഗ്രഥിച്ച് വിലയിരുത്തുക.
4. കവിതയിൽ വൃത്തത്തിനുള്ള പ്രാധാന്യം വിശദമാക്കുക.

## Suggested Reading


1. അപ്പൻതമ്പുരാൻ, ദ്രാവിഡവൃത്തവും അവയുടെ ദശാപരിണാമവും, കേരളസാഹിത്യ അക്കാദമി, തൃശൂർ.
2. ഡോ. സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
3. ഡോ.ടി. ഭാസ്കരൻ, ഭാരതീയ കാവ്യശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Reference


1. എ.ആർ. രാജരാജവർമ്മ, വൃത്തമഞ്ജരി, കറന്റ് ബുക്സ്, കോട്ടയം.
2. കെ.കെ. വാധ്യാർ, വൃത്തവിചാരം, എൻ. ബി. എസ്, കോട്ടയം.
3. പി. നാരായണക്കുറുപ്പ്, മലയാളവൃത്തപഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കുട്ടികൃഷ്ണമാരാർ, വൃത്തശില്പം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.




SREENARAYANAGURU OPEN UNIVERSITY

BLOCK 1

# യൂണിറ്റ് 2 സംസ്കൃത വൃത്തപരിചയം

## Learning Outcomes

- സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു
- വൃത്താത്മകമായി കാവ്യഭാഗം ചൊല്ലി ആസ്വദിക്കാനുള്ള അറിവ് നേടുന്നു
- വ്യത്യസ്തവൃത്തങ്ങളുടെ ക്രമീകരണരീതികളിൽ നൈപുണ്യം നേടുന്നു
- താളവും വൃത്തവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു
- താളത്തെ അടിസ്ഥാനമാക്കി വൃത്തവ്യത്യാസം തിരിച്ചറിയുന്നു
- അനുയോജ്യമായ വൃത്തത്തിൽ പുതിയ രചനകളിൽ ഏർപ്പെടുന്ന ശേഷി ഗ്രഹിക്കുന്നു

## Prerequisite

സാഹിത്യത്തെ പദ്യം, ഗദ്യം എന്ന് വിഭജിച്ച പൗരസ്ത്യസാഹിത്യമീമാംസകൻമാർ ഗദ്യത്തിൽ നിന്ന് പദ്യത്തെ വേർതിരിച്ച പ്രധാന സവിശേഷതകളിലൊന്നായി ഛന്ദസ്സിനെ കരുതി വരുന്നു. ഇതിന്റെ വികസിതരൂപമാണ് വൃത്തം. ആറ് വേദാംഗങ്ങളിലൊന്ന് ഛന്ദസ്സ് ആണെന്നത് ഇതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. പദബന്ധത്തെ പൂർണ്ണപാദം എന്നും നിബിഡപാദം എന്നും ഭരതമുനി നാട്യശാസ്ത്രത്തിൽ രണ്ടായി തിരിക്കുന്നു. ഇതിൽ പൂർണ്ണപാദം ഗദ്യവും നിബിഡപാദം പദ്യവുമാണ്. അനിയതാക്ഷരവും, വൃത്തസമ്മതമായ അക്ഷരത്തോട് കൂടിയതും യതിസ്ഥാനങ്ങൾ ഉള്ളതാണ് പദ്യം. പദ്യത്തിൽ ഗുരു-ലഘു, വ്യവസ്ഥയും, മാത്രവ്യവസ്ഥയുമാണ് പ്രധാനം. മനുഷ്യജീവിതത്തിലെ കാലവ്യത്യാസം പോലെ തന്നെയാണിത്. ജീവിതത്തെ കാലവൃത്താകാരമായി (Circular) ഭാവന ചെയ്യുന്നതിലെ ഔചിത്യം തന്നെയാണിത്. വൃത്താകാരമായി ഭാവന ചെയ്യപ്പെടുന്ന കാലത്തിന്റെ ഏറ്റവും ചെറിയ അളവാണ് മാത്ര (ക്ഷണം). ഇതു തന്നെയാണ് മുൻ പറഞ്ഞ ലഘു, ഗുരുഭേദം.

ഭരതമുനി മുതൽ അപ്പയ്യദീക്ഷിതർ വരെയുള്ള പൗരസ്ത്യാലങ്കാരികൻമാർ, സംസ്കൃത ഭാഷയിലെയും, ലീലാതിലകം മണിപ്രവാളത്തിലെയും, പാട്ടിന്റെയും വൃത്തസ്വഭാവം നിർണയിച്ചിട്ടുണ്ട്. മലയാളത്തെ സംബന്ധിച്ച് ലീലാതിലകത്തിൽ തുടങ്ങി, കുഞ്ചൻനമ്പ്യാർ, അപ്പൻ തമ്പുരാൻ, കോവുണ്ണി നെടുങ്ങാടി, ഏ. ആർ. രാജരാജവർമ്മ, കുട്ടികൃഷ്ണമാരാർ, കെ.കെ വാധ്യാർ, ആർ. നാരായണക്കുറുപ്പ് തുടങ്ങിയവർ വൃത്തവിശേഷത്തെയും വിവിധതരം വൃത്ത വൈചിത്ര്യത്തെയും പറ്റി വിശദമാക്കിയവരാണ്. സംസ്കൃതവൃത്തവും, ഭാഷാ (ദ്രാവിഡ) വൃത്തവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. അതുപോലെ വൃത്തശാസ്ത്രനിർണയിതാക്കൾ പരിഗണിക്കപ്പെടാത്ത നിരവധിയായ വായ്ത്താരികളും, ചൊല്ലുകളും മറ്റുമുണ്ട്. അവയിലെല്ലാം ഭാഷയിലെ വൃത്തത്തിന്റെ സ്വഭാവം എങ്ങനെയാണെന്ന പഠനത്തിന് സമകാലികത്തിൽ കൂടുതൽ പ്രസക്തിയുണ്ട്.

## Keywords

ഇന്ദ്രവജ്ര - ഉപേന്ദ്രവജ്ര - ഉപജാതി - രഥോദ്ധത - ഇന്ദ്രവംശ - ഭുജംഗപ്രയാതം - വസന്തതിലകം - മാലിനി - മന്ദാക്രാന്ത - ശാർദ്ദൂലവിക്രീഡിതം - സ്രഗ്ദ്ധര - കുസുമമഞ്ജരി - വിയോഗിനി - വസന്തമാലിക - പുഷ്പിതാഗ്ര - ആര്യ - ഗീതി - വക്ത്രം

## Discussion

### 4.2.1 വൃത്തം

ഭാഷാവൃത്തപഠനഗ്രന്ഥങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ - കെ.കെ. വാധ്യാരുടെ വൃത്തവിചാരം, അപ്പൻതമ്പുരാന്റെ വൃത്തശില്പം, എൻ.വി. കൃഷ്ണവാര്യരുടെ മലയാളവൃത്തചരിത്രം, പി. നാരായണക്കുറുപ്പിന്റെ മലയാളവൃത്തപഠനം എന്നിവയും പ്രസിദ്ധമാണ്'

*പദ്യമെന്നും ഗദ്യമെന്നും ഹൃദ്യമാം*
*മട്ടു രണ്ടിലേ വാക് ദേവതയുദിച്ചീടൂ*
*വിദ്വദാനനപങ്കജേ മാത്ര, വർണം,*
*വിഭാഗങ്ങളിത്യാദിക്കു നിബന്ധന*
*ചേർത്തു തീർത്തിടുകിൽ*
*പദ്യം, ഗദ്യം കേവലവാക്യമാം*

(വൃത്തമഞ്ജരി, എ.ആർ.രാജരാജവർമ്മ)

ഗദ്യം എന്നും പദ്യം എന്നും വാക്യത്തിന്റെ ഗതി രണ്ടുവിധം. ഗദ്യത്തിന് പ്രൗഢിയും ഓജസ്സും കൂടും. എന്നിരുന്നാലും ശക്തിയേറിയ വികാരങ്ങളുടെ കവിഞ്ഞൊഴുകലായി എന്നും ആസ്വാദകരെ ഉത്തേജിപ്പിക്കുന്നതിനും ആകർഷിക്കുന്നതിനും പദ്യത്തിന് തന്നെയാണ് കൂടുതൽ ശക്തി. അക്ഷരങ്ങളുടെയും മാത്രകളുടെയും വൈവിധ്യമാർന്ന നിബന്ധനയാണ് ഇതിന് കാരണം: ഇത്ര അക്ഷരങ്ങൾ കൂടുന്നത് ഒരു പാദം. അതിൽ നിശ്ചിത അക്ഷരങ്ങൾ ലഘു, നിശ്ചിത അക്ഷരങ്ങൾ ഗുരു, നിശ്ചിതസ്ഥലത്ത് യതി തുടങ്ങിയ വ്യവസ്ഥകൾ കല്പിച്ചു രൂപപ്പെടുത്തിയെടുക്കുന്ന വാക്യം പദ്യം. പ്രത്യേക നിബന്ധനകൾക്ക് വിധേയമല്ലാതെ എഴുതുന്ന വാക്യം ഗദ്യം. പദ്യസാഹിത്യത്തിൽ അക്ഷരപദാദികൾ അനുവാചകർക്ക് ആസ്വാദ്യത പകരത്തക്കവിധം ക്രമീകരിക്കുന്ന രീതികളിൽ ഒന്നാണ് വൃത്തം.

### 4.2.2 സംസ്കൃതവൃത്തപരിചയം

വർണവൃത്തത്തെ സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ മൂന്നായി തിരിക്കാം.

#### 4.2.2.1 സമവൃത്തം

അക്ഷരസംഖ്യയിലും ഗണവിന്യാസത്തിലും നാലുപാദങ്ങളും തുല്യമായി വരുന്നതാണ് സമവൃത്തം. ആദ്യപാദത്തിന്റെ ഗണം തിരിച്ചു നോക്കുമ്പോൾത്തന്നെ വൃത്തം മനസിലാക്കാം.

*പാദം നാലും തുല്യമെങ്കിലപ്പദ്യം സമവൃത്തമാം*

ഇരുപത്തിയാറ് ഛന്ദസ്സുകളുടെ പേരുകൾ നേരത്തെ തന്നെ സൂചിപ്പിച്ചുവല്ലോ. ഇതിൽ പതിനൊന്ന് അക്ഷരങ്ങളുള്ള ത്രിഷ്ടുപ്പ് എന്ന ഛന്ദസ്സിൽപ്പെടുന്നവയാണ് ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി, രഥോദ്ധതാ എന്നീ നാലുവൃത്തങ്ങൾ. പന്ത്രണ്ടക്ഷരങ്ങളുള്ള ജഗതി എന്ന ഛന്ദസ്സിൽ ഉൾപ്പെടുന്നവയാണ് ഇന്ദ്രവംശ, ഭുജംഗപ്രയാതം എന്നീ വൃത്തങ്ങൾ. വസന്തതിലകം പതിനാല് അക്ഷരങ്ങളുള്ള ശക്വരി എന്ന ഛന്ദസ്സിലും മാലിനി പതിനഞ്ച് അക്ഷരങ്ങളുള്ള അതിശക്വരി എന്ന ഛന്ദസ്സിലുംപെടുന്നു. മന്ദാക്രാന്താ പതിനേഴ് അക്ഷരങ്ങളുള്ള അത്യഷ്ടി എന്ന ഛന്ദസ്സിൽപ്പെടുന്നു. പത്തൊൻപത് അക്ഷരങ്ങളുള്ള അതിധൃതി എന്ന ഛന്ദസ്സിൽ ഉൾപ്പെട്ടതാണ് ശാർദ്ദൂലവിക്രീഡിതം. സ്രഗ്ദ്ധര, കുസുമഞ്ജരി എന്നീ വൃത്തങ്ങൾ ഇരുപത്തിയൊന്ന് അക്ഷരങ്ങൾ ഉൾപ്പെടുന്ന സമവൃത്തങ്ങളാണ്. പ്രകൃതി എന്ന ഛന്ദസ്സിലും ഉൾപ്പെടുന്ന സമവൃത്തങ്ങളാണ്

### 1. ഇന്ദ്രവജ്ര (11 അക്ഷരം)

**ലക്ഷണം**

*കേളിന്ദ്രവജ്രയ്ക്കു തതം ജഗംഗം*

തഗണം, തഗണം, ജഗണം, ഗുരു, ഗുരു എന്ന ഗണവ്യവസ്ഥയിൽ വരുന്ന സമവൃത്തം ഇന്ദ്രവജ്ര.

**ഉദാഹരണം**

*ഭക്തപ്രി/യത്താൽ ഭ/ഗവാനു/മങ്ങ*
*സ്സൽക്കാരമേല്ക്കാനുടനേ തുനിഞ്ഞാൻ:*
*കെല്പോടു മുപ്പാരു മയക്കിയെന്ന*
*നൽബാണമദ്ദർപ്പകനും തൊടുത്താൻ*

**മറ്റൊരുദാഹരണം**

*മേയുന്ന/പുല്ലും മ/റിമാൻ മ/റന്നു*
*ചെയ്യുന്ന നൃത്തംമയിലും നിറുത്തി*
*പായുന്നകണ്ണീർക്കണമെന്ന പോലെ*
*പെയ്യുന്നിതേവെള്ളിലവള്ളിതോറും*

### 2. ഉപേന്ദ്രവജ്ര (11 അക്ഷരം)

**ലക്ഷണം**

*ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം*

ജഗണം, തഗണം, ജഗണം ഗുരു, ഗുരു, ഇതാണ് ഗണവ്യവസ്ഥ. ഇന്ദ്രവജ്രയ്ക്ക് ആദ്യഗണം തഗണം ഉപേന്ദ്രവജ്രയ്ക്ക് ജഗണം. ഇന്ദ്രവജയുടെ ആദ്യത്തെ ഗുരു ലഘുവാക്കി ഒരു മാത്ര കുറച്ചാൽ ഉപേന്ദ്രവജ.

**ഉദാഹരണം**

*ചുവന്നു/ചന്ദ്രക്ക/ലപോൽവ/ളഞ്ഞും*
*വിളങ്ങി പൂമൊട്ടുടനേ പിലാശിൽ*
*വനാന്തലക്ഷ്മിക്കു നഖക്ഷതങ്ങൾ*
*വസന്തയോഗത്തിലുദിച്ചപോലെ*

**മറ്റൊരുദാഹരണം**

*ചെറുപ്പകാലങ്ങളിലുള്ള ശീലം*
*മറക്കുമോ മാനുഷനുള്ളകാലം*
*കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ*
*കാലാന്തരേ കയ്പ്പുശമിപ്പതുണ്ടോ?*

### 3. ഉപജാതി

**ലക്ഷണം**

*അത്രേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്ര*
*കലർന്നുവന്നാലുപജാതിയാകും*

ഒരു ഛന്ദസ്സിലെ വൃത്തങ്ങൾ ശ്ലോകത്തിലെ വിഷമ-സമപാദങ്ങളിൽ കുടിക്കലർന്നുവരുന്നതിനാണ് ഉപജാതി എന്നു പറയുന്നത്.

**ഉദാഹരണം**

*ഭൃംഗാഞ്ജ/നച്ചാർത്തൊ/ടുചേർത്തു/ചാർത്തീ*
*മുഖത്തി/ലോമൽത്തി/ലകം മ/ധുശ്രീ*
*ചേലൊത്ത/ചെഞ്ചായ/മുഴിഞ്ഞു/മെല്ലെ*
*മിനുക്കി/നാൾ മാന്ത/ളിരാകു/മോഷ്ഠം*

ഈ ഉദാഹരണത്തിൽ വിഷമപാദത്തിൽ (1, 3) പാദങ്ങളിൽ ഇന്ദ്രവജ്രയും, (2, 4) പാദങ്ങളിൽ ഉപേന്ദ്രവജ്രയും അതിനാൽ വൃത്തം ഉപജാതി.

### 4. രഥോദ്ധത (11 അക്ഷരം)

**ലക്ഷണം**

*രം നരം ലഗുരുവും രഥോദ്ധതാ*

രഗണം, നഗണം, രഗണം, ലഘു, ഗുരു എന്ന ക്രമം ഓരോവരിയിലും വരുന്ന (സമ) വൃത്തമാണ് രഥോദ്ധത.

**ഉദാഹരണം**

*സ്നേഹമാ/ണഖില/സാരമൂ/ഴിയിൽ*
*സ്നേഹസാരമിഹ സത്യമേകമാം*
*മോഹനം ഭുവന സംഗമിങ്ങതിൽ*
*സ്നേഹമൂലമമലേ വെടിഞ്ഞുഞാൻ*

**മറ്റൊരുദാഹരണം**

*യാദവർക്കു കുരുപാണ്ഡവാദിയിൽ*
*ഭേദമെന്തു നിരൂപിച്ചു നോക്കുകിൽ*
*മോദമോടിവിടെയാരു മുൻപിൽ വ*
*ന്നാദരിക്കുമവരോടു ചേരണം*

### 5. അനുഷ്ടുപ്പ്

എട്ടക്ഷരമുള്ള അനുഷ്ടുപ്പ് എന്ന ഛന്ദസ്സിലെ വൃത്തം. ആനുഷ്ടഭം എന്നും ഇതിന് പേരുണ്ട്. ഇവിടെ ഛന്ദസ്സിനും വൃത്തത്തിനും ഒരേ പേരാണ് എ.ആർ നൽകിയിരിക്കുന്നത്.

**ലക്ഷണം**

*ഏതുമാവാമാദ്യവർണം*
*നസങ്ങളതിനപ്പുറം*
*എല്ലാപ്പാദത്തിലുംവർജ്ജ്യം*
*പിന്നെ നാലിന്റെ ശേഷമായ്*
*സമത്തിൽ ജഗണംവേണം*
*ജസമോജത്തിൽ വർജ്ജ്യമാം*

*ഇതാണനുഷ്ടുഭത്തിന്റെ ലക്ഷണം*
*കവിസമ്മതം സമത്തിലാദ്യപരമായ*
*രേഫവും പതിവില്ലകേൾ*
*നോക്കേണ്ടതിഹ സർവ്വത്ര*
*കേൾവിക്കുള്ളൊരു ഭംഗിതാൻ?*

അനുഷ്ടുപ്പ് എന്ന ഛന്ദസ്സിൽപ്പെടുന്ന വക്ത്രം, പഥ്യാവക്ത്രം, വിപുല തുടങ്ങിയ വൃത്തങ്ങളുടെ സമഞ്ജസസമ്മേളനമെന്ന് അനുഷ്ടുപ്പ് വൃത്തത്തെ നിർവചിക്കാം. എട്ടക്ഷരമുള്ളവരിയിൽ ഒന്നാമത്തെയും എട്ടാമത്തെയും അക്ഷരം ഏതുമാകാം. അതിന് പ്രാധാന്യമില്ല. ശേഷിക്കുന്ന ആറക്ഷരത്തെ രണ്ടുഗണമായി തിരിക്കാം. ആദ്യത്തെ ഗണത്തിൽ നാലു പാദത്തിലും നഗണം, സഗണം വരരുത്. മറ്റേതെങ്കിലും ഗണം ആകാം. രണ്ടാമത്തെ ഗണം സമപാദത്തിൽ (രണ്ടും, നാലുംവരികൾ) ജഗണംതന്നെ വരണം. വിഷമപാദത്തിൽ (ഒന്നും, മൂന്നുംവരികൾ) ജഗണവും സഗണവും പാടില്ല. ഇതാണ് അനുഷ്ടിപ്പിന്റെ സാധാരണ ലക്ഷണം. സമപാദങ്ങളിൽ ഒന്നാം അക്ഷരം കഴിഞ്ഞാൽ നഗണവും സഗണവും കൂടാതെ രഗണവും (രേഫം) വരാൻ പാടില്ല. ഇങ്ങനാണെങ്കിലും കേൾക്കാനുള്ള ഇമ്പ (ഭംഗി) മാണ് പ്രാധാനം.

### 6. ഇന്ദ്രവംശ (12 അക്ഷരം)

**ലക്ഷണം**

*കേളീന്ദ്രവംശാ തതജങ്ങൾ രേഫവും*

ഓരോ പാദത്തിലും തഗണം തഗണം ജഗണം, രഗണം എന്നീ ഗണവ്യവസ്ഥയിൽ ജഗതി ഛന്ദസ്സിൽപ്പെട്ട വൃത്തമാണ് ഇന്ദ്രവംശ. രേഫം എന്നത് രഗണത്തെകുറിക്കുന്നു.

**ഉദാഹരണം**

*മുൻപോട്ടു/പോകുന്നു/വപുസ്സു/കേവലം*
*പിൻപോട്ടു പായുന്നു മനസ്സു ചഞ്ചലം*
*വാതൂല വേഗം പ്രതി നീയമാനമാം*
*കേതുന്റെ ചീനാംശുകമെന്നപോലവേ*

ഇന്ദ്രവജ്രയും ഇന്ദ്രവംശവും തമ്മിൽ ഒടുവിലത്തെ ഒരു ഗണത്തിന്റെ വ്യത്യാസമേയുള്ളൂ.

### 7. ഭുജംഗപ്രയാതം (12 അക്ഷരം)

**ലക്ഷണം**

*യകാരങ്ങൾ നാലോ ഭുജംഗപ്രയാതം*

നാലു യഗണങ്ങൾ ഓരോപാദത്തിലും നിരന്നു വരുന്നത് ഭുജംഗപ്രയാതം

**ഉദാഹരണം**

*നൃപാലൻ/മയങ്ങീ/ടുമാറു/ള്ള കള്ള*
*ത്രപാലംബലീലാവിലാസങ്ങളാല*
*കപാലം മറിക്കാമിനിക്കായവൻകൽ*
*കപാലേശമെന്തിന്നു ചിന്തുന്നു ചിന്തേ*

### 8. വസന്തതിലകം (14 അക്ഷരം)

*ചൊല്ലാം വസന്തതിലകം തഭജം ജഗംഗം*

ത ഭ ജ ജ എന്നീ ഗണങ്ങൾക്കു ശേഷം രണ്ട് ഗുരുക്കൾ കൂടി വന്നാൽ വസന്തതിലകം വൃത്തമാകും.

**ഉദാഹരണം**

*ക്ഷിപ്രപ്ര/സാദി ഭ/ഗവൻ ഗ/ണനായ/കോ മേ*
*വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം*
*സർവ്വത്രകാരിണി സരസ്വതിദേവി വന്നെൻ*
*നാവിൽക്കളിക്ക കുമുദേഷു നിലാവുപോലെ*

**മറ്റൊരുദാഹരണം**

*ഹാ! പുഷ്പമേ, അധികതുംഗപദത്തിലെത്ര*
*ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ*
*ശ്രീഭൂവിലസ്ഥിര-അസംശയമിന്നു നിന്റെ*
*യാഭൂതിയെങ്ങു പുനരെങ്ങുകിടപ്പിതോർത്താൽ*

### 9. മാലിനി (15 അക്ഷരം)

*നനമയയുഗമെട്ടിൽത്തട്ടണം മാലിനിക്ക്*

നഗണം, നഗണം, ഭഗണം, യഗണം, യഗണം, എന്നീ ഗണവ്യവസ്ഥയും ഓരോ പാദത്തിലും എട്ടാമത് അക്ഷരം കഴിഞ്ഞ് യതി (നിറുത്ത്) യും കലർന്നു വരുന്ന വൃത്തം മാലിനി. (യുഗം – 2 യഗണം).

**ഉദാഹരണം**

*ഇതിലെ/ഴുതിയി/രിക്കും മാ/മകേ നാ/മധേയേ*
*പ്രതിദിനമൊരു വർണം വീതമായെണ്ണണം നീ*
*അതിനുടയ സമാപ് താവസ് മദീയവരോധം*
*മതിമുഖി ! ദയിതേ ! ത്വാം നേതുമാളെത്തുംമന്ന്*

**മറ്റൊരുദാഹരണം**

*ഗുരുപവനപുരേശം സച്ചിദാനന്ദസാരം*
*ലളിത മധുരഗാനാലാപലോലം സുധിരം*

*മനസി കലിതഭക്ത്യാ സർവ്വപാപാപഹാരം*
*ദിനമനുകലയേഹം രാധികാപ്രേമഹാരം!*

## 10. മന്ദാക്രാന്ത (17 അക്ഷരം)

*മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ് ഗം*

മഗണം, ഭഗണം, നഗണം, തഗണം തഗണം ഗുരു ഗുരു എന്നീ ഗണവ്യവസ്ഥയോടും നാലക്ഷരം കഴിഞ്ഞും ആറക്ഷരം, കഴിഞ്ഞും യതി(നിർത്ത്) യോടുകൂടി വരുന്ന വൃത്തമാണ് മന്ദാക്രാന്താ.

**ഉദാഹരണം**

*പാലിക്കാ/നായ് ബ്ഭുവ/*
*നമഖി/ലം ഭൂത/ലേ ജാത/നായി*
*ക്കാലിക്കൂട്ടം കലിത കുതുകം*
*കാത്ത കണ്ണന്നു ഭക്ത്യാ*
*പീലിക്കോലൊന്നടിമലരിൽ*
*നീ കാഴ്ചയായ് വെച്ചിടേണം*
*മൗലിക്കെട്ടിൽ തിരുകുമതിനെ*
*ത്തീർച്ചയായ് ബ്ഭക്തദാസൻ*

**മറ്റൊരുദാഹരണം**

*രണ്ടും മൂന്നും തവണ*
*കൃഷിയേറ്റുന്നകണ്ടങ്ങളെയും*
*വണ്ടും ഞണ്ടും*
*വടിവൊടുകളിക്കുന്ന കച്ഛങ്ങളെയും*
*രണ്ടും കെട്ടിത്തരമൊടു*
*ചരിക്കുന്ന വള്ളങ്ങളെയും*
*കണ്ടും കൊണ്ടച്ചെറുപുഴകൾ*
*തൻ തീരമാർഗ്ഗേണപോക*

## 11. ശാർദ്ദൂലവിക്രീഡിതം (19 അക്ഷരം)

*പന്ത്രണ്ടാൽ മസജം*
*സതംതഗുരുവും*
*ശാർദ്ദൂലവിക്രീഡിതം*

പന്ത്രണ്ടാമത്തെ അക്ഷരം കഴിഞ്ഞ് യതിയും മഗണം, സഗണം, ജഗണം, സഗണം, തഗണം, തഗണം, ഗുരു എന്നീ ഗണവ്യവസ്ഥകൾ ഓരോ പാദത്തിലും വരുന്ന വൃത്തമാണ് ശാർദ്ദൂലവിക്രീഡിതം.

**ഉദാഹരണം**

*രാവിപ്പോൾ/ക്ഷണമ/ങ്ങൊടുങ്ങി/ടു*
*മുഷ/സ്സെങ്ങും പ്ര/കാശിച്ചിടും*
*ദേവൻ സൂര്യനുദിക്കുമിക്കമലവും*
*കാലേ വിടർന്നീടുമേ*
*ഏവം മൊട്ടിനകത്തിരുന്നളി*
*മനോരാജ്യം തുടർന്നീടവേ*
*ദൈവത്തിൻ മനമാരുകണ്ടു*
*പിഴുതാൻ ദന്തീന്ദ്രനപ്പദ്മി നീ*

**മറ്റൊരുദാഹരണം**

*വാളല്ലെൻ സമരായുധം,*
*ത്ധണത്ധണധ്വാനം മുഴക്കീടുവാ*
*നാളല്ലെൻ കരവാളു വിറ്റൊരു*
*മണിപ്പൊൻവീണ വാങ്ങിച്ചു ഞാൻ*
*താളം രാഗലയശ്രുതി*
*സ്വരമിവയ്ക്കല്ലാതെയൊന്നിന്നുമി*
*ന്നോളക്കുത്തുകൾ തീർക്കുവാൻ*
*കഴികയില്ലെൻ പ്രേമതീർത്ഥങ്ങളിൽ*

## 12. സ്രഗ്ദ്ധര (21 അക്ഷരം)

**ലക്ഷണം**

*എഴേഴായ് മൂന്നു ഖണ്ഡം*
*മര ഭനയയയം സ്രഗ്ദ്ധരാ വൃത്തമാകും*

ഏഴാമത്തെയും പതിനാലാമത്തെയും അക്ഷരങ്ങൾ കഴിഞ്ഞും പാദാവസാനത്തിലും യതി, മഗണം. രഗണം (രേഫം) ഭഗണം, നഗണം, യഗണം, യഗണം, യഗണം എന്നീ ഗണങ്ങൾ മുറയ്ക്കുവരികയും ചെയ്യുന്നത് സ്രഗ്ദ്ധരാവൃത്തം.

**ഉദാഹരണം**

*താരിൽ ത/ന്വീകടാ/ക്ഷാഞ്ചല/മധുപ/കുലാ*
*രാ/മ!രാമാ/ജനാനാം*
*നീരിൽ താർബാണ വൈരാകരനികരതമോ*
*മണ്ഡലീചണ്ഡഭാനോ*
*നേരത്താതൊരു നീയാംതൊടുകുറികളകായ*
*കെന്നുമേഷാകുളിക്കും*
*നേരത്തിന്നിപ്പുറം, വിക്രമനൃനൃവര! ധരാഹന്ത!*
*കല്പാന്തതോയേ!*

**മറ്റൊരുദാഹരണം**

*അമ്പത്തൊന്നക്ഷരാളി കലിത തനുലതേവേദ*
*മാകുന്ന ശാഖി–*
*ക്കൊമ്പത്തമ്പോടു പൂക്കും കുസുമതതിയിലേ*
*ന്തുന്ന പൂന്തേൻ കുഴമ്പേ*
*ചെമ്പൊൽത്താർ ബാണഡംഭപ്രശമനസുകൃ*
*തോപാത്തസൗഭാഗ്യലക്ഷ്മി*
*സമ്പത്തേ കുമ്പിടുന്നേൻ കഴലിണ വലയാധീ*
*ശ്വരി വിശ്വനാഥേ*

### 13. കുസുമമഞ്ജരി (21 അക്ഷരം)

**ലക്ഷണം**

*രംനരം നര നരം നിരന്നു വരുമെങ്കിലോ കു സുമമഞ്ജരീ*

രഗണം, നഗണം, രഗണം, നഗണം, രഗണം, നഗണം, രഗണം, ഇപ്രകാരം ഏഴു ഗണങ്ങൾ നിരന്നു വരുന്നതാണ് കുസുമമഞ്ജരി വൃത്തം.

**ഉദാഹരണം**

*കണ്ഠനാ/ളമഴ/കിൽ തിരി/ച്ചനുപ/ദം*
*രഥം/പിറകിൽ/നോക്കിയും*
*കുണ്ഠനായ് ശരഭയേന പൃഷ്ഠമതു*
*പൂർവ്വകായഗതമാക്കിയും*
*ഇണ്ടൽ കൊണ്ടു വിവൃതാന്മുഖാൽ*
*പഥി ചവച്ചദർഭകൾ പതിക്കവേ*
*കണ്ടുകൊൾക, കുതികൊണ്ടു കിഞ്ചിദവനൗ*
*ഭൃശംനഭസി ധാവതി*

## 4.2.2.2 അർദ്ധസമവൃത്തം

*അർദ്ധം രണ്ടു തുല്യമെങ്കിലതർദ്ധസമവൃത്തമാം*

ഒരു ശ്ലോകത്തിലെ രണ്ടു പാദം തുല്യമായി വരുന്നത് അർദ്ധസമവൃത്തം. അർദ്ധം എന്നാൽ പകുതി എന്നാണല്ലോ അർഥം. വിഷമപാദങ്ങൾ (ഒന്നും മൂന്നും വരികൾ) ഒരു പോലെയും സമ പാദങ്ങൾ (രണ്ടും നാലും വരികൾ) തുല്യമായും ഇരിക്കുന്നതാണ് അർദ്ധസമവൃത്തങ്ങൾ. ഈ പ്രകരണത്തിൽ പ്രധാനമായും 6 വൃത്തങ്ങളാ ണുള്ളത്. വിയോഗിനി, വാസന്തമാലിക, പുഷ്പി താഗ്ര, ആഖ്യാനകി, വിപരീതാഖ്യാനകി, അവര വക്തം എന്നിങ്ങനെ സമവൃത്തത്തിന് ഒരു വരി ലക്ഷണം ചെയ്യുമ്പോൾ അർദ്ധസമവൃത്തത്തിന് ഒന്നും രണ്ടും വരികൾ ലക്ഷണം ചെയ്യണം.

### 1. വിയോഗിനി

**ലക്ഷണം**

*വിഷമേ സസജം ഗവുംസമേ*
*സഭരം ല ഗുരുവും വിയോഗിനീ*

വിഷമപാദങ്ങളിൽ അതായത് ഒന്നും മൂന്നും വരികളിൽ സഗണം, സഗണം, ജഗണം, ഗുരു എന്നിങ്ങനെയും സമപാദങ്ങളിൽ അതായത് രണ്ടും നാലും വരികളിൽ സഗണം, ഭഗണം, രഗണം ലഘു, ഗുരു എന്നിങ്ങനെയും വന്നാൽ അത് വിയോഗിനി ആകും. ഒന്നും മൂന്നും വരികളിൽ പത്തും രണ്ടും നാലും വരികളിൽ പതിനൊന്നും അക്ഷരം.

**ഉദാഹരണം**

*കരുണാ/മൃതധോ/രണിക്ക/ഹോ*
*വരുണാ/വാസ/മതായദേ/വതാ*
*അരുണാധരി വാണിയെന്നുമേ*
*തരണം മേ പ്രതിഭാഗുണങ്ങളെ*

**മറ്റൊരുദാഹരണം**

*ഒരു വേള പഴക്കമേറിയാ*
*ലിരുളും മെല്ലെ വെളിച്ചമായ് വരാം*
*ശരിയായ് മധുരിച്ചിടാം സ്വയം*
*പരിശീലിപ്പൊരുകയ്പുതാനുമേ*

രണ്ടാമത്തെയും മൂന്നാമത്തെയും വരിയിലെ 'യ' വ്യഞ്ജനമാണ്. സ്വരങ്ങൾ താനക്ഷരങ്ങൾ വ്യഞ്ജ്ജനം വകയില്ലിഹ എന്ന പ്രമാണമുസരി ച്ച് 'യ്' അക്ഷരമായി കണക്കാക്കേണ്ടതില്ല.

### 2. വസന്തമാലിക

**ലക്ഷണം**

*വിഷമേ സസജം ഗഗം, സമത്തിൽ*
*സഭരേഫം യ വസന്തമാലികയ്ക്ക്*

വിഷമപാദങ്ങളിൽ സഗണം, സഗണം, ജഗ ണം, ഗുരു ഗുരു സമപാദങ്ങളിൽ സഗണം, ഭഗണം, രഗണം, യഗണം, എന്നിങ്ങനെയും ഒന്നും മൂന്നും വരികളിൽ 11 അക്ഷരവും രണ്ടും നാലും വരികളിൽ 12 അക്ഷരവും വരുന്ന അർദ്ധ സമവൃത്തം വസന്തമാലിക

**ഉദാഹരണം**

*കരുണാ/മൃതധോ /രണിക്ക/പാരം*
*വരുണാ/വാസമ/തായിടു/ന്ന ദേവീ*
*അരുണാധരി വാണിയെന്നുമേ താൻ*
*തരണം മേ പ്രതിഭാഗുണങ്ങളെല്ലാം*
*പതിമൂന്നക്ഷരവും വരുന്ന അർദ്ധസമവൃത്തം*

**ഉദാഹരണം**

*ഗണപതിഭഗവാനുമബ്ജയോനി-*
*പ്രണയിനിയാകിയ ദേവി വാണിതാനും*
*ഗുണനിധി ഗുരുനാഥനും സദാ മേ*
*തുണയരുളീടുക കാവ്യബന്ധനാർത്ഥം*

### 3. പുഷ്പിതാഗ്ര

*നനരയ വിഷമത്തിലും സമത്തിൽ*
*പുനരിഹ നം ജജരം ഗ പുഷ്പിതാഗ്രാ*

വിഷമപാദത്തിൽ (1, 3 വരികൾ) നഗണം, നഗണം, ഭഗണം, യഗണം എന്നിവയും സമപാദത്തിൽ (2, 4 വരികൾ) ജഗണം, ജഗണം, രഗണം, ഗുരു എന്നിവയും വന്നാൽ പുഷ്പിതാഗ്ര.

**ഉദാഹരണം**

*ഗണപ/തിഭഗ/വാനുമ/ബ് ജയോനി*
*പ്രണയിനിയാകിക ദേവി വാണിതാനും*
*ഗുണനിധി ഗുരുനാഥനും സദാ മേ*
*തുണയരുളീടുക കാവ്യബന്ധനാർത്ഥം*

## 4.2.2.3 മാത്രാവൃത്തം

ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര വേണമെന്ന് അനുശാസിക്കുന്ന വൃത്തത്തെ മാത്രാവൃത്തം എന്നു പറയുന്നു. അതായത് മാത്രകളിൽ വ്യവസ്ഥയുള്ള വൃത്തമാണ് മാത്രാവൃത്തം. ഉച്ചരിക്കാനെടുക്കുന്ന സമയത്തിനാണ് മാത്ര എന്നു പറയുന്നത്. മാത്രാവൃത്തങ്ങളിൽ ഒരു ഗണം നാലുമാത്ര എന്നാണ് നിയമം. ഇവിടെ അക്ഷരസംഖ്യയ്ക്കല്ല മാത്രാക്കണക്കിനാണ് പ്രാധാന്യം.

ഇത് അഞ്ചുതരത്തിൽ വരാം.

| | | |
|---|---|---|
| സർവഗുരു | മഗണം | ഉദാ : കാലം |
| ആദിഗുരു | ഭഗണം | ഉദാ : കാലടി |
| മധ്യഗുരു | ജഗണം | ഉദാ : മഹർഷി |
| അന്ത്യഗുരു | സഗണം | ഉദാ : കാലം |
| സർവ്വലഘു | നഗണം | ഉദാ : പനിമതി |

ഇത്തരത്തിലുള്ള മാത്രാവൃത്തം പ്രധാനമായി അഞ്ച് തരത്തിലുണ്ട് ആര്യ, ഗീതി, ആര്യാഗീതി, ഉദ്ഗീതി, ഉപഗീതി എന്നിങ്ങനെ.

### 1. ആര്യ

**ലക്ഷണം**

*ഏഴുഗണം ഗുരുവൊന്നും*
*വേണം ജഗണം വരാതെയൊറ്റകളിൽ*
*ഷഷ്ഠമിതോ ലഘുമയമോ*
*വരണമിതാര്യയ്ക്കു പൂർവ്വാർദ്ധം*

ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ ആദ്യത്തെ വരിയിൽ ഏഴു ഗണവും ഒടുവിൽ ഒരു ഗുരുവും കൂടിയത് ആര്യയുടെ പൂർവ്വാർദ്ധം. ഏഴുഗണങ്ങളിൽ 1, 3, 5, 7 മദ്ധ്യഗുരുവായ മാത്രാഗണം (ജഗണം) വരരുത്. ആറാമത്തെ ഗണം മധ്യഗുരു ഗണമോ സർവ്വലഘു ഗണമോ (ജഗണം, നഗണം) ആകണം ഏഴു ഗണത്തിൽ 28 മാത്ര (4 x 7 = 28). ഒരു ഗുരുവിന് രണ്ട് മാത്രയും ചേർന്ന് മുപ്പത് മാത്ര. ലഘുമയമായിട്ടാണ് വരുന്നതെങ്കിൽ ആദ്യാക്ഷരം കഴിഞ്ഞ് യതി വരണം. ഇതാണ് പൂർവ്വാർദ്ധത്തിന്റെ ലക്ഷണം.

*ഷഷ്ഠം ലഘുമയമായാ-*
*ലതിൽ മുൻലഘുവിങ്കലിഹ യതി വരേണം*
*ഉത്തരമർദ്ധമതിൽ പി-*
*ന്നാറാം ഗണമൊറ്റ ലഘുമാത്രം*

ഉത്തരാർദ്ധത്തിന് പൂർവ്വാർദ്ധത്തിൽ നിന്ന് ഒരു വ്യത്യാസമേ ഉള്ളൂ. ആറാമത്തെ ഗണം ലഘുമാത്രമുള്ള നഗണമാണ്. അപ്പോൾ പൂർവ്വാർദ്ധത്തിൽ നിന്ന് ഉത്തരാർദ്ധത്തിന് മാത്ര മൂന്നു കുറയും. ഈ രീതിയിൽ വരികളിൽ യഥാക്രമം മാത്ര 12, 18, 12, 15 എന്നു വരും. ചുരുക്കത്തിൽ ഒരു ശ്ലോകത്തിന്റെ വൃത്തം ആര്യയാണോ എന്നറിയാൻ മാത്രകൾ എണ്ണി നോക്കിയാൽ മതി.

**ഉദാഹരണം**

*മംഗള/മരുളും/ബാലക*
*രഞ്ജിത/ മോദം/സരിഗമ/പാടിടു/വോർ*
*രഞ്ജിത/ ലീലക/ളോടെ*
*നിത്യമ/നാകുല/മി/ഹവാഴു/ന്നു"*

### 2. ഗീതി

**ലക്ഷണം**

*ആര്യാപൂർവ്വാർദ്ധത്തി-*
*ന്നുരചെയ്തിട്ടുള്ള ലക്ഷണംതന്നെ*
*മാറ്റാതെയുത്തരാർദ്ധ-*
*ത്തിനുമുപയോഗിക്ക ഗീതിയാമെന്നാൽ?"*

ആര്യയുടെ പൂർവ്വാർദ്ധത്തിനുള്ള ലക്ഷണം തന്നെ (12, 18 എന്ന മാത്രാക്രമം) ഉത്തരാർദ്ധത്തിനും വരുന്നതാണ് ഗീതി. അപ്പോൾ മാത്ര 12, 18, 12, 18 എന്നുവരും

**ഉദാഹരണം**

*ആരാ/ന്നുടൽമൂ/ടിക്കൊ-*
*ണ്ടേറെ/ത്തെളിയാ/ത്തദ്ദേഹ/ഭംഗിയൊ/ടും*
*ആര/സ്യകരുടെ/ നടുവിൽ*
*ഗൗരദ/ളങ്ങൾ/ക്കിടയ്ക്കു/തളിർപോ/ലെ"*

മാത്രാവൃത്തം അഞ്ചുതരത്തിലുണ്ടെങ്കിലും ആര്യയും ഗീതിയും മാത്രമേ വൃത്തപരിചയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. എങ്കിലും മറ്റു മൂന്നു വൃത്തങ്ങളെക്കൂടി ലഘുവായി പരിചയപ്പെടാം.

### 3. ആര്യാഗീതി

**ലക്ഷണം**

*ആര്യപൂർവ്വാർദ്ധമതിൽ*
*ഗുരുവൊന്നൊടുവിൽ*
*തുടർന്നു ചേർത്തിടുകിൽ കേൾ !*
*അർദ്ധം രണ്ടും തുല്യവുമെന്നു*
*വരുന്നാകിലായതാര്യാഗീതി?*

ആര്യയുടെ പൂർവ്വാർത്ഥത്തിന്റെ ഒടുവിൽ ഒരു ഗുരു കൂടി ചേർക്കുകയും പൂർവ്വാർദ്ധം പോലെ ഉത്തരാർദ്ധവുമാകുകയും ചെയ്താൽ വൃത്തം ആര്യാഗീതി. മാത്ര 12, 20, 12, 20 എന്നുവരും.

**ഉദാഹരണം**

*അരിവമ്പടയും പടയും*
*പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും*
*മുകിൽ നടുകൊടിയും കൊടിയും*
*പരിപശ്യ സുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും*

### 4.2.2.4 വക്ത്രം

ഓരോ പാദത്തിലും എട്ട് അക്ഷരം വീതമുള്ള വൃത്തമാണ് വക്ത്രം. വരിയിലെ ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങൾ വിട്ട് അവയുടെ ഇടയിലുള്ള ആറ് അക്ഷരങ്ങളെ രണ്ടുഗണമാക്കിയാൽ ഇത്തരം വൃത്തമാകും. അനുഷ്ടുപ്പ് ഛന്ദസ്സിലെ വിലക്ഷണവൃത്തങ്ങളിൽ ഒന്നാണിത്.

ഇങ്ങനെ തിരിക്കുമ്പോൾ ആദ്യഗണം നഗണം സഗണം ഒഴികെ ഏതുഗണവും (മഗണം, തഗണം, രഗണം, യഗണം, ഭഗണം, ജഗണം) ആകാം. ആദ്യത്തേയും അവസാനത്തേയും അക്ഷരങ്ങൾ ലഘുവോ ഗുരുവോ ആകാം. ഈ രീതിയിൽ വരുന്ന വൃത്തത്തെ വക്ത്രം എന്നു പറയുന്നു.

**ലക്ഷണം**

*ആദ്യക്ഷരം കഴിഞ്ഞിട്ടു*
*ന സ കാരങ്ങൾ കൂടാതെ*
*നാലിനു ശേഷം യകാരാത്തെ*
*ചെയ്താൽ വക്ത്രമനുഷ്ടുപ്പിൽ"*

**ഉദാഹരണം**

*സു/രാസുരർ/കൾ/വന്ദി/ക്കും*
*സ/രസ്വതീ/പദദ്വ/ന്ദ്വം"*

### 4.2.2.5 ദണ്ഡകം

ഉക്ത മുതൽ ഉൽകൃതി വരെ 26 തരംഛന്ദസ്സുകളാണുള്ളതെന്ന് നേരത്തെ പറഞ്ഞുവല്ലോ. ഒരോ ഛന്ദസ്സിലും ഒട്ടനവധി വൃത്തങ്ങളുള്ളതായും സൂചിപ്പിച്ചു കഴിഞ്ഞു. ഒരു പാദത്തിൽ 26 നുമേൽ അക്ഷരങ്ങളുള്ള പദ്യത്തെപ്പറ്റി നോക്കാം. ഒരു വരി ഇരുപത്തിഏഴോ അതിൽ കൂടുതലോ അക്ഷരങ്ങളുള്ള സമവൃത്തമാണു ദണ്ഡകം.

ആട്ടക്കഥകളിലും മറ്റും ധാരാളമായി പ്രയോഗിച്ച് പ്രസിദ്ധമായ ഈ പ്രകരണത്തെ പ്രത്യേകമായി എ.ആർ. രാജരാജവർമ വിവരിക്കുന്നു.

ദണ്ഡകങ്ങൾ പ്രധാനമായും 3 വിധം

ചണ്ഡവൃഷ്ടിപ്രയാതം, ഇക്ഷുദണ്ഡിക, വംശയഷ്ടിക എന്നിങ്ങനെ ദണ്ഡകങ്ങൾ മൂന്നുവിധം.

## Recap

- ഗദ്യം എന്നും പദ്യം എന്നും വാക്യത്തിന്റെ ഗതി രണ്ടുവിധം
- പദ്യസാഹിത്യത്തിൽ അക്ഷരപദാദികൾ അനുവാചകർക്ക് ആസ്വാദ്യത പകരത്തക്കവിധം ക്രമീകരിക്കുന്ന രീതികളിൽ ഒന്നാണ് വൃത്തം
- ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര വർണം (അക്ഷരം) എന്ന് നിയമമുള്ളത് വർണ വൃത്തം
- വർണവൃത്തത്തെ സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ മൂന്നായി തിരിക്കാം
- ഗുരുലഘുക്കളുടെ ക്രമീകരണമനുസരിച്ച് ഗണം നിർണയിക്കുന്നു
- അക്ഷരസംഖ്യയിലും ഗണവിന്യാസത്തിലും നാലു പാദങ്ങളും തുല്യമായി വരുന്നതാണ് സമവൃത്തം
- ഒരു ശ്ലോകത്തിലെ രണ്ടു പാദം തുല്യമായി വരുന്നത് അർദ്ധസമവൃത്തം
- ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര വേണമെന്ന് അനുശാസിക്കുന്ന വൃത്തത്തെ മാത്രാവൃത്തം എന്നു പറയുന്നു
- തഗണം, തഗണം, ജഗണം, ഗുരു, ഗുരു എന്ന ഗണവ്യവസ്ഥയിൽ വരുന്ന സമവൃത്തമാണ് ഇന്ദ്രവജ്ര
- വർണവൃത്തത്തെ സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ മൂന്നായി തിരിക്കാം
- ഓരോ പാദത്തിലും എട്ട് അക്ഷരം വീതമുള്ള വൃത്തമാണ് വക്ത്രം
- അനുഷ്ടുപ്പ് ഛന്ദസ്സിലെ വിലക്ഷണവൃത്തങ്ങളിൽ ഒന്നാണ് വക്ത്രം
- മാത്രാവൃത്തം പ്രധാനമായി അഞ്ച് തരത്തിലുണ്ട് ആര്യ, ഗീതി, ആര്യാഗീതി, ഉദ്ഗീതി, ഉപഗീതി എന്നിങ്ങനെ
- രഗണം, നഗണം, രഗണം, ലഘു, ഗുരു എന്നക്രമം ഓരോവരിയിലും വരുന്ന (സമ) വൃത്തമാണ് രഥോദ്ധത
- ത ഭ ജ ജ എന്നീ ഗണങ്ങൾക്കു ശേഷം രണ്ട് ഗുരുക്കൾ കൂടി വന്നാൽ വസന്തതിലക വൃത്തമാകും
- ഇന്ദ്രവജയുടെ ആദ്യത്തെ ഗുരു ലഘുവാക്കി ഒരു മാത്ര കുറച്ചാൽ ഉപേന്ദ്രവജ
- ഇന്ദ്രവജ്രയും ഇന്ദ്രവംശവും തമ്മിൽ ഒടുവിലത്തെ ഒരു ഗണത്തിന്റെ വ്യത്യാസമേ ഉള്ളൂ
- ഒരു വരി ഇരുപത്തിഴേ അതിൽ കൂടുതലോ അക്ഷരങ്ങളുള്ള സമവൃത്തമാണു ദണ്ഡകം.
- ദണ്ഡകം മൂന്നു വിധമാണുള്ളത്

## Objective Questions

1. വർണവൃത്തം എന്നാൽ എന്ത്?
2. വർണവൃത്തത്തെ എത്രയായി തിരിച്ചിരിക്കുന്നു. ഏതെല്ലാം?
3. ഗണം നിർണയിക്കുന്നതെങ്ങനെ?
4. സമവൃത്തം എന്നാലെന്ത്?
5. അർദ്ധസമവൃത്തം എന്നാൽ എന്ത്?
6. വക്ത്രം എന്നാലെന്ത്?
7. മാത്രാവൃത്തം എന്നാലെന്ത്?
8. മാത്രാവൃത്തം പ്രധാനമായും എത്ര തരമാണ്? ഏതെല്ലാം?
9. വക്ത്രം ഏതു വിഭാഗത്തിൽപ്പെടുന്ന വൃത്തമാണ്'?
10. ഉപജാതി എന്നാലെന്ത്?

## Answers

1. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര വർണം (അക്ഷരം) എന്ന് നിയമമുള്ളത് വർണ വൃത്തം.
2. വർണവൃത്തത്തെ സമവൃത്തം, അർദ്ധസമവൃത്തം, വിഷമവൃത്തം എന്നിങ്ങനെ മൂന്നായി തിരിക്കാം.
3. ഗുരുലഘുക്കളുടെ ക്രമീകരണമനുസരിച്ച് ഗണം നിർണയിക്കുന്നു
4. അക്ഷരസംഖ്യയിലും ഗണവിന്യാസത്തിലും നാലു പാദങ്ങളും തുല്യമായി വരുന്നതാണ് സമവൃത്തം.
5. ഒരു ശ്ലോകത്തിലെ രണ്ടു പാദം തുല്യമായി വരുന്നത് അർദ്ധസമവൃത്തം.
6. ഓരോ പാദത്തിലും എട്ട് അക്ഷരം വീതമുള്ള വൃത്തമാണ് വക്ത്രം
7. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്രമാത്ര വേണമെന്ന് അനുശാസിക്കുന്ന വൃത്തത്തെ മാത്രാവൃത്തം എന്നു പറയുന്നു.
8. മാത്രാവൃത്തം പ്രധാനമായി അഞ്ച് തരത്തിലുണ്ട് ആര്യ, ഗീതി, ആര്യാഗീതി, ഉദ്ഗീതി, ഉപഗീതി എന്നിങ്ങനെ.
9. അനുഷ്ടുപ്പ് ഛന്ദസ്സിലെ വിലക്ഷണ വൃത്തങ്ങളിൽ ഒന്നാണിത്.
10. ഒരു ഛന്ദസ്സിലെ വൃത്തങ്ങൾ ശ്ലോകത്തിലെ വിഷമ-സമപാദങ്ങളിൽ കുടിക്കലർന്നുവരുന്നതിനാണ് ഉപജാതി എന്നു പറയുന്നത്.

## Assignments

1. സമവൃത്തം, അർദ്ധസമവൃത്തം, മാത്രാവൃത്തം വിശദീകരിക്കുക
2. മാത്രാവൃത്തങ്ങൾക്കും ഗണവൃത്തങ്ങൾക്കും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമെന്നു വിലയിരുത്തുക
3. വിയോഗിനിവൃത്തത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതി സമർഥിക്കുക
4. രഥോദ്ധത, വസന്തതിലകം എന്നി വൃത്തങ്ങൾ നിർവചിച്ച് ഉദാഹരിക്കുക
5. സംസ്കൃതവൃത്തങ്ങളുടെ പ്രധാനസവിശേഷതകൾ ചർച്ച ചെയ്യുക
6. അർദ്ധസമവൃത്തങ്ങളായ വിയോഗിനിയും വസന്തമാലികയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുക

## Suggested Reading


1. പ്രൊഫ. ഗോപിക്കുട്ടൻ, വൃത്താലങ്കാരസംഗ്രഹം, ഡി.സി ബുക്സ്, കോട്ടയം.
2. പി. നാരായണക്കുറുപ്പ്, മലയാളവൃത്തപഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ കെ. വാദ്ധ്യാർ, വൃത്തവിചാരം, എൻ. ബി. എസ്, കോട്ടയം.

## Reference


1. എ.ആർ. രാജരാജവർമ്മ, വൃത്തമഞ്ജരി, കറന്റ് ബുക്സ്, കോട്ടയം.
2. കുട്ടികൃഷ്ണമാരാർ, വൃത്തശില്പം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. ടി.വി. മാത്യു, വൃത്തശാസ്ത്രം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. അപ്പൻ തമ്പുരാൻ, ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, കേരളോദയം പ്രസ്സ്, തൃശൂർ.

BLOCK 1

# യൂണിറ്റ് 3 ഭാഷാവൃത്തപരിചയം

## Learning Outcomes

- ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ തിരിച്ചറിയുന്നു
- ദ്രാവിഡവൃത്തത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ശീലുകളും ഈരടികളും വിലയിരുത്തുന്നു
- കിളിപ്പാട്ടുവൃത്തങ്ങളെ അപഗ്രഥിക്കുന്നു
- കവിതയിലെ വൃത്തഭംഗി കണ്ടെത്തി വിശദീകരിക്കുന്നു
- കവിതയുടെ ചൊൽവടിവിനെ അടിസ്ഥാനമാക്കി വൃത്തം നിർണയിക്കുന്നു

## Prerequisite

സംസ്കൃതത്തിലേയും മലയാളത്തിലേയും വൃത്തവ്യവസ്ഥകൾ തമ്മിൽ വലിയ അന്തരമുണ്ടെന്ന് നാം മനസിലാക്കിക്കഴിഞ്ഞു. ശ്ലോകം, ഈരടി എന്നീ വ്യത്യാസങ്ങൾ കൂടാതെ മാത്രാകണക്കിൽപ്പോലും ഈ വ്യത്യാസം പ്രകടമാണ്. സംസ്കൃതത്തിലെപ്പോലെ ഗുരു ലഘു വ്യവസ്ഥപോലുമല്ല മലയാളത്തിൽ. ഗാനരീതിയാണ് ദ്രാവിഡത്തിൽ പതിവ്. അക്ഷരവ്യവസ്ഥയെക്കാൾ ഭാഷാവൃത്തങ്ങളിൽ മുൻതൂക്കം മാത്രാ കണക്കിനാണ്. അതിനാൽ ഭാഷാവൃത്തങ്ങളെ മാത്രയുടെ അടിസ്ഥാനത്തിൽ മാത്രമേ വിവേചിക്കാവൂ. മൂന്ന്, നാല്, അഞ്ച്, ആറ്, എട്ട് എന്നീ മാത്രാക്രമങ്ങളിൽ മലയാളത്തിൽ ഗണങ്ങൾ തിരിക്കാം. ഭാഷയിൽ ഏറ്റവും ചെറിയ താളശക്തി രണ്ടു മാത്രയല്ല മൂന്നു മാത്രയാണ്. അതിനാൽ ദ്വിമാത്ര ഗണങ്ങൾക്ക് ഭാഷയിൽ സ്ഥാനമില്ലെന്നതാണ് സത്യം.

അക്ഷരവ്യവസ്ഥയെക്കാൾ ഭാഷാവൃത്തങ്ങളിൽ മുൻതൂക്കം മാത്രാ കണക്കിനാണ്. സംസ്കൃതത്തിലെപ്പോലെ ലഘുവിന് ഒരു മാത്ര ഗുരുവിന് രണ്ടു മാത്ര - എന്ന വ്യവസ്ഥ മാത്രമല്ല ഭാഷാവൃത്തങ്ങൾക്കുള്ളത്. മൂന്നുമാത്രയുള്ള പ്ലുതവും, നാലുമാത്രയുള്ള കാകപദവും, അഞ്ചുമാത്രയുള്ള അതികാകപദവും, നീട്ടലിന്റെ തോത് അനുസരിച്ച് ഭാഷാഗാനങ്ങളിൽ സംഭവിക്കുന്നു എന്നതാണ് വാസ്തവം.

ഭാഷാവൃത്തങ്ങളെപ്പറ്റിയുള്ള ആദ്യപരാമർശം ലീലാതിലകത്തിലേതാണെന്ന് പറഞ്ഞു കഴിഞ്ഞു. 'വൃത്തവിശേഷം' എന്ന് ആചാര്യൻ സൂചിപ്പിച്ചത് ദ്രാവിഡവൃത്തത്തെപ്പറ്റിയാണ്. രാമചരിതാദിപാട്ടുകൃതികളിൽ ഉപയോഗിച്ചിട്ടുള്ള ആചിരിയവിരുത്തം, കലിവിരുത്തം മുതലായ വിരുത്തങ്ങൾ തമിഴ് വിരുത്തങ്ങളാണ്. പിൽക്കാലത്ത് ഭാഷയിൽ രൂപംകൊണ്ട വൃത്തങ്ങളുമായി അവയ്ക്ക് പറയത്തക്ക ബന്ധമൊന്നുമില്ല. കണ്ണശ്ശൻ കൃതികളിലെ വൃത്തങ്ങളെയാണ് ഭാഷാവൃത്തങ്ങളുടെ മുൻഗാമികളെന്ന് വിശേഷിപ്പിക്കാവുന്നത്. കണ്ണശ്ശൻപാട്ടുകളിൽ മിക്കവാറും പാദത്തിൽ മുപ്പത്തിരണ്ടു മാത്രകളുള്ള 'ദീർഘതരംഗിണി'യാണ് ഉപയോഗിച്ചിട്ടുള്ളത്; തരംഗിണിയല്ല. കാരണം തരംഗിണിക്ക് ഏ. ആർ. നൽകിയ ലക്ഷണം 'ദ്വിമാത്രാ സ്വഭാവമുള്ളതാണ്. തരംഗിണിയുടെ ഒരു പാദത്തിൽ പതിനാറുമാത്രകളാണ് ഉള്ളത്. ഇരട്ടിച്ച തരംഗിണിയാണ്

നിരണം കൃതികളിലെ വൃത്തം. ഇരുപത്തിനാലുവൃത്തത്തിലും തുള്ളൽപാട്ടുകളിലും പതിനാലുവൃത്തത്തിലുമെല്ലാം പിൽക്കാലത്ത് ഈ തരംഗിണിയാണ് ഉപയോഗിച്ചത്. തരംഗിണിയ്ക്ക് കേരളകൗമുദികാരനും, വൃത്തമഞ്ജരികാരനും ലക്ഷണം നൽകിയിരിക്കുന്നു. 16 മാത്രയെന്ന കണക്ക് സ്ഥൂലമായിപ്പോയെന്ന അഭിപ്രായം കെ.കെ.വാധ്യാർ വൃത്തവിചാരത്തിൽ വിശദമാക്കുന്നുണ്ട്. ദ്വിമാത്രഗണമെട്ടന്നല്ല ചതുർമാത്രഗണം നാലെന്ന രീതിയെയാണ് വാധ്യാർ പിന്തുടരുന്നത്. മാത്രമല്ല തരംഗിണി എന്ന പേരിനു പകരം 'ഓട്ടൻ' എന്ന ഭാഷാനാമം കൊടുക്കാമായിരുന്നുവെന്നും വാധ്യാർ പറയുന്നു.

കണ്ണശ്ശൻപാട്ടുകളിൽ മിക്കവാറും പാദത്തിൽ മുപ്പത്തിരണ്ടു മാത്രകളുള്ള 'ദീർഘതരംഗിണി'യാണ് ഉപയോഗിച്ചിട്ടുള്ളത്. കാകളി, കളകാഞ്ചി, അന്നനട, കേക, മഞ്ജരി ഇവയ്ക്കെല്ലാം ആദ്യമായി ലക്ഷണ ലക്ഷ്യങ്ങൾ നിർദേശിച്ചത് കേരളകൗമുദി കർത്താവായ കോവുണ്ണി നെടുങ്ങാടിയാണ്. അക്ഷരവ്യവസ്ഥയും മാത്രാവ്യവസ്ഥയും കൂട്ടിക്കലർത്തിയാണ് അദ്ദേഹം ഇത് സാധിച്ചത്. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നീ മഹാകവികളുടെ കാവ്യങ്ങൾ മാത്രമാണ് ഇതിന് വേണ്ടി കേരളകൗമുദികാരൻ പരിശോധിച്ചത്. ഇത് ഒരർത്ഥത്തിൽ പരിമിതി തന്നെയായിരുന്നു. വൃത്തമഞ്ജരിയിലും, വൃത്തവിചാരത്തിലും, വൃത്തശില്പത്തിലും കുറേക്കൂടി മുന്നോട്ടുപോയി വൃത്തനിർണയം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ കാലത്തും വൃത്തസംബന്ധമായ വിശകലനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

## Keywords

ഭാഷാവൃത്തം - ദ്രാവിഡവൃത്തം - ശീലുകൾ - ഈരടികൾ - കാകളി - കളകാഞ്ചി - മണികാഞ്ചി - മിശ്രകാകളി -ഊനകാകളി - ദ്രുതകാകളി - കേക - അന്നനട - തരംഗിണി - മഞ്ജരി - നതോന്നത

## Discussion

### 4.3.1 ഭാഷാവൃത്തങ്ങൾ

വ്യാകരണത്തിന്റെ കാര്യത്തിലെന്നപോലെ വൃത്തങ്ങളുടെ കാര്യത്തിലും ചില പാരമ്പര്യങ്ങൾ മലയാളഭാഷ വച്ചു പുലർത്തുന്നുണ്ട്. ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങളെപ്പറ്റി പറയുമ്പോൾ ദ്രാവിഡവൃത്തങ്ങളെ തന്നെയാണ് ഭാഷാവൃത്തങ്ങൾ എന്നു പറയുന്നത്. സംസ്കൃതവൃത്തങ്ങൾക്കും ഭാഷാവൃത്തങ്ങൾക്കും തമ്മിൽ പല അംശങ്ങളിലും വ്യത്യാസം ഉണ്ട്. സംസ്കൃതത്തിൽ രണ്ടർദ്ധങ്ങളായി (പൂർവ്വാർദ്ധമെന്നും ഉത്തരാർദ്ധമെന്നും) പിരിയുന്ന നാലു പാദങ്ങളുള്ള ഒരു ശ്ലോകമാണ് ഗദ്യത്തിലെ ഒരു വാക്യത്തിന്റെ സ്ഥാനത്തുള്ളത്. എന്നാൽ ഭാഷയിലാകട്ടെ ഈരടികളാണ്.

*പ്രായേണ ഭാഷാവൃത്തങ്ങൾ*
*തമിഴിന്റെ വഴിക്കുതാൻ*
*അതിനാൽ ഗാനരീതിക്കു*
*ചേരുമീരടിയാണിഹ*

സംസ്കൃതശ്ലോകങ്ങൾ പലതും ഗാനാത്മകമല്ല. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷയാണ് മലയാളം അതിനാൽ ഭാഷയിലെ ഈരടികൾ തമിഴിലെപോലെ ഗാനരീതിക്കു ചേരുന്നവയാണ്. സംസ്കൃതത്തിലെ വസന്തതിലകം. ശാർദൂലവിക്രീഡിതം, സ്രഗ്ദ്ധര തുടങ്ങിയ വൃത്തങ്ങളെക്കാൾ മലയാളത്തിലെ കാകളി, കേക,

തരംഗിണി എന്നിങ്ങനെയുള്ള വൃത്തങ്ങൾ ഗാന സ്വഭാവം കൂടുതലായുള്ളവയാണ്. അനുയോജ്യമായ താളമിട്ടുപാടുന്നവയാണ് ഭാഷാ കവിതകൾ. ഭാഷയിൽ ഈരടികളിൽ തന്നെ അന്വയം നിലകൊള്ളണമെന്നില്ല. വാക്യം തീരാൻ ചിലപ്പോൾ കൂടുതൽ വരികൾ ആവശ്യമായി വന്നേക്കാം. എന്നാൽ ചില സന്ദർഭങ്ങളിൽ ഒരു പാദം തന്നെ യതി (നിർത്ത്) മുറിയുന്നിടത്ത് നിന്നുപോയി എന്നും വരാം. സംസ്കൃതത്തിൽ ഗുരു ലഘുനിയമമോ മാത്രാനിയമമോ അക്ഷര നിയമമോ ഉണ്ടായിരിക്കും. എന്നാൽ ഭാഷയിൽ ഈ വക നിയമങ്ങളൊന്നും തന്നെ കൃത്യമായി പാലിക്കപ്പെടുന്നില്ല.

## 4.3.2 ഭാഷാവൃത്തവും സംസ്കൃതവൃത്തവും

ഭാഷയിൽ 'അടികൾക്കും കണക്കില്ല നില്ക്കയും വേണ്ടോരേടവും' എന്ന് എ.ആർ. രാജരാജവർമ്മ വളരെ നർമമധുരമായി പറഞ്ഞതിൽ സത്യമുണ്ട്'. പലപ്പോഴും വരികൾ ധാരമുറിയാതെയാണൊഴുകുന്നത്. കീർത്തനങ്ങളിലും മറ്റും സംസ്കൃതത്തിലെ ശ്ലോകം കാണുന്നുണ്ടെങ്കിലും അവിടെയും ഗാനാത്മകതയാണ് മുന്നിൽ നിൽക്കുന്നത്. അതിനാലാണ്.

*"വ്യവസ്ഥയെല്ലാം ശിഥിലം*

*പ്രധാനം ഗാനരീതി താൻ"* എന്ന് പറയുന്നത്

സംസ്കൃതത്തിൽ മൂന്നക്ഷരം ഒരു ഗണമെന്നോ നാലുമാത്ര ഒരു ഗണമെന്നോ തിരിക്കുന്നതുപോലെയല്ല ഭാഷയിൽ തിരിച്ചിരിക്കുന്നത്. ഭാഷാവൃത്തങ്ങളിൽ സംഗീതാത്മകതയ്ക്കാണു പ്രാധാന്യം. സംഗീതാത്മകത കൂടുതലുള്ള വരികൾ താളത്തിനനുസരിച്ച് ഗണം തിരിക്കുന്നു. ഇവിടെ മാത്രയ്ക്ക് വ്യത്യാസം വരുന്നില്ല. ഓരോഗണത്തിനും തുല്യമാത്രകളും വരും: ഉദാ. തരംഗിണി. എന്നാൽ ഗാനാത്മകത താരതമ്യേന കുറഞ്ഞ കിളിപ്പാട്ടുവൃത്തങ്ങളിൽ അക്ഷരനിയമം ഉണ്ട്. ഉദാ. കാകളി. മൂന്നക്ഷരം ഒരു ഗണം എന്ന വ്യവസ്ഥയും നിലനിൽക്കുന്നു. ഇവ താളമിട്ടല്ല പാടുന്നത്.

*മാത്രയ്ക്കു നിയമം കാണും*
*ഗാനം താളത്തിനൊക്കുകിൽ*
*ഇല്ലെങ്കിൽ വർണ്ണസംഖ്യയ്ക്കു*
*നിയമം മിക്കദിക്കിലും*

എന്ന് എ.ആർ. പറഞ്ഞത് ഇതിന്റെ വെളിച്ചത്തിലാണ്.

വ്യവസ്ഥാശൈഥില്യം എന്നൊരുകാര്യമേ സംസ്കൃതത്തിലില്ല. ലഘുവാകേണ്ടിടത്ത് ലഘുവും ഗുരുവാകേണ്ടിടത്ത് ഗുരുവും വരാതിരുന്നാൽ വൃത്തം തെറ്റും. എന്നാൽ ഭാഷാവൃത്തങ്ങളിലാകട്ടെ ഹ്രസ്വത്തെ പാടി നീട്ടി ദീർഘമാക്കുകയും അപൂർവമായെങ്കിലും ദീർഘത്തെ ഹ്രസ്വമായി ഉച്ചരിക്കുകയും ചെയ്യുന്നു. ഹ്രസ്വത്തെ ദീർഘമാക്കുന്നതിന് ഉദാഹരണം.

*ഹരിണ ഹരി കരി കരടി ഗിരി കിരി*
*ഹരിശാർദ്ദൂലാദികളമിത വന്യമൃഗം*

ഇത് വായിക്കുന്നത് ഹരിണ ഹരി കരി കരടി കിരി എന്നാണ്.

ദീർഘത്തെ ഹ്രസ്വമാക്കുന്നതിനുദാഹരണം

*സുരവരജസുതനുമഥ നിന്നൂ വിഷണ്ണനായ്*
*സൂക്ഷിച്ചു മായമറിഞ്ഞിട്ടിരാവാനും*

ഇവിടെ ഇരാവാനും എന്നത് ഇരാവനും എന്നുച്ചരിച്ചാലേ വൃത്തം യോജിക്കുകയുള്ളൂ.

സംസ്കൃതഭാഷാവൃത്തങ്ങൾക്കു തമ്മിലുള്ള പ്രധാനവ്യത്യാസം ഗണവ്യവസ്ഥയിലാണ്. മൂന്നക്ഷരം ഒരു ഗണമെന്നോ നാലുമാത്ര ഒരു ഗണമെന്നോ സംസ്കൃതത്തിൽ തിരിക്കുമ്പോൾ ഭാഷയിൽ ഏത് തരം വൃത്തത്തിനും പാദത്തിൽ നാലു ഗണമേ വരൂ. സംസ്കൃതത്തിലെ സമവൃത്തത്തിൽ പല ഛന്ദസ്സുകളിൽ പല ഗണങ്ങളുള്ള വൃത്തങ്ങളാണുള്ളത്. അതേ സമയം ഏത് തരം ഭാഷാവൃത്തത്തിലും നാല് താളമേ വരൂ. താളവും മാത്രയുമാണ് കിളിപ്പാട്ടുവൃത്തങ്ങളുടെ ജീവൻ.

## 4.3.3 കിളിപ്പാട്ടുവൃത്തങ്ങൾ

### 4.3.3.1 കാകളി

കിളിപ്പാട്ടുപ്രസ്ഥാനത്തിലെ പ്രധാന വൃത്തങ്ങളിലൊന്നാണ് കാകളി.

**ലക്ഷണം**

*മാത്രയഞ്ചക്ഷരം മൂന്നിൽ*
*വരുന്നോരു ഗണങ്ങളെ*
*എട്ടു ചേർത്തുള്ളീരടിക്കു*
*ചൊല്ലാം കാകളിയെന്നു പേർ*

അഞ്ചുമാത്രയുള്ള, മൂന്നക്ഷരഗണം എട്ടെണ്ണം രണ്ടുവരിയിൽ വരുന്നതാണ് കാകളി. ഒരു വരിയിൽ നാലുഗണം, ഓരോ ഗണത്തിനും മൂന്നക്ഷരവും അഞ്ചുമാത്രയും എന്ന കണക്കിൽ ഒരു പാദത്തിൽ 12 അക്ഷരവും 20 മാത്രയും വീതം രണ്ടുവരിയിൽ ഇരുപത്തിനാലക്ഷരം. അഞ്ചുമാത്ര കിട്ടത്തക്ക വിധത്തിൽ മൂന്നക്ഷരം ചേർത്ത് ഒരു ഗണം. അതായത് രണ്ട് ഗുരുവും ഒരു ലഘുവും ഉള്ള രഗണമോ, തഗണമോ, യഗണമോ ആകാം. സർവലഘുവിന് മൂന്നിലധികം അക്ഷരങ്ങൾ വരുന്നതിനാൽ ഇവിടെ പരിഗണിക്കാറില്ല. ഇങ്ങനെയുള്ള നാലു ഗണം കൂടിയത് ഒന്നാം പാദം. ഇതുപോലെ വേണം രണ്ടാംപാദവും. ലഘുക്കളെ പാടി നീട്ടി ഗുരുവാക്കുന്നതിനാൽ നഗണം, ഭഗണം, സഗണം, ജഗണം എന്നീ ഗണങ്ങളെയും ഉപയോഗിക്കാം. മാത്ര ഏറിപ്പോകുന്ന മഗണം കാകളി വൃത്തത്തിൽ പ്രയോഗിക്കാൻ പാടില്ല.

**ഉദാഹരണം**

*ശാരിക/പ്പൈതലേ/ചാരുശീ/ലേവരി*
*കാരോമ/ലേകഥാ ശേഷവും/ചൊല്ലു നീ*

## 1. മിശ്രകാകളി

**ലക്ഷണം**

*ഇച്ഛപോലെ ചിലേടത്തു ലഘുപ്രായഗണങ്ങളെ*
*ചേർത്തും കാകളി ചെയ്തീടാമതിൻപേർ*
*മിശ്രകാകളി*

വ്യവസ്ഥയൊന്നുമില്ലാതെ ലഘുപ്രായ ലഘുമയ ഗണങ്ങളെ പ്രയോഗിച്ചുണ്ടാകുന്ന കാകളിക്ക് മിശ്രകാകളി എന്നു പറയാം. ഗണത്തിൽ മൂന്നക്ഷരമോ, നാലക്ഷരമോ, അഞ്ചക്ഷരമോ വരാം. മാത്ര അഞ്ച് തന്നെയാണ്. ഒരു പാദത്തിൽ ആകെ മാത്ര ഇരുപത്. ഇഷ്ടംപോലെ ഗണത്തിൽ അക്ഷരം പ്രയോഗിക്കാനുള്ള സ്വാതന്ത്ര്യം മിശ്രകാകളിക്കുണ്ട്.

മിശ്രകാകളി ലക്ഷണത്തെ കെ.കെ.വാധ്യാർ അംഗീകരിക്കുന്നതായി കാണാം. എങ്കിലും ലക്ഷണത്തിലുള്ള ചിലേടത്ത്, ലഘുപ്രായം എന്നീ പ്രയോഗങ്ങളോടുള്ള വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

**ഉദാഹരണം**

*ജനിമൃതിനി/വാരണം/ജഗദുദയ/കാരണം/*
*ചരണനത/ചാരണം/ചരിതമധു/പൂരണം*

ഈ വരികളിൽ ഒന്നും മൂന്നും ഗണങ്ങൾ ലഘുമയങ്ങൾ

*ശിവശിവമ/നോഹരേ/ശീലവതി/സാദരം*
*ജന്മസാ/ഫല്യദം/ചൊല്ലുകൈ/വല്യദം*

ഇതിൽ ആദ്യപാദത്തിൽ ഒന്നാം ഗണം ലഘുമയമാണ്. മൂന്നാമത്തെ ഗണത്തിൽ ഒരു ഗുരുവും മൂന്നു ലഘുക്കളുമാണുള്ളത്. അതിനാലാണ് ലഘുപ്രായ ഗണങ്ങൾ എന്ന് പറഞ്ഞിരിക്കുന്നത്.

## 2. ഊനകാകളി

**ലക്ഷണം**

*രണ്ടാം പാദാവസാനത്തിൽ വരുന്നോരു ഗണത്തിന്*
*വർണമൊന്നു കുറഞ്ഞീടിലൂനകാകളിയാമത്?*

കാകളിയുടെ രണ്ടാംവരിയുടെ ഒടുവിലത്തെ ഗണത്തിൽ ഒരക്ഷരം കുറയുന്നതാണ് ഊനകാകളി. ഊനകാകളിക്ക് എ. ആർ. രാജരാജവർമ നൽകിയ ലക്ഷണത്തെ വിമർശിക്കുന്ന കെ.കെ. വാധ്യാർ ഉദാഹരണം തെറ്റാണെന്നും തരംഗിണിയെയാണ് ഉദാഹരിക്കുന്നതെന്നും പറയുന്നു. ഊനകാകളി എന്നാൽ ഊനതയുള്ള കാകളി എന്നാണർത്ഥം. ആ ഊനത ഏതുപാദത്തിലും വരാം. ഭാഷയിൽ ധാരാളം ഊനകാകളികൾ ഉണ്ട്.

**ഉദാഹരണം**

*തത്തേവ/ രികരി/കത്തങ്ങി / രിമമ/*
*ചിത്തം മൂ/ഹുരപി/തെളിഞ്ഞി/തയ്യാ*

**ഉദാഹരണം**

*നല്ലോലയോടുസല്ലിലം രമിക്കുവാൻ*
*ചൊല്ലുനിലാവിനിന്നെന്തുഭംഗി*

**ഉദാഹരണം**

*കുങ്കുമ/ച്ചാറണി/ഞ്ഞാലും‌കു/ചങ്ങളിൽ*
*കുംഭീന്ദ്ര/ഗാമിനീ/യാളേ*

ഒന്നാംവരിയിൽ പത്തക്ഷരവും രണ്ടാംവരിയിൽ എട്ടക്ഷരവും ഉള്ള ഊനകാകളിയ്ക്ക്

**ഉദാഹരണം**

*നെല്ലിൻചു/വട്ടിൽമു/ളയ്ക്കും*
*കാട്ടു പുല്ലല്ല/സാധുപു/ലയൻ*

ഇവിടെ ഒന്നാംപാദത്തിലെ മൂന്നാംഗണത്തിലും നാലാംഗണത്തിലും ഓരോ അക്ഷരം കുറഞ്ഞിരിക്കുന്നു. രണ്ടാംപാദത്തിൽ മൂന്നാംഗണത്തിൽ ഒരക്ഷരവും നാലാംഗണം മുഴുവനും കുറഞ്ഞിരിക്കുന്നു.

### 3. ദ്രുതകാകളി

**ലക്ഷണം**

*രണ്ടുപാദത്തിലും പിന്നെയന്ത്യമായ ഗണത്തിന്*
*വർണ്ണമൊന്നു കുറഞ്ഞെന്നാൽ ദ്രുതകാകളി*
*കീർത്തനേ*

കാകളിയുടെ രണ്ടുവരികളിലും ഒടുവിലത്തെ ഗണത്തിൽ ഒരക്ഷരം വീതം കുറയുന്നതാണ് ദ്രുതകാകളി. അക്ഷരം ഒന്നു കുറയുമ്പോൾ മാത്ര മൂന്നോ നാലോ ആകാം. മിക്കവാറും മൂന്നുമാത്രയാണ് കാണുന്നത്. പാനപ്പാട്ടുകളിലും മറ്റും ഉപയോഗിക്കുന്നതിനാൽ ഇതിനു പാനവൃത്തമെന്നും പേരുണ്ട്.

**ഉദാഹരണം**

*കാളമേ/ഘകളാ/യങ്ങളെ/ക്കാളും/*
*കാളനാ/ളീകപാ/ളികളെ/ക്കാളും*
*കാളിമ/കൊണ്ടുകാ/ളുംകളേ/ബരം/*
*പനേന്നാർ/ കാവിലീ/ശ്വരീപാ/ഹിമാം*

പാനപ്പാട്ടുകൾക്കും ദ്രുതകാകളിയാണ് വൃത്തം

**മറ്റൊരുദാഹരണം**

*മാളിക/മുകളേ/റിയമ/ന്നന്റെ*
*തോളിൽമാ/റാപ്പുകേ/റ്റുന്നതും/ഭവാൻ*

## 4.3.3.2 കളകാഞ്ചി

*കാകളിക്കാദ്യപദാദൗ*
*രണ്ടോ മൂന്നോ ഗണങ്ങളെ*
*ഐയഞ്ചു ലഘുവാക്കീടിലുളവാം*
*കളകാഞ്ചികേൾ*

കാകളിയുടെ ആദ്യപാദത്തിന്റെ തുടക്കത്തിലുള്ള രണ്ടോ മൂന്നോ ഗണങ്ങളെ മൂന്നക്ഷരത്തിനു പകരം അഞ്ച് ലഘുക്കളാക്കിയാൽ കളകാഞ്ചി എന്ന വൃത്തമാകും. ഇതാണ് കാകളിയിൽ നിന്നു കളകാഞ്ചിക്കുള്ള വ്യത്യാസം.

**ഉദാഹരണം**

*സകലശുക/കുലവിമല/ തിലകിതക/ളേബരേ/*
*സാരസ്യ/പീയൂഷ/സാരസ/ർവ്വസ്വമേ*
*കഥയ മമ കഥയ മമ കഥകളതിസാരം*
*കാകുസ്ഥലീലകൾ കേട്ടാൽ മതിവരാ*
*(അവസാനഗണം പാടിനീട്ടിമാത്രഅഞ്ചാക്കണം)*
*സുരവരജ/സുതനുമഥ/ നിന്നുവി/ഷണ്ണനായ് /*
*സുക്ഷിച്ചു / മായമ/റിഞ്ഞിട്ടി/രാവാനും*

ഇവിടെ 'മായമ' പാടി നീട്ടിയും 'രാവാനും' പാടി കുറുക്കിയും അഞ്ചുമാത്രയാക്കണം. ആദ്യത്തെ ഉദാഹരണത്തിൽ ഒന്നാം പാദത്തിൽ മൂന്നു ഗണവും രണ്ടാമത്തെ ഉദാഹരണത്തിൽ ആദ്യത്തെ രണ്ടു ഗണവും ലഘുമയം. രണ്ടിലും രണ്ടാം പാദം കാകളി തന്നെ.

## 4.3.3.3 മണികാഞ്ചി

**ലക്ഷണം**

*കാകളിക്കുള്ള പാദങ്ങൾ രണ്ടിലും പിന്നെയാദിമം*
*ഗണം മാത്രം ലഘുമയമായാലോ മണികാഞ്ചിയാം*

കാകളിയുടെ രണ്ടുപാദത്തിലുമുള്ള ആദ്യഗണം മാത്രം ലഘുമയമാകുന്നത് മണികാഞ്ചി.

**ഉദാഹരണം**

*പരമപുരുഷൻമഹാ/മായ തൻ/വൈഭവം*
*പറകയുമ/നാരതം/കേൾക്കയും/ചെയ്കിലോ?*

**അക്ഷരം യഥാക്രമം**

5, 3, 3, 3 (14) 5, 3, 3, 3, (14) വൃത്തവിചാരത്തിൽ കെ.കെ. വാധ്യാർ ഇതിനെ വിമർശിക്കുന്നു. പാദത്തിന്റെ ആദ്യഗണം മാത്രം ലഘുമയമായിട്ടുള്ള വരികൾ എഴുത്തച്ഛന്റെ കൃതികളിൽ യാതൊരു സ്ഥലത്തും മുഴുവനായി കാണുന്നില്ല എന്നും ലഘുമയവും ലഘുപ്രായവുമായ ഗണങ്ങൾ കൂടി കലർന്നു വരുന്നു എന്നുമാണ് അദ്ദേഹം പറയുന്നത്.

### 4.3.3.4 കേക

**ലക്ഷണം**

*മൂന്നും രണ്ടും രണ്ടും മൂന്നും*
*രണ്ടും രണ്ടെന്നെഴുത്തുകൾ*
*പതിന്നാലിന്നാറുഗണംപാദം*
*രണ്ടിലുമൊന്നുപോൽ*
*ഗുരുവൊന്നെങ്കിലും വേണം*
*മാറാതോരോ ഗണത്തിലും*
*നടക്കു യതി പാദാദിപ്പൊരുത്തമിതുകേകയാം*

ഓരോ പാദത്തിലും 3, 2, 2, 3, 2. 2 എന്ന ക്രമത്തിൽ അക്ഷരങ്ങളോടുകൂടിയ ആറു ഗണ ങ്ങൾ ഒരുവരിയിൽ പതിന്നാലു അക്ഷരംവീതം രണ്ടുവരിയും ഒരു പോലെ. ഓരോ ഗണത്തിലും ഒരു ഗുരുവെങ്കിലും ഉണ്ടായിരിക്കണം. പാദമ ധ്യത്തിൽ ഒരു യതിവേണം. രണ്ടുവരികളിലും ആദ്യക്ഷരത്തിനുള്ള മാത്രാസാമ്യമാണ് പദാദി പ്പൊരുത്തം. ഒന്നാം വരി ഗുരുകൊണ്ട് തുടങ്ങു മെങ്കിൽ രണ്ടാംവരിയും അങ്ങനെവേണം തുട ങ്ങാൻ. ലഘുവാണെങ്കിൽ രണ്ടുവരിയിലും ഒന്നു പോലെ തന്നെ വേണം. പാദാദിപ്പൊരുത്തം പാലിച്ചിരിക്കണം. ഇത് കേക.

**ഉദാഹരണം**

*കേരളം/വള/രുന്നു/ പശ്ചിമ/ഘട്ട/ങ്ങളെ*
*ക്കേറിയും/കട/ന്നു ചെ/ന്നന്യമാം/രാജ്യ/ങ്ങ*
*ളിൽ*

### 4.3.3.5 അന്നനട

**ലക്ഷണം**

*ലഘുപൂർവ്വം ഗുരു പരമീമട്ടിൽ ദ്വ്യക്ഷരം ഗണം*
*ആറെണ്ണം മദ്ധ്യയതിയാലർദ്ധിതം മുറി രണ്ടിലും*
*ആരംഭേനിയമം നിത്യമിതന്നനടയെന്ന ശീൽ*

ആദ്യക്ഷരം ലഘു രണ്ടാമത്തെ അക്ഷരം ഗുരു എന്ന മട്ടിൽ രണ്ടക്ഷരം ചേർന്ന ആറുഗ ണങ്ങൾ പാദമധ്യം യതികൊണ്ട് മുറിക്കണം. ഓരോമുറിയുടെയും ആദ്യാക്ഷരത്തിലെങ്കിലും ലഘുപൂർവം ഗുരുപരം എന്ന വ്യവസ്ഥ പാലിച്ചി രിക്കണം. ഇതാണ് അന്നനടയുടെ ലക്ഷണം.

**ഉദാഹരണം**

*ഹരാ/ഹരാ/ഹരാ/ശിവാ/ശിവാ/ശിവാ*
*പുര/ ഹരാ/മുര/ ഹരാ/നത/പദാ*

**മറ്റൊരുദാഹരണം**

*'വിവി/ധമി/ത്തരം/പറ/ഞ്ഞു കേ/ഴുന്നോ-*
*രര/ചനെ/ത്തൊ/ഴുതുര/ ചെയ്താൻ/ സുതൻ*

രണ്ടാമത്തെ ഉദാഹരണത്തിൽ അന്ത്യഗണ ങ്ങൾക്കു ലഘുഗുരുവ്യവസ്ഥ തെറ്റിയിരിക്കുന്നു. അന്നനടയുടെ ഈ ലക്ഷണത്തെ വൃത്തവിചാ രത്തിൽ കെ.കെ. വാധ്യാർ അംഗീകരിച്ചുകൊ ടുത്തിരിക്കുന്നു. എന്നാൽ പാദത്തിൽ ആറു ഗണമല്ല നാലുഗണമാണുള്ളത് എന്നതാണ് വസ്തുത. രണ്ടക്ഷരം വീതം ചൊല്ലുന്നത് വികല മാണ്. മൂന്നക്ഷരം വീതം ചൊല്ലിയാൽ 3, 3, 3, 3, എന്നിങ്ങനെ നാലു ഗണം വരും. അങ്ങനെ വരുന്നതാണ് ഉചിതം. യഥാർഥത്തിൽ കാകളി യിൽ വരുത്തിയ ഒരു പരിഷ്കാരമത്രേ അന്നനട. കാകളിയിൽ ആദ്യഗണം ഗുരുവാദിയായിരിക്കു മ്പോൾ അന്നനടയിൽ ലഘുവാദിയായിരിക്കു ന്നു. ഉദാഹരണം ഒന്നുകൂടി നോക്കുക.

*വരുവ/രുവീണ്ടു/മുലക/ത്തിലേയ്ക്കു*
*തിരുവ/രങ്കത്തെ/ പ്പഴംപാ/ണനാരേ*

പാദങ്ങളിലെ ഒന്നും മൂന്നും ഗണങ്ങൾ ലഘു കൊണ്ട് തുടങ്ങിയിരിക്കുന്നു. കവികൾ മാത്രാ ക്കണക്ക് കൃത്യമായി പാലിക്കാറില്ല.

## 4.3.4 തുള്ളൽ പാട്ടുവൃത്തം

### 4.3.4.1 തരംഗിണി

പ്രചുരപ്രചാരമുള്ള ഭാഷാവൃത്തമാണ് തരം ഗിണി. തുള്ളൽകൃതികളിൽ പ്രായേണ ഉപയോ ഗിച്ചുവരുന്നതിനാൽ ഇതിനെ തുള്ളൽവൃത്തമെ ന്ന് പറയുന്നു. ഗാന സ്വഭാവം ഏറെയുള്ള ഈ വൃത്തത്തിന് താളാത്മകത കൂടുതലാണ്. തരം ഗിണി വൃത്തത്തിന്റെ ദ്രുതഗതിയിലുള്ള ചൊ ൽവടിവ് വീരരൗദ്രഹാസ്യരസങ്ങൾ പ്രതിഫ ലിപ്പിക്കാൻ ഈ വൃത്തത്തെ പ്രാപ്തമാക്കുന്നു. തുള്ളലിന്റെ വേഷരീതിക്കു വ്യത്യാസമുള്ളതു പോലെ ചൊല്ലുന്ന രീതിയിലും വ്യത്യാസമുണ്ട്. ഓട്ടൻ വേഗത്തിലും പറയൻ പതിഞ്ഞമട്ടിലും ശീതങ്കൻ മധ്യനിലയിലും ചൊല്ലുന്നു.

**ലക്ഷണം**

*ദ്വിമാത്രം ഗണമെട്ടെണ്ണം*
*യതിമദ്ധ്യം തരംഗിണി"*

രണ്ട് മാത്രയുള്ള എട്ട് ഗണം ഒരു പാദത്തിൽ വരികയും മദ്ധ്യത്തിൽ യതി ഉണ്ടായിരിക്കുകയും ചെയ്താൽ തരംഗിണി വൃത്തം ആണ്. സംസ്കൃതത്തിൽ ഈ വൃത്തം മാത്രാവൃത്തത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഇങ്ങനെ ഒരു ലക്ഷണവും പേരും സംസ്കൃതവൃത്തശാസ്ത്രത്തിലില്ല. കോവുണ്ണിനെടുങ്ങാടി കേരളകൗമുദിയിൽ ഇതിനെ 'ഓട്ടൻ' എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.

**ഉദാഹരണം**

*അണി/മതി/കല/യും/സുര/വാ/ഹിനി/യും*
*ഫണി/പതി/ഗണ/ഫണ/മണി/കളു/മണി/യും*

### 4.3.4.2 ഊനതരംഗിണി

**ലക്ഷണം**

*രണ്ടാംപാദേ ഗണം രണ്ടു കുറഞ്ഞൂനതരംഗിണി*

തരംഗിണിയുടെ രണ്ടാമത്തെ വരിയിൽ രണ്ടുഗണം നാലു മാത്ര കുറഞ്ഞതാണ് ഊനതരംഗിണി.

**ഉദാഹരണം**

*പണ്ടൊരു നവഗുണപരിമളനാകും*
*പ്രസിദ്ധരാജകുമാരൻ*

തരംഗിണിക്ക് ഊനത വന്നാൽ ഊനതരംഗിണിയാകും.

കേരളപാണിനി പറഞ്ഞതു പോലെ ഊനതരംഗിണി ഒന്നല്ല ഭാഷയിൽ നിരവധിയുണ്ട്. മാത്ര 16, 14 എന്നിങ്ങനെ വരുന്നതിന് ഉദാഹരണം.

*ഭജഗോവിന്ദം ഭജഗോവിന്ദം*
*ഗോവിന്ദം ഭജമൂഢമതേ*

16, 10 എന്നീ ക്രമത്തിൽ മാത്ര വരുന്നതിന് ഉദാഹരണം.

*കാമിനി രൂപിണി ശീലവതീമണി*
*ഹേമാമോദസമാ?*

കവി മനസിന്റെ ഭാവനയ്ക്കനുസരിച്ച് ഊനതരംഗിണി പലമട്ടിലുമാകാം.

## 4.3.5 ഗാഥാവൃത്തം

### 4.3.5.1 മഞ്ജരി

ഗാഥാപ്രസ്ഥാനത്തിലുണ്ടായ പ്രഥമഗണനീയമായ കൃതിയാണ് കൃഷ്ണഗാഥ. ചെറുശ്ശേരി നമ്പൂതിരി കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് മഞ്ജരി വൃത്തത്തിലാണ്. അതിനാൽ മഞ്ജരി ഗാഥാവൃത്തം എന്ന പേരിലും അറിയപ്പെടുന്നു.

**ലക്ഷണം**

*ശ്ലഥകാകളിവൃത്തത്തിൽ*
*രണ്ടാം പാദത്തിലന്ത്യമാം*
*രണ്ടക്ഷരം കുറച്ചീടിലതു മഞ്ജരിയായിടും*

ശ്ലഥം പദത്തിനർത്ഥം അയഞ്ഞത് എന്നാണ്. കാകളി വൃത്തത്തിന്റെ നിയമത്തിൽ അയവുവരുത്തിയതാണ് ശ്ലഥകാകളി. കാകളിയിൽ മഗണം വരാൻ പാടില്ല. എന്നാൽ ശ്ലഥകാകളിയിൽ മഗണം ആകാം. ഒരു ഗണത്തിൽ മാത്ര ആറ് ആകാം എന്നർത്ഥം. ശ്ലഥകാകളിയിലെ രണ്ടാമത്തെ പാദത്തിൽ രണ്ടക്ഷരം കുറയുന്നത് മഞ്ജരി. അതായത് ഒന്നാംപാദത്തിൽ കാകളിയിലേതുപോലെ പന്ത്രണ്ട് അക്ഷരവും രണ്ടാം പാദത്തിൽ പത്തക്ഷരവും എന്നു ചുരുക്കം.

**ഉദാഹരണം**

*മേനകാ മുൻപായ മാനിനിമാരുടെ*
*മേനിയെ നിർമ്മിക്കാൻ മാതൃകയായ്*

രണ്ടാംപാദത്തിൽ രണ്ടാമത്തെ ഗണം മഗണം

## 4.3.6 വഞ്ചിപ്പാട്ട്‌വൃത്തം

### 4.3.6.1 നതോന്നത

ഒരു ഭാഷാവൃത്തമാണ് നതോന്നത. ഈ വൃത്തം പ്രധാനമായും വഞ്ചിപ്പാട്ടിനാണ് ഉപയോഗിക്കുന്നത്. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടാണ് നതോന്നത വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഏറ്റവും പ്രശസ്തമായ കൃതി. കുമാരനാശാന്റെ കരുണ ഇതേ വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള മറ്റൊരു കൃതിയാണ്.

**ലക്ഷണം**

*ഗണംദ്വ്യക്ഷരമെട്ടെണ്ണമൊന്നാം*
*പാദത്തിൽ മറ്റതിൽ*
*ഗണമാറര; നിൽക്കേണം*
*രണ്ടുമെട്ടാമതക്ഷരേ,*
*ഗുരുതന്നെയെഴുത്തെല്ലാമിശ്ശീലിൻപേർ*
*നതോന്നതാ*

ആദ്യവരിയിൽ രണ്ടക്ഷരം വീതമുള്ള എട്ടു ഗണം, രണ്ടാംവരിയിൽ രണ്ടക്ഷരമുള്ള ഗണം ആറര; രണ്ടു വരിയിലും എട്ടക്ഷരം കഴിഞ്ഞ് യതി. അക്ഷരങ്ങളെല്ലാം ഗുരുതന്നെ ഇതാണ് നതോന്നത.

**ഉദാഹരണം**

*പോരാ/പോരാ/നാളിൽ / നാളിൽ /*
*ദൂര/ ദൂര/മുയ/രട്ടേ/*
*ഭാര/തക്ഷ് മാ/ദേവി/യുടെ*
*തൃപ്പ/താക/കൾ*

**മറ്റൊരുദാഹരണം**

*കെൽപോടെല്ലാ ജനങ്ങൾക്കും*
*കേടുതീരത്തക്കവണ്ണം*
*എപ്പോഴുമന്നദാനവും*
*ചെയ്തുചെഞ്ചെമ്മേ*

## Recap

- കിളിപ്പാട്ടുപ്രസ്ഥാനത്തിലെ പ്രധാനവൃത്തങ്ങളിലൊന്നാണ് കാകളി
- താളവും മാത്രയുമാണ് കിളിപ്പാട്ടുവൃത്തങ്ങളുടെ ജീവൻ
- കാകളിയുടെ രണ്ടുവരികളിലും ഒടുവിലത്തെ ഗണത്തിൽ ഒരക്ഷരം വീതം കുറയുന്നതാണ് ദ്രുതകാകളി
- ദ്രുതകാകളിക്ക് പാനവൃത്തമെന്നും പേരുണ്ട്
- പ്രചുരപ്രചാരമുള്ള ഭാഷാവൃത്തമാണ് തരംഗിണി
- തുള്ളൽകൃതികളിൽ ഉപയോഗിച്ചുവരുന്നതിനാൽ തരംഗിണിയെ തുള്ളൽ വൃത്തമെന്ന് പറയുന്നു
- തരംഗിണിവൃത്തത്തിന്റെ ദ്രുതഗതിയിലുള്ള ചൊൽവടിവ് വീരരൗദ്രഹാസ്യരസങ്ങൾ പ്രതിഫലിപ്പിക്കാൻ പ്രാപ്തമാക്കുന്നു
- ഭാഷാവൃത്തങ്ങളിൽ സംഗീതാത്മകതയ്ക്കാണു പ്രാധാന്യം
- ഭാഷാവൃത്തങ്ങളിൽ സംഗീതാത്മകത കൂടുതലുള്ള വരികൾ താളത്തിനനുസരിച്ച് ഗണം തിരിക്കുന്നു
- പ്രധാനമായും വഞ്ചിപ്പാട്ടിന് ഉപയോഗിക്കുന്ന ഒരു ഭാഷാവൃത്തമാണ് നതോന്നത
- രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടാണ് നതോന്നത വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഏറ്റവും പ്രശസ്തമായ കൃതി
- കുമാരനാശാന്റെ കരുണ നതോന്നതവൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണ്
- ഗാഥാപ്രസ്ഥാനത്തിലുണ്ടായ പ്രഥമഗണനീയമായ കൃതിയാണ് കൃഷ്ണഗാഥ
- കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് മഞ്ജരിവൃത്തത്തിലാണ്
- മഞ്ജരി ഗാഥാവൃത്തം എന്ന പേരിൽ അറിയപ്പെടുന്നു

## Objective Questions

1. ഭാഷാവൃത്തങ്ങളുടെ പ്രധാന പ്രത്യേകതകൾ എന്തെല്ലാം?
2. സംസ്കൃതവൃത്തങ്ങളുടെ സവിശേഷതകളെന്തെല്ലാം?
3. പ്രധാന കിളിപ്പാട്ടുവൃത്തം ഏത്?
4. പാനവൃത്തമെന്നറിയപ്പെടുന്ന വൃത്തമേത്?

5. തുള്ളൽപ്പാട്ടുവൃത്തം ഏതാണ്? പ്രത്യേകതയെന്ത്?
6. ഭാഷാവൃത്തങ്ങളിൽ എന്തിനാണ് പ്രാധാന്യം?
7. പ്രധാനമായും വഞ്ചിപ്പാട്ടിന് ഉപയോഗിക്കുന്ന ഭാഷാവൃത്തമേത്?
8. നതോന്നത വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള ഏറ്റവും പ്രശസ്തമായ കൃതിയേത്?
9. കുമാരനാശാന്റെ കരുണ ഏതു വൃത്തത്തിൽ എഴുതപ്പെട്ടിട്ടുള്ള കൃതിയാണ്?
10. ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് ഏത് വൃത്തത്തിലാണ്?
11. മഞ്ജരിയെ ഏതു പേരിൽ അറിയപ്പെടുന്നു?
12. പ്രധാന കിളിപ്പാട്ടുവൃത്തങ്ങൾ ഏതെല്ലാം?

## Answers

1. ദ്രാവിഡവൃത്തങ്ങളെയാണ് ഭാഷാവൃത്തങ്ങൾ എന്നു പറയുന്നത്. ഭാഷാവൃത്തത്തിൽ ഈരടികളാണുള്ളത്. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷയായതിനാൽ ഈരടികൾ തമിഴിലെപോലെ ഗാനരീതിക്കു ചേരുന്നവയാണ്. അനുയോജ്യമായ താളമിട്ടുപാടുന്നവയാണ് ഭാഷാകവിതകൾ.
2. സംസ്കൃതശ്ലോകങ്ങൾ പലതും ഗാനാത്മകമല്ല. സംസ്കൃതത്തിൽ ഗുരു ലഘുനിയമമോ മാത്രാനിയമമോ അക്ഷരനിയമമോ ഉണ്ടായിരിക്കും.
3. കാകളി
4. ദ്രുതകാകളി
5. തരംഗിണി, ഈ വൃത്തത്തിന്റെ ദ്രുതഗതിയിലുള്ള ചൊൽവടിവ് വീരരൗദ്രഹാസ്യരസങ്ങൾ പ്രതിഫലിപ്പിക്കാൻ പ്രാപ്തമാക്കുന്നു.
6. ഭാഷാവൃത്തങ്ങളിൽ സംഗീതാത്മകതയ്ക്കാണു പ്രാധാന്യം.
7. നതോന്നത
8. രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട്
9. നതോന്നതവൃത്തത്തിൽ
10. മഞ്ജരി
11. ഗാഥാവൃത്തം എന്ന പേരിൽ
12. കാകളി, കളകാഞ്ചി, മണികാഞ്ചി, മിശ്രകാകളി, ഊനകാകളി, ദ്രുതകാകളി, അന്നനട, കേക

## Assignments

1. സംസ്കൃതവൃത്തങ്ങളെ സംബന്ധിച്ചിടത്തോളം ഏതെല്ലാം അക്ഷരങ്ങളെയാണ് ഗുരുവായി പരിഗണിക്കേണ്ടത്? ചർച്ച ചെയ്യുക
2. പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിന്റെ വഴിക്കുതാൻ – ശരിയോ? വിലയിരുത്തുക
3. ഭാഷാവൃത്തങ്ങളുടെ അടികൾക്ക് പരിധി നിർണയിക്കാനാവില്ല. അവസാനിക്കുന്നതിനും നിയമമില്ല ശരിയോ? ചർച്ച ചെയ്യുക

4. കേകവൃത്തത്തിന് എ.ആർ. രാജരാജവർമ്മ നിർദ്ദേശിച്ച ലക്ഷണം ഏത്? ഉദാഹരണ സഹിതം വിശദീകരിക്കുക.
5. സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ വിലയിരുത്തുക
6. കിളിപ്പാട്ടു വൃത്തങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുക

## Suggested Reading

1. പ്രൊഫ. ഗോപിക്കുട്ടൻ, വൃത്താലങ്കാരസംഗ്രഹം, ഡി.സി ബുക്സ്, കോട്ടയം.
2. പി. നാരായണക്കുറുപ്പ്, മലയാളവൃത്തപഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ.കെ. വാദ്ധ്യാർ, വൃത്തവിചാരം, എൻ. ബി. എസ്, കോട്ടയം.

## Reference

1. എ.ആർ. രാജരാജവർമ്മ, വൃത്തമഞ്ജരി, കറന്റ് ബുക്സ്, കോട്ടയം.
2. കുട്ടികൃഷ്ണമാരാർ, വൃത്തശില്പം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഡോ. ടി.വി. മാത്യു, വൃത്തശാസ്ത്രം, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. അപ്പൻ തമ്പുരാൻ, ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, കേരളോദയം പ്രസ്സ്, തൃശൂർ.



SREENARAYANAGURU OPEN UNIVERSITY

BLOCK 1

# യൂണിറ്റ് 4

# അലങ്കാരപരിചയം

## Learning Outcomes

- അലങ്കാരം എന്തെന്ന് മനസിലാക്കുന്നു
- അലങ്കാരത്തെപ്പറ്റിയുള്ള വിവിധ നിർവചനങ്ങൾ പരിചയപ്പെടുന്നു
- അലങ്കാരങ്ങളുടെ സജാത്യവൈജാത്യങ്ങൾ മനസിലാക്കുന്നു
- അലങ്കാരസംഖ്യയിലെ ഭേദങ്ങൾ മനസിലാക്കുന്നു
- അലങ്കാര വർഗീകരണം ഗ്രഹിക്കുന്നു
- അർഥാലങ്കാരങ്ങളെക്കുറിച്ച് അറിയുന്നു
- ശബ്ദാലങ്കാരത്തെക്കുറിച്ച് മനസിലാക്കുന്നു
- അതിശയം, സാമ്യം എന്നീ അലങ്കാരങ്ങളെ പരിചയപ്പെടുന്നു
- വാസ്തവം, ശ്ലേഷം എന്നീ അലങ്കാരങ്ങളെ അപഗ്രഥിക്കുന്നു

## Prerequisite

### അലങ്കാരം

ഭാരതീയസാഹിത്യം എന്ന പേരിൽ അറിയപ്പെടുന്ന പൗരസ്ത്യസാഹിത്യത്തിനെ അലങ്കാര ശാസ്ത്രം എന്നും, ഇത് വ്യാഖ്യാനിച്ചവരെ ആലങ്കാരികൻമാർ എന്നുമാണ് നാം വിവക്ഷിച്ചിരുന്നത്. സാഹിത്യത്തിൽ അലങ്കാരത്തിൽ ഉണ്ടായിരുന്ന പ്രാധാന്യത്തെയാണ് ഇത് വ്യക്തമാക്കുന്നത്. സൗന്ദര്യമലങ്കാരഃ എന്ന ചൊല്ലുതന്നെ ഇക്കാര്യം അടിവരയിടുന്നു. സാഹിത്യസംബന്ധമായി ആദ്യത്തെ ആധികാരികഗ്രന്ഥമായി കണക്കാക്കപ്പെടുന്ന ഭരതമുനിയുടെ നാട്യശാസ്ത്രം മുതൽ അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദം വരെയുള്ള കൃതികളിൽ അലങ്കാരവൈവിധ്യത്തെപ്പറ്റി നിരവധി പരാമർശങ്ങളുണ്ട്. വിവിധ ആലങ്കാരികന്മാരുടെ അലങ്കാരത്തെപ്പറ്റിയുള്ള പരാമർശങ്ങളും, വ്യാഖ്യാനങ്ങളും സൂചിപ്പിച്ചുകൊണ്ട് എ.ആർ. രാജരാജവർമ്മ എഴുതിയ ഭാഷാഭൂഷണത്തിലെ പ്രാധപ്പെട്ട അലങ്കാരങ്ങൾ ലക്ഷ്യലക്ഷണം ചെയ്ത് വിശദമാക്കുകയാണ് ഈ യൂണിറ്റിൽ. സുപ്രധാനമായ ചില അലങ്കാരങ്ങളുടെ സാജാത്യവൈജാത്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### അലങ്കാര നിർവചനം

അലങ്കരിക്കുന്നത് അലങ്കാരം. കാവ്യശരീരമായ ശബ്ദാർത്ഥങ്ങൾക്ക് ആഹാര്യശോഭ ജനിപ്പിക്കുന്നത് അലങ്കാരം എന്ന് ആശയം. "കാവ്യശോഭാകരാൻ ധർമ്മാനലങ്കാരാൻ പ്രചക്ഷതേ'' എന്നു ആചാര്യ ദണ്ഡിയും, 'കാവ്യം ഗ്രാഹ്യമലങ്കാരാത് "സൗന്ദര്യമലങ്കാര'': എന്ന് വാമനാചാര്യനും, അലങ്കാരത്തെ നിർവചിച്ചിട്ടുണ്ട്. മനുഷ്യശരീരത്തിന് ഹാരാദി ആഭരണങ്ങൾ പോലെ കാവ്യശരീരത്തിന് ശോഭാദായകങ്ങൾ ആയ ധർമ്മങ്ങൾ ആണ് അലങ്കാരങ്ങൾ. ചമത്കാരം - രസികത - ഹൃദയാഹ്ലാദം - ജനിപ്പിക്കുകയാണ് അലങ്കാരത്തിന്റെ ലക്ഷ്യം. ഉപമ,

ഉത്പ്രേക്ഷ തുടങ്ങിയവ അർത്ഥത്തിനും യമകം, അനുപ്രാസം തുടങ്ങിയവ ശബ്ദത്തിനും ചമത്ക്കാരം ഉളവാക്കുന്നു. യാസ്കൻ നിരുക്തത്തിൽ ഉപമ എന്നൊരലങ്കാരത്തെപ്പറ്റി പ്രസ്താവിച്ചതാണ് കാവ്യത്തിൽ അലങ്കാരത്തിന്റെ ആദിമചരിത്രം. അലങ്കാരങ്ങളുടെ മാതാവ് ഉപമയാണ്. ഉപമയുടെ ഈറ്റില്ലത്തിൽ പിറന്നു വളർന്നവയാണ് മറ്റലങ്കാരങ്ങൾ അധികവും. 'ഉപമ എന്ന നർത്തകി പല വേഷങ്ങൾ അണിഞ്ഞ്' കാവ്യരംഗത്ത് നൃത്തം വയ്ക്കുന്നതായി ചിത്രമീമാംസയിൽ അപ്പയ്യദീക്ഷിതർ പ്രസ്താവിച്ചിട്ടുണ്ട്. യാസ്കനുശേഷം ഭരതൻ ഉപമ, രൂപകം, ദീപകം, യമകം എന്നു നാലലങ്കാരങ്ങൾ കാവ്യത്തിലുണ്ടെന്നു ചൂണ്ടിക്കാണിച്ചു. ഭാമഹൻ, ദണ്ഡി, വാമനൻ, ഉദ്ഭടൻ, രുദ്രടൻ തുടങ്ങിയവർ വൈചിത്ര്യഭംഗികളോടെ നൂതനാലങ്കാരങ്ങൾ പലതും വാർത്തെടുത്തു. ഭാരതീയ സാഹിത്യത്തിലുള്ളമാതിരി ഉക്തി വൈചിത്ര്യങ്ങൾ - അലങ്കാരങ്ങൾ - ലോകത്ത് മറ്റൊരു സാഹിത്യത്തിലും ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്.

അലങ്കാരശാസ്ത്രത്തിൽ പ്രഥമഗണനീയൻ ഭാമഹനാണ്. ഭാമഹന്റെ കാവ്യാലങ്കാരമാണ് അലങ്കാരശാസ്ത്രത്തിലെ ആദ്യഗ്രന്ഥം. വനിതാമുഖം ആകർഷകമാണെങ്കിലും അലങ്കാരമില്ലെങ്കിൽ ശോഭിക്കുകയില്ല (നകാന്തമപി നിർഭൂഷം ; വിഭാതി വനിതാനനം) എന്ന് ഭാമഹൻ പറയുമ്പോൾ കാവ്യത്തിൽ അലങ്കാരത്തിന് അദ്ദേഹം നൽകുന്ന പ്രാധാന്യം വ്യക്തമാണ്. അലങ്കാരങ്ങളെ പ്രത്യേകം വിഭജിക്കാതെ മുപ്പത്തൊമ്പത് അലങ്കാരങ്ങൾക്ക് ഭാമഹൻ ലക്ഷ്യലക്ഷണം നിർവഹിച്ചിരിക്കുന്നു. ദോഷങ്ങൾ ഒഴിവാക്കുകയും ഗുണങ്ങളും ഉപമ തുടങ്ങിയ അലങ്കാരങ്ങളും ചേർക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന സൗന്ദര്യത്തെയാണ് വാമാനാചാര്യൻ അലങ്കാരമെന്ന് വിളിച്ചത്. ഭാരതീയ സാഹിത്യകാരന്മാരിൽ അലങ്കാരത്തെ വൈപുല്യത്തോടുകൂടി സമീപിച്ചത് വാമനനാണ്. സൗന്ദര്യമലങ്കാരഃ എന്നതായിരുന്നു വാമന മതം.

## Keywords

അലങ്കാരം - വർഗീകരണം -ശബ്ദാലങ്കാരം - അർത്ഥാലങ്കാരം - അതിശയം - സാമ്യം- വാസ്തവം - ശ്ലേഷം - ഉപമ - ഉൽപ്രേക്ഷ - സസന്ദേഹം - പ്രതിവസ്തൂപമ - ദൃഷ്ടാന്തം - നിദർശന- ദീപകം - അർത്ഥാന്തരന്യാസം - അപ്രസ്തുത പ്രശംസ - രൂപകാതിശയോക്തി - ഉല്ലേഖം - അർത്ഥാപത്തി - കാവ്യലിംഗം - ഉദാത്തം - വിഷമം - ശ്ലേഷം - അനുപ്രാസം - യമകം

## Discussion

### 4.4.1 അലങ്കാര പരിചയം

അലങ്കാരശാസ്ത്രത്തിൽ പ്രമാണികനായ വ്യക്തിത്വത്തിനുടമയാണ് രുദ്രടൻ. കാവ്യാലങ്കാരം എന്നാണ് രുദ്രടന്റെ ഗ്രന്ഥത്തിന്റെ പേര്. ശബ്ദാർത്ഥം കാവ്യം എന്ന കാവ്യത്തെ നിർവചിക്കുന്ന രുദ്രടനാണ് അലങ്കാരത്തെ നാലായി തിരിക്കുന്നത്. വാസ്തവം, ഔപമ്യം, അതിശയം, ശ്ലേഷം എന്നിങ്ങനെയായിരുന്നു രുദ്രടന്റെ അലങ്കാരവിഭജനം. എ.ആർ. രാജരാജവർമ്മ ഭാഷാഭൂഷണത്തിൽ

*ഓർത്താലതിശയം, സാമ്യം*
*വാസ്തവം, ശ്ലേഷമിങ്ങനെ*
*അലങ്കാരങ്ങളെത്തീർപ്പാൻ*
*നാലുതാനിഹ സാധനം*

എന്നിങ്ങനെ അലങ്കാര വിഭജനം നടത്തിയത് രുദ്രടന്റെ പാത സ്വീകരിച്ചാണ്. അലങ്കാര സംഖ്യാഭേദങ്ങൾ രുദ്രടന്റെ ഗ്രന്ഥത്തിൽ 68 എണ്ണമാണ്.

## 4.4.2 അർത്ഥാലങ്കാരങ്ങളും ശബ്ദാലങ്കാരങ്ങളും

രുദ്രടനാണ് ശബ്ദാലങ്കാരം അർത്ഥാലങ്കാരം എന്നിങ്ങനെ അലങ്കാരങ്ങളെ രണ്ടു വിഭാഗങ്ങളാക്കിയത്. ചമത്കാരത്തിനു കാരണമായ അതിശയം, സാമ്യം, ശ്ലേഷം, വാസ്തവം എന്നിവയെ അടിസ്ഥാനമാക്കി അർത്ഥാലങ്കാരങ്ങളെ വീണ്ടും വിഭജിച്ചതും രുദ്രടനാണ്. ഏ. ആർ. രാജരാജവർമ്മ കൂവലയാനന്ദത്തെ പിന്തുടർന്ന് ഭാഷാഭൂഷണത്തിലൂടെ അലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണങ്ങൾ നിർദ്ദേശിക്കുകയും രുദ്രടനെ മാതൃകയാക്കുകയും ചെയ്തു.

നാട്യശാസ്ത്രത്തിൽ ഭരതമുനി മുഖ്യമായും ഉപമ, രൂപകം, ദീപകം, യമകം എന്നീ നാലലങ്കാരങ്ങളയാണ് നിർദ്ദേശിച്ചിരിക്കുന്നത്. തുടർന്ന് വന്ന രുയ്യകൻ, ഉദ്ഭടൻ, രുദ്രടൻ എന്നിവരും അലങ്കാരങ്ങളെ ഇത്തരത്തിലാണ് വിഭജനം നടത്തിയിരിക്കുന്നത് എന്ന് കണ്ടെത്താൻ സാധിക്കുന്നു. സംസ്കൃത അലങ്കാരഗ്രന്ഥങ്ങളെ ഉപയോഗിച്ചുകൊണ്ട് മലയാളത്തിൽ രചിക്കപ്പെട്ട അലങ്കാരശാസ്ത്രഗ്രന്ഥമായ ഭാഷാഭൂഷണത്തിൽ അലങ്കാരശാസ്ത്രവിഷയങ്ങൾ പൂർണമായും ഉൾക്കൊള്ളുന്ന രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യശരീരത്തിൽ ആഭരണങ്ങൾ എന്നപോലെ കാവ്യത്തിൽ അലങ്കാരങ്ങൾ ബാഹ്യവും അനിത്യവുമാണെന്നും വാച്യവാചകങ്ങളാകുന്ന അംഗങ്ങളെ അലങ്കരിക്കുന്നതുവഴി കാവ്യാത്മകമായ രസത്തെ പോഷിപ്പിക്കുകയാണ് അലങ്കാരങ്ങളുടെ ധർമ്മമെന്ന് ഭാഷാഭൂഷണത്തിൽ പറയുന്നു

## 4.4.3 അലങ്കാര വർഗീകരണം

ഉപമ, രൂപകം, ദീപകം യമകം എന്ന നാല് അലങ്കാരമാണ് നാട്യശാസ്ത്രത്തിൽ ഭരതമുനി മുഖ്യമായി നിർദേശിച്ചിരിക്കുന്നത്. കാലം മുന്നോട്ടുപോയപ്പോൾ കാവ്യസൗന്ദര്യതത്വം തേടിപ്പോയ ആലങ്കാരികന്മാർ പുതുരൂപങ്ങളാർന്ന അലങ്കാരങ്ങൾ പലതും കണ്ടെത്തി. അങ്ങനെ ഭാമഹൻ, ദണ്ഡി, ഉദ്ഭടൻ മുതലായവരുടെ കാലമാകുമ്പോഴേക്കും അലങ്കാര സംഖ്യ ഏറെ വർദ്ധിച്ചു. കാവ്യാലങ്കാരമെന്ന ഗ്രന്ഥത്തിലൂടെ ചിരപ്രതിഷ്ഠ നേടിയ രുദ്രടനാണ് അലങ്കാര വർഗീകരണത്തിന് ആദ്യം ശ്രമിച്ചത്. എ.ആർ. രാജരാജവർമ്മയുടെ ഭാഷാഭൂഷണത്തിലൂടെ രുദ്രടന്റെ വർഗീകരണതന്ത്രം മലയാളി സമൂഹം പരിചയപ്പെട്ടു. രുദ്രടന്റെ വർഗീകരണം കുറ്റമറ്റതാണ് എന്ന് പറയുക സാധ്യമല്ല. അവ്യാപ്തിയും അതിവ്യാപ്തിയുമെല്ലാം അതിൽ അല്പാല്പമായി കണ്ടെത്താനാകും. എങ്കിലും വളരെ സൗകര്യപ്രദമായ അലങ്കാരവർഗീകരണമാണത്.

*ശബ്ദാർത്ഥങ്ങളിൽവച്ചൊന്നിൽ*
*വാച്യമായിട്ടിരുന്നിടും*
*ചമത്കാരം ചമയ്ക്കുന്ന*
*മട്ടലങ്കാരമായത്*

എന്നാണ് ഭാഷാഭൂഷണകാരൻ അലങ്കാരത്തിന് ലക്ഷണ നിർവചനം നൽകിയിട്ടുള്ളത്. തങ്കം കൊണ്ട് തട്ടാൻമാർ ആഭരണങ്ങൾ അണിയിച്ചു അംഗനമാരെ സൗന്ദര്യവതികളാക്കുന്നത് പോലെ കവികൾ കാവ്യശരീരത്തിൽ അലങ്കാരങ്ങൾ നൽകി ബാഹ്യവും അനിത്യവുമായി കാവ്യാത്മകമായ രസത്തെ പോഷിപ്പിക്കുന്നു. പ്രാചീനനായ രുദ്രടാചാര്യനെ പിൻതുടർന്ന് എ. ആർ. അലങ്കാരങ്ങളെ സാമ്യം, അതിശയം, വാസ്തവം, ശ്ലേഷം എന്ന് വിഭജിക്കുന്നു.

*വർണ്ണ്യമാമൊന്നിനെ നന്നായ്*
*വർണ്ണിപ്പാനതുപോലിത്*
*എന്നു വേറൊന്നിനെച്ചൂണ്ടി-*
*ച്ചൊന്നീടുന്നതു സാമ്യമാം*

വർണ്ണ്യവസ്തുവിനെ (പ്രസ്തുതത്തെ)പ്പറ്റി പറയുമ്പോൾ അവർണ്യ (അപ്രസ്തുത) വസ്തുവിനെ ചൂണ്ടി അതുപോലെതന്നെ ഇതും എന്നു പറയുന്ന വിഭാഗത്തിലുള്ള അലങ്കാരങ്ങളാണ് സാമ്യോക്തിയിലുള്ളത്.

*ചൊല്ലുള്ളതിൽ കവിഞ്ഞുള്ള-*
*തെല്ലാമതിശയോക്തിയാം*
*തെല്ലിതിൻ സ്പർശമില്ലാതെ*
*യില്ലലങ്കാരമൊന്നുമേ*

എന്നാണ് അതിശയോക്തിയെപ്പറ്റി സൂചിപ്പിക്കുന്നത്. അതായത് അതിശയോക്തിയുടെ സ്പർശമില്ലാത്ത അലങ്കാരങ്ങളൊന്നുമില്ലെന്നർത്ഥം.

*ഏറ്റക്കുറച്ചിലെന്യേതാ-*
*നർത്ഥപുഷ്ടി വരുംവിധം*
*വസ്തുസ്ഥിതികളെച്ചൊല്ക*
*വാസ്തവോക്തിയതായത്*

ഉള്ളതിൽ കവിഞ്ഞോ, കുറയാതെയോ വർണ്യ വസ്തുവിനെപ്പറ്റി യഥാർത്ഥ കഥനം നടത്തുന്ന അലങ്കാരമാണ് വാസ്തവോക്തി.

*രണ്ടുകായ് കളോരോ ഞെട്ടി-*
*ലുണ്ടാകും പോലെ ഭാഷയിൽ*
*ഒരേ ശബ്ദത്തിലർത്ഥം ര-*
*ണ്ടുരച്ചാൽ ശ്ലേഷമാമത്*

എന്നതാണ് ശ്ലേഷോക്തിയുടെ കാരിക. ഒരു ഞെട്ടിൽ രണ്ടു ഫലങ്ങൾ ഉണ്ടാകുന്നത് പോലെ ഒരു ശബ്ദത്തിൽ രണ്ടർഥം ഉണ്ടാകുന്ന തരത്തിലുള്ള അലങ്കാരമാണ് ശ്ലേഷോക്തി.

## 4.4.4 സാമ്യോക്തി വിഭാഗം

### 4.4.4.1 ഉപമ

അലങ്കാരങ്ങളുടെ മാതാവെന്നാണ് ഉപമയെ വിശേഷിപ്പിക്കുന്നത്. ഭരതമുനി നാട്യശാസ്ത്രത്തിൽ പരാമർശിക്കുന്ന നാലു അലങ്കാരങ്ങളിൽ ഒന്ന് ഉപമയാണ്. ഉപമയാകുന്ന നർത്തകി സാഹിത്യമാകുന്ന നൃത്തമണ്ഡപത്തിലേക്ക് പലവിധ വേഷങ്ങൾ അണിഞ്ഞ് നൃത്തം ചെയ്യുന്നു എന്ന് ഏകാലങ്കാരവാദിയായ അപ്പയ്യദീക്ഷിതർ അഭിപ്രായപ്പെടുന്നുണ്ട്.

*ഒന്നിനൊന്നോടു സാദൃശ്യം*
*ചൊന്നാലുപമയാമത്*

ഒരു വസ്തുവിന് മറ്റൊന്നിനോട് ചമൽക്കാരം തോന്നും വിധം സാദൃശ്യം ചൊല്ലുന്നതാണ് ഉപമ എന്ന അലങ്കാരം.

*മന്നവേന്ദ്ര! വിളങ്ങുന്നു*
*ചന്ദ്രനെപ്പോലെ നിൻമുഖം"*

എന്നാണ് ഭാഷാഭൂഷണത്തിലെ ഉദാഹരണം. മന്നവേന്ദ്രൻ(രാജാവ്) ചന്ദ്രൻ എന്നിങ്ങനെ രണ്ടു വസ്തുക്കളാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഇവയുടെ ധർമ്മത്തിൽ പല കാര്യത്തിൽ വ്യത്യാസമുണ്ടെങ്കിലും ചിലകാര്യങ്ങളിൽ സാദൃശ്യവുമുണ്ടാകാം. ഈ സാദൃശ്യമാണ് ഉപമയ്ക്കടിസ്ഥാനം. പൂർണോപമയിൽ നാലു ഘടകങ്ങളാണുള്ളത്. ഉപമേയം, ഉപമാനം, സാധാരണധർമ്മം, ഉപമാവാചകം.

എന്തിനെയാണോ ഉപമിക്കുന്നത് അത് ഉപമേയം. എന്തിനോടാണോ സാദൃശ്യപ്പെടുത്തുന്നത് അത് ഉപമാനം. ഉപമാനത്തിനും ഉപമേയത്തിനും തമ്മിലുള്ള തുല്യധർമ്മം സാധാരണധർമ്മം. സാദൃശ്യത്തെ കുറിക്കുന്ന പദമാണ് ഉപമാവാചകം. ഉദാഹരണത്തിൽ രാജാവിനെ ചന്ദ്രനോട് സാദൃശ്യപ്പെടുത്തുന്നു. ഇവിടെ രാജാവ് ഉപമേയം, ചന്ദ്രൻ ഉപമാനം. കാരണം രാജാവിനെ ചന്ദ്രനോടാണ് സാദൃശ്യപ്പെടുത്തുന്നത്. തിളങ്ങുക എന്നത് സാധാരണ ധർമ്മം. 'പോലെ' എന്ന പദം ഉപമാവാചകം. ഈ ഘടകങ്ങൾ നാലുമുള്ളതാണ് പൂർണ്ണോപമ. ഉപമയിലെ ഘടകങ്ങൾ ഓരോന്നായോ പലതായോ കുറഞ്ഞാൽ ലുപ്തോപമ ആകുന്നു.

ഉപമാനലുപ്ത, ധർമ്മലുപ്ത, വാചകലുപ്ത, ധർമ്മോപമാനലുപ്ത, ധർമ്മവാചകലുപ്ത, ധർമ്മോപമാനവാചകലുപ്ത എന്നിങ്ങനെ ആറുവിധം ലുപ്തോപമാനങ്ങളെപ്പറ്റി ഭാഷാഭൂഷണത്തിൽ പറയുന്നുണ്ട്. ഇതുകൂടാതെ പ്രതീപം, രശനോപമ, അനന്വയം, സാവയവോപമ, ഉപമേയോപമ, മാലോപമ എന്നിങ്ങനെയും ഉപമയ്ക്ക് വകഭേദങ്ങൾ ഉണ്ട്.

### 4.4.4.2 രൂപകം

**ലക്ഷണം**

*അവർണ്ണ്യത്തോടു വർണ്ണ്യത്തി-*
*ന്നഭേദം ചൊല്ക രൂപകം*

വർണ്ണ്യവസ്തുവും അവർണ്ണ്യവസ്തുവും തമ്മിലുള്ള സാദൃശ്യാധിക്യത്താൽ ഇവകൾ തമ്മിൽ അഭേദം കൽപിക്കുന്ന അലങ്കാരമാണ് രൂപകം. ഉപമാനത്തിന്റെ ധർമ്മം ഉപമേയത്തിൽ ആരോപിക്കുന്ന സ്വഭാവമാണിത്.

*കാലാഹിനാ പരിഗ്രസ്തമാം ലോകവു-*
*മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു*

എന്ന ഉദാഹരണത്തിൽ 'കാലാഹി' എന്ന പദത്തിൽ കാലത്തിനും അഹി(പാമ്പ്)ക്കും തമ്മിലുള്ളത് സാദൃശ്യാതിരേകത്താലുള്ള അഭേദമാണ്. കാലമാകുന്ന അഹി എന്ന വിഗ്രഹാർത്ഥമാണ് ഈ പദത്തിനുള്ളത്. ഉപമേയ ധർമ്മം മറയ്ക്കാതെ ഉപമേയത്തിൽ ഉപമാനത്തെ ആരോപിക്കുകയാണ് രൂപകത്തിൽ.

### 4.4.4.3 ഉൽപ്രേക്ഷ

അവർണ്ണ്യത്തിന്റെ ധർമ്മം വർണ്ണ്യത്തിൽ കണ്ടിട്ട് വർണ്ണ്യത്തെ അവർണ്ണ്യമായി സംഭാവനം ചെയ്യുന്നതാണ് ഉൽപ്രേക്ഷ. അതായത് വർണിക്കുന്ന കാര്യത്തിന് മറ്റൊന്നിന്റെ ധർമ്മവുമായി ചേർച്ച വരുന്നതിനാൽ അതുതന്നെയല്ലേ ഇത് എന്നു സംശയിക്കുന്നിടം വരെ എത്തിച്ചേരുന്ന കവിഭാവനയാണ് ഉൽപ്രേക്ഷ.

**ലക്ഷണം**

*മറ്റൊന്നിൻ ധർമ്മയോഗത്താ-*
*ലതുതാനല്ലയോ ഇത്*
*എന്നു വർണ്ണ്യത്തിലാശങ്ക*
*ഉൽപ്രേക്ഷാഖ്യയലംകൃതി*

**ഉദാഹരണം**

*ദർപ്പം കലർന്നുള്ള സർപ്പങ്ങളെല്ലാം തൻ-*
*മസ്തകംചാലേ പരത്തിനിന്നു;*
*വേവുറ്റു മേവുമക്കാനനം കൈകൊണ്ടു*
*പാവകൻ തന്നെ വിലക്കും പോലെ*
(കൃഷ്ണഗാഥ)

ഖാണ്ഡവം ദഹിക്കുന്ന സമയത്ത് ആ വനത്തിലുള്ള സർപ്പങ്ങൾ പത്തി വിടർത്തുന്നതും സങ്കല്പദൃഷ്ട്യാ ദർശിക്കുന്ന കവി, ആ ധർമ്മത്തെ കാട്, അഗ്നിയെ കൈകാട്ടി വിലക്കുന്നതായി സംഭാവനം ചെയ്തിരിക്കുന്നു.

**മറ്റൊരുദാഹരണം**

*മഞ്ഞത്തെച്ചിപൂങ്കുലപോലെ*
*മഞ്ജിമ വിടരും പുലർകാലേ*
*നിന്നൂ ലളിതേ നീയെൻമുന്നിൽ*
*നിർവൃതി തൻ പൊൻകതിർ പോലെ*

ചങ്ങമ്പുഴ മനസ്വിനി എന്ന കവിതയിൽ മനസ്വിനിയുടെ രൂപത്തെ നിർവൃതിയുടെ പൊൻകതിരാണോ എന്ന് സംശയിച്ചിരിക്കുന്നു.

ഫലോൽപ്രേക്ഷ, ഹേതുൽപ്രേക്ഷ, ധർമ്മ്യുൽപ്രേക്ഷ, ധർമ്മോൽപ്രേക്ഷ എന്നിങ്ങനെ ഉൽപ്രേക്ഷയ്ക്ക് വിഭാഗങ്ങളുണ്ട്.

### 4.4.4.4 സ്മൃതിമാൻ-ഭ്രാന്തിമാൻ-സസന്ദേഹം

ഉൽപ്രേക്ഷയ്ക്കും രൂപകത്തിനും തുല്യമായ മൂന്ന് അലങ്കാരമാണ് സ്മൃതിമാൻ-ഭ്രാന്തിമാൻ - സസന്ദേഹം എന്നിവ. അഭേദാരോപവും സംശയവുമാണിവിടെ ആധാരം. ഉപമാനം കാണുമ്പോൾ മറ്റൊന്നിനെ സ്മരിക്കുന്നത് സ്മൃതിമാൻ.

**ലക്ഷണം**

*സാദൃശ്യത്താൽ സ്മൃതിഭ്രാന്തി-*
*സന്ദേഹങ്ങൾ കഥിക്കുകിൽ*
*സ്മൃതിമാൻ, ഭ്രാന്തിമാൻ പിന്നെ*
*സസന്ദേഹവുമായിടും*

സാദൃശ്യത്താൽ ഉപമേയത്തെ ഉപമാനമാണെന്നു ഭ്രമിക്കുന്നതാണ് ഭ്രാന്തിമാൻ. തെറ്റിധാരണയാണിതിനടിസ്ഥാനമെന്ന തോന്നലുണ്ടാകുന്നു.

**ഉദാഹരണം**

*കോകി നിൻമുഖം കണ്ടു ചന്ദ്രനെന്നു ചിന്തിച്ചു*
*ഏകാന്തം വിരഹത്തെ ശങ്കിച്ചിതാ*
*ഏകലോചനം കൊണ്ടു കോപമോടു നിന്നെയും*
*ശോകമോടപരേണ നോക്കുന്നു പതിയെയും*

ഉത്തരാസ്വയംവരം ആട്ടക്കഥയിലെ പ്രസിദ്ധമായ 'ഏകലോചനം' എന്ന മനോധർമ്മമാടലിനു പശ്ചാത്തലമായ പദ്യഭാഗമാണിത്. നായികയുടെ മുഖം കണ്ടിട്ട് ചക്രവാകം ചന്ദ്രനാണോ എന്നു ഭ്രമിച്ചിരിക്കുന്നുവെന്നതാണ് ഇതിലെ ഭ്രാന്തിമാൻ അലങ്കാരത്തിന്റെ അടിസ്ഥാനം. ഉപമേയത്തെ ഒന്നിലധികം ഉപമാനങ്ങളായി സംഗ്രഹിക്കുന്ന അലങ്കാരമാണ് സസന്ദേഹം. സന്ദേഹത്തോടുകൂടിയത് എന്നാണ് സസന്ദേഹം എന്ന വാക്കിനർത്ഥം.

**ഉദാഹരണം**

*ഓമനത്തിങ്കൾക്കിടാവോ-*
*നല്ല കോമളത്താമരപ്പൂവോ*
*പൂവിൽ നിറഞ്ഞ മധുവോ*

*പരിപൂർണ്ണേന്ദുതന്റെ നിലാവോ*
*പുത്തൻ പവിഴക്കൊടിയോ-*
*ചെറു തത്തകൾ കൊഞ്ചും മൊഴിയോ*
*ചാഞ്ചാടിയാടും മയിലോ -*
*മൃദു പഞ്ചമം പാടും കുയിലോ*

ഇരയിമ്മൻ തമ്പിയുടെ പ്രസിദ്ധമായ താരാട്ടുപാട്ടാണിത്. ഇതിൽ 'കുഞ്ഞ്' എന്ന ഉപമേയത്തെ ഒന്നിലധികം കാര്യങ്ങളോട് സാദൃശ്യപ്പെടുത്തി സന്ദേഹിച്ചിരിക്കുന്നു.

## 4.4.4.5 പ്രതിവസ്തൂപമ

ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും ഒരേ സാധാരണ ധർമ്മം എടുത്തു പറയണം. പ്രതിവസ്തു എന്നാൽ പര്യായം. സാധാരണധർമ്മം രണ്ടു വാക്യത്തിലും പര്യായങ്ങളായി നിർദ്ദേശിച്ചിരിക്കും.

**ലക്ഷണം**

*അവർണ്യാവർണ്യവാക്യങ്ങൾ-*
*ക്കൊന്നാം ധർമത്തെ വേറെയായ്*
*നിർദ്ദേശിച്ചാലലങ്കാരം*
*പ്രതിവസ്തൂപമാഭിധം*

**ഉദാഹരണം**

*ശ്രീവഞ്ചിഭൂപനുള്ളപ്പോൾ*
*ശ്രീമാനപരനെന്തിന്*
*കാര്യമെന്തിഹ ദീപത്താൽ*
*കതിരോൻ കാന്തി ചിന്തവേ?*

വഞ്ചിഭൂപനേയും കതിരോനെയും ബിംബപ്രതിബിംബഭാവത്തിൽവെച്ചിട്ട് സാധാരണധർമ്മത്തെ 'എന്തിന്', 'കാര്യമെന്ത്' എന്നിങ്ങനെ പര്യായരൂപത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു.

*പക്ഷീന്ദ്രനുണ്ടു ഗരുഢനെന്നോർത്തിട്ടു*
*മക്ഷികക്കൂട്ടം മദിക്കും കണക്കിനെ*
*ശ്രീരാമദാസന്റെ വംശേജനിക്കയാൽ*
*പാരം നിനക്കുമഹംഭാവമിങ്ങനെ*

കല്യാണസൗഗന്ധികം തുള്ളലിലെ ഈ പദ്യഭാഗത്തിൽ വൃദ്ധവാനരനോടു ഭീമൻ പറയുന്നതാണിത്. ഗരുഢൻ പക്ഷികുലത്തിന്റെ രാജാവാണെന്ന് കരുതി ഈച്ച അഹങ്കരിക്കുന്നത് പോലെയാണ് ഹനുമാന്റെ പേരിൽ വൃദ്ധവാനരൻ അഹങ്കരിക്കുന്നതത്രേ! ഇവിടെ 'മദിക്കും കണക്കിനെ', 'അഹംഭാവമിങ്ങനെ' എന്ന് സാധാരണ ധർമ്മം പര്യായം കൊണ്ട് ആവർത്തിച്ചിരിക്കുന്നു.

## 4.4.4.6 ദൃഷ്ടാന്തം

ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും സാധാരണധർമ്മത്തെ കണ്ണാടിയിലെന്ന പോലെ ബിംബപ്രതിബിംബങ്ങളാക്കിപ്പറഞ്ഞാൽ അത് ദൃഷ്ടാന്തം.

**ലക്ഷണം**

*ദൃഷ്ടാന്തമതിനെബ്ബിംബ-*
*പ്രതിബിംബങ്ങളാക്കുകിൽ*

**ഉദാഹരണം**

*കീർത്തിശാലി ഭവാൻതന്നെ*
*കാന്തിശാലി സുധാംശുതാൻ*

വാക്യാർത്ഥഗതമായ സാധാരണധർമ്മത്തെ ബിംബപ്രതിബിംബങ്ങളാക്കി വർണിക്കുന്നത് ദൃഷ്ടാന്തം. വസ്തുവും അതിന്റെ പ്രതിബിംബവും രണ്ടാണെങ്കിലും സാദൃശ്യമുണ്ട്.

**മറ്റൊരുദാഹരണം**

*ദ്യുതിയിലിരുളെഴില്ല രാഗഭൂവാം*
*മതിയിൽ മലീമസശങ്കയങ്കുരിക്കാ*

കുമാരനാശാന്റെ ലീല എന്ന കാവ്യത്തിലെ ഈ ശ്ലോകഭാഗത്ത് ദ്യുതിയിലിരുളെഴില്ല (പ്രകാശമുള്ളിടത്ത് ഇരുട്ടുണ്ടാവില്ല) എന്ന ഉപമേയവാക്യത്തിനും രാഗഭൂവാം മതിയിൽ മലീമസശങ്കയങ്കുരിക്കാ (ആത്മാർത്ഥപ്രണയത്തിൽ ചതിയ്ക്കു സ്ഥാനമില്ല) എന്ന ഉപമാനവാക്യത്തിനും തമ്മിൽ ബിംബപ്രതിബിംബഭാവമാണ്.

## 4.4.4.7 നിദർശന

വർണ്യവസ്തുവിന്റെ ധർമ്മങ്ങൾക്കും അവർണ്യവസ്തുവിന്റെ ധർമ്മങ്ങൾക്കും അഭേദം കൽപിക്കുന്നത് നിദർശന. വസ്തുക്കൾക്ക് അഭേദം കല്പിക്കലല്ല, വിശിഷ്ടധർമ്മങ്ങൾ രണ്ടു വസ്തുവിലും കാണിക്കുന്ന വാക്യങ്ങൾക്ക് അഭേദം കല്പിക്കലാണ് നിദർശന.

**ലക്ഷണം**

*വിശിഷ്ട ധർമികൾക്കൈക്യ-*
*മാരോപിച്ചാൽ നിദർശന:*

**ഉദാഹരണം**

*ദാനശീലന്നു സൗമൃത്വം*

തങ്കത്തിന്നു സുഗന്ധമാം'' - എന്ന ഉദാഹരണത്തിൽ ദാനശീലന്റെ സൗമ്യതയ്ക്കും സ്വർണത്തിന്റെ സുഗന്ധത്തിനും തമ്മിൽ ഭേദമില്ലായ്മ (അഭേദം)കൽപ്പിച്ചിരിക്കുന്നു

ബിംബവും പ്രതിബിംബവും പോലെ സാമ്യമുള്ള ഭിന്നധർമ്മങ്ങളോട് കൂടിയ വസ്തുക്കൾക്ക് ഐക്യം (അഭേദം) കല്പിക്കുന്നതാണ് നിദർശന.

**ഉദാഹരണം**

*നിൻ നഖത്തിൻ ചുവപ്പേറ്റാൻ*
*അലക്തകവിലേപനം*
*വെണ്മതിക്ക് വെളുപ്പേറാൻ*
*ചന്ദനം പൂശലാം സഖി*

നിസർഗപാടലമായ നഖത്തിന്റെ ചുവപ്പ് കൂടാൻ ചെമ്പകച്ചാറ് പുരട്ടുന്നത്, പ്രകൃത്യാ ധവളമായ ചന്ദ്രബിംബത്തിന്റെ വെളുപ്പ് വർദ്ധിക്കാൻ ചന്ദനം പൂശുക തന്നെയാണെന്ന് നർമ്മചതുരയായ സഖി പ്രശംസിക്കുന്നു.

### 4.4.4.8 ദീപകം

അനേകം വസ്തുക്കൾ, പക്ഷേ അവയ്ക്കെല്ലാം ഒരേ ധർമ്മമെന്നു അന്വയം കല്പിക്കുന്നത് ദീപകാലങ്കാരം. പല വസ്തുക്കളെ ഏകധർമ്മത്തിൽ അന്വയിപ്പിക്കുന്നു. പ്രസ്തുതത്തിന് നിർദ്ദേശിക്കുന്ന ധർമ്മം അപ്രസ്തുതത്തിന് കൂടി ഉപകരിക്കുന്നു. അതിനാൽ പ്രസ്തുതത്തിനും അപ്രസ്തുതത്തിനും അത് സാധാരണധർമ്മമാകും.

**ലക്ഷണം**

*അനേകമേകധർമ്മത്തി-*
*ലന്വയിപ്പതു ദീപകം*

**ഉദാഹരണം**

*മദം കൊണ്ടാന ശോഭിക്കു-*
*മൗദാര്യം കൊണ്ടു ഭൂപതി.*
*നിലാവിലിന്ദു ശോഭിക്കും*
*നിർമ്മലഖ്യാതിയാൽ കവി*

ശോഭിക്കുക എന്ന ഏകധർമ്മത്തിൽ അനേകം വസ്തുക്കൾക്ക് അന്വയം. നിലാവാൽ ഇന്ദുവും, യശ്ശസിൽ കവിയും ശോഭിക്കുന്നു.

**മറ്റൊരുദാഹരണം**

*മുറിച്ചുമാറ്റാം കേടുബാധിച്ചൊരവയവം*
*പക്ഷേ കൊടുംകേടു ബാധിച്ച പാവം മനസ്സോ*

### 4.4.4.9 അർത്ഥാന്തരന്യാസം

പറയുന്ന കാര്യം സമർത്ഥിക്കുന്നതിനു വേണ്ടി അപ്രസ്തുതമായ വിശേഷം എടുത്തുപറയലാണ് അർത്ഥാന്തരന്യാസം. പ്രസ്തുതമായ വിശേഷത്തെ സമർത്ഥിക്കാൻ സാമാന്യമായ കാര്യം പറഞ്ഞാലും അർത്ഥാന്തരന്യാസം.

**ലക്ഷണം**

*സാമാന്യം താൻ വിശേഷം താൻ*
*ഇവയിൽ പ്രസ്തുതത്തിന്*
*അർത്ഥാന്തരന്യാസമാകു-*
*മന്യം കൊണ്ടു സമർത്ഥനം*

**ഉദാഹരണം**

*താണ്ടിനാനാഴി ഹനുമാ-*
*നാണ്ടവർക്കെന്തു ദുഷ്ക്കരം*

ഹനുമാൻ സമുദ്രം ചാടിക്കടന്നു എന്ന വിശേഷകാര്യത്തെ സമർത്ഥൻമാർ വിചാരിച്ചാൽ നടക്കാത്ത കാര്യമില്ല എന്ന ലോകതത്വം (സാമാന്യതത്വം) കൊണ്ട് സമർത്ഥിച്ചിരിക്കുന്നു.

**മറ്റൊരുദാഹരണം**

*ഹാ! പുഷ്പമേ അധിക തുംഗപദത്തിലെത്ര*
*ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ*
*ശ്രീഭൂവിലസ്ഥിര-അസംശയ-മിന്നു നിന്റെ*
*യാഭൂതിയെങ്ങുപുനരങ്ങു കിടപ്പിതോർത്താൽ*

'ശ്രീഭൂവിലസ്ഥിര' എന്ന സാമാന്യത്തെ സമർത്ഥിക്കാനാണ് പൂവിന്റെ പതനം എന്ന വിശേഷ്യത്തെ ഉപയോഗിച്ചത്.

### 4.4.4.10 അപ്രസ്തുതപ്രശംസ

സന്ദർഭത്തിൽ പറയുന്ന കാര്യമല്ല പറയുന്നതെന്ന തോന്നലുളവാക്കുക, അതേ സമയം ചില ധർമ്മങ്ങൾ സമാനമായത് കൊണ്ട് സന്ദർഭാനുഗുണമായ സൂചന മനസിലാക്കാൻ കഴിയുക ഇതാണ് അപ്രസ്തുതപ്രശംസയുടെ രീതി.

*അപ്രസ്തുതപ്രശംസാഖ്യാ-*
*മപ്രസ്തുതമുരയ്ക്കതാൻ*

വ്യംഗ്യാർത്ഥത്തിന് സർവപ്രാധാന്യം കൈവരുന്ന പ്രധാനപ്പെട്ട അലങ്കാരങ്ങളിൽ ഒന്നാണ് അപ്രസ്തുതപ്രശംസ.

**ഉദാഹരണം**

*നൻമുല്ലതന്നുടെ തേനുണ്ട കാർവണ്ട്*
*നാമുല്ല തീണ്ടുമോ നാരിമാരേ"*

ശ്രീകൃഷ്ണൻ മഥുരയിലേക്ക് പോയതറിഞ്ഞ ഗോപികമാരുടെ ആവലാതിയാണിത്. നല്ലമുല്ലയിലെ തേൻകുടിച്ചു ശീലിച്ച വണ്ടു നാമുല്ല (ചീത്തമുല്ല)യിൽ പോകില്ല എന്ന അപ്രസ്തുതത്തിൽ നിന്നും ശ്രീകൃഷ്ണൻ മഥുരയിലെ സുന്ദരിമാരെ കണ്ട് ഭ്രമിച്ചു തങ്ങളെ മറക്കുകയില്ല എന്ന പ്രസ്തുതത്തിന്റെ പ്രതീതി ലഭിക്കുന്നു.

## 4.4.5 അതിശയോക്തി വിഭാഗം

### 4.4.5.1 രൂപകാതിശയോക്തി

ഉപമാനത്തിനും ഉപമേയത്തിനും അഭേദം കൽപിച്ച് ഉപമേയത്തിനു പകരം ഉപമാനത്തെ വെച്ച് അതിശയോക്തി കലർത്തി പറയുന്നതാണ് രൂപകാതിശയോക്തി.

**ലക്ഷണം**

*നിഗീര്യാധ്യവസായം താൻ*
*രൂപകാതിശയോക്തിയാം*

**ഉദാഹരണം**

*സരോജയുഗളം കാൺക*
*ശരങ്ങൾ ചൊരിയുന്നിതാ*

ഉപമാനോപമേയങ്ങൾക്ക് അഭേദം കൽപിച്ച് ഉപമേയത്തെ കാണിക്കാതെ അതിന്റെ സ്ഥാനത്ത് ഉപമാനത്തെത്തന്നെ പ്രയോഗിക്കുന്നതിന് നിഗീര്യധ്യവസായം എന്നു പേർ. ഉദാഹരണത്തിൽ നേത്രസരോജയുഗളം കടാക്ഷശരങ്ങളെ ചൊരിയുന്നു എന്നു പറയേണ്ടിടത്ത് ഉപമേയങ്ങളായ നേത്രകടാക്ഷങ്ങളെ വിട്ടിട്ട് ഉപമാനങ്ങളായ സരോജയുഗളശരങ്ങളെ മാത്രം നിർദ്ദേശിച്ചിരിക്കുന്നു.

**മറ്റൊരുദാഹരണം**

*പകലിൻ പൊന്നിൻ കിണ്ണം*
*മോറുവാനിട്ടു നീരിൽ*
*ഇരവിൻ വെള്ളിത്താലം നിറഞ്ഞു മുല്ലപ്പൂവാൽ*

പി. കുഞ്ഞിരാമൻ നായരുടെ ഈ കവിതയിൽ സൂര്യാസ്തമയത്തെയും നക്ഷത്രാങ്കിതമായ ചന്ദ്രോദയത്തെയുമാണ് നിഗീരണം ചെയ്യുന്നത്.

### 4.4.5.2 ഉല്ലേഖം

ഒരു വസ്തുവിന്റെ പല ഗുണങ്ങൾ നോക്കി, അതിനെ പലതായി അതിശയോക്തിപൂർവം കാണുന്നത് ഉല്ലേഖം.

**ലക്ഷണം**

*ഉല്ലേഖമൊന്നിനെത്തന്നെ*
*പലതായി നിനയ്ക്കുകിൽ*

**ഉദാഹരണം**

*കാമനെന്നിവനെ സ്ത്രീകൾ*
*കാലനെന്നോർത്തു വൈരികൾ*

ലക്ഷ്യത്തിൽ സൗന്ദര്യപരാക്രമയുക്തനായ നായകനെ സ്ത്രീകൾ സൗന്ദര്യം പ്രമാണിച്ച് കാമനായിട്ടും ശത്രുക്കൾ പരാക്രമം പ്രമാണിച്ച് കാലനായിട്ടും ഗണിക്കുന്നു.

**മറ്റൊരുദാഹരണം**

*യാതൊന്നു ദൈവത്തിനു മൂർത്തിപോലും*
*യാതൊന്നു വിശ്വത്തിനു തൂണുപോലും*
*യാതൊന്നു മോക്ഷത്തിന് കോണിപോലും*
*ആ സ്നേഹം ആ സ്നേഹമഹോ ജയിപ്പൂ!*

സ്നേഹത്തെ ദൈവത്തിന്റെ മൂർത്തിയായും വിശ്വാസത്തിന്റെ തൂണായും മോക്ഷത്തിനുള്ള കോണിയായും അതിശയോക്തി കലർത്തി കല്പിക്കുന്നതുകൊണ്ട് അലങ്കാരം ഉല്ലേഖം.

### 4.4.5.3 അർത്ഥാപത്തി

ഒരു പ്രവൃത്തിയുടെ അല്ലെങ്കിൽ കാര്യത്തിന്റെ പാരമ്യതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിനപ്പുറത്തേക്ക് കൂടുതലായി പറയുന്ന

തിനോ ചെയ്യുന്നതിനോ ഒന്നുമില്ല എന്ന അർത്ഥ ത്തിൽ ഇടയ്ക്ക് വിരാമം ഇട്ടുകൊണ്ട് ആവിഷ് കരിക്കുന്ന രീതിയിലാണ് അർത്ഥാപത്തി എന്ന അലങ്കാരം ഉപയോഗിക്കുന്നത്. ഒരുകാര്യത്തിന്റെ ഉത്പത്തിയിൽ അതിനെസംബന്ധിച്ച മറ്റൊരുകാ ര്യത്തിന്റെ നിഷ്പത്തി അർത്ഥസിദ്ധമായി വരു ന്നതാണ് അർത്ഥാപത്തി.

**ലക്ഷണം**

*അർത്ഥാപത്തിയതോ പിന്നെ-*
*ച്ചൊല്ലാനില്ലെന്ന യുക്തിയാം*

**ഉദാഹരണം**

*നിന്മുഖം ചന്ദ്രനെ വെന്നു*
*പത്മത്തിൻ കഥയെന്തുവാൻ!*

മുഖം ചന്ദ്രനെക്കാൾ ശോഭാവഹമെന്ന് പറയുമ്പോൾ താമരപ്പൂവിനെക്കാൾ ശോഭാവ ഹമെന്നു പറയേണ്ടതില്ലല്ലോ എന്ന് സാരം. ദണ്ഡാപൂപികാന്യായം അഥവാ കൗമുതികന്യാ യമാണ് ഈ അലങ്കാരത്തിന് അടിസ്ഥാനം.

## 4.4.6 വാസ്തവോക്തി വിഭാഗം

### 4.4.6.1 സഹോക്തി

രണ്ടു വസ്തുക്കൾ ഒരേ ക്രിയ നടത്തുന്നു എന്നു ചേർത്തു പറയുന്നത് സഹോക്തി. രണ്ടു ക്രിയകൾ ശരിക്കും ഒരു മാതിരിയല്ല. പക്ഷെ അലങ്കാരപൂർണമായി ഒന്നിൽ അന്വയിച്ചാലേ സഹോക്തിയാകൂ.

**ലക്ഷണം**

*ഒന്നോടു കൂടി മറ്റൊന്നു*
*ക്രിയ ചെയ്താൽ സഹോക്തിയാം*

**ഉദാഹരണം**

*കീർത്തി ശത്രുക്കളോടൊത്തു*
*കടന്നു പല ദിക്കുകൾ*

ഒന്നിന് മറ്റൊന്നിനോട് ചമൽക്കാരജനകമായ സഹഭാവം വർണിക്കുന്നതാണ് സഹോക്തി. ഉദാഹരണത്തിൽ കീർത്തി ശത്രുക്കളോടൊത്ത് പല ദിക്കുകൾ കടക്കുന്നു. കീർത്തി പല ദിക്കു കളിൽ വ്യാപിക്കുന്നു. ശത്രുക്കളാകട്ടെ പേടി ച്ചോടുകയാകുന്നു. രണ്ടിനും 'പല ദിക്കുകൾ കടക്കുക' എന്ന ക്രിയയിൽ സഹഭാവം കല്പി ച്ചിരിക്കുന്നു.

### 4.4.6.2 കാവ്യലിംഗം

പ്രസക്തമായ കാര്യത്തിന് കാരണങ്ങളുണ്ട്. അവ വിഭക്തി കൊണ്ട് സ്പഷ്ടമായിക്കാണിക്കാ തെ വാക്യമായി പറഞ്ഞാൽ കാവ്യലിംഗം. ഹേ തു അഥവാ കാരണം കാണിക്കുന്ന 'ആൽ' എന്ന പ്രയോജികാവിഭക്തി ഒഴിവാക്കണം.

**ലക്ഷണം**

*ഹേതു വാക്യപദാർത്ഥങ്ങ-*
*ളാവുകിൽ കാവ്യലിംഗമാം*

**ഉദാഹരണം**

*കന്ദർപ്പ! നീ കളിക്കേണ്ടാ*
*മന്ദ! ഞാൻ ശിവഭക്തനാം*
*കാലാരി സേവ ചെയ്വോർക്ക്*
*കാലനെക്കൂസലെന്തിന്?*

'ഞാൻ ശിവഭക്തനാം' എന്നുള്ള വാക്യം 'കന്ദർപ്പ! നീ കളിക്കേണ്ട എന്ന പൂർവവാക്യ ത്തിന് ഹേതുവാകുന്നു. അതിനാൽ ഇത് വാക്യാർത്ഥഹേതുവായ കാവ്യലിംഗം.

**മറ്റൊരുദാഹരണം**

*കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ*
*വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം,:*
*പരമഹിതമറിഞ്ഞുകൂടയായു-*
*സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം!*
*- ലീല(കുമാരനാശാൻ)*

നരജീവിതം അതിനിന്ദ്യമാണ് എന്നതിന്റെ കാരണമായി കരുതുവതിഹ ചെയ്യവയ്യ, ലഭിച്ചതി നോട് താൽപര്യം തോന്നുന്നില്ല ഈശ്വരനിശ്ചയ വും, ആയുസ്സിന്റെ സ്ഥിരതയും അറിയാൻ വയ്യ എന്നിങ്ങനെയുള്ള വിഷയങ്ങൾ പരാമർശിച്ചിരി ക്കുന്നു. പലപ്പോഴും അർത്ഥാന്തരന്യാസമായി തെറ്റിധരിക്കുന്ന അലങ്കാരമാണ് കാവ്യലിംഗം. അർത്ഥാന്തരന്യാസത്തിൽ സാമാന്യ വിശേഷസ മർത്ഥനമാണുള്ളത്. കാര്യകാരണ ബന്ധമല്ല.

### 4.4.6.3 ഉദാത്തം

**ലക്ഷണം**

*പുരാവൃത്തപരാമർശ -*
*മുദാത്തം ശ്രീസമൃദ്ധിയും*

**ഉദാഹരണം**

*കുരു പാണ്ഡവവീരന്മാർ*
*പൊരുതോരിടമാണിത്*
*തൃപ്പാദസന്നിധാനത്തിൽ*
*കല്പവൃക്ഷങ്ങൾ യാചകർ*

പുരാതന മഹാപുരുഷന്മാരുടെ ചരിത്രബന്ധംകൊണ്ട് വർണ്യവസ്തുവിന് ശ്ലാഘ്യത്വം സമ്പാദിക്കുന്നത് ഉദാത്തം. വീര്യസമ്പദാദിഗുണങ്ങളുടെ അതിശയം വർണിക്കുന്നത് മറ്റൊരു ഉദാത്തം.

**മറ്റൊരുദാഹരണം**

*അന്യങ്ങളാം മലകൾ ചേർന്നു സുമേരുമുൻപായ്*
*കന്നായ് ചമച്ചിവനെയന്നു പൃഥൂപദേശാൽ*
*നന്നായ് കറന്നു മഹിയാം പശുവിങ്കൽ നിന്നു*
*രത്നം മരുന്നു മുതലായ ധനങ്ങളെല്ലാം. -*
*ഭാ.കുമാരസംഭവം.*

### 4.4.6.4 വിഷമം

ചേർച്ചയില്ലാത്ത രണ്ടു കാര്യങ്ങളെ ചേർത്ത് പറഞ്ഞാൽ വിഷമാലങ്കാരം.

**ലക്ഷണം**

*വിഷമം ചേർച്ചയില്ലാത്ത*
*രണ്ടിനെച്ചേർത്തു ചൊല്ലുകിൽ*

**ഉദാഹരണം**

*കാവ്യാനുശാസനമതെ-*
*ങ്ങവ്യാവർത്തകനെങ്ങിവൻ*

സാമ്യമില്ലാത്തവയുടെ സംഘടനയാണ് വിഷമം.

**മറ്റൊരുദാഹരണം**

*എങ്ങാദ്ദിനേശാന്വയമെങ്ങുതെല്ലൊ-*
*എന്നെങ്ങാനുമേതാണ്ടറിയുന്ന ബുദ്ധി*
*അങ്ങാഴി തന്നക്കര പറ്റുവാൻ ഞാൻ-*
*ചെങ്ങാടമേറിത്തുഴയുന്നു വേഗാൽ*

മഹാത്മ്യമേറിയ സൂര്യവംശവും അല്പജ്ഞമായ ബുദ്ധിയും പരസ്പരം ചേർച്ച ഇല്ലാത്തവയാണ്. അവയെ ചേർത്ത് പറഞ്ഞിരിക്കുന്നത് ആ അന്തരത്തിന്റെ ആധിക്യം നല്ലപോലെ വ്യക്തമാക്കാനാണ്. അന്തമായ സാഗരം കടക്കാൻ ചങ്ങാടത്തിൽ കയറി തുഴയുന്നതുപോലെ

*ഇഷ്ട സിദ്ധിക്കുയത് നിച്ഛി-*
*ട്ടനിഷ്ടപ്രാപ്തിയും തഥാ*

എന്ന മറ്റൊരു ലക്ഷണവും വിഷമാലങ്കാരത്തിന് നല്കിക്കാണുന്നു.

**മറ്റൊരുദാഹരണം**

*ആ മണികങ്കണ സമ്മാനമാശിച്ചി-*
*ട്ടാമമേ കൈകൾക്കുനേടിയുസ്മാൻ*

എന്ന് 'ഭാരതസ്ത്രീകൾ തൻ ഭാവശുദ്ധി' എന്ന വള്ളത്തോളിന്റെ വരിയിൽ ഉസ്മാൻ ആഗ്രഹിച്ചത് സമ്മാനമാണെങ്കിലും ലഭിച്ചത് കൈവിലങ്ങാണ് എന്ന സൂചന ലഭിക്കുന്നു.

## 4.4.7 ശ്ലേഷോക്തി വിഭാഗം

### 4.4.7.1 ശ്ലേഷം

ഒരേ ശബ്ദത്തിന് രണ്ടർത്ഥം ഉണ്ടാകാമല്ലോ. അത് ഭംഗിയായി കാവ്യത്തിലുപയോഗിച്ചാൽ ശ്ലേഷാലങ്കാരം. ഒരു ഞെട്ടിൽ രണ്ടു കായ്കൾ ഉണ്ടാകുന്നതുപോലെയാണിതെന്ന് സൂചന.

**ലക്ഷണം**

*രണ്ടു കായ്കളൊരേ ഞെട്ടി-*
*ലുണ്ടാകും പോലെ ഭാഷയിൽ*
*ഒരേ ശബ്ദത്തിലർത്ഥം*
*രണ്ടുരച്ചാൽ ശ്ലേഷമാമത്*

**ഉദാഹരണം**

*മഹിപതേ ഭാഗവതോപമാനം*
*മഹാപുരാണം ഭവനം മദീയം*
*നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം*
*അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്*

എന്ന ശ്ലോകത്തിൽ കവി സ്വന്തം ഭവനത്തെ മഹാപുരാണമായ ഭാഗവതത്തോടു സാദൃശ്യപ്പെടുത്തുന്നത് ശബ്ദത്തിന്റെ ശ്ലേഷ സവിശേഷതയാലാണ്. പുരാണം, വിരക്തി, അർത്ഥം എന്നീ മൂന്ന് പദങ്ങൾക്ക് ഭവനത്തിന്റെ കാര്യത്തിൽ പഴയത്, വെറുപ്പുണ്ടാകുന്നത്, സമ്പത്ത് എന്നിങ്ങനെയാണ് യഥാക്രമം അർത്ഥം. ഭാഗവതത്തി

ന്റെ പശ്ചാത്തലത്തിൽ ഇത് പുരാണ ഗ്രന്ഥം, മോക്ഷദായകം, അർത്ഥസമ്പന്നം എന്നിങ്ങനെയാകുന്നു. ശ്ലേഷത്തെക്കുറിച്ച് സംസ്കൃതാലങ്കാരികന്മാർക്ക് വിഭിന്നാഭിപ്രായമാണുള്ളത്. ഇത് അർത്ഥാലങ്കാരമാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അർത്ഥശ്ലേഷം, ശബ്ദശ്ലേഷം എന്ന് ഇത് രണ്ട് വിധമുണ്ടെന്ന് ഉദ്ഭടൻ പറയുന്നു. ശ്ലേഷം സ്വതന്ത്രമായ ഒരു അലങ്കാരമല്ലെന്നും അത് മറ്റ് അലങ്കാരങ്ങളോടുകൂടി മാത്രമേ നിൽക്കുകയുള്ളൂ എന്നും പറയുന്നവരുണ്ട്.

### 4.4.7.2 അനുപ്രാസം

**ലക്ഷണം**

*അനുപ്രാസം വ്യഞ്ജനത്തെ*
*യാവർത്തിക്കിലിടയ്ക്കിടെ*

ഒരേ വ്യഞ്ജനവർണത്തെ അടുത്തടുത്താവർത്തിക്കുന്നത് അനുപ്രാസം. സ്വരങ്ങളെ ആവർത്തിക്കുന്നതാകട്ടെ അലങ്കാരമാകുന്നില്ലെന്നു മാത്രമല്ല; പ്രത്യുതദോഷമായും കൂടി ഗണിക്കപ്പെടും.

**ഉദാഹരണം**

*ഛേകാനുപ്രാസമാം ചൊന്നാൽ*
*കൂട്ടക്ഷരമിരട്ടയായ്*
*കണ്ണനുണ്ണി നമുക്കെന്നു*
*മമന്ദാനന്ദമേകണം.*

കൂട്ടക്ഷരങ്ങളെ ഈരണ്ടായിട്ടാവർത്തിക്കുന്നതിന് ഛേകാനുപ്രാസമെന്നു പേർ. ലക്ഷ്യത്തിൽ 'ണ്ണ' 'ന്ദ' ഇതുകളുടെ ആവൃത്തി

**മറ്റൊരുദാഹരണം**

അക്കാലത്തു പൊറുക്കാഞ്ഞു താരകന്റെ പരാക്രമം. അണ്ടർകോൻ മുമ്പരാമുമ്പർ സത്യലോകത്തിലെത്തിനാർ '

ഇതിൽ 'ക്ക', 'സ', ഇവയ്ക്ക് ആവൃത്തി. -ഭാ, കുമാരസംഭവം

**മറ്റൊരുദാഹരണം**

*ഏവം നീ താനമൃതമധുരം ചൊല്ലവേ*
*പല്ലവാംഗീ സാ വന്നീടും*
*കുതുകമൊടടുത്തെത്രയും ചിത്രമോടേ*
*ഭാവം നന്നായ്ത്തെളിയുമളിവേണിക്കു*
*വേലായുധൻ താ നീവണ്ണം മേ*
*ശുഭമരുളിയെന്നാർത്തിവിട്ടോർത്തിടും സാ*

– മയൂരസന്ദേശം

(ഇവിടെ "ല്ല', 'ത്ര', 'ത്ത' ഇതുകൾക്ക് ആവൃത്തി)

### 4.4.7.3 യമകം

**ലക്ഷണം**

*അക്ഷരക്കൂട്ടമൊന്നായി –*
*ട്ടർത്ഥം ഭേദിച്ചിടുംപടി*
*ആവർത്തിച്ചു കഥിച്ചീടിൽ*
*യമകം പലമാതിരി*

**ഉദാഹരണം**

*മാലതീമലർ ചേർന്നോരു*
*മാലതീജാലയെന്നപോൽ*
*മാലതീയിവനേകുന്നു*
*മാലതീ തുല്യയെങ്ങു നീ?*

രണ്ടോ അതിലധികമോ അക്ഷരങ്ങളെത്തന്നെ അനുക്രമം തെറ്റാതെ ഒന്നായിട്ട് ആവർത്തിക്കുന്നത് യമകം. ഇതിന് പാദാവൃത്തി മുതലായി അനേകഭേദങ്ങൾ വരാം. ഉദാഹരണം പാദാവൃത്തിക്കുള്ളത്. അതിൽ 'മാലതി എന്ന അക്ഷരസംഘത്തിന് നാലുപാദത്തിലും അർത്ഥഭേദത്തോടെ ആവൃത്തി വിരഹിവാക്യമായിട്ട് അർത്ഥയോജന.

**ഉദാഹരണം**

*പെൺമണി വദനംകണ്ടാൽ*
*വെൺമതി രണ്ടെന്നു മേവിടുന്ന മനം*
*ഉൺമ നിനച്ചിതിലെല്ലാം*
*വെൺമ തിരണ്ടെന്നു മേ വിടും നമനം*

സ്ത്രീമുഖം കണ്ടാൽ രണ്ടാമതു ചന്ദ്രനാണെന്നും മറ്റും വിചാരിക്കുന്ന എന്റെ മനസ്സ് തത്വമാലോചിച്ച് ഈ വക മായകളിലുള്ള നമനം (പ്രവണതയെ) എന്ന് (ഏതുകാലത്ത്) വിടും (ഉപേക്ഷിക്കും)? ഇതിൽ രണ്ടും നാലും പാദങ്ങൾ തുല്യങ്ങൾ

1-ഉം 3-ഉം പാദങ്ങൾ തുല്യമായിരിക്കുന്നതിന് ഉദാഹരണം

*താരകളകളം കമലം*
*മുരളുമൊരളി പാളിയാൽ സരസ്സുകളിൽ*

*താരകളകളങ്കമലം*
*ശരദി നഭസ്സിങ്കലും വിളങ്ങുന്നു*

വണ്ടിന്റെ ശബ്ദത്താൽ ഉച്ചമായ കോലാഹലത്തോടുകൂടീട്ട് താമരപ്പൂക്കൾ സരസ്സുകളിലും കളങ്കലേശം കൂടാതെ നക്ഷത്രങ്ങൾ ആകാശത്തിലും ശരത്കാലത്തിൽ വിളങ്ങുന്നു എന്ന് ശരത് വർണനം.

## Recap

- അനേകശതം അലങ്കാരങ്ങൾ ഭാരതീയ സാഹിത്യത്തിൽ ഉണ്ട്
- ആദ്യത്തെ ആധികാരികഗ്രന്ഥമായി കണക്കാക്കപ്പെടുന്നത് ഭരതമുനിയുടെ നാട്യശാസ്ത്രമാണ്
- നാട്യശാസ്ത്രത്തിൽ ഭരതമുനി നാല് അലങ്കാരങ്ങളെക്കുറിച്ച് പറയുന്നു
- എ.ആർ രാജരാജവർമ്മ അലങ്കാരവിഭജനം നടത്തിയത് രുദ്രടന്റെ പാത സ്വീകരിച്ചാണ്
- ഒരു വസ്തുവിന് മറ്റൊന്നിനോട് ചമൽക്കാരം തോന്നും വിധം സാദൃശ്യം ചൊല്ലുന്നതാണ് ഉപമ
- അഭേദം കല്പിക്കുന്ന അലങ്കാരമാണ് രൂപകം
- അവർണ്യത്തിന്റെ ധർമ്മം വർണ്യത്തിൽ കണ്ടിട്ട് വർണ്യത്തെ അവർണ്യമായി സംഭാവനം ചെയ്യുന്നതാണ് ഉൽപ്രേക്ഷ
- ഉപമാനോപമേയങ്ങൾക്ക് ഒരു ധർമ്മത്തിൽ മാത്രം തങ്ങളിൽ ഭേദമുണ്ടെന്ന് ചൊല്ലുന്നത് വ്യതിരേകം
- ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും സാധാരണധർമ്മത്തെ കണ്ണാടിയിലെന്നപോലെ ബിംബപ്രതിബിംബങ്ങളാക്കിപ്പറഞ്ഞാൽ അത് ദൃഷ്ടാന്തം.
- അനേകം വസ്തുക്കൾ, പക്ഷേ അവയ്ക്കെല്ലാം ഒരേ ധർമ്മമെന്നു അന്വയം കല്പിക്കുന്നത് ദീപകാലങ്കാരം
- വ്യംഗ്യാർത്ഥത്തിന് സർവപ്രാധാന്യം കൈവരുന്ന അലങ്കാരങ്ങളിൽ ഒന്നാണ് അപ്രസ്തുത പ്രശംസ
- ഉപമാനം കാണുമ്പോൾ മറ്റൊന്നിനെ സ്മരിക്കുന്നത് സ്മൃതിമാൻ.
- സദൃശ്യത്താൽ ഉപമേയത്തെ ഉപമാനമാണെന്നു ഭ്രമിക്കുന്നതാണ് ഭ്രാന്തിമാൻ
- ഉപമേയത്തെ ഒന്നിലധികം ഉപമാനങ്ങളായി സംഗ്രഹിക്കുന്ന അലങ്കാരമാണ് സസന്ദേഹം
- രണ്ടർത്ഥമുള്ള ഒരേ ശബ്ദത്തിനെ ഭംഗിയായി കാവ്യത്തിലുപയോഗിച്ചാൽ ശ്ലേഷാലങ്കാരം
- അഭിപ്രായഗർഭമായ വിശേഷണം പ്രയോഗിക്കുന്നതാണ് പരികരം
- ചേർച്ചയില്ലാത്ത രണ്ടു കാര്യങ്ങളെ ചേർത്ത് പറഞ്ഞാൽ വിഷമാലങ്കാരം
- ഒരു വസ്തുവിന്റെ പല ഗുണങ്ങൾ നോക്കി, അതിനെ പലതായി അതിശയോക്തിപൂർവം കാണുന്നത് ഉല്ലേഖം
- പറയുന്ന കാര്യം സമർഥിക്കുന്നതിനുവേണ്ടി അപ്രസ്തുതമായ വിശേഷം എടുത്തു പറയലാണ് അർത്ഥാന്തരന്യാസം
- പ്രസക്തമായ കാര്യത്തിന് കാരണങ്ങളുണ്ട്. അവ വിഭക്തി കൊണ്ട് സ്പഷ്ടമായിക്കാണിക്കാതെ വാക്യമായി പറഞ്ഞാൽ കാവ്യലിംഗം
- ഉപമാനത്തിനും ഉപമേയത്തിനും അഭേദം കൽപിച്ച് ഉപമേയത്തിനു പകരം ഉപമാനത്തെ വെച്ച് അതിശയോക്തി കലർത്തി പറയുന്നതാണ് രൂപകാതിശയോക്തി.
- വ്യംഗ്യാർത്ഥത്തിന് സർവപ്രാധാന്യം കൈവരുന്ന അലങ്കാരങ്ങളിൽ ഒന്നാണ് അപ്രസ്തുത പ്രശംസ

- അനേകം വസ്തുക്കൾ, പക്ഷേ അവയ്ക്കെല്ലാം ഒരേ ധർമ്മമെന്നു അന്വയം കല്പിക്കുന്നത് ദീപകാലങ്കാരം
- വർണ്യവസ്തുവിന്റെ ധർമങ്ങൾക്കും അവർണ്യവസ്തുവിന്റെ ധർമങ്ങൾക്കും അഭേദം കൽപിക്കുന്നത് നിദർശന
- ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും സാധാരണധർമത്തെ കണ്ണാടിയിലെന്ന പോലെ ബിംബപ്രതിബിംബങ്ങളാക്കിപ്പറഞ്ഞാൽ അത് ദൃഷ്ടാന്തം.

## Objective Questions

1. അലങ്കാരങ്ങളെപ്പറ്റിയുള്ള ആദ്യത്തെ ആധികാരികഗ്രന്ഥമായി കണക്കാക്കപ്പെടുന്ന കൃതിയേത്?
2. നാട്യശാസ്ത്രത്തിൽ ഭരതമുനി എത്ര അലങ്കാരങ്ങളെക്കുറിച്ചാണ് പറയുന്നത്?
3. എ.ആർ. രാജരാജവർമ്മ അലങ്കാര വിഭജനം നടത്തിയത് ആരുടെ പാത സ്വീകരിച്ചാണ്?
4. ഉപമ അലങ്കാരമെന്നാലെന്ത്?
5. രൂപക അലങ്കാരലക്ഷണമെന്ത്?
6. അലങ്കാരങ്ങളെ എത്രായി തരംതിരിച്ചിരിക്കുന്നു? ഏതെല്ലാം?
7. ഉൽപ്രേക്ഷ - ലക്ഷണമെന്ത്?
8. വ്യതിരേകം - ലക്ഷണമെന്ത്?
9. ദൃഷ്ടാന്തം - ലക്ഷണമെന്ത്?
10. ദീപകാലങ്കാരം - ലക്ഷണമെന്ത്?
11. അപ്രസ്തുത പ്രശംസ - ലക്ഷണമെന്ത്?
12. സസന്ദേഹം - ലക്ഷണമെഴുതുക
13. ശ്ലേഷാലങ്കാരം - ലക്ഷണമെന്ത്?
14. വിഷമാലങ്കാരം - ലക്ഷണമെഴുതുക?
15. ഉല്ലേഖം - ലക്ഷണമെന്ത്?
16. അർത്ഥാന്തരന്യാസം - ലക്ഷണമെഴുതുക
17. കാവ്യലിംഗം - ലക്ഷണമെന്ത്?
18. നിദർശന - ലക്ഷണമെന്ത്?

## Answers

1. ഭരതമുനിയുടെ നാട്യശാസ്ത്രം
2. നാല്
3. രുദ്രടന്റെ
4. ഒരു വസ്തുവിന് മറ്റൊന്നിനോട് ചമൽക്കാരം തോന്നുംവിധം സാദൃശ്യം ചൊല്ലുന്നതാണ്
5. അഭേദം കൽപിക്കുന്ന അലങ്കാരമാണ് രൂപകം
6. ആറായി തിരിച്ചിരിക്കുന്നു. ശബ്ദാലങ്കാരം, അർത്ഥാലങ്കാരം, അതിശയം, സാമ്യം,വാസ്തവം, ശ്ലേഷം

7. അവർണ്യത്തിന്റെ ധർമ്മം വർണ്യത്തിൽ കണ്ടിട്ട് വർണ്യത്തെ അവർണ്യമായി സംഭാവനം ചെയ്യുന്നതാണ് ഉൽപ്രേക്ഷ
8. ഉപമാനോപമേയങ്ങൾക്ക് ഒരു ധർമ്മത്തിൽ മാത്രം തങ്ങളിൽ ഭേദമുണ്ടെന്ന് ചൊല്ലുന്നത് വ്യതിരേകം
9. ഉപമാനവാക്യത്തിലും ഉപമേയവാക്യത്തിലും സാധാരണധർമ്മത്തെ ബിംബപ്രതിബിംബ ങ്ങളാക്കിപ്പറഞ്ഞാൽ അത് ദൃഷ്ടാന്തം
10. അനേകം വസ്തുക്കൾ, അവയ്ക്കെല്ലാം ഒരേ ധർമ്മമെന്നു അന്വയം കല്പിക്കുന്നത് ദീപ കം
11. വ്യംഗ്യാർത്ഥത്തിന് സർവപ്രാധാന്യം കൈവരുന്ന അലങ്കാരങ്ങളിൽ ഒന്നാണ് അപ്രസ് തുത പ്രശംസ
12. ഉപമേയത്തെ ഒന്നിലധികം ഉപമാനങ്ങളായി സംഗ്രഹിക്കുന്ന അലങ്കാരമാണ് സസന്ദേഹം
13. രണ്ടർത്ഥമുള്ള ഒരേ ശബ്ദത്തിനെ ഭംഗിയായി കാവ്യത്തിലുപയോഗിച്ചാൽ ശ്ലേഷാലങ്കാരം
14. ചേർച്ചയില്ലാത്ത രണ്ടു കാര്യങ്ങളെ ചേർത്ത് പറഞ്ഞാൽ വിഷമാലങ്കാരം
15. ഒരു വസ്തുവിന്റെ പല ഗുണങ്ങൾ നോക്കി, അതിനെ പലതായി അതിശയോക്തിപൂർവം കാണുന്നത് ഉല്ലേഖം
16. പറയുന്ന കാര്യം സമർഥിക്കുന്നതിനുവേണ്ടി അപ്രസ്തുതമായ വിശേഷം എടുത്തു പറയ ലാണ് അർത്ഥാന്തരന്യാസം
17. പ്രസക്തമായ കാര്യത്തിന് കാരണങ്ങളുണ്ട്. അവ വിഭക്തി കൊണ്ട് സ്പഷ്ടമായിക്കാണി ക്കാതെ വാക്യമായി പറഞ്ഞാൽ കാവ്യലിംഗം
18. വർണ്യവസ്തുവിന്റെ ധർമ്മങ്ങൾക്കും അവർണ്യവസ്തുവിന്റെ ധർമ്മങ്ങൾക്കും അഭേദം കൽപിക്കുന്നത് നിദർശന

## Assignments

1. അലങ്കാരങ്ങളെ വർഗീകരണത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുക
2. ശബ്ദാലങ്കാരങ്ങളെപ്പറ്റി വിശകലനം ചെയ്യുക
3. അർത്ഥാലങ്കാരങ്ങൾ ഏതെല്ലാം? വിലയിരുത്തുക
4. സാമ്യോക്തി അലങ്കാരങ്ങളെക്കുറിച്ച് വിശദീകരിക്കുക
5. ശ്ലേഷാലങ്കാരത്തെപ്പറ്റി വിവരിക്കുക

## Suggested Reading


1. ഡോ. പുതുശ്ശേരിരാമചന്ദ്രൻ, കേരളപാണിനീയഭാഷ്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ.സി.എൽ. ആന്റണി, കേരളപാണിനീയഭാഷ്യം, ഡി.സി.ബുക്സ്, കോട്ടയം.
3. ഡോ.കെ. സുകുമാരപിള്ള, കാവ്യമീമാംസ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Reference


1. എ.ആർ. രാജരാജവർമ്മ, ഭാഷാഭൂഷണം, എൻ ബി എസ്, കോട്ടയം.
2. ഡോ.ടി. ഭാസ്കരൻ, ഭാരതീയ കാവ്യശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കുട്ടി കൃഷ്ണമാരാർ, സാഹിത്യഭൂഷണം, മാരാർ സാഹിത്യ പ്രകാശം.
4. ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, അലങ്കാരശാസ്ത്രം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ..................................**

**Name : ……............................**

## SIXTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION

**DISCIPLINE CORE COURSE - B21ML07DC - മലയാള വ്യാകരണം**

**(CBCS - UG)**

**MODEL QUESTION PAPER- SET- A**

**2022-23 - Admission Onwards**

---

**Time: 3 Hours** **Max Marks: 70**

## SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. കേരളപാണിനീയം എന്ന വ്യാകരണഗ്രന്ഥം രചിച്ചതാര്?
2. ഗാഥാവൃത്തം എന്നറിയപ്പെടുന്ന വൃത്തമേത്?
3. നാമത്തിനു പകരം നിൽക്കുന്ന നാമമേത്?
4. മണിപ്രവാളത്തിന്റെ ലക്ഷണമെന്ത്?
5. വഞ്ചിപ്പാട്ടിൽ ഉപയോഗിക്കുന്ന വൃത്തമേത്?
6. നാമത്തിന് ക്രിയയോടുള്ള ബന്ധം കുറിക്കുന്നതെന്താണ്?
7. ആദേശസന്ധി എന്നാലെന്ത്?
8. വക്രം എന്നാലെന്ത്?
9. കിളിപ്പാട്ട് വൃത്തങ്ങൾ ഏതെല്ലാം?
10. സന്ദേശകാവ്യങ്ങളിൽ പൊതുവായി ഉപയോഗിക്കുന്ന വൃത്തമേത്?
11. അലങ്കാരങ്ങളെപ്പറ്റിയുള്ള ആദ്യത്തെ ആധികാരികഗ്രന്ഥമായി കണക്കാക്കപ്പെടുന്ന കൃതിയേത്?
12. പദമെന്നാലെന്ത്?
13. ഏ. ആർ. രാജരാജവർമ്മ രചിക്കപ്പെട്ട അലങ്കാരശാസ്ത്രഗ്രന്ഥമേത്?
14. നാട്യശാസ്ത്രത്തിൽ ഭരതമുനി എത്ര അലങ്കാരങ്ങളെക്കുറിച്ചാണ് പറയുന്നത്?
15. തുള്ളൽവൃത്തം എന്നറിയപ്പെടുന്ന വൃത്തമേത്? **(10x1=10 Marks)**

SGOU

## SECTION A

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. മലയാളത്തിലെ ശബ്ദാലങ്കാരങ്ങളെപ്പറ്റി വിവരിക്കുക
17. സംസ്കൃതവൃത്തങ്ങളുടെ പ്രധാന സവിശേഷതകൾ ഏതെല്ലാം?
18. ദണ്ഡകം എന്നാലെന്ത്?
19. ദ്രാവിഡവൃത്തങ്ങൾ ഏതെല്ലാം? അവയുടെ പ്രത്യേകതകളെന്തെല്ലാം?
20. തത്പുരുഷസമാസത്തിന്റെ വകഭേദങ്ങളെപ്പറ്റി വിവരിക്കുക?
21. ഉപജാതി എന്നാലെന്ത്?
22. ഛന്ദസ്സ് എന്നാലെന്ത്?
23. മലയാളത്തിലെ സർവനാമങ്ങളെപ്പറ്റി വിവരിക്കുക?
24. കൃതികൃത്ത്, കാരകകൃത്ത് എന്നിവ എന്നാലെന്ത്?
25. നിത്യസമാസം എന്നാലെന്ത്? **(5x2=10 Marks)**

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. സാമ്യോക്തി അലങ്കാരങ്ങളെക്കുറിച്ച് വിശദീകരിക്കുക?
27. ദ്യോതകമെന്നാലെന്ത്? ഉൾപ്പിരിവുകൾ ഏതെല്ലാം?
28. മാത്രാവൃത്തങ്ങൾക്കും ഗണവൃത്തങ്ങൾക്കും തമ്മിലുള്ള വ്യത്യാസമെന്തെല്ലാം?
29. ഭേദകമെന്നാലെന്ത്? എത്ര വിധം? ഉദാഹരണസഹിതം വിവരിക്കുക?
30. അനുപ്രയോഗം എന്നാലെന്ത്? പിരിവുകൾ ഏതെല്ലാം?
31. മലയാളഭാഷാ വ്യാകരണചരിത്രം വിവരിക്കുക
32. ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
33. ശ്ലേഷാലങ്കാരത്തെപ്പറ്റി കുറിപ്പെഴുതുക
34. കിളിപ്പാട്ടുവൃത്തങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?
35. കേരളപാണിനീയത്തിലെ ശബ്ദവിഭാഗത്തെക്കുറിച്ച് വിശദീകരിക്കുക
36. മുറ്റുവിന, പറ്റുവിന എന്നാലെന്ത്? അതിന്റെ പിരിവുകളേതെല്ലാം?
37. ക്രിയയെ നിർവചിച്ച് ക്രിയാവിഭാഗങ്ങളെപ്പറ്റി വിവരിക്കുക **(6x5=30 Marks)**

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. സന്ധിക്കുന്ന വർണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?
39. മലയാളത്തിലെ സമാസങ്ങളെപ്പറ്റി ഉദാഹരണസഹിതം വിലയിരുത്തുക
40. മലയാളത്തിലെ വിഭക്തികളെയും പ്രത്യയങ്ങളെയുംപറ്റി വിവരിക്കുക
41. മലയാളത്തിലെ പ്രധാനപ്പെട്ട ഭാഷാവൃത്തങ്ങളെ ഉദാഹരണവും ലക്ഷണവും എഴുതി വിശദീകരിക്കുക **(2x10=20 Marks)**

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ...................................**

**Name : ……............................**

## SIXTH SEMESTER B. A. MALAYALAM LANGUAGE AND LITERATURE EXAMINATION

**DISCIPLINE CORE COURSE - B21ML07DC - മലയാള വ്യാകരണം**

**(CBCS - UG)**

**MODEL QUESTION PAPER- SET- B**

**2022-23 - Admission Onwards**

---

**Time: 3 Hours** **Max Marks: 70**

### SECTION A

**I. ഏതെങ്കിലും പത്ത് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. മലയാളലിപിയിൽ ആദ്യം അച്ചടിച്ച ഗ്രന്ഥമേത്?
2. 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ കർത്താവാരാണ്?
3. സ്വരസഹായമില്ലാതെ ഉച്ചരിക്കുന്ന വർണങ്ങൾ അറിയപ്പെടുന്നത് ഏത് പേരിലാണ്?
4. ഗതി ചേർന്ന വിഭക്തിയെ വിളിക്കുന്ന പേരെന്ത്?
5. നടുവിനയെച്ചത്തിന് ഒരു ഉദാഹരണം എഴുതുക?
6. ഏതു ധാതുവിനെ സഹായിക്കുവാനാണോ അനുപ്രയോഗം ചെയ്യുന്നത് ആ ധാതുവിന് പറയുന്ന പേരെന്ത്?
7. മാത്ര എന്നാൽ എന്ത്?
8. വക്ത്രം ഏതു വിഭാഗത്തിൽപ്പെടുന്ന വൃത്തമാണ്.?
9. നവരസങ്ങൾ എന്നത് ഏത് സമാസത്തിന് ഉദാഹരണമാണ്.?
10. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ രചിച്ചിരിക്കുന്നത് ഏതു വൃത്തത്തിലാണ്?
11. ദീപകാലങ്കാരം - ലക്ഷണമെഴുതുക?
12. ഉപലേഖം എന്നതുകൊണ്ട് അർഥമാക്കുന്നതെന്താണ്?
13. 'അതിനെ സ്വരമായിട്ടേ വകവയ്ക്കേണ്ട സന്ധിയിൽ' - ഏതിനെ?
14. ക്രിയയിൽ നിന്ന് ഉത്ഭവിക്കുന്ന നാമപ്രത്യയങ്ങൾക്ക് പറയുന്ന പേരെന്ത്?
15. പ്രകാരം എന്നാൽ എന്ത്? **(10x1=10 Marks)**

## SECTION A

**II. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

16. വിഭക്തി - കുറിപ്പെഴുതുക
17. തദ്ധിതം എന്നാൽ എന്ത്?
18. കൃതികൃത്ത് എന്നാൽ എന്ത്?
19. മുറ്റുവിന എന്നാൽ എന്ത്?
20. സന്ധി എന്നാൽ എന്ത്?
21. നിപാതം - അവ്യയം ഇവ എന്തെന്ന് വ്യക്തമാക്കുക
22. തുള്ളൽപ്പാട്ടുവൃത്തം ഏതാണ്? ഇതിന്റെ പ്രത്യേകതയെന്ത്?
23. അപ്രസ്തുതപ്രശംസ - ലക്ഷണമെഴുതുക.?
24. സമാസം എന്നാൽ എന്ത്?
25. വൃത്തത്തിന്റെ ലക്ഷണമെഴുതുക.? **(5x2=10 Marks)**

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

26. കാരകത്തെക്കുറിച്ച് വിവരിക്കുക
27. ഭേദകത്തിന്റെ ഉൾപ്പിരിവുകൾ വിവരിക്കുക
28. മലയാളത്തിലെ സമാസങ്ങളെക്കുറിച്ച് വിശദീകരിക്കുക
29. അലങ്കാരങ്ങളെ എത്രയായി തിരിച്ചിരിക്കുന്നു? വിശദീകരിക്കുക
30. പ്രധാന കിളിപ്പാട്ടു വൃത്തങ്ങൾ വിശദീകരിക്കുക
31. ഉപമ - ഉത്പ്രേക്ഷ അലങ്കാരങ്ങളുടെ സാജാത്യവൈജാത്യങ്ങൾ വിവരിക്കുക
32. ആഖ്യ - അഖ്യാതം എന്തെന്ന് വിശദമാക്കുക
33. വർണങ്ങൾക്ക് പലമാതിരി ശ്രുതി ഭേദം വരുന്നതിനുള്ള ആറുനയങ്ങൾ വിവരിക്കുക
34. *'വിശേഷണ വിശേഷ്യങ്ങൾ*
    *പൂർവ്വോത്തരപദങ്ങളായ്*
    *സമാസിച്ചാലിരട്ടിപ്പൂ*
    *ദൃഢം പരപദാദിഗം'* - വിശദീകരിക്കുക
35. വിയോഗിനിവൃത്തത്തിന്റെ ലക്ഷണവും ഉദാഹരണവും എഴുതി സമർഥിക്കുക.
36. വിഭക്തി എന്നാൽ എന്ത്? എത്ര വിധം? വിവരിക്കുക
37. ചില്ലുകൾ എന്നാലെന്ത്? സവിശേഷതകൾ വിവരിക്കുക **(6x5=30 Marks)**

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

38. മലയാളം തമിഴിൽ നിന്ന് വേർപിരിഞ്ഞതിന് കേരളപാണിനി പറയുന്ന ആറുനയങ്ങൾ വിലയിരുത്തുക
39. ക്രിയയെ നിർവചിച്ച് ക്രിയാവിഭാഗങ്ങൾ ക്രോഡീകരിക്കുക?
40. സന്ധിക്കുന്ന വർണങ്ങൾക്കുണ്ടാകുന്ന വികാരത്തെ അടിസ്ഥാനമാക്കി സന്ധിയെ എത്രയായി തിരിച്ചിരിക്കുന്നു? വിവരിക്കുക
41. ഭാഷാവൃത്തങ്ങളും സംസ്കൃതവൃത്തങ്ങളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ പരിശോധിക്കുക.

**(2x10=20 Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

NO TO DRUGS

# തിരിച്ചിറങ്ങാൻ പ്രയാസമാണ്



NO TO DRUGS

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, കേരള സർക്കാർ

SGOU

# മലയാളവ്യാകരണം

COURSE CODE: B21ML07DC

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-988933-1-4